

GOVERNMENT OF TAMILNADU

എട്ടാം തരം

മലയാള

പാഠപുസ്തകം

STANDARD EIGHT

MALAYALAM READER

Bcn_prkclr md Qafmmj Cbsa_rgml

Slrmsaf_`gjgrw gq Glfsk_l _lb _Apgkc

Government of Tamil Nadu

First Edition - 2019

Reprint - 2020, 2021, 2022, 2023, 2024

(Published under new syllabus)

Content Creation

State Council of Educational Research and Training

© SCERT 2019

Printing & Publishing

Tamil Nadu Textbook and Educational Services Corporation

www.textbooksonline.tn.nic.in

EE_Malayalam_FM.indd 2 02-01-2024 10:50:50

ആമുഖം

അറിവ് നേടുന്നതിനൊപ്പം ഭാവികാല ജീവിത സ്വപ്നങ്ങൾക്ക് അടിത്തറ പാകൽകൂടിയാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം. അതിന് വിദ്യാർത്ഥികൾക്ക് മാർഗ്ഗനിർദ്ദേശം നൽകുക എന്നതാണ് പാഠപുസ്തകങ്ങളുടെ ലക്ഷ്യമെന്ന് ഞങ്ങൾ കരുതുന്നു. ഒപ്പം വിദ്യാർത്ഥികളുടെ ചിന്താശേഷിക്ക് ഊർജ്ജം നൽകാനും പാഠപുസ്തകങ്ങൾ സഹായകമാകണം. അതിനായി രക്ഷിതാക്കൾ, അധ്യാപകർ, വിദ്യാർത്ഥികൾ എന്നിവരുടെ സ്വപ്നങ്ങളെ ഇണക്കിച്ചേർക്കുന്ന ഒരു ശിൽപം പോലെയാണ് പാഠപുസ്തകങ്ങൾ രൂപകൽപന ചെയ്തിരിക്കുന്നത്. താഴെപ്പറയുന്ന ലക്ഷ്യങ്ങളും അതിന്റെ ഭാഗമാണ്.

- സർഗ്ഗാത്മക വഴിയിലേക്ക് പഠനത്തെ നയിക്കുക
- നമ്മുടെ ചരിത്രം,സംസ്കാരം,സാഹിത്യം, പൈതൃകം എന്നിവയിൽ അവഗാഹമുണ്ടാക്കുക
- വിദ്യാർത്ഥികൾ ശാസ്ത്രസാങ്കേതിക മേഖലയിലുണ്ടായ നേട്ടങ്ങൾ മനസ്സിലാക്കുകയും ആത്മവിശ്വാസത്തോടെ ആധുനിക ലോകത്തിൽ വിജയിക്കാനുള്ള ശേഷി നേടുകയും ചെയ്യുക
- ജീവിതാവബോധത്തിനുള്ള ഉപാധിയാണ് പാഠപുസ്തകം എന്നുള്ള ധാരണ ഉണ്ടാക്കുക
- ശുഭാപ്തി വിശ്വാസം വളർത്തുക

വിഷയവൈവിധ്യവും പുതുമയുള്ള ശീർഷകങ്ങളും ഉൾക്കൊള്ളുന്ന പാഠപുസ്തകം നിങ്ങളിലേക്ക് എത്തുകയാണ്. പുതിയലോകത്തേയ്ക്ക് സഞ്ചരിക്കുന്ന വിദ്യാർത്ഥികളുടെ ജീവിതത്തെ കൂടുതൽ ക്രിയാത്മകമാക്കാൻ ഈ പാഠപുസ്തകം ഉതകുമെന്ന് കരുതുന്നു.

8th_Malayalam Reader Full Book.indb 3 5/18/2019 4:21:48 PM

ദേശീയ ഗാനം

ജനഗണമന അധിനായക ജയഹേ
ഭാരത ഭാഗ്യവിധാതാ
പഞ്ചാബ് സിന്ധു ഗുജറാത്ത മറാഠാ
ദ്രാവിഡ ഉത്കല വംഗാ,
വിന്ധ്യ ഹിമാചല യമുനാ ഗംഗാ
ഉച്ഛല ജലധി തരംഗാ
തവശുഭ നാമേ ജാഹേ
തവശുഭ ആശിഷ മാഗേ
ഗാഹേ തവ ജയ ഗാഥാ
ജനഗണമംഗള ദായക ജയഹേ
ഭാരത ഭാഗ്യവിധാതാ
ജയഹേ ജയഹേ ജയഹേ
ജയ ജയ ജയ ജയഹേ

-മഹാകവി രവീന്ദ്രനാഥ ടാഗോർ.

ദേശീയഗാനം-സാരം

ഭാരതഭൂമിയുടെ ഭാഗ്യവിധാതാവേ!ജനസമൂഹത്തിന്റെ ഹൃദയാധിനാഥനായ അങ്ങ് വിജയിക്കട്ടെ! പഞ്ചാബ്, സിന്ധ്, ഗുജറാത്ത്, മറാഠ, ദ്രാവിഡം, വംഗം ആദിയായ പ്രദേശങ്ങളും വിന്ധ്യഹിമാചലാദി പർവ്വതങ്ങളും മഹാസമുദ്രത്തിന്റെ തിരമാലകളും അങ്ങയുടെ ശുഭനാമം ഉരുവിട്ടുകൊണ്ടിരിക്കുന്നു. അങ്ങയുടെ മംഗളാശിസ്സുകൾ തേടിക്കൊണ്ടിരിക്കുന്നു. അങ്ങയുടെ ജയഗാഥകൾ പാടിക്കൊണ്ടിരിക്കുന്നു. ഭാരതഭൂമിയുടെ ഭാഗ്യവിധാതാവേ! ജനസമൂഹത്തിന് ഗുണപ്രദായകനായ അങ്ങ് മേൽക്കുമേൽ വിജയിക്കട്ടെ. അങ്ങേയ്ക്ക് മേൽക്കുമേൽ വിജയമുണ്ടാകട്ടെ.



തമിഴ്ത്തായ് വാഴ്ത്ത്

നീരാരും കടലുടുത്ത നിലമടന്തൈക്കെഴിലൊഴുകും
ശീരാരും വദനമെന ത്തികഴ്ഭരത ഖണ്ഡമിതിൽ
തെക്കണമും അതിർശിറന്ത തിരാവിട നൽതിരുനാടും
തക്കശിറു പിറൈനുതലും തരിത്തനറും തിലകമുമേ!
അത്തിലക വാസനൈപോൽ അനൈത്തുലകും ഇൻപമുറ
എത്തിശൈയും പുകഴ്മണങ്ക ഇരുന്തപെരും തമിഴണങ്കേ!
തമിഴണങ്കേ!
ഉൻ ശീരിളമൈ ത്തിറംവിയന്തു ശെയൽമറന്തു വാഴ്ത്തുതുമേ!
വാഴ്ത്തുതുമേ!
വാഴ്ത്തുതുമേ!

-മാനോന്മണിയം.പി.സുന്ദരം പിള്ള



തമിഴ് മാതൃവന്ദനം - ആശയം

തിരമാലകളുടെ ആരവത്തോടുകൂടിയ സമുദ്രമെന്ന നീലജലാശയമാകുന്ന പുടവയണിഞ്ഞ സ്ത്രീയുടെ അഴകാർന്നതും ഐശ്വര്യപൂർണ്ണവുമായ മുഖമായി ഭാരതഭൂമി പരിലസിക്കുന്നു. ഈ ഭൂവിഭാഗത്തിലെ ദക്ഷിണദേശത്ത് മികച്ചതും മനോജ്ഞവുമായ ദ്രാവിഡനാട് പ്രകാശിക്കുന്നു.കുങ്കുമ തിലകത്തിൽ നിന്ന് പ്രസരിക്കുന്ന സുഗന്ധമെന്ന പോലെ ലോകത്തിന് ആനന്ദം പ്രദാനം ചെയ്യും വിധം ദിക്കെങ്ങും കീർത്തി പരത്തി വിലസുന്ന തമിഴ് സ്ത്രീ രത്നമേ, എന്നെന്നും യൗവനയുക്തയായിരിക്കുന്ന ഭവതിയുടെ സവിശേഷ പ്രാവിണ്യം കണ്ട് അത്ഭുതാദരങ്ങളോടെ നിന്നെ ഞങ്ങൾ സ്തുതിക്കുന്നു.

8th_Malayalam Reader Full Book.indb 5 5/18/2019 4:21:49 PM



ദേശീയോദ്ഗ്രഥന പ്രതിജ്ഞ

അവകാശങ്ങൾ സംരക്ഷിച്ചുകൊണ്ടും ഐക്യം നിലനിർത്തി കൊണ്ടും എന്റെ നാടിന്റെ വളർച്ചയ്ക്കുവേണ്ടി പ്രവർത്തിക്കുമെന്ന് ആത്മാർത്ഥതയോടെ ഞാൻ പ്രതിജ്ഞ ചെയ്യുന്നു.

ഒരു തരത്തിലുള്ള അക്രമ പ്രവർത്തനങ്ങളിലും ഞാൻ ഇട പെടില്ലെന്നും മതം, ഭാഷ, ദേശം തുടങ്ങിയവയുടെ അടിസ്ഥാനത്തി ലുള്ള വിവേചനങ്ങളുണ്ടാവില്ലെന്നും അവയുടെ പേരിലുണ്ടാകുന്ന സംഘർഷങ്ങൾക്ക് സമാധാനപരമായ രീതിയിലും ഭരണഘടന അനുശാസിക്കുന്ന മാർഗ്ഗത്തിലൂടെയും പരിഹാരം കാണുന്നതിനായി എന്നാലാവുംവിധം പരിശ്രമിക്കുമെന്ന് ഞാൻ പ്രതിജ്ഞ ചെയ്യുന്നു.

പ്രതിജ്ഞ

ഇന്ത്യ എന്റെ രാജ്യമാണ്, എല്ലാ ഇന്ത്യക്കാരും എന്റെ സഹോദരി സഹോദരന്മാരാണ്, ഞാൻ എന്റെ രാജ്യത്തെ സ്നേഹിക്കുന്നു, സമ്പൂർണ്ണവും വൈവിധ്യപൂർണ്ണവുമായ അതിന്റെ പാരമ്പര്യത്തിൽ ഞാൻ അഭിമാനം കൊള്ളുന്നു.

ഞാൻ എന്റെ മാതാപിതാക്കളെയും ഗുരുക്കന്മാരെയും മുതിർ ന്നവരെയും ബഹുമാനിക്കും.

ഞാൻ എന്റെ രാജ്യത്തിന്റെയും എന്റെ നാട്ടുകാരുടെയും ക്ഷേമത്തിനും ഐശ്വര്യത്തിനുംവേണ്ടി പ്രയത്നിക്കും.



8th_Malayalam Reader Full Book.indb 6 5/18/2019 4:21:49 PM

ഉള്ളടക്കം

		പുറം നമ്പർ
	ഭാഗം 1	
	എന്റെ മലയാളം	1
പദ്യം	വനത്തിലേക്ക്	
	-തുഞ്ചത്ത് എഴുത്തച്ഛൻ.	2
ഗദ്യം	മലയാളികളുടെ മലയാളം	
	- ഇ.എം.എസ് നമ്പൂതിരിപ്പാട്	6
ഉപപാഠം	പള്ളിക്കൂടത്തിലേക്ക് (കഥ)	
	- നന്തനാർ	10
	ഭാഗം 2	
	അറിവിന്റെ ലോകം	17
പദ്യം	ധനമോഹം	
	- പൂന്താനം	18
ഗദ്യം	ചന്ദ്രയാൻ	
	- കെ. ഉഷ	21
ഉപപാഠം	മൂന്ന് മീനുകൾ	
	- നാടോടിക്കഥ	26
	ഭാഗം 3	
	നാട്ടു സംസ്കൃതി	31
പദ്യം	നല്ല വാക്കോതുവാൻ ത്രാണിയുണ്ടാവണം	
	- കടമ്മനിട്ട രാമകൃഷ്ണൻ	32
ഗദ്യം	നാടൻ കലകളുടെ ഊർജ്ജം	
	- എം. എൻ കാരശ്ശേരി	36
ഉപപാഠം	വൈക്കത്ത് തിരുനീലകണ്ഠൻ	
	- കൊട്ടാരത്തിൽ ശങ്കുണ്ണി	42
	ഭാഗം 4	
	നാട്ടു ജീവിതം	48
കവിത	കൃഷീവലൻ	
	- കുറ്റിപ്പുറത്ത് കേശവൻ നായർ	49
ഗദ്യം	നിള	
	- യാത്രാവിവരണം	54
ഉപപാഠം	പുതിയ ചങ്ങാതി (കഥ)	
	- ചെറുകാട്	59
	ഭാഗം 5	
	പ്രകൃതിയുടെ സാന്ത്വനം	65
കവിത	ഒരു മരം വെട്ടുന്നേരം	
	- കെ. അയ്യപ്പപണിക്കർ	66
ഗദ്യം	കണ്ണാന്തളിപ്പൂക്കളുടെ കാലം	
	- എം. ടി .വാസുദേവൻ നായർ	70
ഉപപാഠം	ലോകാവസാനം (കഥ)	
	- വി. എസ്. അനിൽകുമാർ	78

8th_Malayalam Reader Full Book.indb 7 5/18/2019 4:21:49 PM

പുറം നമ്പർ

ഭാഗം 6

സത്യവും ധർമ്മവും — 82

കവിത — സത്യം — 83
- പന്തളം കേരളവർമ്മ

ഗദ്യം — അമ്പിളിയമ്മാവൻ (നാടകം) — 86
- ഉണ്ണികൃഷ്ണൻ നെല്ലിക്കാട്

ഉപപാഠം — കൂൾഡ്രിങ്ക് (കഥ) — 94
- പി. കേശവദേവ്

ഭാഗം 7

നാഗരികത — 100

കവിത — മാമ്പഴക്കാലം — 101
- പി .പി രാമചന്ദ്രൻ

ഗദ്യം — പിനാംഗിൽ ഒരു സായാഹ്നം (സഞ്ചാരസാഹിത്യം) — 108
- എസ്. കെ. പൊറ്റക്കാട്

ഉപപാഠം — മൂന്നാമതൊരാൾ (കഥ) — 112
- മുണ്ടൂർ കൃഷ്ണൻകുട്ടി

ഭാഗം 8

സമർപ്പണം — 119

കവിത — ദ്വാരകയിലേക്ക് — 120
- രാമപുരത്ത് വാരിയർ

ഗദ്യം — അറിവിലൂടെയുള്ള വിമോചനം — 125
- സ്മിത നെരവത്ത്

ഉപപാഠം — മരണത്തെ തോൽപ്പിച്ച കായിക പ്രതിഭ — 131
- ആർ. രാധാകൃഷ്ണൻ

ഭാഗം 9

ജീവിത ദർശനം — 135

കവിത — ആമ്പൽപൊയ്ക — 136
- നാലാങ്കാൽ കൃഷ്ണപിള്ള

ഗദ്യം — വീശിയെത്തുന്ന കുളിർകാറ്റു പോലെ — 139
- കെ. തായാട്ട്

ഉപപാഠം — മുട്ടയോളം വലിപ്പമുള്ള ധാന്യമണി (കഥ) — 146
- ടോൾസ്റ്റോയ്

8th_Malayalam Reader Full Book.indb 8 5/18/2019 4:21:49 PM

ഭാഗം 1 എന്റെ മലയാളം



പഠന ലക്ഷ്യങ്ങൾ

- മധ്യകാലമലയാളകവിതയുടെ ആവിഷ്കാരസൗന്ദര്യം മനസ്സിലാക്കൽ.
- ഓജസ്സുള്ള മലയാളഭാഷ നിലനിർത്തേണ്ടതിന്റെ ആവശ്യകത തിരിച്ചറിയൽ.
- ബാല്യകൗതുകങ്ങളും ഗ്രാമീണാനുഭവങ്ങളും നിറഞ്ഞ കഥ ആസ്വദിക്കൽ.

പാഠഭാഗങ്ങൾ

പദ്യം	:	വനത്തിലേക്ക്	- തുഞ്ചത്ത് എഴുത്തച്ഛൻ.
ഗദ്യം	:	മലയാളികളുടെ മലയാളം	- ഇ.എം.എസ് നമ്പൂതിരിപ്പാട്.
ഉപപാഠം	:	പള്ളിക്കൂടത്തിലേക്ക് (കഥ)	- നന്തനാർ.

8th_Malayalam Reader Full Book.indb 1 5/18/2019 4:21:51 PM

പദ്യം

വനത്തിലേയ്ക്ക്

തുഞ്ചത്തെഴുത്തച്ഛൻ



തുഞ്ചത്തെഴുത്തച്ഛൻ: 16-ാം നൂറ്റാണ്ടിൽ മലപ്പുറം ജില്ലയിലെ തിരൂർ തുഞ്ചൻ പറമ്പിൽ ജനിച്ചു എന്നു കരുതപ്പെടുന്നു ആധുനിക മലയാള ഭാഷയുടെ പിതാവ് എന്നു മലയാളികൾ കരുതുകയും ആദരിക്കുകയും ചെയ്യുന്നു.കിളിപ്പാട്ടുപ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവാണ്. കൃതികൾ - അദ്ധ്യാത്മരാമായണം കിളിപ്പാട്ട്, മഹാഭാരതം കിളിപ്പാട്ട്, ശ്രീ മഹാഭാഗവതം കിളിപ്പാട്ട്, ഹരിനാമ കീർത്തനം, ഇരുപത്തിനാലു വൃത്തം, അദ്ധ്യാത്മ രാമായണം-അയോദ്ധ്യാ കാണ്ഡത്തിൽനിന്ന് എടുത്തതാണ് പദ്യഭാഗം .

കൈകേയി ആവശ്യപ്പെട്ട വരമനുസരിച്ച് ദശരഥന്റെ നിർദ്ദേശപ്രകാരം ശ്രീരാമൻ വനവാസത്തിനു പുറപ്പെടുകയും ഭരതനെ രാജാവായി വാഴിക്കാൻ തീരുമാനിക്കുകയും ചെയ്യുന്നു.ഇതറിഞ്ഞ ഭരതൻ വിസമ്മതം അറിയിക്കുകയും ശ്രീരാമനെ തന്നെ രാജാവായി വാഴിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്യുന്നു.അതനുസരിച്ച് ശ്രീരാമനെ തിരികെ കൊണ്ടുവരുന്നതിനായി ഭരതൻ പരിവാരങ്ങളോടൊത്ത് വനത്തിലേക്ക് പുറപ്പെടുന്നതാണ് സന്ദർഭം.

നാളെപ്പുലർകാലേ പോകുന്നതുണ്ടു ഞാൻ
നാളീകനേത്രനെക്കൊണ്ടിങ്ങു പോരുവാൻ.
ഞാനും ഭവാനുമരുന്ധതീദേവിയും
നാനാപുരവാസികളുമമാത്യരും
ആന തേർ കാലാൾ കുതിരപ്പടയോടു-
മാനക ശംഖ പടഹ വാദ്യത്തൊടും
സോദരഭൂസുരതാപസസാമന്ത-
മേദിനീപാലകവൈശ്യശൂദ്രാദിയും
സാദരമാശു കൈകേയിയൊഴിഞ്ഞുള്ള
മാതൃജനങ്ങളുമായിട്ടു പോകണം.

8th_Malayalam Reader Full Book.indb 2 5/18/2019 4:21:52 PM



രാമനിങ്ങാഗമിച്ചീടുവോളം ഞങ്ങൾ
ഭൂമിയിൽത്തന്നെ ശയിക്കുന്നതേയുള്ളു.
മൂലഫലങ്ങൾ ഭുജിച്ചു ഭസിതവു-
മാലേപനംചെയ്തു വല്ക്കലവും പൂണ്ടു
താപസവേഷം ധരിച്ചു ജട പൂണ്ടു
താപം കലർന്നു വസിക്കുന്നതേയുള്ളു.
ഇത്ഥം ഭരതൻ പറഞ്ഞതു കേട്ടവ-
രെത്രയും നന്നുനന്നെന്നു ചൊല്ലീടിനാർ.

8th_Malayalam Reader Full Book.indb 3 5/18/2019 4:21:52 PM



‘ചിത്തേ നിനക്കിതു തോന്നിയതത്ഭുത-
മുത്തമന്മാരിലത്യുത്തമനല്ലോ നീ.’
സാധുക്കളേവം പുകഴ്ത്തുന്നതുനേര-
മാദിത്യദേവനുദിച്ചു, ഭരതനും
ശത്രുഘ്നനോടുകൂടെപ്പുറപ്പെട്ടിതു;
തത്ര സുമന്ത്രനിയോഗേന സൈന്യവും
സത്വരം രാമനെക്കാണ്മാൻ നടന്നിതു
ചിത്തേ നിറഞ്ഞു വഴിഞ്ഞ മോദത്തൊടും
രാജദാരങ്ങൾ കൗസല്യാദികൾ തദാ
രാജീവനേത്രനെക്കാണാൻ നടന്നിതു.

8th_Malayalam Reader Full Book.indb 4 5/18/2019 4:21:52 PM

അഭ്യാസം

I. പദപരിചയം

മന്നവൻ, അമാത്യർ, സോദരർ, സാമന്തർ, ആഗമിക്കുക, പൂർവ്വജൻ, ഭുജിക്കുക, ഭാസുരം, താപസർ, ചിത്തം

II. പര്യായപദം

1. മന്നവൻ : _____ , _____
2. മനസ്സ് : _____ , _____
3. താപസൻ : _____ , _____

III. ഒറ്റവാക്കിലുത്തരമെഴുതുക

1. 'ഇന്നടിയന്നു രാജ്യംകൊണ്ടു കിം ഫലം?' എന്നു ചോദിച്ചതാര്?
2. ആരെ കാണാനാണ് ഭരതൻ വനത്തിലേക്ക് യാത്രയാകുന്നത്?
3. ഭരതന്റെ മാതാവ് ആരാണ്?
4. ഈ പദ്യഭാഗം അദ്ധ്യാത്മരാമായണം കിളിപ്പാട്ടിലെ ഏതു കാണ്ഡത്തിൽനിന്ന് എടുത്തതാണ്?

IV. ഉത്തരമെഴുതുക

1. ശ്രീരാമനെ തിരിച്ചുകൊണ്ടുവരാൻ ഭരതൻ ആരെയെല്ലാമാണ് വനത്തിലേക്ക് കൂടെ കൊണ്ടുപോയത്?
2. ശ്രീരാമൻ തിരിച്ചുവരുന്നതുവരെ താൻ എങ്ങനെ ജീവിതം നയിക്കുമെന്നാണ് ഭരതൻ പറയുന്നത്?
3. ഭരതനെ അനുഗമിക്കുന്ന പടകൾ ഏതെല്ലാം?
4. 'ചിത്തേ നിനക്കിതുതോന്നിയതത്ഭുത-

   മൂത്തമന്മാരിലത്യുത്തമനല്ലോ നീ'

   ഈ വരികളുടെ ആശയം എന്ത്?
5. മനഃപാഠമാക്കേണ്ട വരികൾ

   'നാളെപ്പുലർകാലേ.....ചൊല്ലീടിനാർ'

8th_Malayalam Reader Full Book.indb 5 5/18/2019 4:21:52 PM

മലയാളികളുടെ മലയാളം

ഇ.എം.എസ് നമ്പൂതിരിപ്പാട്



ഇ.എം.എസ് നമ്പൂതിരിപ്പാട് [1909 - 1991]: ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ ദേശിയ നേതാവും ഐക്യകേരളത്തിന്റെ പ്രഥമ മുഖ്യമന്ത്രിയുമായിരുന്നു. ചരിത്രകാരൻ, മാർക്സിസ്റ്റ് ചിന്തകൻ, സാമൂഹിക പരിഷ്ക്കർത്താവ് എന്നീ നിലകളിൽ പ്രശസ്തനായ അദ്ദേഹം ആധുനിക കേരളത്തിന്റെ ശിൽപികളിൽ പ്രധാനിയാണ്. ജവഹർലാൽ നെഹ്റുവിന്റെ ജീവചരിത്രം, ഗാന്ധിയും ഗാന്ധിസവും, വായനയുടെ ആഴങ്ങളിൽ, കേരളം-മലയാളികളുടെ മാതൃഭൂമി, സമൂഹം ഭാഷാ സാഹിത്യം, ആശാനും മലയാള സാഹിത്യവും, തെരഞ്ഞെടുത്ത പ്രബന്ധങ്ങൾ തുടങ്ങി മലയാളത്തിലും ഇംഗ്ലീഷിലുമായി നൂറിലധികം പുസ്തകങ്ങളുടെ രചയിതാവാണ്.

മലയാളഭാഷയുടെ ശക്തിദൗർബല്യങ്ങളെക്കുറിച്ച് ഇ.എം ശങ്കരൻ നമ്പൂതിരിപ്പാട് എഴുതിയ 'മലയാളികളുടെ മലയാളം' എന്ന പാഠഭാഗം തെരഞ്ഞെടുത്ത പ്രബന്ധങ്ങളിൽ നിന്ന് എടുത്തതാണ്.

'ഇംഗ്ലീഷുകാരന്റെ ഇംഗ്ലീഷ്', 'രാജാവിന്റെ (റാണിയുടെ) ഇംഗ്ലീഷ്' എഴുതാനും സംസാരിക്കാനും പഠിക്കണമെന്ന ആഗ്രഹമാണ് ഞാൻ വിദ്യാർത്ഥിയായിരുന്ന കാലത്ത് അധ്യാപകർ ഞങ്ങളിൽ ഉണ്ടാക്കാൻ ശ്രമിച്ചത്.

ഇത് നടപ്പില്ലെന്ന് പിന്നീടുള്ള അനുഭവത്തിൽ നിന്നും ഞാൻ മനസ്സിലാക്കി.അന്ന് ഞങ്ങളെ ധരിപ്പിക്കാൻ അധ്യാപകർ ശ്രമിച്ചിരുന്നു 'ഇന്ത്യൻ ഇംഗ്ലീഷ്' എന്നൊന്നില്ല' എന്ന്. 'മലയാളി ഇംഗ്ലീഷ്', തമിഴൻ ഇംഗ്ലീഷ്, പഞ്ചാബി ഇംഗ്ലീഷ് മുതലായ വിവിധ രൂപത്തിലുള്ള ഇന്ത്യൻ ഇംഗ്ലീഷ് ആണ് ഇന്ന് പ്രചാരത്തിലുള്ളത്. ഇംഗ്ലീഷുകാരന്റെ ഇംഗ്ലീഷ് സംസാരിക്കാൻ ശ്രമിക്കുന്ന ഇന്ത്യക്കാരിൽ തന്നെ മലയാളികളുടെയും തമിഴന്റെയും പഞ്ചാബിയുടെയും മറ്റും ചുവ കാണാം.ഇതാണ് കഴിഞ്ഞ അരനൂറ്റാണ്ടുകാലത്തെ അനുഭവത്തിൽ നിന്നും ഞാൻ മനസ്സിലാക്കുന്നത്.

ഇതിൽ ആശ്ചര്യകരമായിട്ട് ഒന്നുമില്ലതാനും. ഇംഗ്ലീഷ് മാതൃഭാഷയായിട്ടുള്ള ഇംഗ്ലീഷുകാരുടെയും അമേരിക്കക്കാരുടേയും ഇംഗ്ലീഷ് തന്നെ വ്യത്യസ്തമാണല്ലൊ. ആ സ്ഥിതിക്ക് ഇന്ത്യക്കാരായ നമ്മളിൽ ഓരോ ജനവിഭാഗവും ഇംഗ്ലീഷ് ഭാഷ പ്രയോഗിക്കാൻ തുടങ്ങുമ്പോൾ അതതുജനവിഭാഗത്തിന്റേതായ ചില സവിശേഷതകൾ അതിൽ കടന്നുകൂടും.

എന്തിനേറെ മലയാളികളായ നമ്മുടെയിടയിൽ മലബാറുകാർ, തിരുവിതാംകൂറുകാർ എന്നിവർ തമ്മിൽ ഉച്ചാരണം, പദപ്രയോഗം മുതലായ കാര്യങ്ങളിൽ വൈവിധ്യമുണ്ടല്ലോ. അതുപോലെ ഇംഗ്ലണ്ടിലെ വിവിധ പ്രദേശങ്ങളിലെ ജനങ്ങൾ സ്വന്തം മാതൃഭാഷ ഉപയോഗിക്കുമ്പോൾ അതിൽ വൈവിധ്യം കടന്നുകൂടുന്നതു കാണാം. ഇംഗ്ലിഷുകാരന്റെ ഇംഗ്ലീഷ് എന്നതുതന്നെ നൂറുശതമാനവും സത്യമായ ഒരു പ്രസ്താവനയല്ലെന്നർത്ഥം.

ഇത്രയും പറഞ്ഞത് ഒരു വൈദേശികഭാഷയായ ഇംഗ്ലീഷ് എഴുതുകയും സംസാരിക്കുകയും ചെയ്യുന്ന നമുക്ക് അതിൽ ചില പിശകുകൾ പറ്റിയെങ്കിൽ അതിൽ വേദനിക്കാനൊന്നു

8th_Malayalam Reader Full Book.indb 6 5/18/2019 4:21:53 PM



മില്ലെന്ന് സൂചിപ്പിക്കാനാണ്. പക്ഷേ നമ്മുടെ സ്വന്തം ഭാഷ മലയാളം ഉപയോഗിക്കുമ്പോൾ നമുക്ക് തെറ്റുപറ്റുകയാണെങ്കിൽ അതു കുറെ കടന്ന കൈതന്നെയായിരിക്കും.

തെറ്റുകൂടാത്ത ഇംഗ്ലീഷ് പ്രയോഗിക്കാനുള്ള കഴിവ് സമ്പാദിക്കാൻ ശ്രമിച്ച തങ്ങളുടെ പിൻതലമുറക്കാരായ വിദ്യാർത്ഥികൾ തങ്ങൾ എഴുതുകയും സംസാരിക്കുകയും ചെയ്യുന്ന മലയാളം തെറ്റില്ലാതായിരിക്കണമെന്നു നിഷ്കർഷിക്കുന്നില്ലെങ്കിൽ അത് കഷ്ടമല്ലെ? തങ്ങളുടെ വിദ്യാർത്ഥിജീവിത കാലത്ത് ഉപയോഗിച്ചിരുന്ന ഇംഗ്ലീഷ് വ്യാകരണം, ഇംഗ്ലീഷ് ഗദ്യ രചന എന്നിവ സംബന്ധിച്ച മാർഗനിർദേശകഗ്രന്ഥങ്ങളിൽ സാധാരണ പറ്റാറുള്ള തെറ്റുകൾ എടുത്തുകാണിച്ച് ശരിയായ രൂപം എന്തെന്ന് ഉപദേശിക്കുന്ന പല അധ്യായങ്ങളുമുണ്ടായിരുന്നു.അതുപോലെ വല്ല തെറ്റുതിരുത്തൽ പ്രസ്ഥാനവും മലയാളഭാഷയെ സംബന്ധിച്ച് ഇന്നുണ്ടോ?. നേരെമറിച്ച് ഇന്നലെച്ചെയ്തൊരബദ്ധം ഇന്നത്തെ ആചാരവും നാളത്തെ ശാസ്ത്രവും ആയിക്കൊണ്ടുവരുന്ന ഒരു പുതിയ മലയാളമല്ലേ ഇന്നത്തെ വിദ്യാർത്ഥികൾ പഠിക്കുന്നത്?

നാൽപതമ്പതുകൊല്ലം മുമ്പ് ഞാൻ മലയാളസാഹിത്യത്തിലെ കൃതികളും നിരൂപണങ്ങളും പഠിക്കാൻ തുടങ്ങിയകാലത്ത് നിരൂപണസാഹിത്യത്തിൽ ഒരു നല്ല വിഭാഗം വ്യാകരണത്തെയും വൃത്താലങ്കാരാദി പ്രയോഗങ്ങളെയും അടിസ്ഥാനമാക്കിയിട്ടുള്ള വിമർശനങ്ങളാണ് അടങ്ങിയിരുന്നത്. ആ നിരൂപണരീതിയോട് യോജിക്കാൻ കഴിയുന്നില്ലെങ്കിലും തെറ്റില്ലാത്ത മലയാളമായിരിക്കണം ഗദ്യ-പദ്യ വ്യത്യാസമില്ലാതെ മലയാളകൃതികളിൽ ഉണ്ടായിരിക്കേണ്ടതെന്നും അതിന് മാർഗനിർദേശം നൽകുന്ന വിമർശനങ്ങളാവശ്യമാണെന്നും ഞാൻ വിശ്വസിക്കുന്നു.

ദിനപത്രങ്ങൾ മുതൽ പ്രചുരപ്രചാരമുള്ള ഇന്നത്തെ പ്രസിദ്ധീകരണങ്ങളാകെ പരിശോധിച്ചുനോക്കുമ്പോൾ ഇംഗ്ലീഷുകാരന്റെ ഇംഗ്ലീഷ് പഠിക്കാൻ ശ്രമിച്ച ഞാൻ ഇന്ന് എനി

8th_Malayalam Reader Full Book.indb 7 5/18/2019 4:21:54 PM

ക്കുചുറ്റും കാണുന്നത് ഇംഗ്ലീഷുകാരന്റെ മലയാളം വളർന്നുവരുന്നതല്ലേ എന്നു ചോദിക്കാൻ തോന്നുന്നു.വ്യക്തികളുടെയും സ്ഥലങ്ങളുടെയും പേര് എഴുതുന്നതുമുതൽ പദപ്രയോഗം, വാക്യഘടന മുതലായതിലെല്ലാം മലയാളിത്വം ഇംഗ്ലീഷ്കാരത്വത്തിനു വഴിമാറിക്കൊടുക്കുകയല്ലേ എന്നു ചോദിക്കാൻ തോന്നുന്നു.

മലയാളികൾക്കറിയാവുന്ന കൊച്ചിയെ 'കൊച്ചിൻ' എന്നും കൊളംബിനെ കൊലംബോ എന്നും മറ്റും എഴുതി അച്ചടിച്ചുകാണുമ്പോൾ ഞാൻ ഭയപ്പെട്ടുപോവുകയാണ്. എന്റെ പേര് നമ്പൂതിരിപ്പാദ് എന്നാക്കിമാറ്റാൻ ഇവർ തുടങ്ങുകില്ലേ?

കേരളത്തിനു വെളിയിലുള്ള ആളുകളുടെയും സ്ഥലങ്ങളുടെയും പേര് ശരിക്കെഴുതാൻ നമുക്കറിഞ്ഞില്ലെങ്കിൽ അതു സഹിക്കാം. ദില്ലി എന്ന ഹിന്ദിപദം അല്ലല്ലോ നാം പത്രങ്ങളിൽ വായിച്ചുശീലിച്ചിട്ടുള്ളത്. അതുകൊണ്ട് ഇംഗ്ലീഷിലെഴുതിയ ആ സ്ഥലത്തിന്റെ പേര് ഡെൽഹി എന്ന് നാം മലയാളത്തിലെഴുതിയാൽ അതു മനസ്സിലാക്കാം. പക്ഷേ നമ്മുടെ ആലപ്പുഴയെ ആലപ്പിയും തൃശ്ശൂരിനെ ട്രിച്ചൂരും മറ്റുമാക്കി എഴുതിയാലോ? ഇങ്ങനെ നിരവധി ഉദാഹരണങ്ങൾ കാണിക്കാൻ കഴിയും.

സംസ്കൃതം വഴിയും മറ്റും കിട്ടിയതാണെങ്കിലും മലയാളികൾക്ക് സ്വന്തമായുള്ള ചില പേരുകൾ ഇംഗ്ലീഷുകാരൻ അയാളുടെ സംസ്കാരത്തിനൊത്ത് വിളിക്കുകയും എഴുതുകയും ചെയ്തതിൽ നിന്ന് നാം വീണ്ടും കടം വാങ്ങിയ ചില പേരുകളുണ്ട്. ഉദാഹരണത്തിന്-രമേശൻ, ഇംഗ്ലീഷുകാരൻ ആ പേരിനെ രമേഷ് എന്നാക്കി. നമ്മുടെ പേര് നാം എന്തിന് ഇംഗ്ലീഷുകാരിൽ നിന്നും കടം വാങ്ങണമെന്ന് എനിക്കു മനസ്സിലാകുന്നതേ ഇല്ല.

വ്യാകരണത്തിന്റെയും പദപ്രയോഗത്തിന്റെയും വാക്യഘടനയുടെയുമെല്ലാം കാര്യത്തിൽ യാഥാസ്ഥിതികത്വം പുലർത്തണമെന്നു ഞാനൊരിക്കലും വാദിക്കുകയില്ല. മറ്റെല്ലാമെന്ന പോലെ ഭാഷയും മാറിക്കൊണ്ടിരിക്കുകയാണ്.മാറിക്കൊണ്ടിരിക്കണം. പക്ഷേ നമ്മുടെ ഭാഷ നമ്മുടേതാണ്. അത് മറ്റേതെങ്കിലും ഭാഷയുടെ ഫോട്ടോ ആകാൻ പാടില്ല.

ആശയങ്ങളുടെ കാര്യത്തിൽ ദരിദ്രമായ നമ്മുടെ സാഹിത്യത്തിന് മറ്റുഭാഷകളിൽ നിന്നു ധാരാളം കടം വാങ്ങേണ്ടതുണ്ട്. ഇതിനുമുമ്പുതന്നെ തമിഴിനും സംസ്കൃതത്തിനും പുറമെ മറ്റുപല ഇന്ത്യൻ ഭാഷകളിൽ നിന്നും അറബി പേർഷ്യൻ പോർത്തുഗീസ് മുതലായ വിദേശഭാഷകളിൽ നിന്നും ധാരാളം പദങ്ങൾ കടം വാങ്ങിയിട്ടാണ് മലയാളം വളർന്നത്. അടുത്തകാലത്താകട്ടെ ഇംഗ്ലീഷ്, മറ്റു യൂറോപ്യൻ ഭാഷകളിൽ നിന്നും നാം ധാരാളം കടം വാങ്ങിയിട്ടുണ്ട്.അതിനിയും തുടരും, തുടരണം.

പക്ഷേ, നമ്മുടെ ഭാഷയ്ക്ക് അതിന്റേതായ ഒരു വ്യക്തിത്വമുണ്ട്. ലളിതവും ഓജസ്സുറ്റതുമായ ഒരു ശൈലി മലയാളത്തിന്റെതായി രൂപം കൊണ്ടിട്ടുണ്ട്. കടമെടുത്തതെല്ലാം സ്വന്തമാക്കി മലയാളിയുടെ കൂട്ടുസ്വത്തിന്റെ ഭാഗമാക്കാനുള്ള കഴിവ് നമ്മുടെ ഭാഷയ്ക്കുണ്ട്. ആ കഴിവ് നാം ഉപയോഗപ്പെടുത്തുമോ? വളർത്തിയെടുക്കുമോ?ഇതാണ് പ്രശ്നം.

8th_Malayalam Reader Full Book.indb 8 5/18/2019 4:21:54 PM

അഭ്യാസം

I. പദപരിചയം

നൂറ്റാണ്ട്, ആശ്ചര്യം, പിശകുകൾ, അബദ്ധം, യാഥാസ്ഥിതികത്വം, ഓജസ്സ്

II. വിപരീതപദം

വൈദേശികം, ഭയം, യാഥാസ്ഥിതികത്വം, ധാരാളം,

III. വാക്യത്തിൽ പ്രയോഗിക്കുക

സവിശേഷതകൾ, മാർഗനിർദ്ദേശം, പ്രചുരപ്രചാരം, വിമർശനം

IV. ഉത്തരമെഴുതുക

1. ഇന്നലെ ചെയ്ത അബദ്ധം എന്താകുമെന്നാണ് ലേഖകൻ പറയുന്നത്?
2. നാല്പതു കൊല്ലം മുമ്പ് നിരൂപണ സാഹിത്യത്തിന്റെ സ്ഥിതി എന്തായിരുന്നു?
3. നമ്മുടെ ഭാഷ മറ്റേതെങ്കിലും ഭാഷയുടെ ഫോട്ടോ ആകാൻ പാടില്ല.എന്തുകൊണ്ട്?
4. മലയാള പദസമ്പത്ത് വികസിച്ചതെങ്ങനെ?

V. ഖണ്ഡികയിൽ ഉത്തരമെഴുതുക

1. 'ഇംഗ്ലീഷുകാരന്റെ ഇംഗ്ലീഷ്' പഠിക്കാൻ ശ്രമിച്ച് ഇംഗ്ലീഷുകാരന്റെ മലയാളം വളർന്നു എന്നു ലേഖകനു തോന്നാനുണ്ടായ സാഹചര്യമെന്ത്?

VI. അനുബന്ധപ്രവർത്തനങ്ങൾ

ഇതരഭാഷകളിൽ നിന്ന് മലയാളഭാഷയിലെത്തിയ പദങ്ങൾ കണ്ടെത്തി പട്ടികയിൽ എഴുതുക.

8th_Malayalam Reader Full Book.indb 9 5/18/2019 4:21:54 PM

നാന്തനാർ



നാന്തനാർ [1926-1974]: നോവലിസ്റ്റ്, ചെറുകഥാകൃത്ത്, എന്നീ നിലകളിൽ പ്രശസ്തനായ മലയാളസാഹിത്യകാരനാണ് നന്തനാർ എന്ന തൂലികാനാമത്തിൽ അറിയപ്പെടുന്ന പി.സി ഗോപാലൻ. പ്രധാനകൃതികൾ-തോക്കുകൾക്കിടയിലേ ജീവിതം, കൊന്നപ്പൂക്കൾ, ആത്മാവിന്റെ നോവുകൾ, ഉണ്ണിക്കുട്ടന്റെ ഒരു ദിവസം, അനുഭൂതികളുടെ ലോകം, നിഷ്കളങ്കതയുടെ ആത്മാവ്. കേരള സാഹിത്യ അക്കാദമി പുരസ്ക്കാരം നേടിയിട്ടുണ്ട്.

ആദ്യമായി പള്ളിക്കുടത്തിലേക്ക് പോകുന്ന ഒരു കുട്ടിയുടെ ആകാംക്ഷയും ഉത്സാഹവും മനോഹരമായി ആവിഷ്ക്കരിക്കുന്ന ചെറുകഥയാണ് പള്ളിക്കൂടത്തിലേക്ക്.

എന്തൊരു മഴയാണ്!രാത്രിയിലും ഇങ്ങനെത്തന്നെ നിന്നു പെയ്യുകയായിരുന്നു. ഉണ്ണിക്കുട്ടൻ ജനലിന്റെ അടുത്തുവന്നു പുറത്തേക്ക് നോക്കി. കൊണ്ടുപിടിച്ച മഴതന്നെ. തൊടിയിലെ വാഴയിലകളിലും ചേമ്പിലകളിലും മഴത്തുള്ളികൾ വീണു ചിന്നിത്തെറിക്കുന്നതുകാണാൻ ബഹുഭംഗി. തൊടിയിലെ അങ്ങേയറ്റത്തുള്ള മാവിൻകൊമ്പിൽ നിന്ന് ഒരു കാക്ക കരയുന്ന ശബ്ദം കേട്ടു. ഓടം കൊത്തിക്കൊണ്ടുപോയ ആ കള്ളക്കാക്ക ആയിരിക്കുമോ കരയുന്നത്? കരയട്ടെ, കാക്കകളെല്ലാം അശ്രീകരങ്ങളാണ്. നേരം പുലരുമ്പോഴേക്കും എഴുനേറ്റ് വേണ്ടാത്ത ഓരോ പ്രവൃത്തികൾ തുടങ്ങുകയായി. ചത്ത പാമ്പിനെ കൊത്തിത്തിന്നുക, ചാണകക്കുണ്ടിൽ നിന്നു പുഴുക്കളെ കൊത്തിയെടുത്തുകൊണ്ടുവന്നു തിന്നുക, സൂത്രത്തിൽ കുട്ടികളിൽ നിന്ന് ഓടം കൊത്തിയെടുത്ത് പറന്നുപോവുക.അശ്രീകരങ്ങൾ.കവണയെറിയാൻ അപ്പുണ്ണി കുറേശ്ശേ പഠിച്ചിട്ടുണ്ട് നല്ല വണ്ണം പഠിക്കട്ടെ. കാണിച്ചുകൊടുക്കാം.കാക്കകളെ ഒരു പാഠം പഠിപ്പിക്കും.

കാക്കകളെക്കുറിച്ചിങ്ങനെ ആലോചിച്ചുനിന്നതുകൊണ്ടായില്ലല്ലോ. സ്കൂളിൽ ചേരുന്ന ദിവസമല്ലേ. രാവിലെ കുളിച്ച് അമ്പലത്തിൽ പോയി തൊഴണമെന്ന് ഇന്നലെത്തന്നെ മുത്തശ്ശി പറഞ്ഞിട്ടുണ്ട്. മഴയായതു കൊണ്ടൊന്നും മുത്തശ്ശി അമ്പലത്തിൽ കൊണ്ടുപോയി തൊഴീക്കാതിരിക്കില്ല.താഴത്തേക്കു പോവുകതന്നെ.

ഉണ്ണിക്കുട്ടൻ കോണിപ്പടികൾ എണ്ണിയെണ്ണിക്കൊണ്ടിറങ്ങി ഉമ്മറത്തേക്കു ചെന്നു.ഉമ്മറത്ത് മുത്തച്ഛൻ ഒരു ജമുക്കാളം കൊണ്ടു പുതച്ച് വിസ്തരിച്ച് മുറുക്കുകയാണ്. കുട്ടൻ നായർ എഴുനേറ്റുപോയിരിക്കുന്നു. അയാളുടെ പായയും തലയിണയും ബെഞ്ചിന്റെ ഒരറ്റത്തുതന്നെ മടക്കിവെച്ചിരിക്കുന്നു.

മുത്തച്ഛൻ ചോദിച്ചു-മിടുക്കൻ കുട്ടീ, ഇന്നെന്താ ഇത്ര നേർത്തെ എഴുന്നേറ്റത്?

മുത്തച്ഛന് ഇന്നത്തെ കാര്യമൊന്നും അറിഞ്ഞുകൂടെന്നുണ്ടോ? ഉണ്ണിക്കുട്ടൻ ഒരു നിമിഷം സംശയിച്ചുനിന്നു.

8th_Malayalam Reader Full Book.indb 10 5/18/2019 4:21:55 PM

മുത്തച്ഛൻ തുടർന്ന് ചോദിച്ചു-തണ്ക്കിണ്ല്ലേ, എന്തിനാ ഇത്ര നേർത്തെ എഴുന്നേറ്റത്?

മുത്തച്ഛന്റെ ചോദ്യം കേട്ടുകൊണ്ട് മുത്തശ്ശി ഉമ്മറത്തേക്കുവന്നു. മുത്തച്ഛന്റെ ചോദ്യത്തിന് ഉത്തരം പറഞ്ഞത് അവരാണ്. അവനെ ഇന്നല്ലേ സ്കൂളിൽ ചേർക്കണ്.

വായിലെ മുറുക്കിത്തുപ്പൽ താഴത്തുവീഴാതിരിക്കാൻ ശ്രദ്ധിച്ചുകൊണ്ട് മുത്തച്ഛൻ പറഞ്ഞു:ഉള്ളതുതന്നെ. ഞാൻ അതു മറന്നു.

മുത്തച്ഛൻ ഉണ്ണിക്കുട്ടനെ എടുത്തു മടിയിൽ ഇരുത്തിക്കൊണ്ടു ചോദിച്ചു. നല്ലോണം പഠിക്കില്ലേ?

ഉണ്ണിക്കുട്ടൻ തലയാട്ടി

മുത്തശ്ശി പറഞ്ഞു. അവൻ പഠിച്ചു മിടുക്കനാവും, മിടുമിടുക്കനാവും.

ഉവ്വോ-മുത്തച്ഛൻ അവന്റെ കവിളുകളിൽ തലോടിക്കൊണ്ടു ചോദിച്ചു.

ഉവ്വ്

മുത്തശ്ശി ബെഞ്ചിന്മേൽ വന്നിരുന്നുകൊണ്ടു പറഞ്ഞു:എന്തൊരു ഉത്സാഹാ അവന്.

അവന്റെ കുട്ട്യേട്ടന് സ്കൂളിൽ പോവാൻ വല്യേ മടിയായിരുന്നു.

കുട്ടൻ നായർ മുറ്റത്തെ മഴയത്തുനിന്ന് ഉമ്മറക്കോലായയിൽ വന്നുകയറി, തലയിൽ നിന്നു തൊപ്പിക്കുടയെടുത്തു. കോലായയിൽ ചാരിവച്ച് ഉമ്മറത്തേക്കുകടന്നുനിന്നുകൊണ്ട് പറഞ്ഞു-നല്ല മഴ. ഉണ്ണിക്കുട്ടനെ സ്കൂളിലേക്ക് കുട്ടൻ നായർ ചുമലിലെടുത്തു കൊണ്ടാവാം. എന്താ?

മഴ അപ്പത്തേക്കു തോരും-മുത്തശ്ശി പറഞ്ഞു.

കുട്ടൻ നായരെ കണ്ടതോടെ ഉണ്ണിക്കുട്ടന്റെ കണ്ണുകൾ തിളങ്ങി. പെരുമഴയോ ഇടിമിന്നലോ എന്തുമുണ്ടാവട്ടെ, കുട്ടൻ നായർ അടുത്തുണ്ടെങ്കിൽ ഒട്ടും പേടിക്കാനില്ല.

കുട്ട്യേട്ടൻ എഴുന്നേറ്റു കണ്ണുകൾ തിരുമ്മിക്കൊണ്ട് ഉമ്മറത്തേക്കു വന്നു.ഉണ്ണിക്കുട്ടൻ ചിരിച്ചു. അവന്റെ ചിരിയുടെ അർത്ഥം, കുട്ട്യേട്ടനിതാ ഇപ്പോൾ എഴുന്നേറ്റുവന്നതേയുള്ളൂ, താനെഴുന്നേറ്റിട്ട് എത്ര നേരമായി എന്നാണ്.

ഉണ്ണിക്കുട്ടന്റെ ആ ചിരി കുട്ട്യേട്ടനത്ര പിടിച്ചില്ല. കുട്ട്യേട്ടൻ ചോദിച്ചു-എന്തെടാ രാവിലെത്തന്നെ ഇളിക്കണ്?

തോന്നീട്ട്-ഉണ്ണിക്കുട്ടൻ പറഞ്ഞു

സ്കൂളിൽ ചേരാച്ചിട്ടുള്ള ഒരു പവറ്! ഇത്രയും പറഞ്ഞ് കുട്ട്യേട്ടൻ അകത്തേക്കോടിപ്പോയി.

അവനെന്തെങ്കിലും പറഞ്ഞോട്ടേ, നിയ്യ് കാര്യാക്കണ്ട.

മുത്തശ്ശി, ഉണ്ണിക്കുട്ടനെ സമാധാനിപ്പിച്ച് മുത്തച്ഛന്റെ മുമ്പിലിരിക്കുന്ന ചെല്ലവുമെടുത്തുകൊണ്ട് അകത്തേക്കുപോയി.

ഉണ്ണിക്കുട്ടൻ മുത്തച്ഛന്റെ മടിയിൽ നിന്നെഴുനേറ്റ് ഉമ്മറക്കോലായയിലേക്കു വന്നു.

കുട്ടൻ നായർ പറഞ്ഞു. കോലായയിൽ നിൽക്കണ്ട, മഴച്ചാറ്റലും കൊള്ളും.

8th_Malayalam Reader Full Book.indb 11 5/18/2019 4:21:55 PM

ഉണ്ണിക്കുട്ടൻ കോലായയിൽ നിന്നും പോന്ന് ഉമ്മറപ്പടിപ്പുറത്തു വന്നുനിന്നു. തൊടിയിലേക്കു നോക്കിയപ്പോൾ എല്ലാം പച്ചനിറം തന്നെ. എത്രയെത്ര താളും തകരയുമാണു മുളച്ചുപൊന്തിയിരിക്കുന്നത്!

തിണ്ടിന്മേൽ ഇടയ്ക്കിടയ്ക്ക് പാഞ്ഞെത്താറുള്ള ആ ഓന്തിനെ മഴക്കാലം തുടങ്ങിയ ശേഷം കാണാറില്ല. എവിടെപ്പോയോ എന്തോ? മഴവെള്ളത്തിൽ ഒലിച്ചുപോയിരിക്കുമോ? മടൽ ഇടിഞ്ഞുവീണു ചത്തിരിക്കുമോ? ആരോടു ചോദിക്കാനാണ്?

ആട്ടിൻ കൂട്ടത്തിൽ നിന്നും ആട്ടിൻ കുട്ടി കരഞ്ഞു. ഇപ്പോൾ ആ ആട്ടിൻ കുട്ടിയെ കാണാൻ ഭംഗിയില്ല. അതിന്റെ കഴുത്തിൽ കുടമണിയില്ല. കുട്ടൻ നായർ പറഞ്ഞു ആട്ടിൻ കുട്ടി വലുതായാൽ കുടമണി കെട്ടേണ്ട ആവശ്യമില്ലെന്ന്. ശരിയാണ്, ആട്ടിൻ കുട്ടി വലുതായിരിക്കുന്നു. ഇപ്പോഴത് തുള്ളിച്ചാടിക്കളിക്കുന്നൊന്നുമില്ല. തള്ളയാടിനെപ്പോലെ നടക്കുകയാണ്.

കുടമണികെട്ടിയ തുള്ളിച്ചാടിക്കളിക്കുന്ന ആട്ടിൻകുട്ടിയെ എപ്പോഴും കാണണം. അതൊരു സുഖം തന്നെയാണ്.

മുറ്റം ചളിപിടിയായി കിടക്കുന്നു.മുണ്ടിക്ക് ഇപ്പോൾ അടിച്ചുവാരൊന്നും വേണ്ട.മഴയത്തു വീഴുന്ന പ്ലാവിലകളും മറ്റും പെറുക്കിയെടുത്തു തൊടിയിലേക്കിട്ടാൽ മതി.

മുണ്ടിക്കു കുറച്ചുകാലമായി പിത്തച്ചൊറിയാണ്.

അതിനവൾ ഇടയ്ക്കിടയ്ക്കു തവളയെ തിന്നാറുണ്ടത്രെ.അവൾ ഞണ്ടിനെയും തിന്നുമത്രെ. ആടിന്റെ തല, തവള, ഞണ്ട് എന്തൊക്കെയാണവൾ തിന്നുന്നത്.

കുട്ടൻ നായർ കോലായയിൽ വന്നു തൊപ്പിക്കുടയെടുത്തു തലയിൽ വച്ചു പടികടന്നു പോയി. മുത്തച്ഛൻ എങ്ങോട്ടെങ്കിലും പറഞ്ഞയച്ചതായിരിക്കും.

അമ്മ അമ്മിണിയെ ഒക്കത്തു വച്ചുകൊണ്ട് ഉമ്മറത്തേക്കുവന്നു. ഇന്നെന്താ അമ്മിണി കരയാത്തത്? എല്ലാ ദിവസവും രാവിലെ ഉറക്കമുണർന്നെഴുനേറ്റാൽ കുറേനേരം കരയുകപതിവാണ്. ഇന്നെന്താണ് അവൾക്കൊരു പ്രത്യേകത?

അവൻ അമ്മിണിയുടെ പാദസരത്തിൽ തൊട്ടപ്പോൾ അവൾ ചിരിച്ചു. സാധാരണ കരയുകയാണ് പതിവ്.

വാ, പല്ലുതേപ്പിക്കട്ടെ. അമ്മ അവന്റെ കൈപിടിച്ചുകൊണ്ട് അകത്തേക്കു പോയി.

മഴയാണെങ്കിലും അടുക്കളക്കോലായയിൽ ബഹളം തന്നെ. അടുക്കളക്കോലായയുടെ ഒരറ്റത്തിരുന്ന് കാളിയമ്മ പാത്രങ്ങൾ കഴുകുന്നു. മഴക്കാലം തുടങ്ങിയ മുതൽ അവർ പാത്രം കഴുകുന്നത് തെങ്ങിൻ തടത്തിലല്ല.കോലായയുടെ ഒരറ്റത്തിരുന്നുകൊണ്ടാണ്.

ഉണ്ണിക്കുട്ടനെ കണ്ടപ്പോൾ പതിവുപോലെ കാളിയമ്മ ചോദിച്ചു - ചുന്ദരക്കുട്ടി ഉണർന്നോ ? ഇന്ന് സ്കോളിൽ പോണ്ടെ?

ഉണ്ണിക്കുട്ടൻ കാളിയമ്മയുടെ മുഖത്തുനോക്കി ചിരിച്ചു. പൂരക്കാലം മുതൽ കാളിയമ്മയെ അവനു വളരെ ഇഷ്ടമാണ്.കാളിയമ്മ എല്ലാ ദിവസവും പൂരം കാണാൻ പോകും.വീട്ടിലുള്ളവർ ഇടയ്ക്കിടയ്ക്കുമാത്രമേ പോകയുള്ളു.കാളിയമ്മ എല്ലാ ദിവസവും ഉണ്ണിക്കുട്ടനെ പൂരത്തിനു കൊണ്ടുപോയി. എന്നു മാത്രമല്ല, അവന് ബലൂണുകളും റബ്ബർ പന്തുകളും വാങ്ങിക്കൊടുക്കുകയും ചെയ്തു.

കാളിയമ്മ വീണ്ടും പറഞ്ഞു-ചുന്ദരക്കുട്ടി പഠിച്ചുപഠിച്ചു വല്യേ ഉദ്യോഗസ്ഥനാകുമ്പോൾ കാള്യമ്മേനീംകൂടെ കൊണ്ടോണേ പണിക്കാരത്ത്യായിട്ട്.

8th_Malayalam Reader Full Book.indb 12 5/18/2019 4:21:55 PM



ഉണ്ണിക്കുട്ടൻ കാളിയമ്മയുടെ അടുത്തുവന്നുനിന്നു ചിരിച്ചു

തലേന്നു രാത്രി ഇറയത്തിട്ടിട്ടുള്ള എച്ചിൽ പാത്രങ്ങളിൽ ഇറവെള്ളം വീണു നിറഞ്ഞിരിക്കുന്നു. എച്ചിൽ പാത്രങ്ങളിൽ വീണ്ടും വെള്ളം വീണ് ചിന്നിച്ചിതറുന്നത് അവൻ നോക്കിക്കൊണ്ടുനിന്നു.

എന്താണ് ആ ചൊക്ലിപ്പട്ടിയെ കാണാത്തത്?മഴയായതുകൊണ്ടായിരിക്കാം വരാത്തത്. അല്ലെങ്കിലിപ്പോൾ വരാൻ സമയമായി.

ഉണ്ണിക്കുട്ടൻ അടുക്കളക്കോലായയുടെ തിണ്ണമേൽ കയറിയിരുന്നു. അടുക്കളമുറ്റത്തു രണ്ടുമൂന്നു പപ്പായത്തണ്ടുകൾ വീണുകിടക്കുന്നുണ്ട്. തങ്ങളുടെ തലപ്പത്തുള്ള ഇലകൾക്ക് എന്തു വീതിയാണ് പപ്പായയുടെ ഇലകളിൽ ഊണുകഴിച്ചുകൂടെ? വാഴയിലയിൽ മാത്രമേ ഊണു കഴിക്കാൻ പാടുള്ളു എന്നുണ്ടോ?

ഒതുങ്ങിയിരിക്കുന്ന ഉണ്ണിക്കുട്ടനെ ശ്രദ്ധിച്ചുനോക്കിക്കൊണ്ട് കാളിയമ്മ പറഞ്ഞു 'ചുന്ദരക്കുട്ടീനെ കാള്യേമ്മ പല്ലുതേപ്പിക്കണോ?'

ഉണ്ണിക്കുട്ടൻ ഒന്നും പറഞ്ഞില്ല.പക്ഷേ അവൻ മനസ്സിൽ വിചാരിച്ചു: അത്രമാത്രം വേണ്ട. എന്തൊക്കെയായാലും, ആയമ്മയുടെ കൈവിരലുകൾ വിറകിൻ നുറുങ്ങുകൾ പോലെയാണ്. പല്ലുതേപ്പിക്കേണ്ടത് മിനുസമുള്ള വിരലുകൾ കൊണ്ടാണ്.അമ്മയുടെ വിരലുകൾക്ക് എന്തു മിനുസമാണ്.

മിനുസമുള്ള വിരലുകളെക്കുറിച്ചങ്ങനെ ഓർത്തുകൊണ്ടിരിക്കുമ്പോൾ ഒരു കാക്ക കോലായയുടെ തിണ്ണയിൽ പറന്നുവന്നിരുന്നു. ഉണ്ണിക്കുട്ടനു ദേഷ്യവും വെറുപ്പും തോന്നി. ഈ

8th_Malayalam Reader Full Book.indb 13 5/18/2019 4:21:55 PM

കാക്കകൾക്കു വേറെ പണിയൊന്നുമില്ലേ?വെയിലെന്നില്ല, മഴയെന്നില്ല, ഇങ്ങനെയുണ്ടോ ഒരു പറന്നുനടക്കൽ.

ഉണ്ണിക്കുട്ടൻ 'ശൂ 'എന്ന ശബ്ദത്തോടെ ഇടത്തേ കൈ വീശിയപ്പോൾ കാക്ക പറന്നു പോയി.

'അസത്ത്'! ഉണ്ണിക്കുട്ടൻ മനസ്സിൽ വിചാരിച്ചു.അമ്മ ഒരു നുള്ള് ഉമിക്കരിയുമായി വന്നു. ഉണ്ണിക്കുട്ടനെ പല്ലുതേപ്പിച്ചു. ഉപ്പും കുരുമുളകും ചേർത്തുപൊടിച്ച ഉമിക്കരിയാണ്. പല്ലുതേച്ചുകഴിഞ്ഞാലും വായിൽ ലേശം എരിവു തോന്നും. ഉണ്ണിക്കുട്ടനതിഷ്ടമാണ്. പക്ഷേ പച്ചീർക്കിൽ കൊണ്ട് നാവു വടിച്ചത് അവനിഷ്ടമായില്ല. എത്ര ദിവസമായി പറയുന്നു, ഒരു ടങ്ക്ലീനർ വേണമെന്ന്. 'ഉം' എന്നു മൂളികൊണ്ട് അച്ഛൻ ഓഫീസിലേക്കു പോകും. ഓഫീസിൽ നിന്നും വരുമ്പോൾ കൊണ്ടുവരില്ല. ചോദിച്ചാൽ മറന്നുവെന്നുപറയും. കരയാൻ തുടങ്ങിയാൽ വേറെ വല്ലതും പറഞ്ഞു സമാധാനിപ്പിക്കും.

ഇന്ന് ഓഫീസിൽ പോകുമ്പോൾ ഒന്നുകൂടി ഓർമ്മിപ്പിക്കണം. ടങ്ക്ലീനർ മാത്രം പോരാ ഒരു ടൂത്ത് ബ്രഷും വാങ്ങിക്കൊണ്ടുവരാൻ പറയണം.

ഇന്നുമുതൽ ഇന്നലത്തെപ്പോലെയുള്ള കുട്ടിയൊന്നുമല്ല താൻ. ഇന്നുമുതൽ സ്കൂൾ കുട്ടിയാണ്, സ്കൂൾ കുട്ടി.

പുതിയ ടൂത്ത് ബ്രഷ്, പുതിയ ടങ്ക്ലീനർ. ടൂത്ത് പെയ്സ്റ്റ് അച്ഛന്റേതു മതി. നാളെ മുതൽ ഉമിക്കരികൊണ്ട് പല്ലുതേയ്ക്കുന്നില്ല. ടൂത്ത് ബ്രഷ് ഇടത്തേ കൈയ്യിൽ പിടിക്കുക. വലത്തേ കൈയ്യിൽ ട്യൂത്ത്പെയ്സ്റ്റിന്റെ ട്യൂബും. എന്നിട്ട് വലത്തേ കൈയ്യിലെ ട്യൂബിൽ പതുക്കെ ഒന്നു ഞെക്കുക. അപ്പോൾ അത്ഭുതപ്പെടുത്തിക്കൊണ്ട്, ഒരു വെളുത്ത പുഴുവിന്റെ ആകൃതിയിൽ ടൂത്ത്പെയ്സ്റ്റ് ബ്രഷിലേക്കു ചാടും. കാണാൻ എന്തൊരു ഭംഗിയായിരിക്കും.

പതുക്കെ ഒരു പ്രാവശ്യം മാത്രമേ ഞെക്കുവാൻ പാടുള്ളൂ. പിന്നെയും പിന്നെയും ഞെക്കിയാൽ അന്നത്തെപ്പോലെ അച്ഛനു ദേഷ്യം വരും. ട്യൂബിലെ പെയ്സ്റ്റ് എല്ലാം ഞെക്കിഞെക്കിക്കളഞ്ഞാൽ അച്ഛൻ ദേഷ്യപ്പെടാതിരിക്കുമോ?

പല്ലുതേപ്പുകഴിഞ്ഞ് എഴുനേറ്റപ്പോഴേക്കും മുത്തശ്ശി വന്നു പറഞ്ഞു : നടന്നോ കുളിക്കാൻ.

ഈ മഴയത്തോ?

മഴ പ്പൊന്നും തോരില്ല.

എണ്ണ?

ഇപ്പൊ എണ്ണ തേയ്ക്കൊന്നും വേണ്ട.

മുത്തശ്ശി അടുക്കളയുടെ അടുത്തുനിന്ന് ഓലക്കുടയെടുത്ത് ഉമ്മറത്തേക്കു നടന്നു, പിറകെ ഉണ്ണിക്കുട്ടനും.

ഉമ്മറത്തെത്തിയപ്പോൾ മുത്തച്ഛനില്ല. പാടത്തേക്കുപോയതാവും. കിടക്ക മടക്കി ബെഞ്ചിന്റെ തലയ്ക്കൽ ഭാഗത്തുവച്ചിട്ടുണ്ട്. പൂമുഖത്തെ നിലത്ത് അടയ്ക്കാത്തരങ്ങുകളും വെറ്റിലഞെട്ടികളും ചിന്നിച്ചിതറിക്കിടക്കുന്നതിന്മേൽ, ഉണ്ണിക്കുട്ടൻ മൂന്നാലു പ്രാവശ്യം ചവിട്ടി. ഇവയെല്ലാം പെറുക്കിയെടുത്തു മുറ്റത്തേക്കിടുകയാണ് വേണ്ടത്. അതിനിപ്പോൾ സമയമില്ലല്ലോ. വേഗം ങ്ങ്ട്ട് വന്നോ–

മുത്തശ്ശി മുറ്റത്തേക്കിറങ്ങിക്കൊണ്ടു പറഞ്ഞു.

ഉണ്ണിക്കുട്ടൻ മുറ്റത്തേക്കിറങ്ങാൻ ഭാവിച്ചപ്പോഴേക്കും അമ്മ അവന് ഒരോലക്കുട കൊണ്ടുവന്നു കൊടുത്തു.ഓലക്കുട കൈയ്യിൽ വാങ്ങിക്കൊണ്ട് ഉണ്ണിക്കുട്ടൻ ചോദിച്ചു.

8th_Malayalam Reader Full Book.indb 14 5/18/2019 4:21:55 PM

ശീലക്കുട എവിടെ?

ശീലക്കുട സ്കൂളിൽ പോകുമ്പോ.

ഇത്രയും പറഞ്ഞ് അമ്മ അകത്തേക്കു പോയി.ഉണ്ണിക്കുട്ടൻ മനസ്സില്ലാമനസ്സോടെ ഓലക്കുടയും പിടിച്ച് മുത്തശ്ശിയുടെ പിറകെ നടന്നു.

നനഞ്ഞ മണ്ണിൽ ചവിട്ടുമ്പോൾ എന്തൊരു തണുപ്പാണ്. കുട പിടിച്ചിട്ടുണ്ടെങ്കിലും മഴത്തുള്ളികൾ കുറേശ്ശെ ദേഹത്തിൽ വീഴുന്നുണ്ട്.അവൻ കൊച്ചടികൾ വച്ചുകൊണ്ട് മുത്തശ്ശിയുടെ ഒപ്പം നടന്നു.

8th_Malayalam Reader Full Book.indb 15 5/18/2019 4:21:55 PM

വ്യാകരണം

സ്വരങ്ങൾ

ഹ്രസ്വം	അ	ഇ	ഉ	ഋ	എ	ഐ	ഒ	ഔ
ദീർഘം	ആ	ഈ	ഊ		ഏ		ഓ	

വ്യഞ്ജനാക്ഷരങ്ങൾ

	ഖരം	അതിഖരം	മൃദു	ഘോഷം	അനുനാസികം	
ക	ക	ഖ	ഗ	ഘ	ങ	- 'ക' വർഗ്ഗം
ച	ച	ഛ	ജ	ഝ	ഞ	- ച വർഗ്ഗം
ട	ട	ഠ	ഡ	ഢ	ണ	- ട വർഗ്ഗം
ത	ത	ഥ	ദ	ധ	ന	- ത വർഗ്ഗം
പ	പ	ഫ	ബ	ഭ	മ	- പ വർഗ്ഗം
	യ	ര	ല	വ		- മാധ്യമങ്ങൾ
	ശ	ഷ	സ			- ഊഷ്മാക്കൾ
	ഹ					- ഘോഷം
	ള	ഴ	റ			- ദ്രാവിഡമധ്യമം

8th_Malayalam Reader Full Book.indb 16 5/18/2019 4:21:55 PM

ഭാഗം 2 അറിവിന്റെ ലോകം



പഠന ലക്ഷ്യങ്ങൾ

- ധനമോഹത്തിന്റെ വ്യർത്ഥതയെയും വിദ്യയുടെ മഹത്വത്തെയും തിരിച്ചറിയൽ.
- ബഹിരാകാശ ശാസ്ത്രമേഖലയിലെ ഇന്ത്യയുടെ വളർച്ച മനസ്സിലാക്കൽ.
- വരാനിരിക്കുന്ന ആപത്തിനെ മുൻകൂട്ടി കാണാൻ കഴിയണമെന്ന ജീവിത പാഠം ഉൾക്കൊള്ളൽ.

പാഠഭാഗങ്ങൾ

പദ്യം	:	ധനമോഹം	- പൂന്താനം.
ഗദ്യം	:	ചന്ദ്രയാൻ	- കെ. ഉഷ
ഉപപാഠം	:	മൂന്ന് മീനുകൾ	- നാടോടിക്കഥ

ധനമോഹം

പൂന്താനം നമ്പൂതിരി



പൂന്താനം നമ്പൂതിരി: എ.ഡി. 1547 നും 1640 നുമിടയിൽ ജീവിച്ചിരുന്നതായി കരുതപ്പെടുന്നു. മലപ്പുറം ജില്ലയിലെ വള്ളുവനാട് താലൂക്കിലുള്ള പൂന്താനം ഇല്ലമാണ് ജന്മഗൃഹം. മേൽപ്പത്തൂർ ഭട്ടതിരിപ്പാടിന്റെ സമകാലികനായിരുന്നു ഭക്തകവി കൂടിയായ പൂന്താനം. ജ്ഞാനപ്പാന, ശ്രീകൃഷ്ണ കർണാമൃതം, സന്താന ഗോപാലം പാന തുടങ്ങിയവയാണ് പ്രധാന കൃതികൾ.

ജീവിതത്തിൽ എത്രതന്നെ ഐശ്വര്യവും സമ്പത്തും വന്നുചേർന്നാലും മനുഷ്യമനസ്സിന് തൃപ്തി ലഭിക്കുകയില്ല എന്ന സത്യത്തെ ആവിഷ്കരിക്കുന്ന ഈ കവിത പൂന്താനത്തിന്റെ ജ്ഞാനപ്പാനയിൽ നിന്നുമെടുത്തതാണ്.

അർത്ഥമെത്ര വളരെയുണ്ടായാലും
തൃപ്തിയാകാ മനസ്സിന്നൊരുകാലം
പത്തുകിട്ടുകിൽ നൂറുമതിയെന്നും
ശതമാകിൽ സഹസ്രം മതിയെന്നും
ആയിരം പണം കയ്യിലുണ്ടാകുമ്പോൾ
അയുതമാകിലാശ്ചര്യമെന്നതും
ആശയായുള്ള പാശമിതാങ്കേന്നു
വേർവിടാതെ കരേറുന്നു മേൽക്കുമേൽ
സത്തുക്കൾ ചെന്നിരന്നാലായർത്ഥത്തിൽ



8th_Malayalam Reader unit-2.indd 18 5/23/2019 11:48:32 AM

സ്വല്പമാത്രം കൊടാചില ദുഷ്ടന്മാർ
ചത്തു പോന്നേരം വസ്ത്രമതുപോലു-
മെത്തിടാ കൊണ്ടു പോവാനൊരുത്തർക്കും
പശ്ചാത്താപമൊരെള്ളോളമില്ലാതെ
വിശ്വാസ പാതകത്തെക്കരുതുന്നു
വിത്തത്തിലാശ പറ്റുക ഹേതുവായ്
സത്യത്തെ ത്യജിക്കുന്നു ചിലരഹോ
സത്യമെന്നതു ബ്രഹ്മമതുതന്നെ
സത്യമെന്നു കരുതുന്നു സത്തുക്കൾ
വിദ്യകൊണ്ടറിയേണ്ടതറിയാതെ
വിദ്വാനെന്നു നടിക്കുന്നിതു ചിലർ.



8th_Malayalam Reader Full Book.indb 19 5/18/2019 4:21:58 PM

അഭ്യാസം

I. പദപരിചയം

അർത്ഥം, ശതം, സഹസ്രം, അയുതം, പാശം, ആശ, വിദ്വാൻ, ത്യജിക്കുക, സ്വല്പം, ഹേതു, വിത്തം.

II. പര്യായപദങ്ങൾ കണ്ടെത്താം

1. വസ്ത്രം, _____, _____.
2. പാന _____, _____.

III. ചേർത്തെഴുതുക

1. അർത്ഥം + എത്ര
2. സത്യം + എന്നതു
3. ചിലർ + അഹോ
4. ആശ + ആയുള്ള

IV. പിരിച്ചെഴുതുക

1. അയുതമാകിലും
2. വിദ്വാനെന്ന്
3. ആശ്ചര്യമെന്നതും

V. ഉത്തരമെഴുതുക

1. പണത്തിനോടുള്ള മനുഷ്യന്റെ ആർത്തിയെക്കുറിക്കുന്ന വരികൾ ഏവ?
2. സത്യത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് കവി സൂചിപ്പിക്കുന്നതെന്തെല്ലാം?
3. ഈ കവിതയിലൂടെ കവി നൽകുന്ന സന്ദേശം എന്ത്?
4. 'വിദ്യകൊണ്ടറിയേണ്ടതറിയാതെ

   വിദ്വാനെന്നു നടിക്കുന്നിതു ചിലർ' എന്ന വരികളിലൂടെ കവി നൽകുന്ന സൂചനയെന്ത്?

   മനഃപാഠമാക്കേണ്ട വരികൾ

   അർത്ഥമെത്ര.....ദുഷ്ടന്മാർ

VI. അനുബന്ധപ്രവർത്തനം

ചർച്ച: ഈ കവിതയ്ക്ക് ഇന്നത്തെ സമൂഹത്തിലുള്ള പ്രസക്തിയെക്കുറിച്ച് ക്ലാസിൽ ചർച്ച സംഘടിപ്പിക്കുക.

8th_Malayalam Reader Full Book.indb 20 5/18/2019 4:21:58 PM

ചന്ദ്രയാൻ-1

കെ.ഉഷ



കെ. ഉഷ: (1955-) കണ്ണൂർ ജില്ലയിലെ ഇരിട്ടി സ്വദേശി. ശിവപുരം ഹൈസ്കൂളിലെ പ്രധാനാധ്യാപികയായി വിരമിച്ചു.

ഹായ്! എന്തുമധുരം, മിന്നാമിനുങ്ങുകൾ, കൂടും കാടും, ഇരുമ്പും തുരുമ്പും, കൊക്കു മനുഷ്യൻ, ശർക്കരപ്പായസം, എങ്ങുനിന്നോ വന്ന തുമ്പി, നല്ല ചങ്ങാതിമാർ എന്നിവയാണ് പ്രസിദ്ധീകരിച്ച ഇതര കൃതികൾ. ശാസ്ത്ര ഗവേഷണരംഗത്ത് ഇന്ത്യയുടെ കുതിച്ചു ചാട്ടമായിരുന്ന ചന്ദ്രയാൻ ദൗത്യത്തെക്കുറിച്ച് വിശദീകരിക്കുന്ന പാഠഭാഗം ലേഖികയുടെ മഹാശാസ്ത്ര പ്രതിഭകൾ- ഭാഗം2 എന്ന കൃതിയിൽ നിന്നെടുത്തതാണ്.

മനുഷ്യരാശിയുടെ ഉദയം മുതൽ അവനെ മോഹിപ്പിക്കുകയും ചെയ്തുകൊണ്ട് ആകാശത്ത് ചന്ദ്രനും ഉണ്ടായിരുന്നു. ചന്ദ്രന്റെ വൃദ്ധിക്ഷയങ്ങളും സ്ഥാനമാറ്റങ്ങളും ഗ്രഹണങ്ങളുമെല്ലാം ചരിത്രാതീതകാലം മുതൽ മനുഷ്യന്റെ അന്വേഷണ ബുദ്ധിയെ കുഴക്കിയിട്ടുണ്ട്. ലോകത്തിന്റെ എല്ലാ ഭാഗത്തും നിറംപിടിപ്പിച്ച നാടോടിക്കഥകളിലും വിചിത്രമായ അന്ധവിശ്വാസങ്ങളിലും അമ്പിളിയമ്മാവൻ കഥാപാത്രമാവുന്നത് നമുക്ക് കാണാം. ആകാശഗോളങ്ങളെക്കുറിച്ചുള്ള മനുഷ്യന്റെ ധാരണകൾക്ക് ശാസ്ത്രീയാടിത്തറ ലഭിച്ചത് കോപ്പർനിക്കസിന്റെ കാലംതൊട്ടാണെന്ന് നാം കണ്ടുകഴിഞ്ഞല്ലോ. മനുഷ്യൻ ബഹിരാകാശ സഞ്ചാരം തുടങ്ങിയ അമ്പതുകളിലാണ് ചന്ദ്രൻ ചെന്നെത്താവുന്ന ഒരു ലക്ഷ്യമായി ശാസ്ത്രജ്ഞർ കാണാൻ തുടങ്ങിയത്. 1969-ൽ അമേരിക്കക്കാരനായ നീൽ ആം സ്ട്രോങ് ചന്ദ്രോപരിതലത്തിൽ കാലുകുത്തിയതോടെ ബഹിരാകാശ ശാസ്ത്രത്തിൽ പുതിയൊരു ഘട്ടം പിറന്നു.

ഭൂമിയുടെ ഒരേയൊരു സ്വാഭാവിക ഉപഗ്രഹമാണ് ചന്ദ്രൻ. 3,96,000 കി.മീ. അകലെയാണ് സ്ഥിതിചെയ്യുന്നത്. മനുഷ്യനെ ചന്ദ്രനിലിറക്കിയ അമേരിക്കയുടെ അപ്പോളോ ദൗത്യത്തിനുശേഷം പലതവണ ആളുകളുള്ളതും ഇല്ലാത്തതുമായ ചാന്ദ്രദൗത്യങ്ങളുണ്ടായി. സൗരയൂഥത്തിന്റെ ഉത്ഭവത്തെയും വളർച്ചയെയുംപറ്റി പഠിക്കാനുള്ള ഏറ്റവും നല്ല വിവര സ്രോതസായി ബഹിരാകാശശാസ്ത്രജ്ഞർ ചന്ദ്രനെ കണ്ടു.

ഇന്ത്യൻ ബഹിരാകാശശാസ്ത്രത്തിന്റെ ചരിത്രം വിക്രം സാരാഭായിൽ നിന്നാണ് തുടങ്ങുന്നത്. ചന്ദ്രനിലേക്ക് ഒരു ഇന്ത്യൻ ഉപഗ്രഹമെന്നത് അന്നൊന്നും നമ്മുടെ വിദൂര സ്വപ്നങ്ങളിൽപ്പോലും ഉണ്ടായിരുന്നില്ല. 1999-ൽ ഇന്ത്യൻ അക്കാദമി ഓഫ് സയൻസിന്റെ ഒരു യോഗത്തിലാണ് ഇന്ത്യയുടെ ചാന്ദ്രദൗത്യത്തെക്കുറിച്ച് ആദ്യമായി ചർച്ച നടക്കുന്നത്. 2000-ൽ ഇന്ത്യൻ ബഹിരാകാശ സംഘടനയും ഇതേ വിഷയം അജണ്ടയിൽ ഉൾപ്പെടുത്തി. ഈ രണ്ടു ശാസ്ത്രസംഘടനകളുടെയും ശുപാർശയനുസരിച്ച്, ഇന്ത്യൻ സ്പേസ് റിസർച്ച് ഓർഗനൈസേഷൻ (ISRO) ചാന്ദ്രദൗത്യത്തിന്റെ സാധ്യതകൾ ആരായാനായി ഒരു ടാസ്ക് ഫോർസ് രൂപീകരിച്ചു. വിദഗ്ധ ശാസ്ത്രജ്ഞരുമായി കൂടിയാലോചിച്ച ഈ സമിതി ഭാരതത്തിന് ഇത്തരമൊരു ദൗത്യമേറ്റെടുക്കാൻ പ്രാപ്തിയുണ്ടെന്നും, അതിന്റെ എല്ലാവിധ സാങ്കേതിക സഹായവും ലഭ്യമാക്കേണ്ടത് ISRO യുടെ ചുമതലയായിരിക്കണമെന്നും ശുപാർശ ചെയ്തു. ഭൂഭ്ര

8th_Malayalam Reader Full Book.indb 21 5/18/2019 4:21:58 PM



മണപഥത്തിനപ്പുറത്തേക്ക് ISRO യുടെ പഠനമേഖല വ്യാപിക്കുന്നതോടെ രാജ്യത്തെ ശാസ്ത്രസാങ്കേതിക രംഗത്തിന് പുതിയ കർമപദ്ധതികൾ തുറന്നുകിട്ടുകയും യുവപ്രതിഭകളെ ശാസ്ത്രഗവേഷണരംഗത്തേക്ക് ആകർഷിപ്പിക്കുകയും ചെയ്യുമെന്നായിരുന്നു ഈ സമിതിയുടെ കണ്ടെത്തൽ. തുടർന്ന് 2003 നവംബറിൽ ISRO യുടെ ചന്ദ്രയാൻ പദ്ധതിക്ക് കേന്ദ്രഗവൺമെന്റ് അംഗീകാരം നൽകി.

ഇന്ത്യയുടെ ആളെക്കയറ്റാത്ത ആദ്യത്തെ ചാന്ദ്രവാഹനമായിരുന്നു ചാന്ദ്രയാൻ 1. ചന്ദ്രന്റെ ഉപരിതലത്തെക്കുറിച്ച് വ്യക്തമായ വിവരങ്ങൾ ശേഖരിക്കുകയായിരുന്നു ഈ ദൗത്യത്തിന്റെ പ്രധാന ലക്ഷ്യം. ധാതുക്കളുടെയും രാസവസ്തുക്കളുടെയും അളവും വിതരണരീതിയുമായിരുന്നു ഇതിൽ പ്രധാനം. ചന്ദ്രോപരിതലത്തിന്റെ ഒരു ത്രിമാന മാപ്പ് ഉണ്ടാക്കുക വഴിയാണ് ഇത്തരം വിവരങ്ങൾ ശേഖരിച്ചത്. ISRO വിൽ നിർമിച്ച് PSLV റോക്കറ്റ് ഉപഗ്രഹത്തെ ചന്ദ്രന്റെ ഭ്രമണപഥത്തിലെത്തിച്ചു. ഇതിൽ ഉപയോഗിച്ച ടെറെയിൻ മാപ്പ് ക്യാമറ, സ്പെക്ടറൽ ഇമേജർ, എക്സ്റേ പെക്ട്രോമീറ്റർ, ലൂനാർ ലേസർ റേഞ്ചിങ് ഇൻസ്ട്രമെന്റ്, മൂൺ ഇംപാക്റ്റ് പ്രോംബ് എന്നിവ പൂർണമായും ഇന്ത്യൻ നിർമിതങ്ങളാണ്.

ചന്ദ്രോപരിതലത്തിന്റെ ഒരു ത്രിമാന അറ്റ്ലസിന്റെ നിർമാണത്തിന് വളരെയധികം പ്രാധാന്യമുണ്ട്. നമ്മൾ കാണുന്നതും കാണാത്തതുമായ രണ്ട് ഭാഗങ്ങളുടെയും കൂടുതൽ വ്യക്തമായ ഒരു ചിത്രം ലഭിക്കുന്നതിന ചന്ദ്രയാന് സഹായകമായി. ഇതോടൊപ്പം ചന്ദ്രോപരിതലത്തിന്റെ ഒരു ധാതുവിതരണ ഭൂപടം നിർമിക്കുകയും ഇതിന്റെ സഹായത്തോടെ മഗ്നീഷ്യം, അലുമിനീയം, ഇരുമ്പ്, സിലിക്കൺ, കാത്സ്യം, യുറേനിയം, തോറിയം തുടങ്ങിയ വ്യാവസായിക പ്രാധാന്യമുള്ള മൂലകങ്ങളുടെ സാന്നിധ്യത്തെക്കുറിച്ച് മനസിലാക്കുകയും ഇതിന്റെ ലക്ഷ്യമായിരുന്നു.

8th_Malayalam Reader Full Book.indb 22 5/18/2019 4:21:58 PM



ചാന്ദ്രയാൻ ദൗത്യത്തിന്റെ ഏറ്റവും വലിയ വിജയ ഘടകം ISRO യുടെ PSLV റോക്കറ്റുകളായിരുന്നു. 1994 മുതൽ 2005 വരെയുള്ള കാലഘട്ടങ്ങളിൽ ഏഴ് ഇന്ത്യൻ നിർമിത ഉപഗ്രഹങ്ങളെ PSLV (Polar Satelite Launching Vehicle) ഭ്രമണ പഥത്തിലേക്ക് വിക്ഷേപിച്ചിട്ടുണ്ട്. ഇതിനുപുറമേ നാല് വിദേശ രാജ്യങ്ങളിൽ നിന്നും PSLV ഉപ ഗ്രഹങ്ങളെ വിജയകരമായി വിക്ഷേപിക്കുകയുണ്ടായി. 45 മീറ്റർ ഉയരമുള്ള PSLVക്ക് 295 ടൺ ഭാരം വരെ വഹിക്കാൻ കഴിയും. PSLV യുടെ വിജയമാണ് ആത്മവിശ്വാസത്തോടെ ചാന്ദ്രദൗത്യമേറ്റെടുക്കാൻ ഇന്ത്യൻ ശാസ്ത്രജ്ഞന്മാരെ പ്രാപ്തരാക്കിയത്.

ഇന്ത്യയിലെ വിവിധ സ്ഥലങ്ങളിലുള്ള ബഹിരാകാശഗവേഷണകേന്ദ്രങ്ങളോടൊപ്പം ലോകത്തിലെ മറ്റ് പ്രധാന ബഹിരാകാശ ഗവേഷണസ്ഥാപനങ്ങളും ഇന്ത്യയുടെ ചാന്ദ്രദൗത്യവുമായി സഹകരിച്ചു. അതേപോലെ തന്നെ ഇന്ത്യൻനിർമിത ഉപ കരണങ്ങളോടൊപ്പം വിവിധ വിദേശനിർമിത ഉപകരണങ്ങളും ഇതിൽ ഉപയോഗിച്ചു.

2008 ഒക്ടോബർ 22ാം തീയതിയാണ് ശ്രീഹരിക്കോട്ടയിലെ സതീഷ് ധവാൻ ബഹിരാകാശ കേന്ദ്രത്തിൽനിന്നും ചാന്ദ്രയാൻ വിജയകരമായി വിക്ഷേപിക്കപ്പെട്ടത്. 525 കി ഗ്രാം ഭാരമുള്ള ഈ ഉപഗ്രഹം ചന്ദ്രനിൽ നിന്നും 100 കി മീ അകലെയായി ഭൂമിയെ ഭ്രമണം ചെയ്തു. ത്രിവർണപതാകയുമേന്തി ചന്ദ്രോപരിതലത്തെ സ്പർശിച്ച മൂൺ ഇംപാക്റ്റ് പ്രോബ് എന്ന കൊച്ചുയന്ത്രം ചന്ദ്രനിൽ നിന്നും വിവരങ്ങൾ ശേഖരിച്ചു. ഈ വിവരങ്ങളും വിവിധ വിദൂരസംവേദക ക്യാമറകൾ എടുത്ത ചിത്രങ്ങളും ഇന്ത്യയിലെ വിവിധ ബഹിരാകാശ ഗവേഷണ കേന്ദ്രങ്ങളിൽ വിശകലനം ചെയ്യപ്പെട്ടുവരുന്നു. വിക്ഷേപിക്കപ്പെട്ട് ഒരു വർഷം തികയുന്നതിനുമുൻപ് ചന്ദ്രയാൻ പ്രവർത്തനരഹിതമായി. എന്നാൽ, അതിനകം തന്നെ അതിന്റെ ദൗത്യം ഏതാണ്ട് പൂർത്തീകരിക്കപ്പെട്ടുകഴിഞ്ഞിരുന്നു. ഈ പ്രവർത്തനങ്ങൾക്ക് മുഴുവൻ ചുക്കാൻപിടിച്ചത് ISRO ചെയർമാൻ ശ്രീ. ജി മാധവൻ നായരാണെന്നകാര്യം മുഴുവൻ മലയാളികൾക്കും അഭിമാനകരമാണ്.

8th_Malayalam Reader Full Book.indb 23 5/18/2019 4:22:01 PM

അഭ്യാസം

I. പദപരിചയം

മനുഷ്യരാശി, ചരിത്രാതീതകാലം, ദൗത്യം, ഉപരിതലം, ഭ്രമണപഥം,വിക്ഷേപിക്കുക, ആത്മവിശ്വാസം

II. വിപരീതപദം

ശാസ്ത്രീയം, ലക്ഷ്യം, സ്വാഭാവികം, വ്യക്തം, പ്രാപ്തം, വിദേശം.

III. വാക്യത്തിൽ പ്രയോഗിക്കുക

അഭിമാനം, ശുപാർശ, വിജയകരമായി, ചുക്കാൻ പിടിക്കുക.

IV. ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക.

1. നാടോടിക്കഥകളിലും വിചിത്രമായ വിശ്വാസത്തിലും കഥാപാത്രമായി വരുന്നത്

   അ. സൂര്യൻ

   ആ. ഭൂമി

   ഇ. അമ്പിളിയമ്മാവൻ

2. ആകാശ ഗോളങ്ങളെ കുറിച്ചുള്ള മനുഷ്യന്റെ ധാരണകൾക്ക് ശാസ്ത്രീയാടിത്തറ ലഭിച്ചത് ..... കാലം തൊട്ടാണ്.

   അ. കോപ്പർനിക്കസിന്റെ

   ആ. ജി. മാധവൻ നായരുടെ

   ഇ. വിക്രം സാരാഭായിയുടെ

3. ISROയുടെ ചന്ദ്രയാൻ പദ്ധതിക്ക് കേന്ദ്ര ഗവൺമെൻറ് അംഗീകാരം നൽകിയ വർഷം

   അ. 2001

   ആ. 2002

   ഇ. 2003

   ഈ. 2000

4. ചന്ദ്രയാൻ വിക്ഷേപിക്കപ്പെട്ട ദിവസം

   അ. 2008 നവംബർ 8

   ആ. 2008 ജൂലൈ 12

   ഇ. 2008 ഒക്ടോബർ 22

8th_Malayalam Reader Full Book.indb 24 5/18/2019 4:22:01 PM

V. ഉത്തരം ചുരുക്കിയെഴുതുക.

1. ബഹിരാകാശ ശാസ്ത്രത്തിൽ പുതിയൊരു ഘട്ടം പിറന്നതെപ്പോഴാണ്?
2. ചന്ദ്രയാൻ ദൗത്യത്തിന്റെ പ്രധാന ലക്ഷ്യം എന്തായിരുന്നു?
3. PSLV റോക്കറ്റുകളുടെ വിജയകരമായ പ്രവർത്തനം എന്തെല്ലാമായിരുന്നു?
4. ചന്ദ്രയാനിൽ ഉപയോഗിച്ച ഇന്ത്യൻ നിർമ്മിത ഉപകരണങ്ങൾ ഏതെല്ലാം?

VI. ഉത്തരം വിശദീകരിച്ചെഴുതുക.

1. ഇന്ത്യയുടെ ചന്ദ്രയാൻ ദൗത്യത്തെ കുറിച്ച് വിശദമാക്കുക.

VII. അനുബന്ധ പ്രവർത്തനങ്ങൾ.

1. ഇന്ത്യയുടെ ചന്ദ്രയാൻ പദ്ധതിക്ക് ചുക്കാൻ പിടിച്ച ISROചെയർമാൻ ശ്രീ.ജി. മാധവൻ നായരെ കുറിച്ച് എഴുതുക.
2. 1994 മുതൽ PSLV റോക്കറ്റുകൾ ഉപയോഗിച്ച് ഭ്രമണപഥത്തിലെത്തിച്ച ഉപഗ്രഹങ്ങളും അവയുടെ പ്രവർത്തനങ്ങളും കണ്ടെത്തുക.

8th_Malayalam Reader Full Book.indb 25 5/18/2019 4:22:01 PM

മുത്തശ്ശിമാർ പേരക്കിടാങ്ങൾക്ക് പകർന്നു നൽകിയതും കാരണവന്മാർ പിൻതലമുറകൾക്ക് കൈമാറി പോന്നതുമായ കഥകളാണ് നാടോടിക്കഥകൾ.പ്രശസ്ത ബാലസാഹിത്യകാരനും ഗ്രന്ഥകർത്താവുമായ ഡോ. കെ. ശ്രീകുമാർ പുനരാഖ്യാനം ചെയ്ത് അവതരിപ്പിച്ചിട്ടുള്ള കേരളത്തിലെ എല്ലാ ഭാഗത്തുമുള്ള നാടോടിക്കഥകളുടെ സമാഹാരമായ നമ്മുടെ നാടോടിക്കഥകളും ഐതിഹ്യങ്ങളും എന്ന പുസ്തകത്തിൽ നിന്ന് എടുത്തിട്ടുള്ള ഒരു നാടോടിക്കഥയാണ് മൂന്ന് മീനുകൾ.

അലസത വെടിഞ്ഞ് നിരന്തരം കർമ്മം ചെയ്യുന്നവർക്ക് മാത്രമേ ജീവിത പുരോഗതിയുണ്ടാവൂ എന്ന് പഠിപ്പിക്കുന്ന കഥകളെറെയുണ്ട് നമ്മുടെ നാട്ടിൽ. ഈ കഥകൾ പറഞ്ഞായിരുന്ന മുത്തശ്ശിമാർ കുട്ടികളെ കർമ്മബോധത്തിലേക്ക് നയിച്ചിരുന്നത്. ഈ കഥയിലെ മീനുകൾ പ്രവർത്തികളുടെ മഹത്വത്തെക്കുറിച്ച് പഠിപ്പിക്കുന്നു.

പേരെടുത്ത തറവാട്ടിലെ കുളമാണെന്നു പറഞ്ഞിട്ടെന്താ, വന്നുവന്ന് ആരും അങ്ങോട്ടൊന്നു തിരിഞ്ഞുനോക്കാതായി. കുളത്തിനു ചുറ്റും മുൾച്ചെടികളും വള്ളിപ്പടർപ്പുകളും നിറഞ്ഞ് ആകെ കാടായി. വഴിനടപ്പുകാരോ കുടികിടപ്പുകാരോ തറവാട്ടിലെ പുറംപ ണിക്കാരോ ഒന്നു തലയുലുമ്പാനോ തുണി നനയ്ക്കാനോ എന്തിന്, ഒന്നു കാലുകഴുകാൻപോ ലും കുളക്കടവിൽ വന്ന കാലം മറന്നു. കണ്ണീരുപോലെ തെളിഞ്ഞുകിടന്ന വെള്ളത്തിന്റെ സ്ഥാനത്ത് പായൽ നിറഞ്ഞ് നിറംമങ്ങിയ, ചെളിയുടെ മണമുള്ള മോശം വെള്ളമായി.

ആയകാലത്ത് അതൊരു 'ഒന്നൊന്നര കുള'മായിരുന്നുവെന്ന് പഴമക്കാർ പറയാറുണ്ട്. ഒത്ത വിസ്താരവും ആഴവും. തെളിഞ്ഞ്, അടി കാണാവുന്ന വെള്ളം. കമിഴ്ന്നും മലർന്നും പതച്ചും നീന്താനും മുങ്ങാംകുഴിയിടാനുമൊക്കെ ഉത്സാഹിച്ചു തിമിർത്തുവരുന്ന ചെറു ബാല്യക്കാർ, മൂക്കടച്ചുപിടിച്ച് മതിയാവോളം മുങ്ങിനിവരാനെത്തുന്ന വലിയ ആളുകൾ, അരയോളം വെള്ളത്തിലിറങ്ങി നിന്ന് കൈക്കുമ്പിളിൽ വെള്ളമെടുത്ത് സൂര്യനമസ്കാരം ചെയ്യുന്ന കുടുമക്കാർ, കുളക്കടവിലെ അലക്കുകല്ലിൽ തുണിയടിച്ചു നനച്ച്, വെള്ളത്തിൽ ഉലുമ്പിയെടുക്കുന്ന പെണ്ണുങ്ങൾ... അങ്ങനെ കുളം എപ്പോഴും സജീവം. പിന്നെ നേരമിരുട്ടണം, കുളക്കടവിലൊന്ന് ആളൊഴിയാൻ.

മാളികവീട്ടിൽത്തന്നെ കുളിമുറികളും പുതിയ ഓവറകളും വന്നപ്പോൾ അവർക്കും കുളത്തെ വേണ്ടാതായി. നീർക്കോലിയും ചേരയും ആമയും പോക്കാൻതവളയും പലതരം മീനുകളുമൊക്കെ ഉണ്ടായിരുന്ന കുളമാണത്. ഓരോ തവണ കുളം തേവുന്നതും നാട്ടുകാരുടെ ഒരുത്സവമാണ്. അതു കാണാൻ വരുന്നവരെല്ലാം എടുപ്പതു മീനുമായാവും തിരിച്ചുപോവുക.

അടിക്കുറിപ്പ്

ഓവറ: പഴയ തറവാടുകളിൽ കിടപ്പുമുറിയോടു ചേർന്ന് മൂത്രവിസർജ്ജനത്തിനായി കെട്ടിയുണ്ടാക്കുന്ന സ്ഥലം. മൂത്രമൊഴിക്കാനുള്ള ഓവും അടുത്തു തന്നെ വെള്ളം ശേഖരിക്കാനുള്ള കൽത്തൊട്ടിയുമാവും ഇവിടെയുണ്ടാവുക. വലിയ തറവാടുകളിൽ എല്ലാ കിടപ്പുമുറികൾക്കും ഓവറകളുണ്ടാവും.

8th_Malayalam Reader Full Book.indb 26 5/18/2019 4:22:01 PM



അക്കണ്ട മീനുകളും ആമകളും നീർക്കോലികളുമെല്ലാം പതുക്കെപ്പതുക്കെ ആ കുളം വിട്ടുപോയി. മഴപെയ്ത് കുളം ചെത്തിയൊഴുകുമ്പോൾ ചെറുതോടുകളിലൂടെ അവയിൽ പലതും പുഴയിലെത്തി. ചിലത് വഴിമദ്ധ്യേ ഒറ്റാലുകളിലും കുടുങ്ങി. മറ്റു ചിലത് തന്ത്രപൂർവം തെന്നിമാറി രക്ഷപ്പെട്ടു. പിന്നെ, ആ കുളത്തിൽ അവശേഷിച്ചത് മൂന്നു വരാൽമത്സ്യങ്ങൾ മാത്രമാണ്. അവർക്കെന്തുകൊണ്ടോ അവിടം വിട്ടുപോകാൻ മനസ്സുവന്നില്ല.

മൂന്നു വരാൽമത്സ്യങ്ങളും മൂന്നു സ്വഭാവക്കാരായിരുന്നു. മൂന്നും ഒന്നിനൊന്നു വ്യത്യസ്തം. ഒന്നാമൻ ദീർഘദൃഷ്ടിക്കുടമയായിരുന്നതിനാൽ വരാൻപോകുന്ന സംഭവങ്ങളെല്ലാം മുൻകൂട്ടിയറിഞ്ഞു. കഴിഞ്ഞ കാര്യങ്ങളും വർത്തമാനകാലസംഭവങ്ങളും ചേർത്തുവച്ചാലോചിക്കുമ്പോൾ വരാനുള്ളതിനെക്കുറിച്ചുള്ള സൂചനകൾ അവന്റെ മനസ്സിൽ തെളിഞ്ഞുവന്നു. അത്തരം അമംഗളകരമായ സംഗതികൾ വരുന്നതിനു കാത്തുനില്ക്കാതെ അവൻ സുരക്ഷിതവഴികൾ കണ്ടെത്തുക പതിവായി. വലിയ പല അപകടങ്ങളിൽനിന്നും അവൻ രക്ഷനേടിയത് അങ്ങനെയാണ്. എന്നാൽ രണ്ടാമത്തെ മത്സ്യം ഭാവിയെക്കുറിച്ചോർത്ത് വേവലാതിപ്പെടുന്ന സ്വഭാവക്കാരനല്ലായിരുന്നു. ഗതകാലവും അവനെ അസ്വസ്ഥനാക്കിയില്ല. വർത്തമാനകാലത്തെ ഏതു പ്രതിസന്ധിയെയും തന്റെ സാമർത്ഥ്യംകൊണ്ട് അതിജീവിക്കാമെന്ന ആത്മവിശ്വാസം അവനുണ്ടായിരുന്നു. പലപ്പോഴും അവനത് പ്രയോഗിച്ചു തെളിയിക്കുകയും ചെയ്തു. അതേസമയം, ഈ രണ്ടു മത്സ്യങ്ങളുടെയും സ്വഭാവത്തിന് കടകവിരുദ്ധമായിരുന്നു മൂന്നാമന്റെ സ്വഭാവം. ഒറ്റ വാക്കിൽ പറഞ്ഞാൽ ഒരു കുഴിമടിയൻ. അവന് ഭൂതവും ഭാവിയും വർത്തമാനവുമൊന്നും ഒട്ടും പ്രശ്നമല്ല. ചുറ്റുപാടും എന്തു വന്നാലും ശരി, തന്റെ വയറ് എപ്പോഴും നിറഞ്ഞിരിക്കണമെന്നേയുള്ളൂ. രണ്ടു

അടിക്കുറിപ്പ്

ഒറ്റാല്: ഒറ്റലെന്ന് ഹസ്വമായും പറയും. വയലുകൾ, പുഴകൾ, തോടുകൾ എന്നിവിടങ്ങളിൽനിന്നും മത്സ്യങ്ങളെ ഒറ്റിപ്പിടിക്കുന്ന ഉപകരണം. മീൻ പിടിക്കാനുള്ള പാത്രമെന്നുമുണ്ട് ഇതിനർത്ഥം. വലയിൽ കുടുങ്ങിയതുമില്ല, ഒറ്റലിൽ കിടന്നതുമില്ല' എന്നൊരു നാട്ടുശൈലിയും പ്രചാരത്തിലുണ്ട്.

8th_Malayalam Reader Full Book.indb 27 5/18/2019 4:22:02 PM

മത്സ്യങ്ങളും സദാ സമയവും കുളത്തിന്റെ മുകൾത്തട്ടിൽ നീന്തി നടക്കുമ്പോൾ അവൻ അടിത്തട്ടിലെ ചെളിയിൽത്തന്നെ പുതഞ്ഞുകിടക്കുകയാണു പതിവ്. വെറുതെയെന്തിന് ദേഹമനക്കണമെന്നാണ് അവന്റെ ചിന്ത.

അങ്ങനെ കാലം കുറെ കടന്നുപോയി. ഒരുനാൾ വെള്ളത്തിനു മുകളിൽ കിടന്നു വിശ്രമിക്കെ ഒന്നാമൻമത്സ്യം ഒരു കാഴ്ച കണ്ടു. പരദേശികളായ രണ്ടുമൂന്നു പേർ കുളക്കരയിൽനിന്ന് എന്തൊക്കെയോ സംസാരിക്കുന്നതായിരുന്നു അത്. അവർ പറയുന്നതെന്തെന്നറിയാൻ അവൻ കാതോർത്തു. ഞെട്ടിക്കുന്ന വിവരമാണ് അവനറിയാൻ കഴിഞ്ഞത്.

"ലക്ഷണം കണ്ടിട്ട് ഈ കുളത്തിൽ ഒത്തിരി മീനുകളുണ്ടാവാൻ സാധ്യതയുണ്ട്. മുക്കുവന്മാരാരും വന്നു വലവീശിയിട്ട് കാലം കുറെയായെന്നുറപ്പാണ്."

ഒരുവൻ പറഞ്ഞു:

"ശരിയാണ് ചങ്ങാതീ. ഇപ്പോഴെങ്കിലും ഈ കുളം നമ്മുടെ ശ്രദ്ധയിൽപ്പെട്ടത് ഭാഗ്യം. അടുത്ത ദിവസംതന്നെ നമുക്ക് വീശുവലയുമായി വന്ന് ഈ മീനുകളെയെല്ലാം പിടിക്കണം."

രണ്ടാമൻ കൂട്ടുകാരനെ പിന്താങ്ങി.

കുറച്ചുനേരം കൂടി അവിടെ സംസാരിച്ചുനിന്നശേഷം അവർ കുളക്കരയിൽനിന്നും പിരിഞ്ഞുപോയി. അവർ സ്ഥലം വിട്ടിട്ടും ഒന്നാമൻമത്സ്യത്തിന്റെ പരിഭ്രമം മാറിയില്ല. അവൻ മറ്റു രണ്ടു മത്സ്യങ്ങളെയും വിളിച്ചുകൂട്ടി പറഞ്ഞു:

"ചങ്ങാതിമാരേ, നമ്മുടെ സുഖജീവിതം അവസാനിക്കാൻ പോവുകയാണ്. അടുത്തനാൾതന്നെ ഈ കുളത്തിൽ വലവീശാൻ വരുമെന്നു പറഞ്ഞ് രണ്ടു മനുഷ്യർ പോയത് ഞാനെന്റെ കണ്ണുകൊണ്ടു കണ്ടതാണ്. അവർ വീണ്ടുമെത്തുംമുമ്പ് നമുക്കിവിടെനിന്നും രക്ഷപ്പെടുന്നതാണ് നല്ലത്."

"പിന്നീടെപ്പോഴെങ്കിലും വരാൻപോകുന്ന ഒരപകടത്തെച്ചൊല്ലി നാമെന്തിന് ഇപ്പോഴേ പരിഭ്രമിക്കണം? മനുഷ്യർ ഇവിടെവന്ന് വലവീശുമെന്ന് യാതൊരു ഉറപ്പുമില്ല. അഥവാ, അവർ വരികയാണെങ്കിൽത്തന്നെ ബുദ്ധി പൂർവം അവരിൽനിന്നു രക്ഷപ്പെടുകയാണു വേണ്ടത്."

രണ്ടാമൻ മത്സ്യം വിവരിച്ചു.

"ഓ, ഞാനീ കുളം വിട്ട് എവിടേക്കുമില്ല. ഇത്ര സുഖമായി കഴിയാൻ പറ്റുന്ന സ്ഥലം വേറെ എവിടെയാണുള്ളത്? മൂക്കറ്റം ശാപ്പിട്ട്, ഈ ചെളിയിൽ പുതഞ്ഞുകിടക്കുന്നതിന്റെ സുഖം ഒന്നു വേറെതന്നെയാണ്." ഒന്നു കോട്ടുവാ വിട്ട് മൂന്നാമൻ പറഞ്ഞു:

"എങ്കിൽ, ഞാൻ മറ്റൊരു കുളത്തിലേക്ക് പോവുകയാണ്. നിങ്ങളെപ്പോലെ ഭാഗ്യം പരീക്ഷിക്കാൻ ഞാനില്ല."

ഇതും പറഞ്ഞ് ഒന്നാമൻ മത്സ്യം അരികിലുള്ള ചെറുതോട്ടിലൂടെ നീന്തി അവിടം വിട്ടുപോയി.

മൂന്നാംനാൾ മുക്കുവർ കുളക്കരയിലെത്തി. അവിടെ പടർന്നുനിന്ന തൊട്ടാവാടിക്കാടും വള്ളിച്ചെടികളും മുറിച്ചുനീക്കിയ അവർ കുളത്തിലേക്ക് വലയെറിഞ്ഞു. കുളത്തിന്റെ മുകൾത്തട്ടിലുണ്ടായിരുന്ന രണ്ടാമൻ മത്സ്യം വലയിൽ കുടുങ്ങി. അവരതിനെ വലിച്ച് കരയിലിട്ടു. പെട്ടെന്നവന്റെ ബുദ്ധി ഉണർന്നു പ്രവർത്തിച്ചു. അവനവിടെ ശ്വാസമടക്കി,

8th_Malayalam Reader Full Book.indb 28 5/18/2019 4:22:03 PM



ചത്തപോലെ കിടന്നു. തങ്ങൾ പിടിച്ച മീൻ ചത്തുപോയെന്നറിഞ്ഞപ്പോൾ മുക്കുവരുടെ മുഖം വാടി. അവർ അവനെയെടുത്ത് തോട്ടിലേക്ക് വലിച്ചെറിഞ്ഞു. അങ്ങനെ അവൻ സമർത്ഥമായി രക്ഷപ്പെട്ടു.

മുക്കുവർ വീണ്ടും വലയെറിഞ്ഞപ്പോൾ അടിത്തട്ടിൽക്കിടന്ന മൂന്നാമൻ മത്സ്യം അതിൽ കുടുങ്ങി. തിന്നുകൊഴുത്ത ഒന്നാന്തരം വരാലിനെ കിട്ടിയ സന്തോഷത്തോടെ അവർ അവിടെ നിന്നും യാത്രയാവുകയും ചെയ്തു. ഒന്നാമൻമത്സ്യത്തിന്റെ ഉപദേശം സ്വീകരിച്ചിരുന്നെങ്കിൽ തനിക്കീ ഗതി വരുമായിരുന്നില്ലല്ലോ എന്നവൻ പശ്ചാത്താപത്തോടെ ഓർത്തു.

8th_Malayalam Reader Full Book.indb 29 5/18/2019 4:22:04 PM

വ്യാകരണം



വാചകത്തെ മൂന്നായി തിരിക്കാം.

1. നാമം
2. കൃതി
3. ഭേദകം

ദ്യോതകത്തെ രണ്ടായി തിരിക്കാം.

1. നിപാതം
2. അവ്യയം

നിപാതം:- ശുദ്ധദ്യോതകങ്ങളെ നിപാതം എന്നുപറയുന്നു.

ഉദാ: ഉം, ഒ, ഏ

അവ്യയം:- രൂപവ്യത്യാസം വരാത്ത പദം അവ്യയം എന്നുപറയുന്നു.

ഉദാ:- നിന്ന്, കൊണ്ട്, കുറിച്ച്

രചന

അവധി അപേക്ഷ

8th_Malayalam Reader Full Book.indb 30 5/18/2019 4:22:04 PM

ഭാഗം 3 നാട്ടു സംസ്കൃതി



പഠന ലക്ഷ്യങ്ങൾ

- അമ്മയിൽനിന്ന് കിട്ടുന്ന വാത്സല്യത്തിന്റെ മാധുര്യവും നല്ല വാക്കുകളുടെ ശക്തിയും തിരിച്ചറിയൽ.
- ജനതയുടെ സാമൂഹിക വ്യക്തിത്വവും സംസ്കാരവും തെളിയുന്ന നാടൻകലകളുടെ സവിശേഷതകൾ മനസ്സിലാക്കൽ.
- ഐതിഹ്യങ്ങളും നാടിന്റെ സംസ്കാരവും തമ്മിലുള്ള ബന്ധം തിരിച്ചറിയൽ.

പാഠഭാഗങ്ങൾ

കവിത	:	നല്ല വാക്കോതുവാൻ ത്രാണിയുണ്ടാവണം	– കടമ്മനിട്ട രാമകൃഷ്ണൻ.
ഗദ്യം	:	നാടൻ കലകളുടെ ഊർജ്ജം	– എം. എൻ കാരശ്ശേരി.
ഉപപാഠം	:	വൈക്കത്ത് തിരുനീലകണ്ഠൻ	– കൊട്ടാരത്തിൽ ശങ്കുണ്ണി.

കവിത

നല്ല വാക്കോതുവാൻ ത്രാണിയുണ്ടാവണം

കടമ്മനിട്ട രാമകൃഷ്ണൻ



കടമ്മനിട്ട രാമകൃഷ്ണൻ [1935-2008] പത്തനംതിട്ട ജില്ലയിലെ കടമ്മനിട്ടയിൽ ജനിച്ചു. ആധുനിക മലയാള കവിതയിലെ കരുത്തുറ്റ ശൈലിക്കുടമയാണ് കടമ്മനിട്ട. ഗ്രാമീണജീവിതത്തിന്റെ നൈർമല്യവും അനുഷ്ഠാനങ്ങളുടെ തുടികൊട്ടും കൊണ്ട് മലയാള കവിതയെ ജനകീയവും ജനപ്രിയവും ആക്കിത്തീർത്ത കവി.

പ്രധാനകൃതികൾ-കവിത, കടമ്മനിട്ട കവിതകൾ, ശാന്ത, കോഴി, മഴപെയ്യുന്നു മദ്ദളം കൊട്ടുന്നു എന്നിവയാണ്. ആശാൻ പുരസ്കാരം, കേരളസാഹിത്യ അക്കാദമി അവാർഡ് എന്നിവ ലഭിച്ചിട്ടുണ്ട്.

കവിയുടെ ബാല്യകാല സ്മരണകളാണ് ഈ കവിതയിലൂടെ ആവിഷ്കരിച്ചിരിക്കുന്നത്. ചെറുപ്പത്തിൽ അമ്മ തന്നെ മടിയിലിരുത്തി പറഞ്ഞുതന്ന ഓരോ നല്ല വാക്കുകളും ഓർത്തുകൊണ്ട് നല്ല വാക്കുകളോതുവാൻ ത്രാണിയുണ്ടാവണമെന്ന് പറയുന്ന ഈ കവിത മഴപെയ്യുന്നു മദ്ദളം കൊട്ടുന്നു എന്ന കവിതാ സമാഹാരത്തിൽ നിന്നും എടുത്തിട്ടുള്ളതാണ്.

അമ്മയെന്നെ മടിയിലിരുത്തി ന-
ല്ലുമ്മതന്നു പഠിപ്പിച്ച പ്രാർത്ഥന
ഏറെയെല്ലാം മറന്നുപോയെങ്കിലും
ഓർമ്മയിലുയിരാകുമീയീരടി
'നല്ലവാക്കോതുവാൻ ത്രാണിയുണ്ടാകണം
സത്യം പറയുവാൻ ശക്തിയുണ്ടാകണം'
നല്ലവാക്കുകൾ കൊഞ്ഞയായ് കൂമ്പിയും
തല്ലുവാങ്ങിത്തലോടലായ് തീർന്നതും
അമ്മ, അമ്മിഞ്ഞി, അച്ഛനെന്നിങ്ങനെ

8th_Malayalam Reader Full Book.indb 32 5/18/2019 4:22:11 PM



നെയ്‌വിളക്കിൽ തിരികൾ തെളിഞ്ഞതും
ചന്ദനത്തിരി ശാന്തസുഗന്ധമായ്
സന്ധ്യയിൽ സ്നേഹസാമീപ്യമാകുന്നു.
പുല്ലു പൂവുകൾ പുഷ്പകാലം കണി-
ക്കൊന്ന, കൂവളം, തേന്മാവു, മാമ്പഴം
എല്ലാമെത്ര മനോജ്ഞമാം വാക്കുകൾ
കല്ലുപോലുമലിയുമനുഭവം
ഗോകുലങ്ങളും വൃന്ദാവനങ്ങളും
ഗോപിരാധികയെൻ പ്രാണനായിക
തോഴരായേറെ ഗോപാലബാലകർ
തോടിരാഗം ചുരത്തും വിപഞ്ചിക

8th_Malayalam Reader Full Book.indb 33 5/18/2019 4:22:12 PM

പ്രേമസാഗരം കണ്ണീർകടാക്ഷങ്ങൾ
ദുഃഖ ഗാന്ധാരസപ്തസ്വരലയം
സപ്തവർണ്ണം വിടർന്ന മഴവില്ലിൽ
സുപ്തബോധമുണർന്നു മയിലാടി
പേമഴയിൽ കുതിർന്നു കുളിച്ചനാൾ
പൂമരക്കുടക്കീഴന്നഭയമായ്
നല്ല കാഴ്ച, നൽക്കേഴ്വി, നറുമണം
നല്ല സ്പർശം, നറുരസം, നന്മകൾ
സന്മനസായി ഞാനായി നമ്മളായ്
നല്ലലോകമായ് സ്നേഹമായ് കാലമായ്
നല്ലകാലങ്ങൾ നല്ല വാക്കാകുന്നു
കള്ളവാക്കുകൾ കഷ്ടകാലങ്ങളും.

8th_Malayalam Reader Full Book.indb 34 5/18/2019 4:22:12 PM

അഭ്യാസം

I. പദപരിചയം

ത്രാണി, ഉയിർ, ഈരടി, സാന്ത്വനം, ധ്വനി, മനോജ്ഞം, വിപഞ്ചിക, സപ്തവർണ്ണം, സുപ്ത ബോധം, അഭയം

II. പര്യായപദങ്ങൾ കണ്ടെത്തുക

1. വാക്ക് : _____, _____.
2. അമ്മ : _____, _____.
3. പൂവ് : _____, _____.

III. ചേർത്തെഴുതുക

1. അമ്മ	+	എന്നെ
2. ഏറെ	+	എല്ലാം
3. ത്രാണി	+	ഉണ്ടാകണം
4. തോഴരായ്	+	ഏറെ

IV. പിരിച്ചെഴുതുക

1. മടിയിലിരുത്തി
2. കൂടിത്തികയുന്നു
3. വാക്കോതുവാൻ
4. വാക്കാകുന്നു

V. ഉത്തരമെഴുതുക

1. കവിയുടെ മനസ്സിൽ മായാതെ നിൽക്കുന്ന ഈരടി ഏത്?
2. 'എല്ലാമെത്ര മനോജ്ഞമാം വാക്കുകൾ'-ഏതെല്ലാമാണ് ആ വാക്കുകൾ?
3. കവിയുടെ ഏകലോകഭാവന പ്രകടമാക്കുന്ന വരികളേവ?
4. കവിയ്ക്ക് ഇന്ദ്രിയങ്ങളിലൂടെ നിറഞ്ഞ നന്മയുള്ള അനുഭവങ്ങൾ ഏതെല്ലാം?

VI. ഒരു ഖണ്ഡികയിലുത്തരമെഴുതുക.

1. കാലം നല്ലതാവണമെങ്കിൽ എന്തെല്ലാം നല്ലതായിരിക്കണമെന്നാണ് കവി പറയുന്നത്?

VII. മനഃപാഠമാക്കേണ്ട വരികൾ

അമ്മയെന്നെ.....കൂടിത്തികയുന്നു.

VIII. അനുബന്ധ പ്രവർത്തനങ്ങൾ

- കടമ്മനിട്ടയുടെ ഇതര കൃതികളിൽ നിന്നും വരികൾ കണ്ടെത്തുക
- ആശയം വ്യക്തമാക്കുക:

  നല്ല കാലങ്ങൾ നല്ല വാക്കാകുന്നു

  കള്ള വാക്കുകൾ കഷ്ടകാലങ്ങളും

8th_Malayalam Reader Full Book.indb 35 5/18/2019 4:22:12 PM

നാടൻകലകളുടെ ഊർജ്ജം

എം.എൻ കാരശ്ശേരി



എം.എൻ കാരശ്ശേരി [1951 -]: മുഹ്‌യുദ്ദീൻ നടുക്കണ്ടിയിൽ എന്ന എം.എൻ കാരശ്ശേരി കോഴിക്കോട് ജില്ലയിലെ കാരശ്ശേരിയിൽ ജനിച്ചു. കോഴിക്കോട് സർവ്വകലാശാലയിൽ മലയാളം അധ്യാപകനായിരുന്നു. സാമൂഹ്യ സാംസ്കാരിക മേഖലയിലെ സജീവ സാന്നിധ്യമായ ഇദ്ദേഹം അറിയപ്പെടുന്ന വാഗ്മിയുമാണ്. പ്രധാന കൃതികൾ: കുറിമാനം, തിരുവരുൾ, നവതാളം, കാഴ്ച്ചവട്ടം, രജതരേഖ, സംസാരം, ഗാന്ധി പാഠം, തെളിമലയാളം തുടങ്ങിയവയാണ്.

കലാസ്വാദനത്തിന്റെ തുടർച്ചയും വൈവിധ്യവും സാധ്യമാക്കുന്നതിൽ നാടൻ കലാരൂപങ്ങൾക്കുള്ള പങ്കിനെ ക്കുറിച്ച് പ്രതിപാദിക്കുന്ന ഈ പാഠഭാഗം 'കുരുത്തക്കേടിൽ കുറിച്ച തുടക്കം' എന്ന പുസ്തകത്തിൽ നിന്നുമെടുത്തതാണ്.

പണ്ടു കാലത്ത് ഉരുവംകൊണ്ട നാടൻകലകൾ ഇന്ന് സംരക്ഷിച്ചു നിർത്തുന്നതെന്തിനാണ്?സിനിമ, നാടകം, സംഗീതമേള, ടെലിവിഷൻ മുതലായ ആധുനികകലാമാധ്യമങ്ങൾ സജീവമായിത്തീർന്ന ഇന്നത്തെ സമൂഹത്തിൽ പഴയ കലാവിഷ്ക്കാരങ്ങൾക്ക് വല്ല പ്രസക്തിയുമുണ്ടോ?

നാടൻ കലകൾ എന്ന് മൊത്തത്തിൽ പറയുമെങ്കിലും അവയിൽ പലമാതിരി ഉൾപ്പിരിവുകളുണ്ട്.വരേണ്യകലകൾ എന്നും നാടോടിക്കലകൾ എന്നും ഉള്ള വേർതിരിവാണ് ആദ്യം വരുന്നത്. പാരമ്പര്യത്തിന്റെ ചിട്ടകളും വ്യവസ്ഥകളും കർശനമായി പാലിച്ചുകൊണ്ടും ആവിഷ്ക്കാരത്തിനും ആസ്വാദനത്തിനും പഠനവും പരിശീലനവും ആവശ്യപ്പെട്ടുകൊണ്ടും നിലനിൽക്കുന്നവയാണ് വരേണ്യ കലകൾ(ക്ലാസിക്കൽ ആർട്സ്).ഇതിന് ഉദാഹരണമാണ് കഥകളി.ആ കലാ പ്രകടനത്തിൽ കഥാപാത്രങ്ങൾക്ക് സംസാരമില്ല, ഭാവപ്രകടനം മാത്രമേയുള്ളൂ. മുദ്രകളിലൂടെയും പിൻപാട്ടിലൂടെയുമാണ് അവിടെ ആശയം സംവേദനം ചെയ്യുന്നത്.മുദ്ര പഠിക്കാത്ത ആസ്വാദകർക്ക് കളി തിരിയില്ല.

മേൽപറഞ്ഞതരം സാങ്കേതികതകളൊന്നുമില്ലാതെ ജനകീയസ്വഭാവത്തിൽ നിൽക്കുന്നവയാണ് നാടോടിക്കലകൾ(ഫോക് ആർട്സ്). അവയുടെ പ്രകടനത്തിനോ ആസ്വാദനത്തിനോ ഒരു ചെറിയ പരിധിക്കപ്പുറം പരിശീലനങ്ങളൊന്നും ആവശ്യമില്ല.ഇതിന് ഉദാഹരണമാണ് വടക്കൻ പാട്ട്. അത് പാടാനോ കേട്ട് രസിക്കാനോ തയ്യാറെടുപ്പുകളൊന്നും വേണ്ട. ലളിതമായ ഭാഷ, സരളമായ പ്രതിപാദനം, നേർക്കുനേരെയുള്ള അലങ്കാരകൽ

8th_Malayalam Reader Full Book.indb 36 5/18/2019 4:22:13 PM



പനകൾ, സങ്കീർണ്ണതകളൊന്നുമില്ലാത്ത കഥാകഥനം, ആർക്കും എളുപ്പം പാടാവുന്നത്ര ലഘുവായ ഈണം.

പ്രാദേശികമായ വ്യത്യാസങ്ങളാണ് നാടൻകലകളിൽ മറ്റൊരു തരം വകഭേദം സൃഷ്ടിക്കുന്നത്. കഥകളിയുടെ അവതരണത്തിൽ തന്നെ വടക്കൻ ചിട്ട, തെക്കൻ ചിട്ട എന്ന് ഭേദമുണ്ട്. നാടൻ പാട്ടിലെ വടക്കൻ പാട്ടും തെക്കൻ പാട്ടും തീർത്തും വ്യത്യസ്തമായ ധാരകളാണ്. തെയ്യം, തിറ മുതലായ കലാരൂപങ്ങളിൽ പലതും വടക്കൻ കേരളത്തിലേ ഉള്ളൂ; തെക്കോട്ടില്ല. പടയണി തിരുവിതാംകൂറിലേ ഉള്ളൂ; മലബാറിൽ ഇല്ല.

ഇതുപോലെതന്നെ ഈ കലകൾക്കിടയിൽ സമുദായഭേദമുണ്ട്-ജാതി സമുദായങ്ങൾക്കും വേറെ വേറെ കലാപാരമ്പര്യങ്ങൾ ഉണ്ട്.മുസ്ലീങ്ങളുടെ കലാരൂപമാണ് ഒപ്പന, ചവിട്ടുനാടകം ക്രിസ്ത്യാനികളുടേതും. വയനാട്ടിലെ ആദിവാസികളിൽ ഒരു വിഭാഗമായ അടിയോരുടെ കലയാണ് ഗദ്ദിക; വടക്കൻ ജില്ലകളിലെ കരിമ്പാലരുടെ കലാരൂപം സീതക്കളി. കണ്ണൂർ ജില്ലയിലെ പുലയർക്കിടയിൽ പ്രചാരമുള്ള കലാവിഷ്ക്കാരമാണ് ചിമ്മാനക്കളി. മധ്യകേരളത്തിലെ പറയന്മാരുടെ കലാപ്രകടനം പള്ളുകളിയും. കണ്യാർകളി കൊണ്ടുനടക്കുന്നത് പാലക്കാട് ജില്ലയിലെ നായർസമുദായക്കാരാണ്. വടക്കൻ ജില്ലകളിലെ മലയന്മാരും പാണന്മാരും നടത്തുന്നതാണ് നിണബലി. വയനാട്ടിലും പരിസരങ്ങളിലും കഴിഞ്ഞുകൂടുന്ന ആദിവാസി വിഭാഗമായ നായ്ക്കരുടെ കലയ്ക്ക് നായ്ക്കർക്കളി എന്ന് പേര്.തെക്കൻ കേരളത്തിലെ വനമേഖലകളിൽ പാർക്കുന്ന കാണിക്കരുടെ ഗാനപാരമ്പര്യമാണ് കാണിപ്പാട്ട്.

ഇവിടെ പേരെടുത്ത് പറഞ്ഞവയും അല്ലാത്തവയുമായി അനേകം കേരളീയ കലാരൂപങ്ങളുണ്ട്.സ്വഭാവത്തിന്റെ അടിസ്ഥാനത്തിൽ അവയെ അനുഷ്ഠാനകല എന്നും വിനോദകല

8th_Malayalam Reader Full Book.indb 37 5/18/2019 4:22:14 PM



എന്നും വീണ്ടും വക തിരിക്കാം. ആരാധനയുടെ ഭാഗമായി നടത്തുന്നതാണ് അനുഷ്ഠാന കല. ആനന്ദത്തിനു വേണ്ടി നടത്തുന്നതാണ് വിനോദകല.മിക്ക പ്രദേശങ്ങളിലേയും മിക്ക സമുദായങ്ങളിലേയും കലാരൂപങ്ങൾക്കിടയിൽ ഇപ്പറഞ്ഞ രണ്ടുതരം പ്രകടനങ്ങളുമുണ്ട്. കോലത്തുനാട്ടിലെ തെയ്യം അനുഷ്ഠാനകലയാണ്. നമ്പൂതിരിമാർക്കിടയിലെ സംഘക്കളി വിനോദകലയും. കാളീസേവയുടെ ഭാഗമായി നടത്തുന്ന അനുഷ്ഠാനമാണ് മുടിയേറ്റ്. ക്രിസ്ത്യാനികൾക്കിടയിലെ മാർഗം കളി വിനോദോപാധിയാണ്.

ജനാധിപത്യം വന്നെത്തിയപ്പോൾ പ്രാദേശികത, ജാതിപാരമ്പര്യം, മത വിശ്വാസം മുതലായവ ഉത്പാദിപ്പിക്കുന്ന കൂട്ടായ്മകളെ പൊതുവായി ഉൾക്കൊണ്ടുകൊണ്ട് പൗരസമൂഹത്തിന്റെ പുതിയൊരു സാമൂഹികത പിറവിയെടുത്തു. എല്ലാ നിലയ്ക്കും അതിന് ചേർന്ന ആവിഷ്ക്കാരങ്ങളാണ് സിനിമ, നാടകം മുതലായ ആധുനീകകലാരൂപങ്ങൾ. അവയൊക്കെ വർത്തമാനകാലത്തു നിറഞ്ഞുനിൽപ്പുണ്ടെങ്കിലും നമുക്ക് ആ സാമൂഹികാവിഷ്ക്കാരങ്ങളുടെ ഭൂതകാലം കാത്തുരക്ഷിക്കേണ്ടതുണ്ട്. പാരമ്പര്യം തായ്വേരുകളിലൊന്നാണ്. അതുണങ്ങിപ്പോയാൽ വെള്ളവും വളവും കിട്ടാതെ സംസ്ക്കാരത്തിന്റെ വളർച്ച മുരടിക്കും.അതുകൊണ്ട് ഭാഷപോലെ നാം സംരക്ഷിക്കേണ്ടതാണ് കലാപാരമ്പര്യം.

ഏതു ജനതയുടെയും സാമൂഹ്യവ്യക്തിത്വം എന്നത് അതിന്റെ സംസ്ക്കാരമാകുന്നു. ആ സംസ്ക്കാരം തെളിയുന്നത് മുഖ്യമായും കലകളിലാണ്. ഭൂതകാലത്തിന്റെ മണ്ണിൽ വേരുറപ്പിച്ചും വർത്തമാനകാലത്തിന്റെ വെയിലുകൊണ്ടും ഭാവികാലത്തിന്റെ ആകാശങ്ങളിലേക്ക് വളരുക എന്നതാണ് സംസ്ക്കാരത്തിന്റെ സ്വഭാവം. നാടൻപാട്ടിന്റെ ഈണം, ആവിഷ്ക്കാര സമ്പ്രദായം, ലാളിത്യം മുതലായവയിൽ നിന്ന് ഊർജ്ജം ഉൾക്കൊണ്ട് ചങ്ങമ്പുഴ കൃഷ്ണപിള്ള (1911-1948) സ്വന്തം കവിതയുടെ സംഗീതത്തിൽ പുതിയ ഉന്മേഷം നിറച്ചു. ആ വഴിക്കാണ് പിൽക്കാലത്ത് ലളിതഗാനങ്ങളും നാടകസംഗീതങ്ങളും സിനിമാപാട്ടുകളും രാഷ്ട്രീയഗാഥകളും ഉറന്നുവന്നത്.

8th_Malayalam Reader Full Book.indb 38 5/18/2019 4:22:14 PM

നമ്മുടെ സാമൂഹിക ചരിത്രത്തിലെ ഓരോ അധ്യായമാണ് ഓരോ നാടൻ കലയും. ഒരു ജനതയുടെ സവിശേഷമായ ലോകബോധം രേഖപ്പെട്ടുകിടക്കുന്ന പ്രധാന മേഖല കലയു ടേതാണ്. മറ്റുള്ളവർക്കെന്നപോലെ നമുക്കും നമ്മെ തിരിച്ചറിയാനുള്ള ഉപാധിയാണ്–ഏതു സംസ്ക്കാരവും മുഖം നോക്കാനുപയോഗിക്കുന്ന കണ്ണാടികളാണ് നാടൻകലകൾ. കേരളീയ തയുടെ പഴമയും തനിമയും കുടികൊള്ളുന്ന കലാരൂപങ്ങളിലൂടെയാണ് നാം സ്വയം കണ്ടെ ത്തുന്നത്.അത്തരം തിരിച്ചറിവിലൂടെയാണ് ഓരോ സമൂഹവും പുരോഗമിക്കുന്നത്.

കലാസ്വാദനത്തിന്റെ തുടർച്ചയും വൈവിധ്യവും സാധ്യമാക്കുന്നതിൽ നാടൻകലാരൂ പങ്ങൾക്ക് ഇന്നു വലിയ പങ്കുണ്ട്.കേരളീയ പാരമ്പര്യത്തിന്റെ ഒരു ഭാഗം എന്ന നിലയിൽ എല്ലാ പ്രദേശക്കാരും എല്ലാ സമുദായക്കാരും ഭിന്നകലകളെ തിരിച്ചറിഞ്ഞ് ആസ്വദിക്കുന്നത് നാട്ടിൽ പരസ്പരധാരണയും സൗഹാർദ്ദവും വളർത്തും.

നാടൻപാട്ട്, ഫലിതം, കടങ്കഥ, പഴഞ്ചൊല്ല്, ഐതിഹ്യം, ശൈലി മുതലായ നാടോടി പാരമ്പര്യങ്ങളെ അവഗണിച്ച് ഒരു ഭാഷയ്ക്കും നിലനിൽക്കാനോ പുരോഗമിക്കാനോ സാ ധിക്കാത്ത പോലെ പോയ കാലത്തിന്റെ കലാവിഷ്ക്കാരങ്ങളെ തിരിഞ്ഞുനോക്കാത്ത ഒരു സമൂഹത്തിനും ആത്മവിശ്വാസമോ ഉൾക്കരുത്തോ ആർജ്ജിക്കാനാവില്ല.വ്യക്തി എന്ന പോലെ സമൂഹവും തന്നിലേക്കും പിന്നിലേക്കും നോക്കിയാണ് വളരുന്നത്. സാമൂഹികത യുടെ സൗന്ദര്യനിഷ്ഠമായ വികാസം തന്നെയാണ് കലയായി രൂപാന്തരം പ്രാപിക്കുന്നത്.



8th_Malayalam Reader Full Book.indb 39 5/18/2019 4:22:15 PM

അഭ്യാസം

I. പദപരിചയം

പ്രസക്തി, സംവേദനം, സരളം, ഉപാധി, വൈവിധ്യം, ഫലിതം, വികാസം, രൂപാന്തരം.

II. വിപരീതപദമെഴുതുക

പ്രസക്തി ×

വിശ്വാസം ×

പ്രധാനം ×

പുരോഗതി ×

III. വാക്യത്തിൽ പ്രയോഗിക്കുക

ആവിഷ്ക്കരിക്കുക, സംരക്ഷിക്കുക, സവിശേഷമായ, കർശനം

IV. ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക

1. ഏത് കലാപ്രകടനത്തിലാണ് കഥാപാത്രങ്ങൾക്ക് സംസാരം ഇല്ലാത്തത്?

   അ. നാടകം

   ആ. തുള്ളൽ

   ഇ. കഥകളി

2. വയനാട്ടിലെ ആദിവാസികളായ അടിയോരുടെ കല ഏതാണ്?

   അ. കണ്യാർകളി

   ആ. ഗദ്ദിക

   ഇ. ചിമ്മാനക്കളി

3. ആരാധനയുടെ ഭാഗമായി നടത്തുന്ന കലയാണ്

   അ. വിനോദകല

   ആ. നാടോടിക്കല

   ഇ. അനുഷ്ഠാനകല

4. സംഘക്കളി ഏത് വിഭാഗത്തിൽപെടുന്നു

   അ. വിനോദകല

   ആ. അനുഷ്ഠാനകല

   ഇ. സമുദായകല

8th_Malayalam Reader Full Book.indb 40 5/18/2019 4:22:15 PM

V. ഉത്തരമെഴുതുക

1. നാടൻകലകളുടെ ഉൾപ്പിരിവുകൾ ഏതെല്ലാം?
2. വരേണ്യകലകൾ എന്നാൽ എന്ത്?ഉദാഹരണമെഴുതുക
3. നാടോടിക്കലകൾ എന്നാൽ എന്ത്?ഉദാഹരണമെഴുതുക
4. ഭാഷ പോലെ നാം സംരക്ഷിക്കേണ്ടതാണ് കലാപാരമ്പര്യവും എന്ന് ലേഖകൻ പറയാൻ കാരണമെന്ത്?
5. നാടോടി പാരമ്പര്യങ്ങൾ എന്ന് ഉദ്ദേശിക്കുന്നതെന്തെല്ലാം?

VI. അനുബന്ധപ്രവർത്തനം

നാടോടിക്കലകളുടെ ചിത്രങ്ങൾ ശേഖരിച്ച് ഒരു ആൽബം തയ്യാറാക്കുക.

8th_Malayalam Reader Full Book.indb 41 5/18/2019 4:22:15 PM

കൊട്ടാരത്തിൽ ശങ്കുണ്ണി



കൊട്ടാരത്തിൽ ശങ്കുണ്ണി [1855-1937]: 'ഐതിഹ്യമാല' എന്ന ഒറ്റകൃതി കൊണ്ടു തന്നെ മലയാള സാഹിത്യത്തിൽ ചിരപ്രതിഷ്ഠനേടിയ കവിയാണ് കൊട്ടാരത്തിൽ ശങ്കുണ്ണി. 'മണിപ്രവാള കൃതികൾ, ഭാഷാനാടകങ്ങൾ, പുരാണകഥകൾ, ആട്ടക്കഥകൾ, ഗദ്യ പ്രബന്ധങ്ങൾ' എന്നീ വിഭാഗങ്ങളിലായി ധാരാളം കൃതികൾ രചിച്ചിട്ടുണ്ട്.

കൊച്ചി രാജാവ് 'കവി തിലകൻ' എന്ന ബഹുമതി നൽകി അദ്ദേഹത്തെ ആദരിച്ചു. ഐതിഹ്യമാലയാണ് ഏറ്റവും പ്രസിദ്ധമായ കൃതി. 126 ഐതിഹ്യങ്ങളാണ് ഐതിഹ്യമാലയുടെ ഉള്ളടക്കം. ഇതിൽ എട്ടെണ്ണം ആനക്കഥകളാണ്. അതിൽ ഒന്നാണ് വൈക്കത്തു തിരു നീലകണ്ഠൻ. കുട്ടികൾക്കുവേണ്ടി ആനക്കഥകൾ പുനരാഖ്യാനം ചെയ്തത് പ്രശസ്ത ബാലസാഹിത്യകാരനായ ശ്രീ.പി.എ വാര്യർ ആണ്.

വൈക്കം ക്ഷേത്രത്തിൽ ഉത്സവക്കാലത്ത് രണ്ട് നേരവും എഴുന്നള്ളത്ത് പതിവുണ്ട്, അഷ്ടമിനാൾ ഇതിനു പുറമേ ഉദയനാപുരത്തപ്പന്റെ എഴുന്നള്ളത്തുമുണ്ട്. ഈ ചടങ്ങുകൾ നിർവ്വഹിക്കുന്നതിന് രണ്ടാനകൾ കൂടിയേ കഴിയൂ. അവിടെയുണ്ടായിരുന്ന വേലായുധൻ, വിരൂപാക്ഷൻ എന്നീ രണ്ടു ഗജവീരന്മാരിൽ വിരൂപാക്ഷൻ ചരിഞ്ഞപ്പോൾ പതിവുചടങ്ങുകൾ നിർവ്വഹിക്കുന്നതിനായിട്ടാണ് ഏറ്റുമാനൂരുണ്ടായിരുന്ന തിരുനീലകണ്ഠനെ വൈക്കത്തു നിയമിച്ചത്.

വേലായുധന് തിരുനീലകണ്ഠനേക്കാൾ വലിപ്പമുണ്ടായിരുന്നു. എന്നാൽ തിരു നീല കണ്ഠന് അന്തസ്സും ഭംഗിയും തലയെടുപ്പും കൂടും. എഴുന്നള്ളിക്കുമ്പോൾ അവൻ തല ഒന്നു കൂടി ഉയർത്തിപ്പിടിക്കും. മുമ്പിൽ നിന്ന് നോക്കിയാൽ അവന് വേലായുധനേക്കാൾ കൂടുതൽ പൊക്കമുണ്ടെന്ന് തോന്നിക്കും. എഴുന്നള്ളിക്കുന്ന സമയങ്ങളിൽ തല ഉയർത്തിപ്പിടിച്ചുകൊണ്ടുള്ള നടപ്പും താളമേളങ്ങൾക്കൊപ്പിച്ചു ചെവിയാട്ടി ലയിച്ചുകൊണ്ടുള്ള നിൽപ്പും ഇത്ര ഭംഗിയായി ഒത്തിണങ്ങിയിട്ടുള്ള ആനകൾ ഏറെയില്ല.

പ്രധാന പാപ്പാനായ മൂലയിൽ ഗോവിന്ദശ്ശാരും തിരു നീലകണ്ഠനും തമ്മിൽ തികച്ചും പിതൃപുത്രബന്ധം തന്നെയാണ് ഉണ്ടായിരുന്നത്.മക്കളേ എന്ന പതിവുവിളിക്ക് പുറമേ ഗോവിന്ദശ്ശാർ അവനെ ശങ്കു എന്ന ഓമനപ്പേരെടുത്തും വിളിക്കും.ഇതല്ലാതെ അയാൾ തിരുനീലകണ്ഠനെന്ന പേരെടുത്തു വിളിക്കുകയോ ആ പേർ വച്ച് പ്രസ്താവിക്കുകയോ ഒരിക്കലും പതിവില്ല.ദൂരെ നിന്ന് മക്കളേ എന്നോ ശങ്കു എന്നോ വിളിച്ചാൽ അവൻ ഭക്തി സ്നേഹാദരങ്ങളോടെ വിളികേട്ടുകൊണ്ട് ഓടിച്ചെല്ലുന്നതുകണ്ടാൽ അത്ഭുതം തോന്നും. ഉത്സവകാലത്ത് വിശേഷിച്ചും അഷ്ടമിദിവസം മതിൽക്കകത്ത് തിങ്ങിക്കൂടുന്ന പുരുഷാര

8th_Malayalam Reader Full Book.indb 42 5/18/2019 4:22:15 PM



ത്തിനിടയിൽ നീലകണ്ഠനുമുണ്ടാവും.അവനെ തളച്ചിരിക്കുകയില്ല.ആനക്കാരനും അടുത്തെങ്ങുമുണ്ടായിരിക്കില്ല.

വൈക്കം ക്ഷേത്രത്തിലെ എല്ലാ സദ്യയ്ക്കും ഒരു ചെമ്പുചോറ് (മൂന്ന് പറ അരിവെച്ച ചോറ്) തിരുനീലകണ്ഠന് കൊടുക്കാമെന്നാണ് വ്യവസ്ഥ.അമ്പലവാസിസദ്യ കഴിഞ്ഞിട്ടാണ് അവന് ചോറു കൊടുക്കുക. അമ്പലവാസികൾ ഊണു കഴിഞ്ഞ് ഊട്ടുപുരയിൽ നിന്ന് ഇറങ്ങിത്തുടങ്ങുമ്പോൾ ആരും പറയാതെ തന്നെ തിരുനീലകണ്ഠൻ അടുക്കളവാതിൽക്കൽ ഹാജരാകും. ദേഹണ്ണക്കാർ പതിവുള്ള ചോറും പായസവും പാത്രങ്ങളിലാക്കി പുറത്തേക്കിടും. ഗോവിന്ദശ്ശാർ ഉരുളയുരുട്ടിക്കൊടുക്കും. അവൻ ചവച്ചരച്ചു തിന്നും. ഗോവിന്ദശ്ശാരില്ലാത്തപ്പോൾ പ്രധാന ദേഹണ്ണക്കാരൻ വെങ്കട്ടനെമ്പ്രാനാണ് ചോറുരുട്ടിക്കൊടുക്കുക. ഉപായത്തിലുള്ള ചില സദ്യകൾക്ക് അമ്പലവാസിസ്സദ്യ ഉണ്ടാവില്ല. എന്നാലും തിരുനീലകണ്ഠന്റെ സദ്യക്കു മുടക്കം വരില്ല.

ചില ദിവസം വല്ല കാരണവശാലും പതിവുള്ള ചോറ് മുഴുവനും കിട്ടാതെ വന്നാൽ അവൻ അടുക്കളവാതിൽക്കൽ നിന്നു വിട്ടുമാറില്ല. എത്ര നേരം കാത്തുനിന്നിട്ടും ചോറ്

8th_Malayalam Reader Full Book.indb 43 5/18/2019 4:22:17 PM

മുഴുവൻ കിട്ടുന്ന ലക്ഷണമില്ലെങ്കിൽ നേരെ തഹസീൽ ദാറുടെ മുമ്പിൽ ചെല്ലും, ഉച്ചത്തിൽ ഒരു അലർച്ച പാസ്സാക്കും. തിരുനീലകണ്ഠൻ ചെല്ലുന്നത് കാണുമ്പോൾ തന്നെ തഹസ്സീൽ ദാർക്ക് കാര്യം മനസ്സിലാവും.ഉടനെ വേണ്ടത്ര ചോറോ അതിന് കണക്കാവത്തക്കവണ്ണമുള്ള പഴം ശർക്കര തേങ്ങ മുതലായതോ കൊടുക്കാൻ ഏർപ്പാടുചെയ്യും. കിട്ടേണ്ടതു കിട്ടിയാൽ അവൻ നേരെ സ്വസ്ഥാനത്തു പോയി നിന്നുകൊള്ളും.

ആനക്കാർ ആരുമില്ലെങ്കിലും എഴുന്നള്ളിക്കേണ്ട സമയമാകുമ്പോൾ തിരുനീലക ണ്ഠൻ കൊടിമരച്ചുവട്ടിൽ ഹാജരാവും. നെറ്റിപ്പട്ടം കെട്ടിക്കാൻ ആർക്കെങ്കിലും പുറത്തുക യറാം. അവൻ ഒരു ഉപദ്രവവും ചെയ്യില്ല. എന്നാൽ ഗോവിന്ദശ്ശാരെയും എഴുന്നെള്ളിക്കുന്ന ആളെയുമല്ലാതെ ഒരുത്തനെയും മുൻവശത്തുകൂടി കയറുവാനും ഇറക്കാനും അവൻ സമ്മ തിക്കില്ല. മറ്റാരായാലും പിൻകാലേ പൊക്കിക്കൊടുക്കു. അതിലെ വേണമെങ്കിൽ കേറുകയും ഇറങ്ങുകയും ചെയ്താൽ മതിയെന്നാണ് അവന്റെ ചിട്ട. എഴുന്നെള്ളിപ്പിന് ആനക്കാരൊന്നും വേണമെന്നില്ല. എല്ലാ ചിട്ടവട്ടവും അവന് നന്നായി അറിയാം.ആനക്കാർ ഉണ്ടായാൽ തന്നെ പറ്റ്, കേളി വിസ്തരിച്ചുള്ള നാദസ്വരപ്രദക്ഷിണം, ചെണ്ടപ്രദക്ഷിണം മുതലായവയുടെ നേര ത്ത് അവർ അവന്റെ കാൽത്തൂണുകളിൽ ചാരിയിരുന്ന് സുഖമായി ഉറങ്ങും.നിൽക്കുന്ന നില യിൽനിന്ന് നടന്നുതുടങ്ങാറാവുമ്പോൾ അവൻ ഉറക്കക്കാരെ തുമ്പിക്കൈകൊണ്ട് പതുക്കെ തൊട്ടുണർത്തിക്കൊള്ളും.

ഉത്സവകാലത്ത് ഉരുട്ടുചെണ്ട പ്രദക്ഷിണം വടക്കേ നടയിലെത്തുമ്പോൾ തിരുനീല ക്ണ്ഠൻ അതിഗംഭീര സ്വരത്തിൽ മൂന്നു തവണ ഗർജ്ജിക്കും. അപ്പോൾ വലിയ കലവറ യിൽനിന്ന് മൂന്നു നാലു പഴക്കുല കൊണ്ടുചെന്നു കൊടുക്കണം. ഇത് ഉത്സവത്തിന്റെ ചട ങ്ങുകളിലൊന്നുപോലെ കണിശമായി അനുഷ്ഠിച്ചുവന്നിരുന്നുവത്രേ.അവകാശം കിട്ടിയാൽ പിന്നെ എത്ര നേരം നിൽക്കാനും അവനു വിരോധമില്ല. കിട്ടിയില്ലെങ്കിലോ അവൻ ക്ഷണത്തിൽ നടന്ന് പ്രദക്ഷിണം തികച്ചിട്ട് കൊടിമരച്ചോട്ടിൽ ചെന്നിട്ട് നട മടക്കും. ഉടനെ ഇറക്കിയെഴു ന്നെള്ളിച്ചുകൊള്ളണം.

അവന്റെ ഹിതത്തിനെതിരായി ഗോവിന്ദശ്ശാർ ഒന്നും പറയാറില്ല. പറഞ്ഞാൽ കേൾക്കുമോ എന്ന് അയാൾ പരീക്ഷിച്ചിട്ടുമില്ല. ഗോവിന്ദശ്ശാർ പറഞ്ഞാൽ തിരുനീലക ണ്ഠൻ എന്തും ചെയ്യുമെന്നാണ് പരക്കെ പറയുന്നത്. ആ മാനം കളഞ്ഞുകുളിക്കേണ്ട എന്നു വിചാരിച്ചിട്ടുകൂടിയായിരിക്കാം അയാൾ അത് പരീക്ഷിച്ചു നോക്കാതിരുന്നത്. തിരുനീലക് ണ്ഠന്റെ സ്വഭാവം എല്ലാവർക്കും നല്ലവണ്ണം അറിയാവുന്നതുകൊണ്ട് അവന്റെ ഗർജ്ജനം കേട്ടാലുടനെ പഴക്കുല കൊണ്ടുചെന്ന് കൊടുക്കാതിരിക്കാറില്ല.

ഒരിക്കൽ തിരുനീലകണ്ഠനെ ഏറ്റുമാനൂരാറാട്ടിന് എഴുന്നള്ളിക്കാൻ കൊണ്ടുപോയി. എഴുന്നള്ളിപ്പ് വടക്കേനടയിലായപ്പോൾ ചുറ്റമ്പലത്തിൽ നിന്ന് പുറത്തേക്ക് അടിയിൽ കൂടി യുള്ള ഓവിന്റെ മീതെ ഇട്ടിരുന്ന തളക്കല്ലിന്മേൽ അവൻ സാധാരണമാതിരി ചവിട്ടി. കല്ല് അങ്ങനെത്തനെ താണു താണു പോയി. അവൻ എങ്ങനെയോ കാല് കുഴിയിൽപെടാതെ രക്ഷപ്പെട്ടു. പിന്നെ ആണ്ടുതോറും അവനെ ഏറ്റുമാനൂരാറാട്ടിന് എഴുന്നെള്ളിക്കുമ്പോൾ ആ സ്ഥാനത്തെത്തിയാൽ അവൻ കാൽ അകത്തി നീട്ടിവെച്ച് കടന്നുപോവുകയേ ഉള്ളൂ. തള ക്കല്ലിന്മേൽ ഒരിക്കലും കാലൂന്നുകയില്ല.

ഒരു കൊല്ലം വൈക്കത്തഷ്ടമിദിവസം വൈക്കത്തപ്പനെ ലക്ഷ്മീപുരത്തുകൊട്ടാരം വക വമ്പൻ ആനയുടെ പുറത്തും ഉദയനാപുരത്തപ്പനെ തിരുനീലകണ്ഠന്റെ പുറത്തുമാണ് എഴുന്നള്ളിച്ചിരുന്നത്. കൊട്ടാരം വക ആനയ്ക്ക് കൂട്ടാനകളെ കുത്തുക എന്ന ദുശ്ശീലമുണ്ടാ യിരുന്നു.മറ്റൊരാനയുടെ തലയെടുപ്പ് കണ്ടുകൂടാ. അത് വൈക്കത്തപ്പനെ വഹിച്ചുകൊണ്ട് കിഴക്കേആനക്കൊട്ടിലിൽ പടിഞ്ഞാട്ടു തിരിഞ്ഞ് നിൽക്കുമ്പോൾ തിരുനീലകണ്ഠൻ തല

8th_Malayalam Reader Full Book.indb 44 5/18/2019 4:22:17 PM



ഉയർത്തിപ്പിടിച്ച് നല്ല അന്തസ്സിൽ ചെവിയാട്ടിക്കൊണ്ട് വരികയാണ്. കൊട്ടാരംവക ആനയ്ക്ക് ഇവന്റെ വരവും ഒട്ടും രസിച്ചില്ല. അതു ചെവി വട്ടം പിടിച്ച് വാലുയർത്തി മുമ്പോട്ടുചെന്നു. ആനക്കാർ തോട്ടിയിട്ടു പിടിച്ചുനോക്കി. കുന്തംകൊണ്ട് കുത്തിനോക്കി.അതിന് ഒരു കൂസലു മില്ല. മതിൽക്കകത്ത് ആകെ ഭൂകമ്പമായി. എല്ലാവരും പ്രാണഭയത്തോടെ നാലുപുറത്തേക്കും പാഞ്ഞു. തിരുനീലകണ്ഠനും ഗോവിന്ദശ്ശാർക്കും ഒരു ഇളക്കവുമില്ല. കൊട്ടാരം വക ആന അടുത്തു തുടങ്ങിയപ്പോൾ തിരുനീലക്ണ്ഠൻ ഗോവിന്ദശ്ശാരുടെ കയ്യിലുണ്ടായിരുന്ന വളർ വടി തുമ്പിക്കയ്യിൽ മേടിച്ചു പിടിച്ചു. മറ്റെ ആന കുത്താനായി അടുത്തപ്പോൾ തിരുനീലക ണ്ഠൻ വളർവടികൊണ്ട് ഒരടിവച്ചുകൊടുത്തു. അത് ഉറക്കെ നിലവിളിച്ചുകൊണ്ട് പാഞ്ഞു ബലിക്കൽപ്പുരയിൽ കേറി പേടിച്ചു വിറച്ചു നിൽപ്പായി. ആനക്കാർ പഠിച്ച അടവെല്ലാം പയറ്റീ ട്ടും അതിനെ അവിടന്നിറക്കിക്കൊണ്ട് വരാൻ പറ്റിയില്ല. ഒടുക്കം ഒരു നിവൃത്തിയുമില്ലാതെ വേറൊരാനയെ കൊണ്ടുവന്ന് വൈക്കത്തപ്പനെ അതിന്റെ പുറത്തേക്കുമാറ്റി എഴുന്നള്ളിക്കേ ണ്ടിവന്നു.

തിരുനീലകണ്ഠനെ തിരുവിതാംകൂറിനു പുറത്തെങ്ങും അയയ്ക്കുക പതിവില്ല.ഒരി ക്കൽ കൊച്ചി തമ്പുരാക്കന്മാർ എങ്ങനെയും തിരുനീലകണ്ഠനെ ഒന്നു കാണണമെന്ന് അതി കലശലായി മോഹിച്ച്, തൃപ്പൂണിത്തുറ ക്ഷേത്രത്തിൽ ഒരു കളഭവും വിളക്കും കഴിക്കാൻ നിശ്ച യിച്ചിരിക്കുന്നതിനാൽ എഴുന്നള്ളിപ്പിന് തിരുനീലകണ്ഠനെ അയയ്ക്കണമെന്ന് പ്രത്യേകമായി ആവശ്യപ്പെട്ടുകൊണ്ട് തിരുവിതാംകൂർ മഹാരാജാവിന് എഴുതി.ഇതുപ്രകാരം അവനെ തൃപ്പൂണിത്തുറക്കയച്ചു.ആ എഴുന്നള്ളിപ്പുകഴിഞ്ഞ് തിരിയേ വൈക്കത്തു കൊണ്ടുവന്നപ്പോ ഴേക്കും തിരുനീലകണ്ഠൻ വല്ലാതെ ക്ഷീണിച്ചുപോയി.പഴം കൊടുത്താൽ പോലും തിന്നില്ല, വെള്ളം കുടിക്കില്ല.എണീറ്റു നടക്കാൻ തന്നെ വയ്യാത്ത മട്ടായി.ദേഹത്തെല്ലാം കഴഞ്ചിക്കുരു മുഴുപ്പിൽ ഒരുമാതിരി പോള ഉണ്ടാവുകയും ചെയ്തു.കരിങ്കണ്ണന്മാരായ ആരുടേയോ കണ്ണു തട്ടീട്ടാണ് ഇങ്ങനെ പറ്റിയത് എന്നാണ് ആളുകൾ പറയുന്നത്.ഏതായാലും ഏറെ നാളത്തെ വറതിരുമ്മുക, വേലൻപ്രവൃത്തി മുതലായ ചികിത്സകൾക്കു ശേഷമേ ആരോഗ്യം വീണ്ടുകി ട്ടിയുള്ളു.

8th_Malayalam Reader Full Book.indb 45 5/18/2019 4:22:17 PM

ഒരാണ്ടിൽ അഷ്ടമിക്കു കിഴക്കോട്ടെഴുന്നള്ളിച്ചുപോയപ്പോൾ തലയിൽക്കെട്ടിലെ ഒരു സ്വർണ്ണക്കുമിള കുത്തു വിട്ടു തൂങ്ങിക്കിടക്കുന്നതായിക്കണ്ട് ഗോവിന്ദശ്ശാർ അതു പറിച്ചെടുക്കാൻ ഭാവിച്ചു.സർക്കാർവക ഉരുപ്പടിയല്ലേ, വല്ലിടത്തും പൊഴിഞ്ഞുപോയാലോ എന്നു വിചാരിച്ചാണ് ഗോവിന്ദശ്ശാർ അതു പറിച്ചെടുക്കാൻ നോക്കിയത്.തലയിൽക്കെട്ടു തൊട്ടാൽ എഴുന്നള്ളിച്ച ബിംബവും ആനപ്പുറത്തുള്ള ബ്രാഹ്മണരും ശുദ്ധം മാറുമെന്നൊന്നും അയാൾ ആലോചിച്ചില്ല. തിരുനീലകണ്ഠന് ബിംബവും മറ്റും ശുദ്ധം മാറാതെ നോക്കണമെന്ന് നിർബന്ധമുണ്ട്. കുമിളപറിക്കാനായി ഗോവിന്ദശ്ശാർ കൈപൊക്കിയപ്പോൾ അവൻ കടക്കൊമ്പു കൊണ്ട് മെല്ലെയൊരു തട്ടുകൊടുത്തു. നന്നെ പതുക്കെയാണ്, ദയാപൂർവ്വമാണ്. എന്നാലും ഗോവിന്ദശ്ശാർക്ക് അതു കണക്കിനു പറ്റി. 'അയ്യോ മക്കളേ ചതിച്ചോടാ! എന്ന നിലവിളിയോടെ അയാൾ നിലത്തുവീണു. അവനും അയ്യത്തടാ എന്നായി. വല്ലാത്ത പശ്ചാത്താപവും കുണ്ഠിതവും. അവന്റെ കണ്ണുനിറഞ്ഞു. ഇടത്തൊണ്ട ഇടറിയമാതിരി ചില ദീനസ്വരങ്ങൾ കേൾക്കായി. എഴുന്നള്ളത്തു മുഴുമിക്കാൻ അവനെ അവിടന്ന് കൊണ്ട് പോകാൻ മറ്റ് ആനക്കാർ നടത്തിയ ശ്രമമൊന്നും ഫലിച്ചില്ല. കുറേ നേരം കഴിഞ്ഞപ്പോൾ ഗോവിന്ദശ്ശാർ ബോധം തെളിഞ്ഞെണീറ്റു. 'സാരമില്ല മക്കളേ എനിക്കൊന്നും പറ്റീട്ടില്ല മക്കളുപോയി എഴുന്നള്ളത്ത് മുഴുമിച്ചുവാ' എന്നു പറഞ്ഞപ്പോൾ അവൻ കിഴക്കോട്ടു നടന്നു. വല്ലപാടും അടിയന്തരം നിർവ്വഹിച്ച് തലയിൽകെട്ട് അഴിച്ചെടുത്ത ഉടനെ അവൻ ഗോവിന്ദശ്ശാർ കിടക്കുന്നിടത്തുതന്നെ എത്തി. അയാൾക്കു സുഖമാകും വരെ അവൻ മിക്ക സമയത്തും അവിടെ തന്നെ നിൽക്കും.

ഒരിക്കൽ കർക്കിടകസംക്രാന്തിയുടെ പതിവു ശീവേലികഴിഞ്ഞതിനുശേഷം തിരുനീലകണ്ഠനെ വൈക്കത്തിന്റെ തെക്കേക്കരയായ തോട്ടകത്തു കൊണ്ടുപോകേണ്ടിവന്നു. എന്തോ അസൗകര്യം നിമിത്തം ഗോവിന്ദശ്ശാർക്ക് കൂടെപ്പോകാൻ സാധിച്ചില്ല. അസിസ്റ്റന്റ് ശങ്കുശ്ശാരാണ് അവനെ കൊണ്ടുപോയത്. വലിയാനപ്പുഴ കരകവിഞ്ഞൊഴുകുന്ന കാലം. വല്ലാത്ത ഒഴുക്കാണ്. പിടിച്ചുനിൽക്കാൻ പറ്റില്ല. ഗോവിന്ദശ്ശാരാണെങ്കിൽ അപ്പോൾ അവനെ ആറ്റിൽ ഇറക്കുകയില്ല.ശങ്കുശ്ശാർ അവനെ നീന്തിച്ച് അക്കരെ കയറ്റി. അന്നു തന്നെ തിരിച്ചും നീന്തിച്ചു. തിരുനീലകണ്ഠൻ വല്ലാതെ വിഷമിച്ചു. പലപ്രാവശ്യം തളർന്ന് ഒഴുകിപ്പോകാൻ തുടങ്ങി. എങ്ങനെയോ ഒരു വിധം കര പറ്റി എന്നേ പറയാവൂ. അപ്പോഴേക്കും അവനാകെ കുഴഞ്ഞ് അവശനായി.

വടക്കേക്കര കയറിയപ്പോഴേക്കും ഗോവിന്ദശ്ശാരും അവിടെയെത്തി. അവന്റെ അവശനില അയാൾക്ക് നല്ലവണ്ണം മനസ്സിലായി. അവൻ നടക്കാനാവാതെ നിൽപ്പായി. എന്റെ മക്കൾക്ക് നടക്കാൻ വയ്യാതായോ? എന്തുപറ്റി മക്കളെ എന്ന് ഗോവിന്ദശ്ശാർ കരയുന്ന മട്ടിൽ ചോദിച്ചപ്പോൾ അവന്റെ കണ്ണുനിറഞ്ഞു. നടക്കാൻ വയ്യെങ്കിൽ ഇന്നിനി എന്റെ മക്കൾ നടക്കേണ്ട. എന്നുപറഞ്ഞ് അയാൾ അവനെ അടുത്തൊരു പുരയിടത്തിലേക്കു കേറ്റി. വയ്യാതായിട്ട് ഒരു തെങ്ങിന്മേൽ പിടിച്ചിട്ടാണ് അവൻ ആ അൽപ്പം ഉയർന്ന പുരയിടത്തിലേക്ക് കയറിയത്. അയാൾ അവന് തെങ്ങിൻപട്ടയും പഴക്കുലയും കൈതയും കൊണ്ടുചെന്ന് കൊടുത്തെങ്കിലും അവൻ ഒന്നും തിന്നില്ല. ഓരോ പഴമായി ഉരിഞ്ഞു വായിൽ വെച്ചുകൊടുത്തുനോക്കി. ഇറക്കാൻ വയ്യ. പഴം താഴെ വീഴുന്നു. ഗോവിന്ദശ്ശാർ മാറത്തടിച്ചു നിലവിളിയായി. തിരുനീലകണ്ഠന്റെ കണ്ണുനിറഞ്ഞു. അവൻ തുമ്പിക്കൈ നീട്ടി അയാളെ തലോടുകയും മണപ്പിക്കുകയും ചെയ്തു. രാത്രിയായപ്പോൾ അവൻ കിടന്നു. ഗോവിന്ദശ്ശാർ അവനെ തൊട്ടുതലോടിക്കൊണ്ട് അരികിൽ തന്നെ ഇരുന്നു. അങ്ങനെ നേരം വെളുക്കുംമുമ്പ് അവൻ അന്ത്യശ്വാസം വലിച്ചു.

8th_Malayalam Reader Full Book.indb 46 5/18/2019 4:22:17 PM

വ്യാകരണം



1. സംജ്ഞാനാമം:- ഒരു പ്രത്യേക സ്ഥലത്തെയോ വ്യക്തിയെയോ വസ്തുവിനെയോ കുറിക്കുന്ന നാമം

   ഉദാ:- ഗാന്ധിജി, മധുര, പേന

2. സാമാന്യനാമം:- ഒരു ജാതിയെ കുറിക്കുന്ന ഒരു വർഗ്ഗത്തിലുള്ള അനേകത്തെ കുറിക്കുന്ന നാമം സാമാന്യ നാമം

   ഉദാ:- കവി, മനുഷ്യൻ, നഗരം, നദി

3. മേയനാമം:- ജാതി, വ്യക്തി, വ്യത്യാസങ്ങളില്ലാത്ത നാമം

   ഉദാ:- ആകാശം, ഭൂമി, ജലം, വായു

4. സമൂഹനാമം:- ഒരേ ഇനത്തിൽപെട്ട കൂട്ടത്തിന്റെ പേരിനെ കുറിക്കുന്ന നാമം

   ഉദാ:- സംഘം, ഗണം, സൈന്യം

രചന

ഓണത്തെക്കുറിച്ചെഴുതുക.

8th_Malayalam Reader Full Book.indb 47 5/18/2019 4:22:17 PM

ഭാഗം 4 നാട്ടു ജീവിതം



പഠന ലക്ഷ്യങ്ങൾ

- കേരളത്തിന്റെ നാട്ടുഭംഗികളും കാർഷിക ജീവിതത്തിന്റെ സൗന്ദര്യവും ആസ്വദിക്കൽ.
- നിളയുടെ തീരത്തെ സാംസ്കാരിക കേന്ദ്രങ്ങളെക്കുറിച്ചും വള്ളുവനാടിന്റെ സംസ്കാരിക സവിശേഷതകളെക്കുറിച്ചും മനസ്സിലാക്കൽ.
- അപകർഷതാബോധമില്ലാതാക്കുവാനും വിവേചന മനോഭാവമില്ലാതാക്കുവാനും സഹായകമായ കഥ ആസ്വദിക്കൽ.

പാഠഭാഗങ്ങൾ

കവിത	:	കൃഷീവലൻ	- കുറ്റിപ്പുറത്ത് കേശവൻ നായർ.
ഗദ്യം	:	നിള	- യാത്രാവിവരണം.
ഉപപാഠം	:	പുതിയ ചങ്ങാതി (കഥ)	- ചെറുകാട്.

കവിത

കൃഷീവലൻ

– കുറ്റിപ്പുറത്തു കേശവൻനായർ



കുറ്റിപ്പുറത്തു കേശവൻനായർ [1882 - 1959]: ഗ്രാമത്തിന്റെ ശാലീന ഭംഗിയും പ്രകൃതിരമണീയതയും ഒത്തിണങ്ങിയ കവിതകൾ രചിച്ച് മലയാളസാഹിത്യത്തിൽ പ്രശസ്തി നേടിയ കവിയാണ് കുറ്റിപ്പുറത്ത് കേശവൻ നായർ. പ്രധാന കൃതികൾ: കാവ്യോപഹാരം, നവ്യോപ ഹാരം, പ്രപഞ്ചം, ഓണം കഴിഞ്ഞ്, മൂന്നു ഭാഷാകാവ്യങ്ങൾ, കാളിദാസന്റെ ശാകുന്തളം (വിവർത്തനം)

ഗ്രാമീണജീവിതത്തെ പശ്ചാത്തലമാക്കി പ്രകൃതിയെയും കൃഷി സമ്പ്രദായങ്ങളേയും ആവിഷ്കരിക്കുന്ന ഈ കവിത കാവ്യോപ ഹാരത്തിലെ 'ഗ്രാമീണകന്യക' യിൽ നിന്നും എടുത്തിട്ടുള്ള കവിതയാണ്.

മാവും പിലാവും പുളിയും കരിമ്പും
തെങ്ങും ഫലം തിങ്ങുമിളം കവുങ്ങും
നിറഞ്ഞ ഹോ! സസ്യലതാഢ്യമായ
വീടൊന്നിതാ മുന്നിൽ വിളങ്ങിടുന്നു

കടിഞ്ഞിൽ കാച്ചീടിനകയ്പവള്ളി
കിടന്നിടും വേലികളാൽ മറഞ്ഞും
നേത്രാഭിരാമം ഗൃഹമോലമേഞ്ഞും
വൃക്ഷച്ഛദ ഛായയിൽ നിന്നിടുന്നു.

8th_Malayalam Reader Full Book.indb 49 5/18/2019 4:22:19 PM



നോക്കുന്നിടത്തൊക്കെയുമുണ്ടുകായ്കൾ
മൂത്തും പഴുത്തും കദളീകദംബം
അതിൻ നടുക്കിച്ചെറുതായ വീടു
കണ്ണിന്നനായാസ സുഖം തരുന്നു

മുറ്റത്തൊരറ്റത്തോരു പൂവെരിഞ്ഞി
മുറ്റിത്തഴച്ചങ്ങനെ നിന്നിടുന്നു
അദ്ധ്യാത്മ ചിന്താപരനായി ഗൃഹസ്ഥ-
നന്തിക്കതിൻ ചോട്ടിലിരിപ്പതുണ്ടാം.

പാൽപ്പാത്രവും കൊണ്ടു പുറത്തു പറ്റി
ശ്ശാഠ്യം പിടിക്കുന്ന കിടാവു തന്നെ
ഇടയ്ക്കു ശാസിച്ചു ഗൃഹേശിയോരോ
പശുക്കളെപ്പേർത്തു കറന്നിടുന്നു.

8th_Malayalam Reader Full Book.indb 50 5/18/2019 4:22:19 PM

തോട്ടത്തിലിപ്പോൾ ഗൃഹസാർവഭൗമ
നതാതു സസ്യങ്ങളെയങ്ങുമിങ്ങും
ഗംഭീരമായോരു വിലോകനത്താൽ
സ്സംഭാവനം ചെയ്തു നടന്നിടുന്നു

നീണ്ടുള്ള കൈനീരു ജലോഹകായ-
മുദ്ഗാഢമായുദ്ധതമായ നോട്ടം
അത്യന്തസാധാരണമായ വേഷ -
മഹോ ഗൃഹസ്ഥൻ ബഹുധീര ശാന്തൻ

പുറം കഠോരം പരിശുഷ്ക്കമൊട്ടു
ക്കുള്ളോ മൃദു സ്വാദുരസാനുവിദ്ധം
നാടൻ കൃഷിക്കാരൊരു നാളികേര -
പാകത്തിലാണിങ്ങനെ മിക്ക പേരും

8th_Malayalam Reader Full Book.indb 51 5/18/2019 4:22:19 PM

അഭ്യാസം

I. പദപരിചയം

സസ്യലതാദ്ധ്യം, വിളങ്ങുക, കടിഞ്ഞിൽ, നേത്രം, അഭിരാമം, കദംബം, വിലോകനം, കായം, ഉദ്ധതം, കഠോരം, കിടാവ്

II. പര്യായപദങ്ങൾ കണ്ടെത്താം

നേത്രം : _____, _____.

കിടാവ് : _____, _____.

പാൽ : _____, _____.

ഗൃഹം : _____, _____.

III. ശരിയായ ഉത്തരം തിരഞ്ഞെടുക്കുക

1. ആദ്യമായി കായ്ച്ചു കിടക്കുന്നത് എന്താണ്?

   അ) തെങ്ങ്

   ആ) മാവ്

   ഇ) കയ്പ്പവള്ളി

   ഈ) കവുങ്ങ്

2. മൂത്ത് പഴുത്ത് കിടക്കുന്നത് എന്താണ്?

   അ) പിലാവ്

   ആ) കദളീകദംബം

   ഇ) മാവ്

   ഈ) കരിമ്പ്

3. ശാഠ്യം പിടിക്കുന്നത് ആരാണ്?

   അ) അമ്മ

   ആ) പശുക്കൾ

   ഇ) കിടാവ്

   ഈ) ഗുഹസ്ഥൻ

8th_Malayalam Reader Full Book.indb 52 5/18/2019 4:22:20 PM

IV. വിപരീതപദം കണ്ടെത്തുക

അനായാസം ×

സുഖം ×

സാധാരണം ×

മൃദു ×

V. ഉത്തരമെഴുതുക

1. കൃഷീവലന്റെ വീടിന് ശോഭ നൽകുന്നത് എന്തെല്ലാം?
2. സന്ധ്യക്ക് ഗൃഹസ്ഥൻ എവിടെയാണ് ഇരിക്കുന്നത്?
3. ഗൃഹേശി എന്താണ് ചെയ്തുകൊണ്ടിരിക്കുന്നത്?
4. ഗൃഹനാഥൻ എങ്ങനെയുള്ള ആളായിരുന്നു?

മനഃപ്പാഠ വരികൾ

മാവും പിലാവും..... ചോട്ടിലിരിപ്പതുണ്ടാം.

VI. അനുബന്ധ പ്രവർത്തനം

കൃഷീവലൻ എന്ന കവിതയെ ആസ്പദമാക്കി ഗ്രാമീണ ഭംഗി നിറഞ്ഞു നിൽക്കുന്ന ഒരു ചിത്രം നിങ്ങളുടെ ഭാവനയ്ക്കനുസരിച്ച് വരയ്ക്കുക.

8th_Malayalam Reader Full Book.indb 53 5/18/2019 4:22:20 PM

നിള

കേരളീയസംസ്കൃതിയെ രൂപപ്പെടുത്തുന്നതിൽ നിളാനദിക്ക് നിർണായകമായ പങ്കുണ്ട്. മലയാളത്തനിമ നിലനിറുത്തുന്ന ഒട്ടേറെ സാംസ്കാരികകേന്ദ്രങ്ങൾ ഭാരതപ്പുഴയെന്ന നിളാതീരത്തുണ്ട്. നിളാതീരത്തുകൂടിയുള്ള യാത്രാവിവരണക്കുറിപ്പാണ് പാഠഭാഗം.

നിളാതീരത്തെ സംസ്കാരകേന്ദ്രങ്ങളെ പരിചയപ്പെടുത്തുന്ന കുറിപ്പ് തയ്യാറാക്കിയത് പാഠപുസ്തകസമിതിയംഗമായ നീനു കെ. ഗീവർ ആണ്.

കോയമ്പത്തൂരിൽ നിന്നും ഷൊർണൂരിലേക്ക് ഉള്ള തീവണ്ടിയാത്ര... യാത്ര തനിച്ചായതിനാൽ പുറത്തെ കാഴ്ചകൾ കാണുവാനാണ് താൽപര്യം തോന്നിയത്. പോത്തന്നൂർ കഴിഞ്ഞ് മധുക്കരയിലേക്ക് അടുക്കുംതോറും ആ മനോഹരമായ ദൃശ്യം മഞ്ഞിന്റെ മറനീക്കി പുറത്തുവന്നു. സഹ്യപർവ്വത നിരകൾ.... കേരള നാടിന്റെ അതിർത്തിയായി തലയുയർത്തി നിൽക്കുന്ന ഗിരിശൃംഗങ്ങൾ. ആ ഗാംഭീര്യത്തിൽ മയങ്ങി കേരളപാണിനി എ.ആർ രാജരാജവർമ്മ മലയവിലാസം എഴുതിയതിൽ തെല്ലും അതിശയോക്തി തോന്നിയില്ല..

വാളയാറും കഴിഞ്ഞ് പാലക്കാട് എത്തിയപ്പോൾ സഹ്യനിരകൾ മാഞ്ഞുതുടങ്ങി. ഇനിയുള്ള കാഴ്ചകളെ കുറിച്ച് ഓർത്തപ്പോൾ മുന്നിൽ ഒരു രൂപം തെളിഞ്ഞു വന്നു. നിള.... നിളയെ നിങ്ങൾക്കറിയില്ലേ? പേരാർ എന്ന് നമ്മൾ ഓമനിച്ചു വിളിക്കുന്ന ഭാരതപ്പുഴ. നിളയുടെ കാഴ്ചകളിലേക്ക്, ഇന്ന് വെറും മണൽപരപ്പ് ആയി മാറിയ ആ ജലാശയത്തിലേക്ക് കണ്ണോടിച്ചപ്പോൾ ഞാൻ കണ്ടത് കേരളീയപൈതൃകത്തിന്റെ നൂറ്റാണ്ടുകൾ പഴക്കമുള്ള കമനീയ മുദ്രകളായിരുന്നു ....



നിളാ നദി

8th_Malayalam Reader Full Book.indb 54 5/18/2019 4:22:20 PM



സഹ്യപർവതനിര

പശ്ചിമഘട്ടം എന്ന് നാം വിളിക്കുന്ന കിഴക്കൻ മലയോരത്തെ ആനമലയാണ് നിളയുടെ ഉത്ഭവസ്ഥാനം. തന്നിൽ പെയ്തിറങ്ങുന്ന നീർത്തുള്ളികൾ അരുവികൾ ആക്കി പുനർജ നിപ്പിച്ചു ആനമല മലനാടിനു നൽകിയ പുണ്യമാണ് നിളാനദി. ആനമലയിലെ ചന്ദനക്കുന്നിൽ നിന്നും 250 കിലോമീറ്റർ പടിഞ്ഞാറ് ഒഴുകി അറബിക്കടലിൽ അവസാനിക്കുന്ന നിളയുടെ യാത്ര കേരളസംസ്കാരത്തെയും കയ്യിലേന്തിയാണ്. കൽപ്പാത്തിപ്പുഴ, കണ്ണാടിപ്പുഴ, ഗായത്രിപ്പുഴ എന്നിങ്ങനെ നിളയ്ക്ക് പേരുകൾ വേറെയുമുണ്ട്. നിളയുടെ കരകളിൽ സ്ഥിതിചെയ്യുന്ന പല പ്രശസ്ത ക്ഷേത്രങ്ങളും കേരളത്തിലുണ്ട്. തിരുവില്വാമല ക്ഷേത്രം, തിരുനാവായ നാവാമുകുന്ദക്ഷേത്രം, പട്ടാമ്പിയിലെ ശ്രീകൃഷ്ണക്ഷേത്രം, തിരുമിറ്റക്കോട് അഞ്ചുമൂർത്തി ക്ഷേത്രം എന്നിവ ഉദാഹരണങ്ങളാണ്.

നിളയുടെ തീരങ്ങൾ കേരളത്തിലെ കലാ തീരങ്ങൾ കൂടിയാണ്. കൽപ്പാത്തിയിൽ എത്തുമ്പോൾ സംഗീതത്തിന്റെ സ്വപ്ന സ്വരങ്ങളിൽ ലയിച്ചു നിള കൽപ്പാത്തിപ്പുഴ ആകുന്നു. കൽപ്പാത്തി ശിവക്ഷേത്രത്തിൽ തൊഴുത് രഥങ്ങളിൽ വിസ്മയംപൂണ്ടു അവൾ പിന്നെയും ഒഴുകുന്നു. ഇടയ്ക്ക് ലക്കിടിയിൽ എത്തുമ്പോൾ തുള്ളലിന്റെ ചുവടിനൊത്തു താളം പിടിക്കുന്നു. കുഞ്ചന്റെ ഫലിതത്തിനൊത്തു പൊട്ടിച്ചിരിക്കുന്നു.

ഇനിയുള്ള യാത്ര ചെറുതുരുത്തിയിലേക്ക് ആണ്. കേരളത്തിന്റെ കലാഭൂമിയിലേക്ക്... ശാന്തമായി ഒഴുകുന്ന നദിയിൽ കാതോർത്താൽ കലയുടെ നൂപുര ധ്വനികൾ ശ്രവിക്കാം. ഇവിടെയാണ് വള്ളത്തോളിന്റെ മാനസപുത്രിയായ കേരളകലാമണ്ഡലം സ്ഥിതി ചെയ്യുന്നത്. ആ മഹാകവി അന്ത്യവിശ്രമം കൊള്ളുന്നതും നിളയുടെ നനുത്ത സ്പർശനമേറ്റാണ്. കേരളീയ കലകളെ ലോകപ്രശസ്തമാക്കിയതിൽ വള്ളത്തോളിനും കലാമണ്ഡലത്തിനും ഉള്ള പങ്ക് ഏറെ മഹത്വമേറിയതാണ്.

വള്ളത്തോളിനെ കൂടാതെ പി കുഞ്ഞിരാമൻനായർ, ഇടശ്ശേരി ഗോവിന്ദൻ നായർ, എം. ടി. വാസുദേവൻ നായർ തുടങ്ങിയവരിലൂടെ മലയാള സാഹിത്യ വേദിയിൽ നിള നൃത്തം ചവിട്ടി. നിളയുടെ കഥാകാരൻ എന്ന എംടിയുടെ വിശേഷണം അദ്ദേഹത്തിന് ഈ നദിയുമായുള്ള

8th_Malayalam Reader Full Book.indb 55 5/18/2019 4:22:20 PM


കേരള കലാമണ്ഡലം


നാവാമുകുന്ദ ക്ഷേത്രം

ആത്മബന്ധത്തിന് തെളിവാണ്. 'ഓർമ്മകളിലെ നിള' എന്ന ലേഖനത്തിൽ ഈ വൈകാരികത വ്യക്തമായി കാണാവുന്നതാണ്. പാൽനിലാവിൽ കുളിച്ച നിളാതീരം മലയാളചലച്ചിത്ര ഗാന രചയിതാക്കളെ പുളകം കൊള്ളിച്ച് പാട്ടിന്റെ പാലാഴിയായി വഴിഞ്ഞൊഴുകിയിട്ടുണ്ട്.

ഷൊർണൂരും പട്ടാമ്പിയും കുറ്റിപ്പുറവും എല്ലാം കടന്ന് തിരുനാവായ എത്തുമ്പോൾ പേരാറിന് വീര്യം ഏറും. ഓളങ്ങളിൽ വാൾമുനകൾ പ്രതിഫലിക്കും. മണൽപ്പരപ്പും രക്തശോഭ അണിയും. തിരുനാവായ മണപ്പുറത്ത് വച്ച് 12 വർഷത്തിലൊരിക്കൽ നടന്നിരുന്ന മാമാങ്കോത്സവം ഏറെ ചരിത്രപ്രസിദ്ധമാണ്. ചമ്രവട്ടത്ത് എത്തുമ്പോൾ പുഴയ്ക്ക് വീതി കൂടും. അവിടെനിന്നും പൊന്നാനിയിലേക്ക്. പിന്നെ ഒഴുകിയൊഴുകി അറബിക്കടലിലേക്ക്.....

എത്ര സുന്ദരമാണ് നിളയുടെ യാത്ര.... എന്നാൽ ആ സൗന്ദര്യം ഇന്ന് പേരാറിനുണ്ടോ? .. കാലവർഷത്തിൽ മാത്രം ജീവന്റെ തുടിപ്പ് ഉണരുകയും വേനലിൽ അതറ്റ് പോവുകയും ചെയ്യുന്ന നീരൊഴുക്കായി മാറി ഇന്ന് ഭാരതപ്പുഴ. നദികളാൽ സമ്പന്നമായ കേരളത്തിൽ മനുഷ്യൻ സ്വാർത്ഥനായപ്പോൾ ഇല്ലാതായത് നാടിന്റെ ഊർജ്ജദായനികളായ ജലാശയങ്ങൾ തന്നെയാണ്.

1954 -ൽ കുറ്റിപ്പുറത്ത് ഭാരതപ്പുഴയ്ക്കു കുറുകെ പാലം പണി തീർന്നപ്പോൾ അതിൽ കയറി നിന്ന് വിസ്മയം പൂണ്ട് കവി ഇടശ്ശേരി ഗോവിന്ദൻ നായർ 'കുറ്റിപ്പുറം പാലം' എന്ന കവിത എഴുതി. എങ്കിലും പാലത്തിനടിയിലൂടെ ഒഴുകുന്ന പേരാറിനെ നോക്കി ഗ്രാമവിശുദ്ധി നഷ്ടമാകുമോ എന്ന ഭീതിയോടെ കവി ഇങ്ങനെ എഴുതി....

കളിയും ചിരിയും കരച്ചിലുമായി

ക്കഴിയും നരനൊരു യന്ത്രമായാൽ

അംബ, പേരാറേ നീ മാറിപ്പോമോ

ആകുലമായൊരഴുക്കു ചാലായി...

ഈ വരികൾ ഇന്ന് യാഥാർത്ഥ്യമായി മാറിക്കൊണ്ടിരിക്കുന്നു. നിള ഇന്ന് വെറുമൊരു അഴുക്കുചാലായിരിക്കുന്നു.

ഭൂമിദേവിയുടെ കണ്ണുനീർ പ്രളയമായി പെയ്തിറങ്ങിയപ്പോൾ നദികൾ സംഹാരമൂർത്തികൾ ആയതിന് നാമേവരും സാക്ഷികളാണ്. 2018 -ൽ കേരളത്തെ കണ്ണുനീരിലാഴ്ത്തിയ മഹാപ്രളയത്തിൽ നിള കരകവിഞ്ഞൊഴുകിയപ്പോൾ കേട്ടത് അവളുടെ ആർത്തനാദം

8th_Malayalam Reader Full Book.indb 56 5/18/2019 4:22:21 PM


കുറ്റിപ്പുറം പാലം

ആയിരുന്നില്ല. എല്ലാം നൽകിയിട്ടും വേദന മാത്രം തിരിച്ചു നൽകിയ മനുഷ്യകുലത്തോടുള്ള ആത്മരോഷമായിരുന്നു.

തീവണ്ടി ഷൊർണൂർ സ്റ്റേഷനിൽ എത്തി. ദൂരെ നേർത്ത ഞരമ്പ് പോലെ നില കാണാമായിരുന്നു. ജീവിതവ്യഗ്രതയിൽ പായുന്ന മനുഷ്യർ തന്റെ മടിത്തട്ടിലേക്ക് എറിഞ്ഞുകളഞ്ഞ മിനറൽ വാട്ടർ കുപ്പി കണ്ട് പരിഹാസത്തോടെ അവൾ ചോദിച്ചു... "എത്ര നാൾ.....?" എന്നെ മലിന മാക്കിയാൽ ഈ ഭൂമി മരിക്കും.. ഭൂമി മരിച്ചാൽ നീ മാത്രമായി അവശേഷിക്കുമോ?


ഇടശ്ശേരി ഗോവിന്ദൻ നായർ


പി.കുഞ്ഞിരാമൻ നായർ


എം. ടി. വാസുദേവൻ നായർ

8th_Malayalam Reader Full Book.indb 57 5/18/2019 4:22:22 PM

അഭ്യാസം

I. പദപരിചയം

ഗിരിശൃംഗം, പൈതൃകം, നൂറ്റാണ്ട്, കമനീയം, മുദ്ര, ഉത്ഭവം, സപ്തസ്വരം, നരൻ, ആകുലം, സംഹാരം, ആർത്തം, നാദം, വ്യഗ്രത, നൂപുരം, ധ്വനി

II. വിഗ്രഹിച്ചെഴുതുക.

നിളാതീരം, ജീവിതവ്യഗ്രത

III. വാക്യത്തിൽ പ്രയോഗിക്കുക.

ലോകപ്രശസ്തം, ചരിത്രപ്രസിദ്ധം, സാക്ഷികളാവുക, അവശേഷിക്കുക

IV. ഉത്തരമെഴുതുക.

1. നിളയുടെ ഉത്ഭവസ്ഥാനം ഏത്?
2. ഭാരതപ്പുഴയുടെ തീരത്തു സ്ഥിതിചെയ്യുന്ന ക്ഷേത്രങ്ങൾ ഏതെല്ലാം?
3. ലേഖനത്തിൽ സൂചിപ്പിച്ചിട്ടുള്ള മലയാളസാഹിത്യകാരന്മാർ ആരെല്ലാം?
4. തിരുനാവായയുടെ പ്രത്യേകത എന്ത്?
5. നിളയുടെ ഭാവിയെക്കുറിച്ച് ആശങ്കയോടെ കവി എഴുതിയ വരികൾ ഏത്? ഇത് ഏത് കവിതയിൽ നിന്നും എടുത്തതാണ്?

V. ഒരു ഖണ്ഡികയിൽ ഉത്തരമെഴുതുക.

1. ചെറുതുരുത്തിയുടെ പ്രത്യേകതകളെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക.
2. മനുഷ്യകുലത്തോടുള്ള നദിയുടെ രോഷത്തെ എങ്ങനെയാണ് ലേഖനത്തിൽ സൂചിപ്പിക്കുന്നത്?

VI. അനുബന്ധ പ്രവർത്തനം.

ചർച്ച: മനുഷ്യന്റെ ഇടപെടലുകൾ മൂലം പരിസ്ഥിതിക്കുണ്ടാവുന്ന ദോഷങ്ങളെ ചർച്ചചെയ്യുക.

പാഠഭാഗത്ത് സൂചിപ്പിച്ചിട്ടുള്ളതിൽ നിങ്ങൾ കണ്ടിട്ടുള്ളതോ, സന്ദർശിച്ചിട്ടുള്ളതോ ആയ സ്ഥലങ്ങളെക്കുറിച്ച് ക്ലാസിൽ ചർച്ചചെയ്യുക.

കുറിപ്പുകൾ

എ. ആർ. രാജരാജവർമ്മ [1863 - 1918]: മലയാളത്തിൻറെ യുഗസംക്രമണപുരുഷനും, സാഹിത്യത്തിലെ ബഹുമുഖ പ്രതിഭയുമായിരുന്നു. കേരളപാണിനി എന്നു വിശേഷിപ്പിക്കപ്പെട്ട എ. ആർ. രാജരാജവർമ്മ മലയാള ഭാഷയുടെ വ്യാകരണം ശാസ്ത്രീയമായി ചിട്ടപ്പെടുത്തിയതിൽ പ്രധാന പങ്കുവഹിച്ചു. പ്രധാന കൃതികൾ: കേരളപാണിനീയം, ഭാഷാഭൂഷണം, വൃത്തമഞ്ജരി, മലയവിലാസം

മലയവിലാസം: മലയാളസാഹിത്യത്തിലെ കാല്പനികകവിതയുടെ ആദ്യഘട്ടമായി കരുതുന്ന കൃതിയാണ് എ. ആർ. രാജരാജവർമ്മയുടെ മലയവിലാസം. മദ്രാസിൽ നിന്നും തിരുവനന്തപുരത്തേക്കുള്ള യാത്രയിൽ കിഴക്കുഭാഗത്ത് കണ്ട സഹ്യപർവത നിരകളുടെ കാഴ്ച കവി മനസ്സിൽ ഉണർത്തിയ വികാരങ്ങളാണ് അദ്ദേഹം മലയവിലാസം എന്ന കവിതയിൽ ആവിഷ്കരിച്ചത്.

8th_Malayalam Reader Full Book.indb 58 5/18/2019 4:22:22 PM

ചെറുകാട്



ചെറുകാട് [1914 - -1976]: വള്ളുവനാട് താലൂക്കിലെ ചെമ്മലശ്ശേരിയിൽ ജനിച്ചു. പത്രപ്രവർത്തകൻ, കഥാകൃത്ത്, അദ്ധ്യാപകൻ, കവി, സാംസ്കാരിക പ്രവർത്തകൻ, പുരോഗമനസാഹിത്യ സംഘടനാ പ്രവർത്തകൻ എന്നീ നിലകളിൽ പ്രശസ്തനായിരുന്നു. ജീവിതപ്പാത (ആത്മകഥ), ചെറുകാടിന്റെ ബാലസാഹിത്യം, ചെറുകാടിന്റെ കവിതകൾ, മുദ്രമോതിരം, മുത്തശ്ശി, ശനിദശ (നോവലുകൾ) ചെറുകാടിന്റെ തുള്ളലുകൾ തുടങ്ങിയവയാണ് പ്രധാനകൃതികൾ.

കേരളസാഹിത്യ അക്കാദമി അവാർഡ്, കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ് എന്നിവ ലഭിച്ചിട്ടുണ്ട്.

കുട്ടികളിൽ ആത്മവിശ്വാസം വളർത്തുവാനും അപകർഷതാബോധം ഇല്ലായ്മ ചെയ്യുവാനും ഉപകരിക്കുന്ന ഒരു ചെറുകഥയാണിത്. ചെറുകാടിന്റെ ബാലസാഹിത്യം എന്ന കൃതിയിൽ നിന്നും എടുത്തതാണ്.

പണ്ടൊരിക്കൽ ഒരാട്ടിടയൻ ഉണ്ടായിരുന്നു. ഒരു കാട്ടരികിലായിരുന്നു അവന്റെ കുടിൽ. നല്ല ചന്തമുള്ള ഒരു ആട്ടിൻകൂട്ടം അവനുണ്ടായിരുന്നു. എല്ലാം വെളുത്ത ചെമ്മരിയാടുകൾ. ആ ആടുകളെ നോക്കി രക്ഷിക്കാൻ അവന് ഒരു നായയും ഉണ്ടായിരുന്നു. നല്ല ബുദ്ധിയുണ്ടായിരുന്ന ആ കപ്പൻ നായ് മേച്ചിൽ പുറത്ത് ആടുകളെ അലഞ്ഞു തിരിഞ്ഞു നടക്കാൻ അനുവദിച്ചിരുന്നില്ല.

ആട്ടിടയൻ വലിയ പണക്കാരൻ ആയിരുന്നില്ല. എങ്കിലും അവനു തന്റെ ആട്ടിൻകൂട്ടത്തെ പറ്റി വലിയ അഭിമാനം ഉണ്ടായിരുന്നു. ആകാശത്തെ മേഘങ്ങൾ എന്ന പോലെ ആ വെളുത്ത ചെമ്മരിയാടുകൾ മേച്ചിൽപുറത്തു മേഞ്ഞുനടന്നു. അവ മധുരമുള്ള പച്ചപ്പുല്ലുകൾ നൊട്ടി നുണഞ്ഞ് തിന്നു. അരുവിയിലെ വെള്ളം കുടിച്ചു ആ കാട്ടരുകിലാകെ തുള്ളിച്ചാടി നടന്നു കൊണ്ടിരുന്നു.

അവൻ വീടിന്റെ അരികിലൊരു ആട്ടിൻകൂട് കെട്ടിയുണ്ടാക്കി. മഞ്ഞും മഴയും ഉള്ള കാലങ്ങളിൽ ആളുകൾക്ക് സുഖമായി കിടക്കാൻ ആ കൂട്ടിൽ ഇടമുണ്ടായിരുന്നു. ആ മലഞ്ചെരുവിലെ മഞ്ഞുകാലം കഠിനമായിരുന്നു. മഞ്ഞുപെയ്യുമ്പോൾ മേയുന്ന ആടുകൾക്ക് അന്യോന്യം കാണാൻ കഴിയുമായിരുന്നില്ല. അക്കാലത്ത് കപ്പൻ നായ് ആടുകളെ കൂട്ടംതെറ്റി പോകാതെ കാത്തു രക്ഷിക്കാൻ കൂടുതൽ ശ്രദ്ധിക്കുമായിരുന്നു.

ആ കൂട്ടത്തിൽ ഒരു കറുത്ത ആട്ടിൻകുട്ടി ഉണ്ടായി. അതിനെ പെറ്റ ഉടനെ തള്ള ചത്തു പോയി. ആട്ടിടയന് ആ തള്ള ഇല്ലാത്ത കുട്ടിയോട് വലിയ വാത്സല്യം തോന്നി. അവൻ ആ കറുപ്പൻ കുട്ടിയെ കുടിലിൽ കൊണ്ടുപോയി പാലു കറന്നു കൊടുത്തു വളർത്തി.

8th_Malayalam Reader Full Book.indb 59 5/18/2019 4:22:22 PM

നീ മാത്രമാണ് എന്റെ കൂട്ടത്തിലെ കറുത്ത കുട്ടി. ആട്ടിടയൻ ആ കറുത്ത ആട്ടിൻകുട്ടിയെ മാറോട് അടുപ്പിച്ച് പിടിച്ചുകൊണ്ട് അവളോട് പറഞ്ഞിരുന്നു. നീയെന്റെ കറുപ്പൻ കുട്ടിയാണ് .

കറുപ്പനും മറ്റ് ആടുകളുടെ കൂടെ ഓടി നടക്കാറായി. ആ വെള്ളാടുകൾക്ക് അവനെ ഒട്ടും പിടിച്ചില്ല. അവ തങ്ങളുടെ വെള്ള കുട്ടികളുടെ കൂടെ കളിക്കാൻ അനുവദിച്ചില്ല. വെള്ളാടുകൾ അവനെ കൂട്ടത്തിൽനിന്ന് കുത്തി ഓടിച്ചു. അവർ പറഞ്ഞു. ഞങ്ങളുടെ കൂട്ടത്തിൽ വേണ്ട ഈ കരിച്ച കുട്ടി. കൂട്ടത്തിൽ കൂട്ടാൻ പാടില്ല.

പാവപ്പെട്ട കറുപ്പനു കരച്ചിൽ വന്നു. അവൻ വെള്ള കുട്ടികളോട് കൂട്ടുകൂടുവാൻ ശ്രമിച്ചു നോക്കി. എന്റെറ നിറം കറുപ്പായി പോയി. ഞാനെന്തുചെയ്യും? ഞാനുമൊരു ആടല്ലേ? അവൻ കൂട്ടുകാരോട് ചോദിച്ചു നോക്കി.

ആ വെള്ള ആടുകൾ അതൊന്നും ശ്രദ്ധിച്ചില്ല. അവ കളികളിൽ നിന്നും തമാശകളിൽ നിന്നും അവനെ പുറംതള്ളി. മധുരപ്പുല്ല് തിന്നാൻ അനുവദിക്കാതെ കുത്തിയോടി. അതുകൊണ്ട് അവൻ ഒഴിഞ്ഞു നിൽക്കേണ്ടി വന്നു.

കറുപ്പൻകുട്ടി ഒറ്റപ്പെട്ടു. വെളുത്ത കുട്ടികൾ ഓടിക്കളിക്കുന്നത് അവൻ അകലെ നിന്ന് കണ്ടു. അവയുടെ കൂടെ ഓടി കളിക്കാനവനു മോഹമുണ്ടായിരുന്നു. തനിയെ ഓടിക്കളിക്കാൻ രസമുണ്ടോ? സന്ധ്യക്ക് ആ ഇടയനും കപ്പൻ നായും കൂടി ആടുകളെ തെളിച്ചു കൊണ്ടു പോകും. കൂട്ടിൽ ആക്കാൻ നോക്കുമ്പോൾ കറുപ്പൻ മാത്രം ഉണ്ടാവില്ല.

കറുപ്പനെവിടെ? ആട്ടിടയൻ ചോദിക്കും.

ഞങ്ങൾ കണ്ടില്ല. ഞങ്ങൾക്ക് അവനെ നോക്കലല്ല പണി. ആ കറുത്ത ഗുളിക എവിടെ പോയാവോ?

ആട്ടിടയൻ ഉടനെ അവന്റെ വിസിലടിക്കും.

കപ്പൻ നായ് കറുപ്പനെ തിരഞ്ഞു പോവുകയായി. കറുപ്പൻ കാട്ടിൽനിന്ന് കരയുക ആവും. കപ്പൻ നായ കണ്ണുരുട്ടി വരുന്നത് കാണുമ്പോൾ അവൻ വിറച്ചു പോകും. ഓടാൻ തുടങ്ങും. കപ്പൻ നായക്കു ദയ ഉണ്ടായിരുന്നു. എന്നിട്ടും കറുപ്പൻ അവനെ പേടിക്കുകയും വെറുക്കുകയും ചെയ്തു.

കറുപ്പാ നീ വരു... നിന്നെ ഞാൻ കൂട്ടിലേക്ക് കൊണ്ടുപോകാം. കപ്പൻ നായ പറയും. കറുപ്പൻ പലവഴിക്കും ഓടിത്തളർന്നു കുടിലിൽ എത്തും. ആട്ടിടയന് ദേഷ്യം വരും. അവൻ പറയും കറുപ്പാ നീ ഒരു തെണ്ടിയാണ്. കൂട്ടത്തിൽ നിൽക്കില്ല. ഒരൊറ്റ ദിവസവും നീ കൂട്ടത്തിൽ ഉണ്ടാവില്ല. എന്നെയും കപ്പൻ നായയെയും ബുദ്ധിമുട്ടിക്കുന്നു.



വെളുത്ത ആടുകൾ തന്നെ കൂട്ടത്തിൽ കൂട്ടുകയില്ലെന്നു കറുപ്പൻ പറയും. പക്ഷേ ദേഷ്യപ്പെട്ട് ആട്ടിടയൻ അതൊന്നും ശ്രദ്ധിക്കുകയില്ല. 'ഞാനെന്തു ചെയ്യും'. കറുപ്പൻ കരഞ്ഞുകൊണ്ട് പറയും. അവരെന്നെ കുത്തിയാട്ടുകയാണ്. ഞാൻ കറുത്തിട്ട് ആണത്രേ. കഷ്ടം ഞാൻ എന്തിനെ കറുത്തത്. മറ്റുള്ളവരെ പോലെ ഞാനും വെളുത്തിട്ട് ആയിരുന്നുവെങ്കിൽ.

കറുപ്പാ നിന്നെക്കൊണ്ട് മടുത്തു.. ആട്ടിടയൻ കണ്ണുരുട്ടിക്കൊണ്ട് പറയും. ഞാൻ വിചാരിച്ചു നീ നല്ല കുട്ടിയാണെന്ന്. പക്ഷേ നീ കുലയിലെ കേടാണ്. നീ നേരെ നടന്നില്ലെങ്കിൽ ഞാൻ അറുക്കാൻ കൊടുക്കും.

8th_Malayalam Reader Full Book.indb 60 5/18/2019 4:22:23 PM



പിറ്റേദിവസം കറുപ്പൻ കൂട്ടത്തിൽ കൂടാൻ ഒരു ശ്രമം നടത്തി. അവൻ വെള്ള മുത്തശ്ശിയുടെ അടുത്തു പറ്റിക്കൂടി. വെള്ള മുത്തശ്ശിയായിരുന്നു തറവാട്ടമ്മ.

വെള്ള മുത്തശ്ശ്യോ. എന്നെയും കൂട്ടത്തിൽ കൂട്ടു. ഞാനൊരു വികൃതിയും കാണിക്കില്ല. എനിക്ക് എന്റെ കറുത്ത നിറം കളയാൻ കഴിയില്ലല്ലോ. ഉവ്വോ? നിങ്ങളും കറുത്തിട്ട് ആയിരുന്നെങ്കിലോ?

'എന്തേ എടാ പറഞ്ഞത്'? വെള്ള മുത്തശ്ശി അലറി.: 'ഞാൻ കറക്കുകയാണത്രെ! അത് പറയാൻ നിനക്ക് നാവു പൊങ്ങിയില്ലൊ? ഓട്.. എന്റെ മുമ്പിൽ കാണരുത്.

ഇത് നോക്കിൻ കുട്ടികളെ.. വെളുത്ത മുത്തശ്ശി വിളിച്ചു പറഞ്ഞു. ഈ കറുത്ത ഗുളിക എന്നെ കളിയാക്കുന്നു. ഇവനെ കുത്തിയാട്ടുവിൻ.. കറുപ്പന് പിന്നെ ഒന്നും പറയാൻ കഴിഞ്ഞില്ല.. ആ വെള്ള ആടുകൾ അവന്റെ നേർക്ക് കുതിച്ചു. അവനെ കുത്തിയാട്ടി. അവൻ കുന്നിൻ പുറത്തു നിന്നു ഉരുണ്ടുരുണ്ട് താഴെ വീണു.

വെള്ള ആടുകൾ കുത്തിയാർത്തു. കുണ്ടിൽ വീണുകിടക്കുന്ന കറുപ്പൻ പതുക്കെ എഴുന്നേറ്റ് അവരെ നോക്കി. അല്ലാതെ അവനെന്തു ചെയ്യും?

8th_Malayalam Reader Full Book.indb 61 5/18/2019 4:22:24 PM

യജമാനന്റെ ഇഷ്ടത്തിനു ആ വെളുത്ത ആടുകളുടെ കൂട്ടത്തിൽ കൂടാൻ അവൻ ശ്രമിച്ചു നോക്കി. ഇനിയും ശ്രമിച്ചിട്ട് കാര്യമില്ല. അവൻ കറുത്ത ജാതിയാണ്. അവന് ഒരു തുണക്കാരുമില്ല.

ആ കുന്നിന്റെ അടിവാരത്തിൽ ഒരു അരുവി ഒഴുകിക്കൊണ്ടിരുന്നു. കറുപ്പൻ അവിടെ ചെന്നു കിടന്നു. അകലെ കുന്നിന്റെ നിരപ്പിൽ വെളുത്ത ആട്ടിൻകുട്ടികൾ കൂട്ടം കൂടി നിന്നു തിമിർക്കുന്നത് അവൻ കണ്ടു. ആ വെളുത്ത കുട്ടികൾ ഓടിച്ചാടി നൃത്തം വെച്ച് കളിക്കുകയാണ്. അവർക്ക് ഇപ്പോൾ നല്ല സന്തോഷമായിരിക്കുന്നു. കറുത്ത ഗുളിക അവരുടെ കൂടെ ഇല്ലല്ലോ. കറുപ്പന്റെ കണ്ണു നിറഞ്ഞു.

പാവപ്പെട്ട കറുപ്പൻ നെടുവീർപ്പിട്ടുകൊണ്ട് എഴുന്നേറ്റു. അവൻ ആ കൊച്ചരുവി നോക്കിക്കാണാൻ തീർച്ചയാക്കി. നല്ല തെളിഞ്ഞ വെള്ളം. ആ കൊച്ചു തോടിന് അരികെ ഒരു മതിലുണ്ട്. അക്കരെ കടന്നാൽ പിന്നെയും ഇടതൂർന്ന കാടാണ്. കറുപ്പൻ തോട്ടുവക്കത്ത് കിടന്ന് ആലോചിച്ചു. വല്ലാത്തൊരു കാട്. ഇതോടെ ഈ തോടിന് അക്കരെയും കാടുണ്ട്. അവിടെയും ആട്ടിൻ കൂട്ടം മേഞ്ഞുനടക്കുന്നുണ്ടാവും. ആ ആടുകൾ എന്നെ പോലെ കറുത്തിട്ട് ആവും. അവ എന്നെപ്പോലെ പാപികൾ ആവില്ല.

പെട്ടെന്ന് കാട്ടിൽ നിന്ന് ഒരു കറുത്ത കാക്ക പറന്നുവന്ന് മതിലിന്മേൽ ഇരുന്നു. ആ കാക്ക അതിന്റെ കൊക്ക് ഉരച്ച് മൂർച്ച കൂട്ടുകയായിരുന്നു.

ആട്ടിൻകുട്ടി എന്തിനാ കരയുന്നത്? കാക്ക ചോദിച്ചു. എത്ര നല്ല ഒരു ലോകമാണിത്? എന്നിട്ടും കരയുകയോ?

എനിക്ക് മാത്രം നല്ലതല്ല. കറുപ്പൻ കരഞ്ഞു പറഞ്ഞു. കറുപ്പൻ കാക്കയെ നോക്കി. കാക്കയും കറുത്തിട്ടാണ്. തന്നോട് ദയയോടെ സംസാരിക്കുന്നു. തന്നെപ്പോലെ കറുത്തവർ വേറെയും ഉണ്ടെന്ന് കറുപ്പനൊരു സമാധാനമായി. അവനവന്റെ കഥകളൊക്കെ കാക്കയോട് പറഞ്ഞു.

കാക്ക ആ കഥ സശ്രദ്ധം കേട്ടു. നോക്കൂ എന്റെ കറുത്തു മിന്നുന്ന തൂവലുകൾ. കാക്ക തുടർന്നു. വെളുപ്പ് കൊണ്ട് വമ്പു നടിക്കുന്നവർ കൂട്ടത്തിൽ കൂടുതൽ എന്ന് വിചാരിച്ചു നീ എന്തിനു കരയുന്നു? കറുപ്പു നല്ല നിറമാണെന്ന് നിനക്കറിഞ്ഞു കൂടേ. എന്റെ തൂവലുകൾ കണ്ടില്ലേ. ഈ തൂവലുകൾക്ക് പകരം സ്വർണ തൂവലുകൾ തരാമെന്ന് പറഞ്ഞാലും ഞാൻ മാറ്റി വാങ്ങില്ല. ആ വെള്ള ആടുകൾക്ക് കറുത്ത നിറം ഇല്ലെന്നു വിചാരിച്ചു നിന്നോടുള്ള അസൂയയാണ് ഇതൊക്കെ.

കറുപ്പന് അല്പം സമാധാനമായി. അവനെ ആശ്വസിപ്പിക്കാൻ ഒരാളെങ്കിലും ഉണ്ടായല്ലോ. അവന്റെ കണ്ണുനീർ മാഞ്ഞു മറഞ്ഞു. അവൻ തല ഉയർത്തിപ്പിടിച്ചു.

അതൊന്നും വിചാരിച്ച് സങ്കടപ്പെടേണ്ട. കാക്ക വീണ്ടും പറഞ്ഞു. ഞാൻ പറയുന്നത് കേൾക്കൂ.. ഈലോകം സൗന്ദര്യക്കടലാണ്.

“പറയൂ. അത്രയ്ക്ക് ചന്തം ഉണ്ടോ?” അവൻ തുടർന്നു പറഞ്ഞു. ഞാൻ ഈ കുന്നിൻപുറം അല്ലാതെ മറ്റൊന്നും കണ്ടിട്ടില്ല.

കാക്ക അത്ഭുതത്തോടെ ചിറകടിച്ചു ചിരിച്ചു.. പ്രിയപ്പെട്ട കുട്ടി, നീ ജീവിക്കാൻ തുടങ്ങിയിട്ട് തന്നെയില്ല. എന്റെ ഈ കാട്ടിൽ തന്നെ അത്ഭുതകരങ്ങളായ ആയിരമായിരം കാഴ്ചകൾ കാണാനുണ്ട്.

ചന്തമുള്ള പക്ഷികളെപ്പറ്റിയും മൃഗങ്ങളെപ്പറ്റിയും മറ്റും കാക്ക കഥകൾ പറഞ്ഞുകൊടുത്തു. കാടിന്റെ മുക്കുകളെ പറ്റിയും മൂലകളെ പറ്റിയും അവന് വിവരിച്ചുകൊടുത്തു. കറുപ്പൻകുട്ടി അതൊക്കെ ശ്രദ്ധിച്ചുകേട്ടു. അവൻ അത്ഭുതപ്പെട്ടു. അവനു മറ്റൊരു ദിവസവും അത്രയേറെ സന്തോഷം ഉണ്ടായിട്ടില്ല.

8th_Malayalam Reader Full Book.indb 62 5/18/2019 4:22:24 PM

എല്ലാറ്റിനും പുറമേ.. കാക്ക അവസാനിപ്പിച്ചു. എന്റെ കാട്ടിൽ എല്ലാവരും സ്വതന്ത്രരാണ്.

അവിടെ കപ്പൻ നായ്ക്കളില്ലേ ? കറുപ്പൻ ഉറക്കെ കുരയ്ക്കുന്ന കപ്പൻ നായയെ ഓർത്തുകൊണ്ട് ചോദിച്ചു.

ഇല്ല. കാക്ക ചിറകടിച്ചു ചിരിച്ചുകൊണ്ട് പറഞ്ഞു. നിന്നെ ഒരു കപ്പൻ നായയും തടയുകയില്ല. എന്റെ കാട് ലോകത്തിൽ വച്ച് സ്വാതന്ത്ര്യം തികഞ്ഞതാണ്.

കറുപ്പൻ അൽഭുതപ്പെട്ടു നിന്നു.

'ശരി, എനിക്ക് ചായ കഴിക്കാനുള്ള സമയം ആയി. ഞാൻ പോവുകയാണ്. പ്രിയപ്പെട്ട കറുപ്പൻകുട്ടി ഞാൻ പോയി വരട്ടെ'. കാക്ക പറഞ്ഞു. കറുപ്പൻ കുട്ടി കാക്കയെ പിരിയുവാൻ ഇഷ്ടപ്പെട്ടില്ല. എന്നാലങ്ങനെ നീ ഇനിയും വരണം. നിന്റെ കാടിനെ പറ്റി ഇനിയും പറഞ്ഞുതരണം. കറുപ്പൻകുട്ടി പറഞ്ഞു.

"എന്റെ കറുത്ത തൂവലുകളിൽ ഞാൻ അഭിമാനംകൊള്ളുന്നു. കാക്ക തുടർന്നു. നീയും നിന്റെ കറുത്ത നിറത്തിൽ അഭിമാനം കൊള്ളുക. ഞാൻ ഇനിയും വരാം. നൂറായിരം കഥകളി നിയും പറയാനുണ്ട്. ആ 'ചെലച്ച' വെള്ള ആടുകളെ പറ്റി നീ വിചാരപ്പെടേണ്ട. വിശാലമായ ആകാശത്തിലേക്ക് ഉയർത്തി പിടിച്ച മൂക്കുമായി അഭിമാനത്തോടെ നടക്കുക. എന്റെ കറുത്ത തൂവലുകളെ പ്പോലെ ചന്തം ഉള്ളതാണ് നിന്റെ കറുത്ത കോട്ടും".

കാക്ക ചിറകടിച്ചു കൊണ്ടു അവന്റെ കാട്ടിലേക്ക് പറന്നുയർന്നു മറഞ്ഞു. കറുപ്പൻകുട്ടി കണ്ണിൽനിന്ന് മറയുംവരെ അവന്റെ ആ ചങ്ങാതിയെ നോക്കിനിന്നു.

8th_Malayalam Reader Full Book.indb 63 5/18/2019 4:22:24 PM

വ്യാകരണം

വിശേഷണം (ഭേദകം)

ഒരു നാമത്തെയോ ഒരു ക്രിയയെയോ വിശേഷിപ്പിക്കുന്ന പദം വിശേഷണം..

ഉദാഹരണം: ചുവന്ന പൂവ്

വേഗത്തിൽ ഓടി

വിശേഷണത്തെ 3 ആയി തരംതിരിക്കാം

1. നാമവിശേഷണം: നാമത്തെ വിശേഷിപ്പിക്കുന്ന പദം നാമവിശേഷണം.

   ഉദാഹരണം: മിടുക്കനായ കുട്ടി, കറുത്ത പശു.

2. ക്രിയാവിശേഷണം: ക്രിയയെ വിശേഷിപ്പിക്കുന്ന പദം ക്രിയാവിശേഷണം.

   ഉദാഹരണം: ഉറക്കെ കരഞ്ഞു, പതുക്കെ നടന്നു.

3. വിശേഷണവിശേഷണം (ഭേദകവിശേഷണം) : വിശേഷണത്തെ വിശേഷിപ്പിക്കുന്ന പദം ഭേദകവിശേഷണം. ഉദാഹരണം: വെളുത്തു മെലിഞ്ഞ പെൺകുട്ടി, വളരെ വേഗത്തിൽ ഓടി.

രചന

നിങ്ങളുടെ നാട്ടിലെ ഒരു ഉത്സവാഘോഷത്തെ കുറിച്ച് ഒരു ഉപന്യാസം തയ്യാറാക്കുക.

8th_Malayalam Reader Full Book.indb 64 5/18/2019 4:22:24 PM

ഭാഗം 5 പ്രകൃതിയുടെ സാന്ത്വനം



പഠനലക്ഷ്യങ്ങൾ

- പരിസ്ഥിതി വിനാശത്തിന്റെ ദുരന്തഫലങ്ങളെ മനസ്സിലാക്കൽ.
- കേരളീയപ്രകൃതിയുടെ ചാരുതകളും ഗ്രാമീണജീവിതത്തിന്റെ അനുഭവ വൈവിധ്യങ്ങളും തിരിച്ചറിയൽ.
- ജീവജാലങ്ങളുടെ ആവാസവ്യവസ്ഥയെയും പ്രതിസന്ധികളെയും തിരിച്ചറിയൽ.

പാഠഭാഗങ്ങൾ

കവിത	:	ഒരു മരം വെട്ടുന്നേരം	- കെ. അയ്യപ്പപണിക്കർ
ഗദ്യം	:	കണ്ണാന്തളിപ്പൂക്കളുടെ കാലം	- എം. ടി .വാസുദേവൻ നായർ.
ഉപപാഠം	:	ലോകാവസാനം (കഥ)	- വി. എസ്. അനിൽകുമാർ.

കവിത

ഒരു മരം വെട്ടുന്നേരം

കെ അയ്യപ്പപ്പണിക്കർ



കെ അയ്യപ്പപ്പണിക്കർ [1930 - 2006]: ആധുനികതയെ മലയാള സാഹിത്യലോകത്തിനു പരിചയപ്പെടുത്തിയ കവിയാണ് അയ്യപ്പപ്പണിക്കർ. അധ്യാപകൻ, വിമർശകൻ, ഭഷാപണ്ഡിതൻ എന്നീ നിലകളിൽ പ്രശസ്തൻ. പ്രധാനകൃതികൾ-കുരുക്ഷേത്രം, കുടുംബപുരാണം, മൃത്യു പൂജ, ഹേ ഗഗാറിൻ, കേരള സാഹിത്യ അക്കാദമി അവാർഡ്, സമസ്ത കേരള സാഹിത്യ പരിഷത്ത് അവാർഡ്, മഹാകവി ഉള്ളൂർ പുരസ്കാരം, ആശാൻ പ്രൈസ് തുടങ്ങിയ പുരസ്ക്കാരങ്ങൾ നേടിയിട്ടുണ്ട്.

മരം വെട്ടുമ്പോൾ, അത് പ്രകൃതിയെയും ജീവനെയും എങ്ങനെ ബാധിക്കുന്നു എന്ന ചിന്തയിൽ നിന്നും ഉണ്ടായ ഈ കവിത അയ്യപ്പപ്പണിക്കരുടെ തെരഞ്ഞെടുത്ത കവിതയിൽ എന്ന സമാഹാരത്തിൽ നിന്നും എടുത്തതാണ്.

ഒരു മരം വെട്ടുന്നേരം
മരുഭൂമി ജനിക്കുന്നു
ഒരു മരം വെട്ടുന്നേരം
കൃഷിഭൂമി മരിക്കുന്നു
ഒരു മരം വെട്ടുന്നേരം
കുലപർവതമുലയുന്നു
ഒരു മരം വെട്ടുന്നേരം
മഴമുകിലുകൾ മറയുന്നു
ഒരു മരം വെട്ടുന്നേരം
കരകടലുകൾ കരിയുന്നു
ഒരു മരം വെട്ടുന്നേരം
വനതടിനികൾ വരളുന്നു

8th_Malayalam Reader Full Book.indb 66 5/18/2019 4:22:25 PM



ഒരു മരം വെട്ടുന്നേരം
മദയാനകൾ ഞെട്ടുന്നു
ഒരു മരം വെട്ടുന്നേരം
മയിലാട്ടം നിൽക്കുന്നു
ഒരു മരം വെട്ടുന്നേരം
കിളിപ്പാട്ടു നിലയ്ക്കുന്നു
ഒരു മരം വെട്ടുന്നേരം
തിണയേഴും കുഴയുന്നു
പാല ചെന്നു മരുതം കേറി
മരുതമോ കുറിഞ്ഞിയായി
കുറിഞ്ഞി ചെന്നു മുല്ലെ മാറ്റി
മുല്ലെ നെയ്തലായി മാറി.
ഒരു മരം വെട്ടുന്നേരം
ഒരു വംശം വേർപൊട്ടുന്നു

8th_Malayalam Reader Full Book.indb 67 5/18/2019 4:22:26 PM



സർവംസഹയെന്നാലും
സഹ്യാദ്രിമാതുഴറുന്നു.
ഒരു മരം വെട്ടുന്നേരം
ഋതുവാറും കുഴയുന്നു
വസന്തമെയ്തു ഗ്രീഷ്മം ചത്തു
ഗ്രീഷ്മമെയ്തു വർഷം ചത്തു
വർഷമെത്തി ശിശിരം കൊന്നു
ശിശിരമേറ്റു ശരത്തു വീണു
ഒരു മരം വെട്ടുന്നേരം
മരുഭൂമി ജനിക്കുന്നു
പിതൃഭൂമി മരിക്കുന്നു.

8th_Malayalam Reader Full Book.indb 68 5/18/2019 4:22:29 PM

അഭ്യാസം

I. പദപരിചയം

സർവംസഹ, സഹ്യാദ്രി, ഋതു, മുകിൽ, വർഷം, ശിശിരം, വസന്തം, ഗ്രീഷ്മം

II. പര്യായപദങ്ങൾ

1. മരം
2. ആന
3. മയിൽ

III. ഉത്തരം കണ്ടെത്തുക

1. ഒരു മരം വെട്ടുമ്പോൾ എന്ന കവിത എഴുതിയതാര്?
2. അയ്യപ്പപ്പണിക്കരുടെ കവിതകളുടെ പ്രത്യേകത എന്ത്?
3. കവിതയിൽ പരാമർശിക്കുന്ന ഋതുക്കൾ ഏതെല്ലാം?
4. കവിതയിൽ സൂചിപ്പിക്കുന്ന ഐന്തിണകൾ ഏതെല്ലാം?

IV. അനുബന്ധപ്രവർത്തനം

1. മരം വെട്ടുമ്പോൾ പ്രകൃതിയിൽ ഉണ്ടാകുന്ന മാറ്റങ്ങളെക്കുറിച്ച് ഒരു ഉപന്യാസം തയ്യാറാക്കുക?
2. ഒ.എൻ.വി യുടെ 'ഒരു തൈ നടുമ്പോൾ' എന്ന കവിതാ ഭാഗം വായിച്ച് ഈ കവിതയുമായുള്ള ബന്ധം ചർച്ച ചെയ്യുക

8th_Malayalam Reader Full Book.indb 69 5/18/2019 4:22:29 PM

കണ്ണാന്തളിപ്പൂക്കളുടെ കാലം

- എം.ടി.വാസുദേവൻ നായർ



എം.ടി.വാസുദേവൻ നായർ [1933 -]: നോവലിസ്റ്റ്, ചെറുകഥാകൃത്ത്, തിരക്കഥാകൃത്ത്, ചലച്ചിത്ര സംവിധായകൻ എന്നീ നിലകളിൽ പ്രശസ്തനായ എം.ടി വാസുദേവൻ നായർ കൂടല്ലൂരിൽ ജനിച്ചു. മലയാള സാഹിത്യത്തിലും ചലച്ചിത്ര രംഗത്തും വ്യക്തിമുദ്ര പതിപ്പിച്ച ഇദ്ദേഹം എം.ടി എന്ന തൂലികാ നാമത്തിൽ അറിയപ്പെടുന്നു. അധ്യാപകൻ, പത്രാധിപർ എന്നീ നിലയിലും പ്രവർത്തിച്ച എം.ടി ജ്ഞാനപീഠം, പത്മഭൂഷൻ, സാഹിത്യ അക്കാദമി അവാർഡ്, വയലാർ അവാർഡ് എന്നീ പുരസ്ക്കാരങ്ങൾ നേടിയിട്ടുണ്ട്.മാതൃഭൂമി പത്രാധിപർ, കേരള സാഹിത്യ അക്കാദമി അധ്യക്ഷൻ എന്നീ സ്ഥാനങ്ങൾ വഹിച്ചിട്ടുണ്ട്. നിളയുടെ കഥാകാരൻ എന്നും അറിയപ്പെടുന്നു

പ്രധാനകൃതികൾ-മഞ്ഞ്, കാലം, നാലുകെട്ട്, അസുരവിത്ത്, രണ്ടാമൂഴം, ഇരുട്ടിന്റെ ആത്മാവ്, വാനപ്രസ്ഥം, കുട്ട്യേട്ടത്തി, ഓപ്പോൾ. തന്റെ ബാല്യകാലസ്മരണകളെ പശ്ചാത്തലമാക്കി, എം.ടി എഴുതിയ ഈ ലേഖനം 'കണ്ണാന്തളിപ്പൂക്കുകളുടെ കാലം' എന്ന സമാഹാരത്തിൽ നിന്നെടുത്തതാണ്.

തെക്കരോടു മൽസരിക്കാൻ ഞങ്ങൾക്കാവില്ല.തെക്കരെന്നു വെച്ചാൽ വന്നേരിക്കാർ, അച്ഛന്റെ വീട്ടുകാർ. അവരുടെ ഓണം ഞങ്ങളേക്കാൾ വളരെ കേമമാണ്. കൊയ്യാൻ വൈകിയാലും പ്രശ്നമില്ല. അവിടത്തെ പത്തായങ്ങളിൽ എന്നും നെല്ലുണ്ടാവും. കൊയ്ത്തു നടക്കുമ്പോൾ പാടത്തുവെച്ചുതന്നെ വണ്ടിക്കാർക്കു നെല്ലു വിൽക്കും.

അവിടെ ഒന്നാം പത്തുദിവസത്തെ ആഘോഷമാണ്.പാണരുടെ സംഘം പകൽ വന്നു മുറ്റത്ത് പാട്ടും കളിയും നടത്തും.മാതേവരെപ്പറ്റിയുള്ള ആചാരപ്പാട്ടുകൾക്കു പുറമെ പ്രചാരമുള്ള പാട്ടുകളും അവർ പാടിയിരുന്നുവത്രേ.

പക്ഷേ പൂക്കളുടെ കാര്യത്തിൽ അവർക്ക് ഞങ്ങളുടെ ആഭിജാത്യമില്ല.വേലിപ്പടർപ്പിലെ പൂക്കളൊക്കെ അവർ കളമിടാൻ ഉപയോഗിച്ചു. ഞങ്ങൾക്കുള്ള സൗഭാഗ്യം, കുന്നിൻ ചെരുവിലെ സമൃദ്ധമായ കണ്ണന്തളിപ്പൂക്കൾ അവർക്കൊരിക്കലും കിട്ടില്ലല്ലോ.

പാണരുടെ പാട്ട് ഞങ്ങൾക്കുമുണ്ടായിരുന്നു. പക്ഷെ ഉണ്ണിപ്പെരയനും പാട്ടിയും വീടു വീടാന്തരം നടന്നു പാടി രാവേറെ ചെല്ലുമ്പോൾ ഞങ്ങളുടെ വീട്ടുമുറ്റത്തും എത്തും.അപ്പോഴേക്കും ഉണ്ണിപ്പെരയന്റെ തൊണ്ടയടച്ചിരിക്കും .ആചാരം മുടക്കാതിരിക്കാൻ ഉണ്ണിപ്പെരയൻ പ്രയാസപ്പെട്ടു പാടുന്നതു കേൾക്കുമ്പോൾ പ്രയാസം തോന്നും.നൂറു വീടുകൾ കഴിഞ്ഞെത്തിയാലും ഞങ്ങളുടെ പാട്ടിയുടെ തൊണ്ടക്ക് പതറിച്ച ഇല്ല എന്നതായിരുന്നു ആശ്വാസം.

വടക്കേപാടത്തെ നെല്ല് പാലുറയ്ക്കാൻ തുടങ്ങുമ്പോൾ താന്നിക്കുന്നു തൊട്ട് പറക്കുളം മേച്ചിൽപ്പുറം വരെ കണ്ണാന്തളിച്ചെടികൾ തഴച്ചുവളർന്നു കഴിയും.ഇളം റോസ് നിറത്തി

8th_Malayalam Reader Full Book.indb 70 5/18/2019 4:22:29 PM



ലുള്ള പൂക്കൾ തലകൊട്ടിത്തുടങ്ങും.ആ പൂക്കളുടെ നിറവും ഗന്ധവും തന്നെയായിരുന്നു പുന്നെല്ലരിയുടെ ചോറിനും, പൂക്കളുടെയും ചോറിന്റെയും സമൃദ്ധിക്കുവേണ്ടിയുള്ള കാത്തിരിപ്പിന്റെ മാസമാണ് ഞങ്ങൾക്കു കർക്കിടകം.

വന്നേരിക്കാരെപ്പോലെ ഞങ്ങൾ പണ്ടെപ്പോഴാ ആശാരി ഉണ്ടാക്കിവച്ച മാതേവരെ കുളിപ്പിച്ചു പുറത്തെടുക്കാറില്ല.മണ്ണുകൊണ്ടാവണം മാതേവരെന്നു കുട്ടമ്മാവൻ ശാസ്ത്രം പറയും. മാതേവരെ മണ്ണുകൊണ്ടു മെനഞ്ഞെടുക്കുന്നതും കുട്ടമ്മാവൻ തന്നെയാണ്.

തുമ്പപ്പൂവ് ധാരാളമുണ്ട്. പക്ഷേ ഒരുപാട് പെറുക്കിയാലും ഒരു ചെറിയ പൂവട്ടിയേ നിറയൂ. അപ്പോൾ കണ്ണാന്തളി കൊണ്ടുള്ള ചിത്രപ്പണികൾക്കു നടുവിൽ വെള്ളപ്പൊട്ടുകൾ തീർക്കാൻ അതു നിരത്തുന്നു. ചുറ്റും കോളാമ്പിപ്പൂവും കുങ്കുമപ്പൂവും ഇടുന്നവർ മോശക്കാർ,

സമയം തെറ്റാതെ കുന്നിൻ ചെരുവിൽ കണ്ണാന്തളിപ്പൂക്കൾ വിടർന്നുകൊള്ളും. പക്ഷേ വടക്കേ പാടത്തോ തോണിക്കടവിലോ രണ്ടു കണ്ടമെങ്കിലും കൊയ്യാറാവുമോ? എല്ലാ വർഷവും ഈ ഉൽക്കണ്ഠയുണ്ട്. പുന്നെല്ലരിയുടെ ചോറ് സ്വപ്നം കണ്ടുകൊണ്ട് വയൽവരമ്പിൽ നിന്ന കതിരുവച്ച് ഞങ്ങൾ കുട്ടികളും മനസ്സിൽ കണക്കു കൂട്ടിയിരുന്നു. ചെമ്പൻ, ചീര, തവളക്കണ്ണൻ-ഓരോ വിത്തിന്റെയും മൂപ്പിനെപ്പറ്റി ഞങ്ങൾക്കും അറിയാമായിരുന്നു.

അമ്മയും കുട്ടമ്മാവനും ശരിവച്ചാൽ കൂടി കൊയ്ത്തിൽ കൃഷിപ്പണിക്കാരൻ സമ്മതിച്ചുവെന്ന് വരില്ല. ഒരാഴ്ച്ചകൂടി വിളയട്ടെ എന്ന് അയ്യപ്പൻ വിധിച്ചാൽ ആർക്കും എതിരു പറയാനാവില്ല.

അടയ്ക്കയുടെ വിലയിലെ ഏറ്റക്കുറച്ചിലുകളെപ്പറ്റിയും ഞങ്ങൾ കുട്ടികൾക്കറിയാമായിരുന്നു. ഓണത്തിനു തൊട്ടുമുമ്പുള്ള പാലത്തറച്ചന്തയിൽ നിന്നും സമൃദ്ധമായി 'കോളു' കൊണ്ടു വരണമെങ്കിൽ ചാലിശ്ശേരിയിൽ അടയ്ക്ക വിറ്റു വരുമ്പോൾ നൂറിന്റെ നോട്ടുണ്ടാവണം. 43 ലെ കൊടുങ്കാറ്റിനും വെള്ളപ്പൊക്കത്തിനും ശേഷം ഇടയ്ക്കിടെ മാഹാളി

8th_Malayalam Reader Full Book.indb 71 5/18/2019 4:22:30 PM

കമുങ്ങിൻ തോട്ടങ്ങളെ ആക്രമിച്ചിരുന്നു. ഓണക്കാലത്ത് പുന്നയൂർക്കുളത്തേയ്ക്കു ഞങ്ങളെ ക്ഷണിക്കാറുണ്ട്. പോവാറില്ല. ഓണം തറവാട്ടിലാവണം. അവിടെ വിരുന്നു പാർക്കാൻ ഒരിക്കൽ അനുവാദം കിട്ടിയത് വേനലവധിക്കായിരുന്നു.

അച്ഛൻ സിലോണിലാണ്. കുട്ടമ്മാവൻ എസ്റ്റേറ്റിലും. ഭരണം നടത്തിയിരുന്നത് അവർക്കിടയിലുള്ള ചെറിയമ്മാവനാണ്. അവസാന നിയന്ത്രണം കണ്ണിനു കാഴ്ച്ചയില്ലാതെ പത്തായപ്പുരയുടെ താഴത്തെ മുറിയിൽ വലിയ താക്കോൽ കൂട്ടം തലയണയ്ക്കിടയിൽ വെച്ചു കിടക്കുന്ന അച്ഛമ്മയ്ക്കാണെന്നും എല്ലാവർക്കുമറിയാം.

തൊട്ടടുത്ത മുറിയിലാണ് ചെറിയമ്മാമ. അതിലാണ് ആധാരക്കെട്ടുകൾ.തെങ്ങുകയറ്റത്തിന്റെ പുസ്തകങ്ങൾ, മറ്റനേകം കടലാസുകൾ. അദ്ദേഹം കുറച്ചകലെയുള്ള ഒരു എയ്ഡഡ് മാപ്പിള സ്കൂളിലെ അധ്യാപകനായിരുന്നു. സ്കൂളിൽ പഠിപ്പിക്കൽ കഴിഞ്ഞാൽ കൃഷിസ്ഥലങ്ങളിലും തെങ്ങിൻപറമ്പുകളിലുമൊക്കെ പോയി വളരെ വൈകിയിട്ടേ തിരിച്ചെത്തൂ. വെളുത്തുമെലിഞ്ഞ് അൽപ്പം കഷണ്ടിയുള്ള ശരീരം. കാൽക്കീഴിലേക്കു മുഖം കുനിച്ചു നോക്കിക്കൊണ്ടു ധൃതിയിൽ നടക്കുമ്പോൾ ടയറിന്റെ വള്ളിച്ചെരുപ്പ് ഒരു താളക്രമത്തിൽ ശബ്ദിക്കും. ചെവി പതുക്കെയായ ചെറിയമ്മാമ എങ്ങനെയാണു ക്ലാസെടുക്കുന്നത്?

ആ അവധിക്കാലത്ത് അവിടെ ചെറിയമ്മാമയുടെ മക്കൾ ശാരദയും സരോജിനിയും തങ്കവും വന്നിരുന്നു. ഞങ്ങൾ വന്നതറിഞ്ഞ് കുട്ടമാമയുടെ മക്കൾ പ്രഭയും വിജയനും വരും. ചെറിയകുട്ടികൾ ഇടയ്ക്ക് വന്നു പോകും. അമ്മായിമാർ ആരും അവിടെവന്നു താമസിക്കാറില്ല. എന്നെ ഒക്കത്തുവച്ചുനടന്നിരുന്ന കാലത്ത് അമ്മ ഒരു ധാരയ്ക്കും പിഴിച്ചിലിനുമായി അവിടെ താമസിച്ചിരുന്നു എന്നും കേട്ടിട്ടുണ്ട്. പിന്നെ വന്നിട്ടില്ല.

വീട്ടിലുള്ളപ്പോൾ ചെറിയമ്മാമ മുറിയുടെ വാതിലടച്ചിരിക്കും. കുങ്കുമത്തറയിൽ നിന്നു ഞങ്ങൾ എത്തിനോക്കിയിട്ടുണ്ട്. മുറിയിൽ ഒറ്റക്കട്ടിലിനു പുറമെ ഒരു മേശയും കസേരയുമുണ്ട്. എപ്പോഴും ചെറിയമ്മാമ കണക്കുകൂട്ടുകയോ എന്തെങ്കിലും എഴുതിയുണ്ടാക്കുകയോ ആവും.ചെറിയമ്മാമയുടെ മക്കളും ആ മുറിയിൽ ചെല്ലാറില്ല.

ഉച്ചത്തിൽ ചെറിയമ്മാമ സംസാരിക്കുന്നത് ആരും കേട്ടിട്ടില്ല. അച്ഛമ്മയുടെ മുറിയിൽ ചെന്ന് എന്തൊക്കെയോ പറയാറുണ്ട്. അച്ഛമ്മയും പതുക്കെയാണ് സംസാരിക്കുന്നത്. കേൾവി കുറവായ ചെറിയമ്മാമയ്ക്ക് എങ്ങിനെയാണ് അച്ഛമ്മയുടെ നിർദ്ദേശങ്ങൾ മനസ്സിലാവുന്നത്?

പക്ഷേ അകത്തെ പെങ്ങന്മാർക്കും മരുമക്കൾക്കുമെല്ലാം ചെറിയമ്മാമയെ ഭയമായിരുന്നു. എത്തിച്ചേർന്ന ദിവസം യദൃച്ഛയാ ഞാൻ മുന്നിൽ എത്തിയപ്പോൾ ഒന്നു ചിരിച്ചു. കൂടുതലൊന്നുമില്ല.

രാവിലെ കഞ്ഞികുടി കഴിഞ്ഞ് ഇറങ്ങുന്ന ചെറിയമ്മാമ സ്കൂളില്ലാത്ത ദിവസങ്ങളിലും എത്തുന്നത് ഇരുട്ടിയാണ്. പകൽ അയൽവക്കങ്ങളിലെ ചില കുട്ടികൾകൂടി ഞങ്ങളോടൊപ്പം ചേരും. പുറംപറമ്പിൽ ഇഷ്ടം പോലെ കളിച്ചു നടക്കാം. അയനിപ്ലാവിന്റെ ചുവട്ടിൽ നിന്നു കുരു പെറുക്കാം.ചുട്ടു തിന്നാം. കശുമാങ്ങ തല്ലിക്കൊഴിക്കാം.

മുമ്പാരോ താമസിച്ചിരുന്ന ഒരൊഴിഞ്ഞ വീട് തെക്കേ പറമ്പിലുണ്ട്.അവിടെ കൊത്തംകല്ലും തായവും കളിക്കാം. പകലത്തെ അദ്ധ്വാനം കഴിഞ്ഞു എലിയങ്ങാട്ടെ ചിറയിൽ പോയി കുളിച്ചുവന്നാൽ അച്ഛമ്മയെ ബോധിപ്പിക്കാൻ കുറച്ചുനേരം നാമം ജപിക്കണം. കുട്ടിക

8th_Malayalam Reader Full Book.indb 72 5/18/2019 4:22:30 PM



ളുടെ നാമം ചൊല്ലൽ കഴിഞ്ഞാൽ അച്ഛമ്മയുടെ ആഹാരം മുറയിലേക്കു കൊണ്ടുപോകണമെന്നാണു നിയമം.

പിന്നെ ഞങ്ങൾ പൂമുഖ കോലായിൽ തളർന്നിരിക്കും.ചെറിയമ്മാമ വരുന്നുണ്ടോ എന്നാണു നോട്ടം. എന്നും രാത്രിയിൽ സ്വന്തം മക്കളടക്കം ഞങ്ങൾകുട്ടികളെല്ലാം ചെറിയമ്മാമയെ പ്രാകിയിരുന്നു എന്നതാണു സത്യം. ചെരുപ്പിന്റെ ശബ്ദം കേൾക്കുന്നുണ്ടോ?

"വർണു വർണു"

ഓ, ചെരുപ്പിന്റെ ശബ്ദം അടുത്തടുത്തു വന്നു മുറ്റത്തേയ്ക്ക്. പുറത്തെ വരാന്തയിലെ പാനീസ് വിളക്കെടുത്ത് വാതിൽ തുറന്ന് ചെറിയമ്മാമ അകത്തു കടന്ന് വാതിലടയ്ക്കുന്നു. ഞങ്ങൾക്കറിയാം, പിന്നെയും കടലാസുകൾ തിരിച്ചും മറിച്ചും നോക്കി കുറേ നേരം ഇരിക്കും.

"സരോജിനീ, ഒന്ന് ചെന്ന് നോക്ക്, എണ്ണ തേയ്ക്കാൻ തൊടങ്ങ്യോ, നോക്ക്,"

പക്ഷേ സരോജിനിക്കു ധൈര്യമില്ല. എല്ലാ ദിവസവും എണ്ണ തേയ്ക്കുന്നുണ്ട്. അതു കഴിഞ്ഞ് കുളത്തിൽ പോയി കുളി കഴിഞ്ഞ് വന്ന് ഈറൻ മാറ്റിയാൽ നാമജപം. വിസ്തരിച്ച് നാമജപം തെക്കിനിയിൽ ഇലയിട്ട് അമ്മിണിയോപ്പ, ലക്ഷ്മിക്കുട്ടിയോപ്പ, പെൺമക്കൾ-എല്ലാവരും കാത്തിരിക്കുകയാകും.

ഉണ്ണാൻ ചെന്നിരുന്നാൽ ഞങ്ങൾക്കാശ്വാസം. ഉണ്ണുമ്പോഴും ചെറിയമ്മാമ ഒന്നും സംസാരിക്കില്ല. ഊണ് വളരെ വേഗത്തിൽ കഴിയും.

പുറം കോലായിൽ നിന്നു കൈകഴുകി കാർക്കിച്ചു തുപ്പുന്ന ശബ്ദം കേട്ടാൽ ഞങ്ങൾ അടുക്കളത്തളത്തിലേക്ക് കുതിക്കും.

ചെറിയമ്മാമ ഊണുകഴിച്ചേ കുട്ടികളടക്കമുള്ളവർക്കു ഭക്ഷണം വിളമ്പുകയുള്ളൂ.അതുകൊണ്ട് എല്ലാവരും ചെറിയമ്മാമയെ മനസ്സിൽ ശപിച്ചു.

'അച്ഛൻ അവിടെ വരുമ്പോ ഇങ്ങനൊന്നുല്യ.ഞങ്ങളൊക്കെ ആദ്യം കഴിക്കും. ഇതു കഷ്ടാണ്.'

ശാരദ അച്ഛൻ പെങ്ങളെ ഓർമ്മിപ്പിച്ചു. ഉറങ്ങിപ്പോയ തങ്കത്തിനെ പലപ്പോഴും ഉണ്ണാൻ വിളിച്ചുകൊണ്ടുവരണം.

8th_Malayalam Reader Full Book.indb 73 5/18/2019 4:22:30 PM

“അതവിടത്തെ നിയമാവും, ഇവിടെ ഇങ്ങനെയാണ്.”

“എല്ലാ വീട്യോളിലും അങ്ങിനെയാണ്.ഇവിടെ മാത്രന്താ?”

പ്രഭയെക്കൊണ്ട് ഇത് ചോദിപ്പിക്കാൻ ഞാൻ കുറേ ദിവസം പ്രേരിപ്പിച്ചതായിരുന്നു.

“ഇവിടെ നിയമം വേറെയാണെന്ന് ഞങ്ങള് പറഞ്ഞില്ലേ?ഇളയ അച്ഛൻപെങ്ങൾ ലക്ഷ്മിക്കുട്ടി യോപ്പ കുറച്ചുകൂടി കർശനമായി പറഞ്ഞു. അതിന് ഇഷ്ടള്ളോർ ഇങ്ങ് വന്നാൽ മതി.”

പിന്നീടു രാത്രിഭക്ഷണം വൈകുന്നതിനെപ്പറ്റി ആരും പ്രതിഷേധിച്ചില്ല. പക്ഷേ, പുറം പറമ്പിൽ ആർത്തുവിളിച്ചു കളിച്ചു നടക്കാവുന്ന പകലുകളുടെ സൗഭാഗ്യം വിട്ടുകളയാൻ മനസ്സുവ ന്നില്ല. എങ്കിലും അച്ഛൻപെങ്ങളുടെ കർക്കശസ്വരം എല്ലാവരുടേയും മനസ്സിൽ ഒരു പോറ ലായി അവശേഷിച്ചു.

ഇടവപ്പാതിക്കുമുന്നേ ഞങ്ങൾ സ്വന്തം വീടുകളിലേക്ക് മടങ്ങി.

മകരക്കൊയ്ത്തു മോശമായതുകൊണ്ടു വീട്ടിൽ സ്ഥിതി പരുങ്ങലിലായിരുന്നു എന്നു വേഗത്തിലറിഞ്ഞു.സിലോണിൽ നിന്നു മണിയോർഡർ വന്നിട്ടു മാസങ്ങളായത്രേ. ഉച്ചയ്ക്കു കഞ്ഞി. രാത്രി അളന്നുമുറിച്ചു വിളമ്പുന്ന ചോറ്. കർക്കിടകം പിറന്നു. താന്നിക്കുന്നിൽ നിറയെ കണ്ണാന്തളിപ്പൂക്കൾ മുടക്കമില്ലാതെ വിടർന്നു. തോണിക്കടവിലെ രണ്ടു കണ്ടം കഷ്ടിച്ചു കൊ യ്യാമെന്ന് മനസ്സില്ലാമനസ്സോടെ അയ്യപ്പൻ സമ്മതിച്ചു.

പക്ഷേ കുട്ടമാമൻ വളരെ പരവശനായിരുന്നു. ഇടവത്തിൽ വിസ്തരിച്ച് മഹാളിക്ക് തളിച്ചിരു ന്നുവെങ്കിലും അടയ്ക്ക പറിച്ച് വെട്ടിയപ്പോൾ വളരെ കുറവ്. ഉത്രാടച്ചന്തയിൽ നിന്നു കൃഷി പ്പണിക്കാരായ അയ്യപ്പനും നീലിക്കും മാത്രം മുണ്ടും തുണികളും വാങ്ങി. വീട്ടിലേക്കു മല്ലും ജഗന്നാഥനുമില്ല.

‘കുട്ടികൾക്കോ?’

കുട്ടികൾ എന്നാൽ ഞാനും കൊച്ചുണ്ണിയേട്ടനുമാണ്. ‘അവർ സ്കൂളിൽ പോണോരല്ലേ? ശീട്ടിത്തുണികൊണ്ടു തുന്നിച്ചാൽ തന്നെ അവരിടോ?’

‘കന്നിയിലെ പറിക്കലു കഴിയട്ടെ, നമുക്ക് കുന്നംകുളത്ത്ന്ന് വാങ്ങിക്കൊടുക്കാം.’

‘ഒരു കുല നേന്ത്രക്കായയേ ഉള്ളൂ. വറുക്കാൻ പച്ചക്കായില്ല. തോട്ടത്തിൽ ചെറുകായ് ഇഷ്ടം പോലെണ്ട്. അതു പഴുപ്പിച്ചാൽ മതി ഇക്കുറി വിൽക്ക്ണില്ല.’ ഇല്ലപ്പറമ്പിൽ കുട്ടികളെല്ലാം ഉച്ച യൂണുകഴിഞ്ഞാൽ ഒത്തുകൂടും. ആട്ടക്കളത്തിലെ മെയ്മിടുക്ക്. തലപ്പന്തിലെ വൈദഗ്ദ്ധ്യം. കരയും കുറിയും കോടിമണവുമുള്ള പുതിയ മുണ്ടുകളുടെ അഭിമാനം.

പഠിപ്പിൽ മിടുക്കില്ലാത്തവർക്കുള്ളതാണ് ഈ കളികളൊക്കെ എന്ന ഭാവത്തിൽ ഞാൻ ഒഴി ഞ്ഞുമാറിനിന്നു.

അവിട്ടത്തിന്റന്ന് പുറംപണിക്കാർക്ക് ചോറ് കൊടുത്തു. കടവുകാർക്കും പറ്റുപീടിക ക്കാർക്കും അബൂബക്കർ തുടങ്ങിയ അയൽക്കാർക്കുമൊക്കെ സദ്യ കൊടുക്കുന്ന പതിവു ണ്ടായിരുന്നു. അവിട്ടം ദിവസം കൃഷിഭൂമികൾ കുറഞ്ഞപ്പോൾ പഴയ പതിവുകൾ പലതും നിർത്തിവച്ചതാണ്.

8th_Malayalam Reader Full Book.indb 74 5/18/2019 4:22:31 PM



എങ്കിലും പൂക്കൾ സമൃദ്ധമായിരുന്നു. അരിച്ചാന്തുകൊണ്ട് കുട്ടമ്മാമൻ കേമമായിത്തന്നെ മാതേവർക്കു ചുറ്റും ഓണവില്ലുകൾ വരച്ചുണ്ടാക്കി.

അവിട്ടം വൈകുന്നേരം മുറ്റത്തുനിന്ന് ആരോ പറഞ്ഞു-'ആരാ ഈ വരണ്?'

'അല്ല ചെറിയമ്മാമയല്ലേ?'

നോക്കിയപ്പോൾ ചെറിയമ്മാമ തന്നെ, അമ്മയുടെ കൂടെ ഇരുന്ന് ഊണുകഴിച്ച ശേഷം ചെറിയമ്മാമ ഭാര്യ വീടായ കരുപ്പറമ്പിലേക്ക് വരാറുണ്ട്. പക്ഷേ, ഓണക്കാലത്ത് ഇവിടേയ്ക്കു വരുന്നത് ആദ്യമായാണ്.

അമ്മ വേഗം കോലായിൽ പുൽപായ ഇട്ടു. കാൽ കഴുകി ഞങ്ങളെ ഒക്കെ നോക്കി ഒന്നു ചിരിച്ചു, ചെറിയമ്മാമ ഇരുന്നു.

കൊളമ്പ്ന്ന് വിവരൊന്നൂല്യ.

അമ്മ കുറച്ചുറക്കെ പറഞ്ഞു.

ചെറിയമ്മാമ മൂളി തനിക്കറിയാമെന്ന പോലെ. കുട്ടമ്മാമ മുറ്റത്തുകൂടി വന്നപ്പോൾ ചെറിയമ്മാമ പറഞ്ഞു-മാഹാളി ചതിച്ചു അല്ലെ?

'ഉം. നാടടച്ച് അടയ്ക്ക മോശാ ഇക്കൊല്ലം'

അമ്മ ചായകൊണ്ടുവന്നു ഓണക്കാലത്ത് വറുത്ത കായയും പുഴുങ്ങിയതുമില്ലാതെ ചായ കൊടുക്കേണ്ടിവന്നതിൽ അമ്മയ്ക്കു ജാള്യത തോന്നിയിരിക്കണം.

8th_Malayalam Reader Full Book.indb 75 5/18/2019 4:22:31 PM

ചായ കുടിച്ചിട്ട് ചെറിയമ്മാമ കുറച്ച് നേരം കൂടി ഒന്നും സംസാരിക്കാതെ ഇരുന്നു. പിന്നെ എഴുനേറ്റു മഴക്കോള് കാണ്ണ്ട്. നടക്കട്ടെ ഏട്ടത്തിയമ്മേ.

എന്നിട്ട് അരികെ വച്ചിരുന്ന കടലാസുപൊതിയെടുത്ത് അമ്മയ്ക്കു നീട്ടിപ്പറഞ്ഞു 'ഇത് കുട്ട്യോൾക്കാ'.

പിന്നെ മുറ്റത്തുനിൽക്കുന്ന എന്നെ നോക്കി പതുക്കെ ഒന്നു ചിരിച്ച് ഇറങ്ങിപ്പോയി.വള്ളിച്ചെരുപ്പിന്റെ ശബ്ദം പടികൾ കടന്ന് വയൽവരമ്പിലേക്ക് കയറി.

അമ്മ പൊതി തുറന്നു. അത്ഭുതം! എനിക്കും കൊച്ചുണ്ണിയേട്ടനും കരയുള്ള ഓരോ മുണ്ട്. എന്റെ കണ്ണുനിറഞ്ഞത് ആരും കണ്ടില്ല. കോടിയുടെ മണം. പിന്നീട് എല്ലാ അവിട്ടം വൈകുന്നേരം ചെറിയമ്മാമയുടെ വരവ് കാത്തിരുന്നു.കൃത്യമായി കക്ഷത്തിൽ പൊതിയുമായി വന്നു. ജ്യേഷ്ഠൻ കോളേജ് വിട്ടപ്പോൾ മുണ്ടിന്റെ എണ്ണം ഒന്നായി. കുട്ടിയായി ഞാൻ മത്രമാണല്ലോ വീട്ടിൽ.

തന്റെ ഊണുകഴിഞ്ഞേ കുട്ടികൾ ഉണ്ണാവൂ എന്ന നിയമം ഈചെറിയമ്മാമ ഉണ്ടാക്കിയതല്ല. അടുക്കളപ്പണിയും മേൽക്കൂട്ടങ്ങളും കഴിഞ്ഞ് നാട്ടുപഞ്ചായത്തിനും നുണക്കൂട്ടങ്ങൾക്കുമായി ഇഷ്ടം പോലെ സമയം കണ്ടെത്താൻ അച്ഛൻപെങ്ങന്മാർ നടപ്പാക്കിയ ഒരു സമ്പ്രദായമായിരിക്കണം.

സത്യമറിയാൻ അവരാരുമില്ല ഇപ്പോൾ. ചെറിയമ്മാമയുമില്ല.

കിടിയിരിപ്പുകളായി മാറിയ കുന്നിൻ പുറങ്ങളിൽ പിന്നീട് കണ്ണാന്തളിപ്പൂക്കൾ വരാതായി. തന്റെ കഥയിൽ കണ്ട കണ്ണാന്തളിപ്പൂക്കളെ കാണാൻ വരുന്നു എന്ന് എനിക്കെഴുതിയ വായനക്കാരൻ സുഹൃത്തിനു മറുപടി അയച്ചു-ഗ്രാമം കാണാം പക്ഷേ ഇപ്പോൾ കണ്ണാന്തളിപ്പൂക്കളില്ല. ഗ്രാമവും മാറിയിരിക്കുന്നു.

മലമക്കാവിലെ പ്രശസ്തവൈദ്യൻ പരമേശ്വരൻനായർ ഒരിക്കൽ വിജയഭാവത്തിൽ വന്നു പറഞ്ഞു-പാറയിടുക്കിൽ മറ്റുമായി മൂന്നു ചെടികൾ കണ്ടുകിട്ടിയിട്ടുണ്ട്.ഞാൻ വളർത്തുന്നു. ഇനി നാട്ടിൽ വരുമ്പോൾ കാണിച്ചുതരാം.

അടുത്തൊരവസരത്തിൽ നാട്ടിലെത്തിയപ്പോൾ മലമക്കാവിൽ ചെന്നു. കുറ്റിയറ്റ കുടുംബത്തിലെ ദരിദ്രസന്തതികൾ മൂന്നുപേർ മൺചട്ടികളിൽ വളരുന്നു. ഒന്നിൽ പൂവുണ്ട്. എന്റെ ഓർമ്മയിലെ നിറം ഇതല്ലല്ലോ എന്ന് സംശയിച്ചു. നനുത്ത ഒരു മണമുണ്ട്, പക്ഷേ പുന്നെല്ലരിച്ചോറിന്റെ ഗന്ധമില്ല.

മൽസരിച്ചു പ്രഭാതത്തിനു മുമ്പേ എത്തുന്ന കുട്ടികളെ കാത്ത് കൂട്ടം കൂട്ടമായി ഉണർന്ന് പുളച്ചിരുന്ന കാലത്തിന്റെ വിദൂരസ്മൃതിയോടെ ഈ ശോഷിച്ച വളർത്തു ചെടികൾ മൗനഭാവത്തിൽ തലകുനിച്ച് നിന്നു. ഞാനാലോചിച്ചു പോയി എത്ര നിറങ്ങളാണ്, എത്ര ഗന്ധങ്ങളാണ്, എത്ര വിസ്മയങ്ങളാണ് എനിക്കു നഷ്ടപ്പെട്ടത്!

8th_Malayalam Reader Full Book.indb 76 5/18/2019 4:22:31 PM

അഭ്യാസം

I. പദപരിചയം

പത്തായം, മാതേവർ, ആഭിജാത്യം, തവളക്കണ്ണൻ, ഈറൻ, കർശനം, വൈദഗ്ദ്ധ്യം, സമൃദ്ധം, ശോഷിച്ച, വിസ്മയം

II. വിഗ്രഹിച്ചെഴുതുക

ആചാരപ്പാട്ടുകൾ, രാത്രിഭക്ഷണം, കർക്കശസ്വരം, പുൽപ്പായ, വിദൂരസ്മൃതി

III. വാക്യത്തിൽ പ്രയോഗിക്കുക

സമൃദ്ധമായ, സമ്പ്രദായം, കർശനമായി

IV. ഉത്തരമെഴുതുക

1. പൂക്കളുടെയും ചോറിന്റെയും സമൃദ്ധിക്കുവേണ്ടിയുള്ള കാത്തിരിപ്പിന്റെ മാസമാണ് കർക്കിടകം എന്ന് കഥാകൃത്ത് പറയാനുള്ള കാരണമെന്ത്?
2. പൂക്കളമിടാൻ കഥാകൃത്തിനും കൂട്ടർക്കുമുണ്ടായിരുന്ന സൗഭാഗ്യം എന്തായിരുന്നു?
3. ഏതെല്ലാം പൂക്കളെക്കുറിച്ചുള്ള സൂചനകളാണ് ലേഖനത്തിൽ പറയുന്നത്?
4. കണ്ണാന്തളിപ്പൂക്കൾ കാണാൻ വരുന്നു എന്ന് പറഞ്ഞ സുഹൃത്തിനോട് ലേഖകൻ പറഞ്ഞ മറുപടി എന്ത്?
5. 'എത്ര നിറങ്ങളാണ്, എത്ര ഗന്ധങ്ങളാണ്, എത്ര വിസ്മയങ്ങളാണ് എനിക്കു നഷ്ടപ്പെട്ടത്' എന്ന് ലേഖകൻ ചിന്തിക്കുന്നത് എന്ത് കൊണ്ട്?

V. ഓർമ്മക്കുറിപ്പ് തയ്യാറാക്കാം

കണ്ണാന്തളിപ്പൂക്കളുടെ കാലം എന്ന ലേഖനത്തിനു സമാനമായി നിങ്ങളുടെ അനുഭവങ്ങളെ കോർത്തിണക്കി ഓർമ്മക്കുറിപ്പ് തയ്യാറാക്കുക.

8th_Malayalam Reader Full Book.indb 77 5/18/2019 4:22:31 PM

ലോകാവസാനം

- വി.എസ് അനിൽ കുമാർ

വി.എസ്.അനിൽകുമാർ [1958 -]: തൃശൂർ ജില്ലയിലെ അഷ്ടമിച്ചിറയിൽ ജനനം. കണ്ണൂരിലെ ധർമ്മടത്ത് വളർന്നു. പ്രാദേശിക ജീവിതവൈവിധ്യങ്ങളെ ആവിഷ്കരിക്കുന്ന അനിൽ കുമാറിന്റെ ചെറുകഥകളിൽ സാമൂഹ്യ മാറ്റത്തെക്കുറിച്ചുള്ള വിചാരങ്ങൾ ശക്തമാണ്. അരൂപികളുടെ യാമം, ഉണ്ണി പോകുന്നു, എണ്ണിയെണ്ണിക്കുറയുന്നത്, മണ്ണുതിന്നവൻ, ദേശം ഒരു നോട്ടീസ് വായിക്കുന്നു, പുതിയ ഇനം ജീവികൾ, വനജ, അരൂപിയും ഉണ്ണിയും മറ്റും, പോവുകയാണോ വരികയാണോ, തെരഞ്ഞെടുത്ത കഥകൾ എന്നിവയാണ് പ്രധാന കൃതികൾ. അബുദാബി ശക്തി അവാർഡ്, എസ്.ബി.ടി ചെറുകഥ അവാർഡ് എന്നീ പുരസ്കാരങ്ങൾ നേടിയിട്ടുണ്ട്.



ജലാശയങ്ങളെല്ലാം മണ്ണിട്ടു നിരത്തി മണിമാളികകൾ കെട്ടിപ്പൊക്കുന്ന മനുഷ്യന്റെ ചെയ്തികളിൽ അതിശയിക്കുന്ന ജീവജാലങ്ങളുടെ ആശങ്കകളാണ് ഈ കഥയിലുള്ളത്. 'മലയാളത്തിലെ പരിസ്ഥിതികഥകൾ' എന്ന സമാഹാരത്തിൽനിന്ന് എടുത്തതാണ് 'ലോകാവസാനം' എന്ന കഥ.

മലയിടിച്ചൽ പോലെയാണ് മണ്ണു വീഴുന്നത്.

നാലുഭാഗത്തുനിന്നും മണ്ണിട്ടു നികത്തിവരുന്ന പുത്തൻകുളത്തിന്റെ ബാക്കിയായ നടുവിലെ ഇത്തിരി വെള്ളത്തിന്റെ കരയിൽ ഇരിക്കുകയാണ് നാലു തവളകൾ.ബാക്കിയായ വെള്ള ത്തിൽ കുറച്ചു കൈച്ചലുകൾ, ഒരു ആമ എന്നിവയുമുണ്ട്.

'അടുത്ത ഒന്നോ രണ്ടോ ചൊരിയലിന് ഇതും മൂടും' മൂത്ത തവള പറഞ്ഞു.

അന്നേരം ജീവനിൽ കൊതിയുള്ള ഒരു കൈച്ചൽ മുകളിലേക്കു വന്ന് ആകാശത്തേക്കു നോക്കി. അതിനു പിന്നാലെ ആ കുളത്തിലുള്ള പത്തുപതിനഞ്ചു കൈച്ചലുകൾ മുകൾപ്പര പ്പിലെത്തി.

'രക്ഷപ്പെടാൻ ഒരു വഴിയില്ല അല്ലേ?'മുതിർന്ന കൈച്ചൽ ചോദിച്ചു.

'ഒരു വഴിയുമില്ല' രണ്ടാം തവള പറഞ്ഞു

'ഞങ്ങൾക്കു വേണമെങ്കിൽ ചാടിച്ചാടി പോകാം. രക്ഷപ്പെടാം, ഇവിടന്ന്. പക്ഷേ, എവിടേക്ക്?'

അവശേഷിക്കുന്ന ആമയും മുകളിലേക്കു വന്നു.ഒന്നു ശ്വസിച്ചതിനു ശേഷം ആമ പറഞ്ഞു.

'എനിക്കു വേണമെങ്കിൽ താഴേക്കു കുഴിച്ച് കുഴിച്ച് പോകാം.എന്നിട്ട് മറ്റെവിടെയെങ്കിലും പൊങ്ങാം. പക്ഷേ എവിടെ ? ജലാശയങ്ങളും കിണറുകളും ഒന്നും ബാക്കിയില്ല.'

കരയിൽ നാലു തവളകൾ, വെള്ളത്തിൽ ഒരാമ, പത്തുപതിനഞ്ചു മീനുകൾ, ബാക്കിയായ ചില ചെടികൾ ഏതു നിമിഷവും അവസാനിച്ചേക്കാം എന്നറിയുന്ന ജീവനുകൾക്കുള്ളിൽ ഇളകി നടക്കുന്നതെന്തൊക്കെയാവും ?!

8th_Malayalam Reader Full Book.indb 78 5/18/2019 4:22:34 PM



നീന്തിത്തുടിക്കുമ്പോഴും ചാടിപ്പുളയ്ക്കുമ്പോഴും ഒരു മണ്ണിടിച്ചിലിന്റെ വേഗത്തിൽ എല്ലാം ഒടുങ്ങും എന്ന് അവർ കരുതിയിരുന്നില്ല.

'ഈ മനുഷ്യരുടെ കാര്യം വിചിത്രം തന്നെ'. ആമ പറഞ്ഞു

'എന്തേ?'ഹതാശരായ എല്ലാവരുംകൂടി ചോദിച്ചു.

'അവർ കുളം നികത്തുന്നതു കണ്ടിട്ടുണ്ടോ?'ആമ ചോദിച്ചു.

'എന്താ പ്രത്യേകത?'മൂത്ത തവളയ്ക്കു മനസിലായില്ല

അവർ മണ്ണുകൊണ്ട് ചൊരിയുന്നതെല്ലാം രാത്രിയിലാണ്.

'അതുകൊണ്ടെന്താ?'എന്നു ചോദിച്ച് മൂത്ത തവള വെള്ളത്തിലേക്ക് കൂപ്പുകുത്തി.

'പകൽ അവർക്ക് മണ്ണ് കൊണ്ടുവരാൻ കഴിയില്ല. അവരുടെ നിയമങ്ങൾ അനുവദിക്കുന്നില്ല.'

'രാത്രിയിൽ ആ നിയമങ്ങൾ ഇല്ലേ?'വെള്ളത്തിൽ എടുത്തുചാടി രണ്ടാം തവള ചോദിച്ചു.

ആളു കാണുമ്പോൾ അനുസരിക്കുന്ന നിയമങ്ങളൊന്നും ആളു കാണാത്തപ്പോൾ മനുഷ്യർ അനുസരിക്കാറില്ല. വളരെ കുടുക്കുപിടിച്ച നിയമങ്ങൾ കഷ്ടപ്പെട്ട് അനുസരിക്കേണ്ടതില്ലാത്തതുകൊണ്ടും ഉള്ളവ അനുസരിക്കാൻ ഒട്ടും മടിയില്ലാത്തതുകൊണ്ടും തവളകൾക്കും മീനുകൾക്കും ആമക്കും മനുഷ്യന്റെ രീതികൾ മനസ്സിലായതേയില്ല.

ഇരുട്ടത്ത് പെട്ടെന്ന് ടിപ്പറുകൾ വരുന്നു മണ്ണു ചൊരിയുന്നു, പോകുന്നു.എത്ര കൂട്ടുകാരാണ് ഒന്നു തെന്നിമാറാൻ പോലുമാകാതെ മണ്ണിനടിയിൽ ഒടുങ്ങിപ്പോകുന്നത്.

പകൽ മനുഷ്യർ എത്ര മാന്യന്മാരാണ് അല്ലേ? ആ കുളത്തിലെ അവസാന മീനുകളിലൊന്ന് അദ്ഭുതപ്പെട്ടു. അങ്ങനെയൊന്നും അല്ലെടോ ആമ പറഞ്ഞു. എല്ലാവരും എല്ലാം അറിയുന്നുണ്ട്. മനുഷ്യരാരും ഒന്നും മിണ്ടുന്നില്ല എന്നേയുള്ളൂ.

വല്ലാത്തൊരു ജന്തു തന്നെ. അവരവരുടെ ഇടങ്ങൾ മണ്ണുകോരിയിട്ടും തോണ്ടിയിട്ടും പൊട്ടിച്ചുതകർത്ത് അവർ ഇല്ലാതെയാക്കും.സ്വന്തം വീടു തകർക്കുന്ന ഒരേയൊരു ജീവി.

ആരും തിരിഞ്ഞു നോക്കാതെ ഒരു പകൽമുഴുവനും അങ്ങനെ ഇരിക്കുകയും നീന്തുകയുമായിരുന്നു അവർ. വെളിച്ചത്തിൽ ഉഴുതുമറിച്ചിട്ട ഒരു ശ്മശാനം പോലെ നിശ്ശബ്ദമായിരുന്നു പൂത്തക്കുളം. ആരും അങ്ങോട്ട് വരികയോ അവിടെ എന്താണ് നടക്കുന്നത് എന്ന് നോക്കുകയോ ചെയ്തിരുന്നില്ല.



ഇരുളുമ്പോൾ കുന്നുകൾ പൊടിഞ്ഞ് ലോറിയിലെത്താൻ തുടങ്ങും. എത്ര ലോറി എത്തുന്നുണ്ടെന്ന് ഇരുട്ടിൽ മൊബൈൽഫോണിന്റെ വെളിച്ചത്തിൽ ഒരാൾ ഒരു കൊച്ചു പുസ്തകത്തിൽ രേഖപ്പെടുത്തുന്നുണ്ടായിരുന്നു.

8th_Malayalam Reader Full Book.indb 79 5/18/2019 4:22:34 PM



‘ഇവന്മാരെ ഒന്നും വിശ്വസിക്കാൻ പറ്റില്ല.നൂറു ലോഡ് എന്ന് പറഞ്ഞ് തൊണ്ണൂറ്റഞ്ചേ ഇറക്കൂ.’ എണ്ണി എഴുതുന്നവൻ ഇരുട്ടിൽ ആരോടെന്നില്ലാതെ പറയുന്നത് തവളകൾ കേട്ടു.

‘ഈ മനുഷ്യന്മാർക്ക് ആരെയും വിശ്വാസമില്ല.’ മൂത്ത തവള മറ്റു തവളകളോട് പറഞ്ഞു.

അന്നേരം മൂന്ന് ടിപ്പറുകൾ ഒരുമിച്ച് വന്ന് ഇരുട്ടിൽ ഒരേ സമയം മൂന്നിടത്ത് മണ്ണു ചൊരിഞ്ഞു. ഇരുട്ടിൽ വീണ്ടും ആ ചെറിയ വെളിച്ചത്തിൽ ‘മൂന്ന്’ എന്ന് രേഖപ്പെടുത്തിയശേഷം അയാൾ ഉറക്കെ പറഞ്ഞു

‘ഇനിയും കുറെ വണ്ടി വരുല്ലോ ശേഖരാ.കോട്ടക്കുന്ന് മുഴുവൻ ഇടിക്കേണ്ടി വരുല്ലോ. നഷ്ടക്കച്ചോടമായല്ലോ ഇത്.’

ആരും മറുപടി പറഞ്ഞില്ല മൂന്നു ടിപ്പർ ലോറികളും വന്നതിനേക്കാൾ വേഗത്തിൽ പാഞ്ഞുപോയി.

പിന്നെ പ്രഭാതത്തിൽ നടുവിലെ ഇത്തിരി വെള്ളത്തിൽ കുറച്ചു മീനുകളും ഒരാമയും കരയിൽ നാലു തവളകളും ബാക്കിയായി.

മനുഷ്യരും അനക്കവുമില്ല.

അവസാനത്തെ വെള്ളത്തിൽ തളർന്നു നീന്തിക്കൊണ്ട് മീനുകൾ മുകളിലേക്കു നോക്കി. ഇരുട്ട് കടന്ന് വരുന്നുണ്ടായിരുന്നു. തവളകൾ ആകാശത്തിലേക്ക് നോക്കി. നക്ഷത്രങ്ങൾ തെറിഞ്ഞു വരുന്നുണ്ടായിരുന്നു. ആമ വീണ്ടും വെള്ളത്തിനടിയിൽ നിന്ന് വീണ്ടും അടിയിലേക്ക് കുഴിക്കാൻ തുടങ്ങി. മറ്റെങ്ങോട്ടെങ്കിലും രക്ഷപ്പെടാനുള്ള ശ്രമമായിരുന്നില്ല അത്. മറ്റെവിടെയും എത്തിച്ചേരാനാവില്ല എന്ന് ആമയ്ക്ക് അറിയാമായിരുന്നു. ലോകത്തിലെ ആമകളെല്ലാം ചേർന്നു കുത്തിയാലും ഇളകാത്ത വിധത്തിൽ മനുഷ്യർ മണ്ണിനു മുകളിൽ സിമന്റ് ടൈലുകൾ പാകിയിരുന്നു.

അന്നേരം മൂന്നു ടിപ്പർ ലോറികൾ പാഞ്ഞുവരുന്നത് കരയിലിരിക്കുന്ന തവളകൾ കണ്ടു. എണ്ണം രേഖപ്പെടുത്തുന്ന ആൾ എവിടെ എന്ന് തമാശക്ക് ചോദിക്കവേ ലോറികളുടെ വെളിച്ചത്തിൽ അവയ്ക്കുമുന്നിൽ അയാൾ നടന്നു വരുന്നത് അവർ കണ്ടു.

‘നമ്മൾ തീരുകയാണ്,’ തവളകൾ താഴേക്കു വിളിച്ചു പറഞ്ഞു.അവിടെ നിന്ന് മറുപടി ഒന്നും ഉണ്ടായിരുന്നില്ല. കുറച്ചു കുമിളകൾ മാത്രം മുകൾപ്പരപ്പിൽ വന്നു പൊട്ടിച്ചിതറി.

മൂന്നു ടിപ്പറുകളും നിരന്നു നിന്നു. അവയുടെ പിൻഭാഗം ഉയർന്നുകൊണ്ടിരുന്നു. പിന്നെ മൂന്ന് ലോറികളിൽ നിന്നുമുള്ള ചുവന്ന മണ്ണ് അവശേഷിച്ച ആ വെള്ളത്തെ മൂടി.

8th_Malayalam Reader Full Book.indb 80 5/18/2019 4:22:35 PM

വ്യാകരണം

സർവ്വനാമത്തിന്റെ വിഭാഗങ്ങൾ

1. ഉത്തമപുരുഷസർവ്വനാമം-സംസാരിക്കുന്ന വ്യക്തി തന്നെ പരാമർശിച്ച് ഉപയോഗിക്കുന്ന പദം ഉത്തമപുരുഷസർവ്വനാമം.

ഉദാ : ഞാൻ, നമ്മൾ, ഞങ്ങൾ, എന്നെ

2. മദ്ധ്യമപുരുഷസർവ്വനാമം-ആരോട് സംസാരിക്കുന്നുവോ ആ വ്യക്തിയെ പരാമർശിക്കുന്ന സർവ്വനാമം മദ്ധ്യമപുരുഷസർവ്വനാമം

ഉദാ : നീ, നിങ്ങൾ, താങ്കൾ, അവിടുന്ന്

3. പ്രഥമപുരുഷസർവ്വനാമം-ഒരു വ്യക്തിയുടേയോ വസ്തുവിന്റെയോ പേര് ആവർത്തിക്കുന്നതിന് പകരം ഉപയോഗിക്കുന്ന സർവ്വനാമം പ്രഥമപുരുഷസർവ്വനാമം.

ഉദാ : അവൻ, അവൾ, ഇത്, ഇവൻ

രചന

മരം ഒരു വരം - ഉപന്യാസം.

8th_Malayalam Reader Full Book.indb 81 5/18/2019 4:22:35 PM

ഭാഗം 6 സത്യവും ധർമ്മവും



പഠനലക്ഷ്യങ്ങൾ

- സത്യത്തിന്റെ മഹത്വം തിരിച്ചറിയൽ.
- പ്രകൃതിയിലെ പ്രതിഭാസങ്ങൾ നിഷ്കളങ്കമായ മനോഭാവത്തെയും സ്വാതന്ത്ര്യ ബോധത്തെയും എങ്ങനെ നിർണയിക്കുന്നുവെന്ന് മനസ്സിലാക്കൽ.
- സാധാരണ ജീവിതവ്യവഹാരങ്ങളിലെ വൈകാരികബന്ധങ്ങളുടെ ഊഷ്മളത തിരിച്ചറിയൽ.

പാഠഭാഗങ്ങൾ

കവിത	:	സത്യം	- പന്തളം കേരളവർമ്മ
ഗദ്യം	:	അമ്പിളിയമ്മാവൻ (നാടകം)	- ഉണ്ണികൃഷ്ണൻ നെല്ലിക്കാട് .
ഉപപാഠം	:	കൂൾഡ്രിങ്ക് (കഥ)	- പി. കേശവദേവ്.

പദ്യം

സത്യം

– പന്തളം കേരളവർമ്മ



പന്തളം കേരളവർമ്മ [1879-1919]: കവി, പ്രസാധകൻ എന്നീ നിലകളിൽ പ്രശസ്തനായിരുന്ന പന്തളം കേരളവർമ്മ. പന്തളം രാജകുടുംബത്തിൽ ജനിച്ചു. കൊച്ചി മഹാരാജാവിൽനിന്നും കവിതിലകൻ ബിരുദം നേടിയിട്ടുണ്ട്. ദൈവമേ കൈതൊഴാം എന്ന പ്രസിദ്ധമായ പ്രാർത്ഥനാഗാനം രചിച്ചത് പന്തളം കേരളവർമ്മയാണ്.

പ്രധാനകൃതികൾ - വേണീസംഹാരം, സൂക്തിമാല, ദൂതവാക്യം, ശബരിമലയാത്ര, രുഗ്മാംഗദചരിതം മഹാകാവ്യം കൂടാതെ ഒട്ടേറെ ബാലകവിതകളും രചിച്ചിട്ടുണ്ട്.

മനുഷ്യജീവിതത്തിൽ സത്യമെന്ന സദ്ഗുണത്തിന്റെ പ്രാധാന്യത്തെ വിളിച്ചോതുന്ന ഈ കവിത പന്തളത്തിന്റെ തെരഞ്ഞെടുത്ത കൃതികളിൽ നിന്നും എടുത്തിട്ടുള്ളതാണ്.

മർത്യരിൽ പ്രിയമണച്ചിടുന്ന സത്-
ക്കൃത്യമുണ്ടു പലതെന്നിരിക്കിലും
നിത്യവും കുശലമേകിടുന്നതാം
സത്യമാണു സകലത്തിലും വരം

വിത്തമല്ല, കുലമല്ല, കാന്തിയോ-
ടൊത്ത രൂപ ഗുണമല്ല പാരിതിൽ
സത്തുകൾക്കു വിജയത്തെ നേടുവാൻ
സത്യമാണ് വലുതായ സാധനം

8th_Malayalam Reader Full Book.indb 83 5/18/2019 4:22:36 PM



പാരിലൊക്കെ വിളി കൊണ്ടിടുന്ന നൽ-
പ്പേരു ചേരുമതിനീധരിത്രിയിൽ
നേരു തന്നെ ഗതിയെന്നു നാം സദാ
നേരമോർക്കണമതാണു ശോഭനം.

തുല്യരാകിയൊരു കൂട്ടരൊത്തു ചേർ-
ന്നുല്ലസിച്ചു കളിയാടിടുമ്പൊഴും
തെല്ലുമേ കളവു ചൊല്ലിടാത്തവൻ
നല്ല പോലറിക യോഗ്യനായ് വരും.

സത്യമാണു ബഹുമാനകാരണം
സത്യമാണു വിജയൈകസാധനം
സത്യമൊന്നു വെടിയാത്ത പുരുഷൻ
സ്തുത്യനായി വരുമില്ല സംശയം

8th_Malayalam Reader Full Book.indb 84 5/18/2019 4:22:36 PM

അഭ്യാസം

I. പദപരിചയം

മർത്യൻ, വരം, കുശലം, വിത്തം, ധരിത്രി, കുലം, കാന്തി, പാർ, സ്തുത്യൻ, സത്കൃത്യം

II. പര്യായപദങ്ങൾ കണ്ടെത്താം

1. ഭൂമി : _____, _____
2. മർത്യൻ : _____, _____

III. ചേർത്തെഴുതുക

1. പാരിൽ + ഒക്കെ
2. നല്ലപോൽ + അറിക
3. ഗുണം + അല്ല
4. സത്യം + ആണ്

IV. പിരിച്ചെഴുതുക

വിത്തമല്ല, കാന്തിയോടൊത്ത, പാരിതിൽ

V. വിപരീതപദം കണ്ടെത്തുക

1. വിജയം ×
2. സൽപേര് ×
3. പ്രിയം ×
4. യോഗ്യൻ ×
5. സത്യം ×

(അസത്യം, ദുഷ്പേര്, അയോഗ്യൻ, അപ്രിയം, പരാജയം)

VI. ഉത്തരമെഴുതുക

1. ഭൂമിയിൽ വിജയം നേടാൻ മർത്യന് ആവശ്യമായതെന്ത്?
2. എങ്ങനെയുള്ളവരാണ് യോഗ്യരായിത്തീരുന്നത്?
3. സത്യം വെടിയാത്തവന് എന്തെല്ലാം നേടാൻ സാധിക്കും?
4. എന്താണ് നാം സദാനേരവും ഓർക്കേണ്ടതെന്ന് കവി പറയുന്നത്?

VII. അനുബന്ധപ്രവർത്തനം

❋ ആശയം വ്യക്തമാക്കുക

വലിയൊരീ ലോകം മുഴുവൻ നന്നാകാൻ
ചെറിയൊരു സൂത്രം ചെവിയിലോതാം ഞാൻ
സ്വയം നന്നാവുക - കുഞ്ഞുണ്ണി മാഷ്

8th_Malayalam Reader Full Book.indb 85 5/18/2019 4:22:37 PM

അമ്പിളിയമ്മാവൻ

- ഉണ്ണികൃഷ്ണൻ നെല്ലിക്കാട്



ഉണ്ണികൃഷ്ണൻ നെല്ലിക്കാട്:- [1963-]: കുട്ടികളുടെ നാടക രചനയിൽ ശ്രദ്ധേയനായ ഉണ്ണികൃഷ്ണൻ നെല്ലിക്കാട് സ്ക്കൂൾ ഓഫ് ഡ്രാമയിൽനിന്ന് സംവിധാനത്തിൽ ബിരുദം നേടിയിട്ടുണ്ട്. ഹ്രസ്വചിത്രസംവിധായകൻ, നാടകാധ്യാപകൻ എന്നീ നിലകളിൽ പ്രവർത്തിക്കുന്നു. പ്രധാന കൃതികൾ: താഹിറ പറയാതെ പറയുന്നത്, കാഞ്ചക്കൂട്, വാലുപുരാണം, നിലാവുനഷ്ടപ്പെടുന്നു. കേരള സാഹിത്യ അക്കാദമി റിസർച്ച് സ്കോളർഷിപ്പ് നേടിയിട്ടുണ്ട്.

നിഷ്കളങ്കതയും സ്വാതന്ത്ര്യബോധവും ഉയർത്തിപ്പിടിക്കുന്ന നാടകമായ 'അമ്പിളിയമ്മാവൻ', നാടകരചയിതാവ് എഡിറ്ററായ 'കാഞ്ചനക്കൂട്' എന്ന സമാഹാരത്തിലേതാണ്.

രംഗം : ഒരു രാജകൊട്ടാരത്തിന്റെ ഡർബാർ ഹാൾ

(വെളിച്ചം തെളിയുമ്പോൾ സിംഹാസനത്തിൽ തളർന്നിരിക്കുന്ന രാജാവ്. ഒരു പീഠത്തിൽ അലസമായി കിടക്കുന്ന രാജകുമാരിയുടെ പാവ. രാജാവ് മെല്ലെ എഴുന്നേറ്റ് ചെന്ന് പാവയെ എടുക്കുന്നു. കൊട്ടാരം വൈദ്യൻ കടന്നു വരുന്നു.)

വൈദ്യൻ: തിരുമേനീ....

രാജാവ്: എന്തായി വൈദ്യരേ; എന്റെ കുമാരിയുടെ അസുഖത്തിന് എന്തെങ്കിലും കുറവ്?

വൈദ്യൻ: പറയാൻ മാത്രം കുറവൊന്നുമില്ല. എങ്കിലും കുമാരി എപ്പോഴും സന്തോഷവതിയായിരിക്കാൻ ശ്രമിക്കണം.

രാജാവ്: അതിന് നാം എന്താണ് ചെയ്യേണ്ടത്?

വൈദ്യൻ: കുമാരിയുടെ ആഗ്രഹം എന്തുതന്നെയായാലും അത് സാധിച്ചുകൊടുക്കണം. എങ്കിൽ കുമാരിയുടെ അസുഖം ഭേദപ്പെടും.

രാജാവാ: കുമാരിയുടെ ആഗ്രഹം എന്താണെന്ന് പറഞ്ഞുവോ?

വൈദ്യൻ: അതാണ് നമ്മെ ബുദ്ധിമുട്ടിലാക്കുന്നത്.

രാജാവ്: എന്താണ് അവൾ ആവശ്യപ്പെടുന്നത്; എന്തു തന്നെയായാലും നാമത് എത്തിച്ചു കൊടുക്കും.

വൈദ്യൻ: കുമാരി ആകാശത്തിലെ ചന്ദ്രനെയാണ് ആവശ്യപ്പെടുന്നത്.

രാജാവ്: ങേ...(ചിന്താമഗ്നനാവുന്നു. ഉറക്കെ) ആരവിടെ? മന്ത്രിയോട് ഉടൻ നമ്മെ മുഖം കാണിക്കാൻ പറയൂ.

8th_Malayalam Reader Full Book.indb 86 5/18/2019 4:22:37 PM



(മന്ത്രി വരുന്നു. തടിച്ച് ഉയരംകൂടി കണ്ണടവെച്ച മനുഷ്യൻ)

രാജാവ്: മന്ത്രീ; നമ്മുടെ കുമാരിക്ക് ആകാശത്തിലെ ചന്ദ്രനെ വേണമെന്ന്. ഇന്നു രാത്രിതന്നെ ചന്ദ്രനെ ഇവിടെ എത്തിക്കാനുള്ള ഏർപ്പാടുണ്ടാക്കുക.

(മന്ത്രി വല്ലാത്ത കുഴപ്പത്തിലായി. അയാൾ നെറ്റി തുടക്കുക, ഉച്ചത്തിൽ ശ്വസിക്കുക, തുടങ്ങിയ ചേഷ്ടകളിൽ ഏർപ്പെടുന്നു)

വൈദ്യൻ: എന്താ മന്ത്രീ ഒന്നും മിണ്ടാത്തത്? കുമാരിയുടെ ആഗ്രഹമാണത്.

മന്ത്രി: തിരുമേനി, കുമാരിക്കുവേണ്ടി അടിയൻ മയിൽപ്പീലികൾ, മുത്തുകൾ, കലമാനിന്റെ കൊമ്പ് തുടങ്ങി ഒരുപാട് കൗതുക വസ്തുക്കൾ കൊണ്ടുവരാം.

രാജാവ്: സാധ്യമല്ല. നമ്മുടെ കുമാരിക്ക് വേണ്ടത് ആകാശത്തിലെ ചന്ദ്രനെയാണ്. അത് ഉടനെ എത്തിക്കുക.

മന്ത്രി: അത്...അത്... തിരുമേനി, ചന്ദ്രൻ നമുക്ക് കയ്യെത്താവുന്ന ദൂരത്തിലല്ല. അത് 35,000 മൈൽ ദൂരെയാണ്. മാത്രമല്ല അതിന് കുമാരിയുടെ മുറിയേക്കാൾ വലിപ്പവും കൂടും. അതുണ്ടാക്കിയിരിക്കുന്നതോ, ചെമ്പുകൊണ്ടും. അതിനാൽ ചന്ദ്രനെ കിട്ടുന്ന കാര്യം ബുദ്ധിമുട്ടാണ്. മറ്റെന്തെങ്കിലും കൽപ്പിച്ചാൽ.....

രാജാവ്: വേണ്ട; കഴുത. നിന്നെയൊക്കെ എന്തിനു കൊള്ളാം. ഉടൻ പോയി കൊട്ടാരം മാന്ത്രികനോട് വരാൻ പറയ്. (മന്ത്രി പോകുന്നു. കൊട്ടാരം മാന്ത്രികൻ വരുന്നു. മെലിഞ്ഞ് ഉയരം കുറഞ്ഞ മനുഷ്യൻ. നീണ്ട കുപ്പായം, വെള്ളിനക്ഷത്രങ്ങൾ പതിച്ചിട്ടുള്ള തൊപ്പി.)

രാജാവ്: മാന്ത്രികാ.....

മാന്ത്രികൻ: അടിയൻ.....

രാജാവ്: നമ്മുടെ മകൾ ഏറ്റവും സന്തോഷവതിയായിരിക്കണമെന്നാണ് വൈദ്യരുടെ നിർദ്ദേശം. അതിന് താങ്കൾക്കെന്തു ചെയ്യാൻ കഴിയും?

മാന്ത്രികൻ: തിരുമേനീ, കുമാരിയുടെ സന്തോഷത്തിന് അടിയനാൽ കഴിയാവുന്നതെല്ലാം ചെയ്യുന്നതാണ്. തൂവാലയെ മുയലാക്കിമാറ്റാം, മുയലിനെ പ്രാവാക്കി മാറ്റാം, പ്രാവിനെ...

8th_Malayalam Reader Full Book.indb 87 5/18/2019 4:22:37 PM



രാജാവ്: നിർത്ത്. കുമാരിക്ക് വേണ്ടത് ഇതൊന്നുമല്ല. ആകാശത്തിലെ ചന്ദ്രനെയാണ്.

(മാന്ത്രികൻ ആകെ വിഷമത്തിലാകുന്നു.)

മാന്ത്രികൻ: തിരുമേനി, അത്....അത്....

വൈദ്യർ: എന്താ പറ്റില്ല്യാന്നുണ്ടോ?

മാന്ത്രികൻ: തിരുമേനി, ചന്ദ്രൻ സ്ഥിതി ചെയ്യുന്നത് 1,50,000 മൈൽ ദൂരെയാണ്. മാത്രമല്ല അതിന് നമ്മുടെ കൊട്ടാരത്തിന്റെ രണ്ടിരട്ടി വലിപ്പമുൺ. അതുണ്ടാക്കിയിരിക്കുന്നത്.....

രാജാവ്: മതി... തനിക്ക് കഴിയില്ലെന്ന് പറഞ്ഞാൽ മതി. ങ്ങും... കടന്നു പോകൂ... വിഡ്ഢികൾ.

(മാന്ത്രികൻ പോകുന്നു)

രാജാവ്: ഇനിയെന്ത് ചെയ്യും വൈദ്യരേ.....

വൈദ്യർ: അങ്ങു വിഷമിക്കാതെ. കൊട്ടാരത്തിൽ ഇനിയുമുണ്ടല്ലോ ബുദ്ധിജീവികൾ. അവരുടെ അഭിപ്രായം കൂടി അറിയാം.

(വൈദ്യർ പോകുന്നു)

രാജാവ്: ആരവിടെ, കൊട്ടാരം കണക്കപ്പിള്ളയോട് വരാൻ പറയൂ...

(കൊട്ടാരം കണക്കപ്പിള്ള വരുന്നു. തല കഷണ്ടിയായ മനുഷ്യൻ. ചെവിക്കിടയിൽ ഒരു പെൻസിൽ തിരുകിയിരിക്കുന്നു. കണക്കുകൂട്ടിത്തന്നെയാണ് വരവ്.)

കണക്കപ്പിള്ള: എനിക്കുറപ്പുണ്ട്; എനിക്കുറപ്പുണ്ട്, എന്റെ കണക്കുകളെല്ലാം കൃത്യമാണെന്ന്. കടൽസർപ്പത്തിന്റെ നീളമളന്നവനും, ഹിപ്പൊപൊട്ടാമസ്സിന്റെ ചുറ്റളവ് കണ്ടുപിടിച്ചവനും ഞാനാണ്. വിലക്കുറവിന്റെ വിലയെക്കുറിച്ച് സംസാരിക്കാൻ കഴിയുന്ന.....

8th_Malayalam Reader Full Book.indb 88 5/18/2019 4:22:37 PM

രാജാവ്: കണക്കപ്പിള്ളേള.....

കണക്കപ്പിള്ള: അടിയൻ

രാജാവ്: കുമാരിക്ക് വേണ്ടത് ആകാശത്തിലെ പൂർണചന്ദ്രനെയാണ്

കണക്കപ്പിള്ള: ചന്ദ്രൻ.....ചന്ദ്രൻ...(കണക്കുകൂട്ടുന്നു.) ചന്ദ്രൻ ഇവിടെ നിന്നും മൂന്നു ലക്ഷം മൈൽ ദൂരെയാണ് സ്ഥിതിചെയ്യുന്നത്. അത് നാണയം പോലെ പരന്നിരിക്കുകയും നമ്മുടെ രാജ്യത്തിന്റെ പകുതിഭാഗം അപഹരിക്കുകയും ചെയ്യും. അത് നിർമ്മിച്ചിരിക്കുന്നതാണെങ്കിൽ ആസ്ബസ്റ്റോസുകൊണ്ടുമാണ്.

രാജാവ്: ചുരുക്കത്തിൽ തനിക്കിതിൽ ഒന്നും ചെയ്യാനാവില്ലെന്ന്.

കണക്കപ്പിള്ള: എന്നു ചോദിച്ചാൽ അടിസ്ഥാനപരമായി കണക്കാക്കുമ്പോൾ.....

രാജാവ്: തനിക്കു പോകാം.

കണക്കപ്പിള്ള: ഓ....(പോകാൻ തുടങ്ങുന്നു)

രാജാവ്: ങ്ങാ... കൊട്ടാരം വിദൂഷകനോട് നമ്മെ മുഖം കാണിക്കാൻ പറയൂ.

(കണക്കപ്പിള്ള പോകുന്നു. വിദൂഷകൻ വരുന്നു. കയ്യിലൊരു കളിക്കോപ്പുമായി താള ത്തിലാണ് വരവ്.)

വിദൂഷകൻ: തിരുമേനി... അടിയൻ.

രാജാവ്: വിദൂഷക, നമ്മുടെ മകൾ ആകാശത്തിലെ ചന്ദ്രനെ വേണമെന്ന് വാശിപിടിക്കുന്നു. അത് സാധിച്ചു കൊടുത്തില്ലെങ്കിൽ അവളുടെ അസുഖം ഇനിയും വർദ്ധിക്കും. പക്ഷെ കൊ ട്ടാരത്തിലുള്ള ആർക്കും അതിന് കഴിയില്ലത്രേ. അവരെല്ലാം ചന്ദ്രൻ വലുതാണെന്നും ദൂരെ യാണെന്നും പറഞ്ഞ് രക്ഷപ്പെടുകയാണ്.

വിദൂഷകൻ: ചന്ദ്രൻ എത്ര ദൂരെയാണെന്നാണവർ പറഞ്ഞത്.

രാജാവ്: പലരും പലകണക്ക്. 3 ലക്ഷം മൈൽ ദൂരം വരെ.

വിദൂഷകൻ: തിരുമേനി.... അവരെല്ലാം ബുദ്ധിമാന്മാരാണ്. അവർ പറഞ്ഞത് ശരിയുമാണ്. ചന്ദ്രൻ ദൂരെയും വലുതുമാണ്. പക്ഷെ കുമാരിയോട് ചോദിച്ചോ ചന്ദ്രൻ എത്ര ദൂരെയാ ണെന്ന്?

രാജാവ്: ഇല്ല.

വിദൂഷകൻ: എങ്കിൽ വരൂ... നമുക്ക് കുമാരിയോട് സംസാരിക്കാം.

(രാജകുമാരി കരഞ്ഞുകൊൺ വരുന്നു)

വിദൂഷകൻ: അയ്യോ; കുമാരി കരയാതെ.

രാജകുമാരി: മന്ത്രി പറയാ: 'എനിക്ക് ചന്ദ്രനെ പിടിച്ചുതരില്ലെന്ന്'. നിങ്ങളെനിക്ക് ചന്ദ്രനെ പിടിച്ചു തരോ?

വിദൂഷകൻ: തീർച്ചയായും; പക്ഷെ ഇപ്പോഴല്ല.

രാജകുമാരി: പിന്നെ എപ്പോഴാ?

8th_Malayalam Reader Full Book.indb 89 5/18/2019 4:22:37 PM

വിദൂഷകൻ : ഇന്നു രാത്രി തന്നെ, ആട്ടെ കുമാരിക്കറിയാമോ ചന്ദ്രൻ എത്ര വലുതാണെന്ന്.

രാജകുമാരി : എന്റെ തള്ളവിരലിനോളം ചെറുത്

വിദൂഷകൻ : അതെങ്ങിനെയാ കുമാരി?

രാജകുമാരി : ഞാൻ എന്റെ തള്ളവിരൽ കൊണ്ട് ചന്ദ്രനെ മറച്ചുപിടിച്ചു നോക്കിയാൽ പിന്നെ ചന്ദ്രനെ കാണാൻ പറ്റില്ലല്ലോ?

വിദൂഷകൻ : ശരി, ശരി ചന്ദ്രൻ എത്ര ദൂരെയാണ് ?

രാജകുമാരി : കൊട്ടാരത്തിലെ തേന്മാവിന്റെയും ദൂരെ, ചില രാത്രികളിൽ ഞാൻ ജനലിലൂടെ നോക്കുമ്പോൾ ചന്ദ്രൻ മാവിന്റെ കൊമ്പത്ത് മുട്ടിനിൽക്കുന്നതായി കാണാം.

വിദൂഷകൻ : നമുക്ക് ഇന്നു രാത്രി മാവിന്റെ കൊമ്പത്ത് കയറി ചന്ദ്രനെ പിടിക്കാം ട്ടോ...ച ന്ദ്രനെ എന്തു കൊണ്ടാ ഉണ്ടാക്കിയിരിക്കുന്നത്?

രാജകുമാരി : സ്വർണ്ണം കൊണ്ട്

വിദൂഷകൻ : ശരി, ശരി കുമാരി ഇപ്പോ ഇതു കൊണ്ടുപോയി കളിക്കൂട്ടോ.....ചന്ദ്രനെ നാളെത്തന്നെ പിടിച്ചുതരാം.(തന്റെ കയ്യിലുള്ള കളിക്കോപ്പ് കുമാരിക്കു കൊടുക്കുന്നു.കുമാരി അതുവാങ്ങി താളാത്മകമായിപ്പോകുന്നു.)

വിദൂഷകൻ : (രാജാവിനോട്) കൊട്ടാരം തട്ടാനെ വിളിച്ച് സ്വർണ്ണം കൊണ്ട് തള്ളവിരൽ വലു പ്പത്തിൽ ഒരു ചന്ദ്രനെയുണ്ടാക്കി കുമാരിയുടെ കഴുത്തിലിട്ടുകൊടുക്കാൻ ഏർപ്പാടു ചെയ് താട്ടെ, അതോടെ കുമാരിയുടെ എല്ലാ അസുഖവും മാറും.

രാജാവ് : നാം ഇപ്പോൾ തന്നെ ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

(വെളിച്ചം മങ്ങുന്നു.വീണ്ടും തെളിയുമ്പോൾ കൊട്ടാരത്തിൽ രാജാവ് അസ്വസ്ഥനായി ഉലാ ത്തുന്നു.മന്ത്രി, മാന്ത്രികൻ, കണക്കപ്പിള്ള എന്നിവർ ഉപവിഷ്ടരാണ്.

രാജാവ് : നിങ്ങളെ ഞാൻ വിളിച്ചത് വളരെ പ്രധാനപ്പെട്ട ഒരു കാര്യം ചർച്ച ചെയ്യാനാണ്. നമ്മുടെ കുമാരി ഇപ്പോൾ വളരെ ഉന്മേഷവതിയാണ്. നാമതിൽ സന്തുഷ്ടനുമാണ്. എന്നാൽ രാത്രിയിൽ അവൾ ആകാശത്തിൽ ഉറച്ചുനിൽക്കുന്ന നക്ഷത്രങ്ങളെ കണ്ടാൽ....അവളണി ഞ്ഞിരിക്കുന്നത് യഥാർത്ഥ ചന്ദ്രനല്ലെന്ന് മനസ്സിലായാൽ...ഓ ദൈവമേ.....മന്ത്രീ, നമ്മുടെ കു മാരിയെ ആ കാഴ്ചയിൽ നിന്നും എങ്ങിനെ രക്ഷിക്കാനാകും.

മന്ത്രി : (ആലോചിച്ച്)തിരുമേനി, കുമാരിക്ക് ഒരു കറുത്ത കണ്ണട വെച്ചുകൊടുത്താലോ?

രാജാവ് : (ദേഷ്യത്തിൽ) എടോ....കറുത്ത കണ്ണട വെച്ചാൽ അവൾ കാണുന്നതെല്ലാം കറു പ്പായിരിക്കില്ലേ...തന്റെ കണ്ണിനെന്തോ തകരാറുണ്ടെന്നു കരുതി അവൾ കൂടുതൽ വ്യസനി ക്കും.അസുഖം വർദ്ധിക്കുകയും ചെയ്യും.

(മന്ത്രി ചമ്മുന്നു.മറ്റുള്ളവർ കളിയാക്കി ചിരിക്കുന്നു)

മാന്ത്രികൻ : തിരുമേനി, അടിയനൊരു ഐഡിയ

രാജാവ് : കേൾക്കട്ടെ....

8th_Malayalam Reader Full Book.indb 90 5/18/2019 4:22:38 PM

മാന്ത്രികൻ : നമുക്ക് ഈ കൊട്ടാരത്തിനും പൂന്തോട്ടത്തിനും എല്ലാം സർക്കസ്സുകാരുടെ ടെന്റ് പോലെ കറുത്ത തുണി വലിച്ചുകെട്ടിയാലോ....?

രാജാവ് : കടന്നുപോടോ ...അയാളുടെ പുത്തി.

കണക്കപ്പിള്ള : തിരുമേനി, നമുക്ക് കൊട്ടാരവളപ്പിൽ ദിവസവും വെടിക്കെട്ടു നടത്തിയാലോ ...? അപ്പോളുണ്ടാകുന്ന പുക ചന്ദ്രനെ മറയ്ക്കും.

രാജാവ് : എടോ...പുക മാറിയാൽ ചന്ദ്രൻ വീണ്ടും തെളിയില്ലേ....നിങ്ങളൊന്നു പോകാമോ?

(എല്ലാരും പോകാൻ തയ്യാറെടുക്കുന്നു)

രാജാവ് : നിൽക്കൂ...വിദൂഷകനോട് നമ്മെ മുഖം കാണിക്കാൻ പറയൂ

(എല്ലാരും പോകുന്നു. വിദൂഷകൻ വരുന്നു)

രാജാവ് : വിദൂഷകാ, സംഗതി വീണ്ടും കുഴപ്പത്തിലാകുമെന്നാ തോന്നുന്നത്....ആകാശത്തിലുദിച്ചു നിൽക്കുന്ന ചന്ദ്രനെ കുമാരി കണ്ടാൽ എന്താകും...ആർക്കും ചന്ദ്രനെ മറയ്ക്കാനുള്ള വഴി കണ്ടെത്താനാകുന്നുമില്ല.

വിദൂഷകൻ : അങ്ങ് വിഷമിക്കരുത്.ചന്ദ്രനെ പിടിയ്ക്കാനുള്ള വഴി പറഞ്ഞുതന്നത് കുമാരിയല്ലേ.....അതുകൊണ്ട് ചന്ദ്രനെ മറയ്ക്കാനുള്ള വഴിയും കുമാരിയോട് തന്നെ ചോദിക്കാം.

(രാജകുമാരി കയ്യിലൊരു പാവയുമായി പാട്ടുപാടിക്കൊണ്ട് പ്രവേശിക്കുന്നു)

രാജകുമാരി : ഒന്നാനാം കൊച്ചു തുമ്പി,

എന്റെ കൂടെ പോരുമോ നീ

നിന്റെ കൂടെ പോന്നാലോ

എന്തെല്ലാം തരുമെനിക്ക്

എന്തെല്ലാം തരുമെനിക്ക്

വിദൂഷകൻ : (സങ്കടത്തിൽ) കുമാരി, ഇന്നലെ മുതൽ ചന്ദ്രനെ കുമാരി കഴുത്തിലണിഞ്ഞു നടക്കുകയല്ലേ.

രാജകുമാരി : അതെ

വിദൂഷകൻ : പിന്നെങ്ങിനെ ദേ, വേറൊരു ചന്ദ്രൻ ആകാശത്തിൽ തിളങ്ങുന്നു.?

കുമാരി : (ചിരിച്ചുകൊണ്ട്) അയ്യേ, ഇതുപോലും നിങ്ങൾക്കറിയില്ലേ...എന്റെ ഒരു പല്ലു പോയാൽ അവിടെ വേറൊരു പല്ലു വരും.തോട്ടത്തിലെ ചെടിയിൽ നിന്നും ഒരു പൂവു കൊഴിഞ്ഞാൽ വേറെ പൂവുണ്ടാകും. അതുപോലെ ഒരു ചന്ദ്രൻ പോയാൽ വേറെ ചന്ദ്രൻ വരും. അയ്യേ...

8th_Malayalam Reader Full Book.indb 91 5/18/2019 4:22:38 PM

ഒന്നാനാം കൊച്ചുതുമ്പി

എന്റെ കൂടെ പോരാമോ നീ

(രാജകുമാരി പോകുന്നു)

രാജാവ് : ശരിയാണ് വിദൂഷകാ, അവളുടെ ഉത്തരം എത്ര നിഷ്കളങ്കമാണ്. നമ്മുടേതോ... നമുക്കും കുട്ടികളെപ്പോലെ നിഷ്കളങ്കമായ ഒരു മനസ്സുണ്ടായിരുന്നെങ്കിൽ ഈ ലോകം എത്ര സുന്ദരമായേനെ...

(രാജാവും വിദൂഷകനും ആ സ്വപ്നത്തിൽ ലയിച്ചു നിൽക്കുന്നു)

(യവനിക)

അവലംബം - James thurber ന്റെ MANY MOONS എന്ന കഥ

8th_Malayalam Reader Full Book.indb 92 5/18/2019 4:22:38 PM

അഭ്യാസം

I. പദപരിചയം

ചിന്താമഗ്നൻ, ചേഷ്ട, അപഹരിക്കുക, ഉപവിഷ്ടരാവുക, ഉന്മേഷം, വ്യസനം, നിഷ്കളങ്കൻ

II. വിഗ്രഹിച്ചെഴുതുക

ബുദ്ധിജീവി, കൗതുക വസ്തുക്കൾ, പൂർണ്ണചന്ദ്രൻ, രാജകൊട്ടാരം

III. വാക്യത്തിൽ പ്രയോഗിക്കുക

അപഹരിക്കുക, നിർദ്ദേശിക്കുക, അസ്വസ്ഥരാവുക

IV. ഉത്തരമെഴുതുക

1. രാജകുമാരിയുടെ ആഗ്രഹം എന്തായിരുന്നു?
2. വൈദ്യർ രാജാവിനു നൽകിയ നിർദ്ദേശം എന്തായിരുന്നു?
3. രാജകുമാരി വിദൂഷകനോട് ആവശ്യപ്പെട്ടത് എന്ത്?
4. ചന്ദ്രന്റെ വലിപ്പം എത്രയാണെന്നാണ് രാജകുമാരി പറഞ്ഞത്?
5. രാജകുമാരിയുടെ അസുഖം മാറാൻ വിദൂഷകൻ കണ്ടെത്തിയ ഉപായം എന്തായിരുന്നു?
6. ആകാശത്ത് വീണ്ടും ചന്ദ്രൻ ഉദിച്ചതിന് രാജകുമാരി കണ്ടെത്തിയ കാരണം എന്തായിരുന്നു?

V. അനുബന്ധ പ്രവർത്തനം - നാടകാവതരണം

അമ്പിളിയമ്മാവൻ എന്ന നാടകം ക്ലാസ്സിൽ അവതരിപ്പിക്കുക

8th_Malayalam Reader Full Book.indb 93 5/18/2019 4:22:38 PM

പി.കേശവദേവ്



പി.കേശവദേവ് [1904-1983]: പ്രശസ്തനായ നോവലിസ്റ്റും, ചെറു കഥാകൃത്തും, നാടകകൃത്തുമായ കേശവദേവ് എറണാകുളം ജില്ല യിലെ വടക്കൻ പറവൂരിൽ ജനിച്ചു. യഥാർത്ഥ നാമം കേശവപിള്ള. സമൂഹത്തിലെ താഴെത്തട്ടിലുള്ള മനുഷ്യരെ കഥാപാത്രമാക്കുകയും ഏറ്റവും നിസ്സാരമെന്ന് തോന്നുന്ന സംഭവങ്ങൾ പോലും കഥയ്ക്ക് വിഷയമാക്കുകയും ചെയ്യുന്ന എഴുത്തുകാരനാണ് അദ്ദേഹം.ഓടയിൽ നിന്ന്, അയൽക്കാർ, കണ്ണാടി തുടങ്ങിയ നോവലുകളും ഉഷസ്സ്, ഒരു രാത്രി, മരച്ചീനി, ജീവിത സമരം തുടങ്ങിയ കഥകളും മുന്നോട്ട്, ചെ കുത്താനും കടലിനുമിടയിൽ തുടങ്ങിയ നാടകങ്ങളുമാണ് പ്രധാന കൃതികൾ.തെരഞ്ഞെടുത്ത കഥകളിൽ നിന്ന് എടുത്ത ഒരു കഥയാണ് കൂൾഡ്രിങ്ക്.

കൂൾഡ്രിങ്ക്, കൂൾഡ്രിങ്ക് - തെരുവിലെ ഇടുങ്ങിയ മൂലയിൽ നിന്നു തുടർച്ചയായി പുറപ്പെട്ടു കൊണ്ടിരിക്കുന്ന ആ വിളി, കത്തിക്കാളുന്ന വെയിലിൽ വിയർത്തൊലിച്ചുകൊണ്ടിഴയുന്ന ജാ നുവിനെ അങ്ങോട്ടാകർഷിച്ചു.സർബത്ത് നിറച്ചിട്ടുള്ള ഏതാനും കുപ്പികളും ആ കുപ്പിയുടെ വായിൽ ഓരോ ചെറുനാരങ്ങയും നാലഞ്ചുഗ്ലാസ്സുകളും നിരത്തിവെച്ചിട്ടുള്ള ഒരു മേശയുടെ പിറകിൽ നിന്നുകൊണ്ട് അഹമ്മദ് പ്രസംഗിക്കുകയായിരുന്നു. 'ഹായ്!ഹായ്! പഷ്ക്ലാസ്സ് കൂൾ ഡ്രിങ്ക്, ഒരു ഗ്ലാസ്സ് കുടിച്ചുപോ, കുടിച്ചുപോ കൂൾഡ്രിങ്ക്.' ജാനു പിച്ചളമൊന്ത ഒക്കിൽ വെച്ചു കൊണ്ട് മേശയുടെ അടുത്തുചെന്ന് നനഞ്ഞ മണ്ണിൽ ചവുട്ടി നിലയായി.അവൾ ആ കുപ്പിക ളെയും അവയുടെ വായിലിരിക്കുന്ന ചെറുനാരങ്ങയേയും മേശയുടെ അടിയിൽ ഒരു മൺപാ ത്രത്തിലിരിക്കുന്ന ശുദ്ധജലത്തെയും ആർത്തിയോടുകൂടി നോക്കി. ഉണങ്ങി വരണ്ട തൊ ണ്ടയിൽ ഒരിറ്റ്-ആ വെള്ളം (കൂൾഡ്രിങ്ക് എന്നു പറയുവാൻ അറിഞ്ഞുകൂടാ)ഒഴിക്കാൻ ആ ബാലികയ്ക്ക് തടുക്കവയ്യാത്ത കൊതിയുണ്ടായി.

അഹമ്മദിന്റെ പ്രസംഗം തുടർന്നുകൊണ്ടിരുന്നു. 'കൂൾഡ്രിങ്ക്, കൂൾഡ്രിങ്ക് വായിലൊ ഴിച്ചാൽ ശിരസ്സുമുതൽ പാദം വരെ തണുക്കും. ഒരു ഗ്ലാസ്സ് കുടിച്ചുപോ, കുടിച്ചു പോ.' തല യിൽ ഒരു ചുമ്മാടും കൈയിൽ ഒരു വലിയ കുട്ടയുമായി ഒരു ചുമട്ടുകാരൻ മേശയുടെ അടു ത്ത് വന്ന് ഒരു ഗ്ലാസ് എന്നാജ്ഞാപിച്ചു. അഹമ്മദ് പ്രസംഗം നിറുത്താതെ ദ്രുതഗതിയിൽ അയാളുടെ കൂൾഡ്രിങ്ക് തയ്യാറാക്കി തുടങ്ങി. അയാൾ വസ്ത്രത്തിനടിയിൽ നിന്ന് പിച്ചാത്തി യെടുത്ത് ഒരു നാരങ്ങ മുറിച്ചപ്പോൾ ജാനുവിന്റെ ദൃഷ്ടികൾ ആ പിച്ചാത്തിയോടു കൂടി നാര ങ്ങയുടെ ഉള്ളിൽ പ്രവേശിച്ചു.അയാൾ നാരങ്ങാനീർ ഗ്ലാസിൽ ഒഴിച്ചപ്പോൾ ആ നീരോടുകൂടി അവളുടെ ദൃഷ്ടികളും ഗ്ലാസിൽ പതിച്ചു.അയാൾ കുപ്പിയിൽ നിന്ന് രണ്ട് സ്പൂൺ സർബത്ത് ഗ്ലാസിൽ ഒഴിച്ചപ്പോൾ അവൾ മേശയോടു ചേർന്ന നിലയിലായി.അയാൾ മേശയുടെ അടി യിൽ നിന്ന് ഒരു തകരപ്പാത്രത്തിൽ കുറെ വെള്ളമെടുത്ത് ഗ്ലാസ്സിലേക്ക് പൊക്കി ഒഴിച്ചപ്പോൾ അവളുടെ കൊതി വീർപ്പുമുട്ടി പുറത്തേക്കു ചാടി.

'ഇത്തിരി എനിക്ക് തരോ?'

8th_Malayalam Reader Full Book.indb 94 5/18/2019 4:22:38 PM



അഹമ്മദ് ഹാസ്യ സൂചകമായ ഒരു ചിരിയോടെ അവളുടെ മുഖത്തൊന്നു നോക്കി. അയാളുടെ കൂൾഡ്രിങ്ക് ചുമട്ടുകാര ന്റെ കൈയിൽ കൊടുത്തിട്ട് അയാൾ വീണ്ടും അവളെ നോക്കി ചിരിച്ചു. ആ ചുമട്ടുകാരന്റെ തൊണ്ടയിൽക്കൂടി വെള്ളം അങ്ങനെ ഇറങ്ങിപ്പോകുന്നതിനെ നോക്കിക്കൊണ്ട് ജാനു ചോദിച്ചു.

'അതിനെന്താ വെല?'

അഹമ്മദിന് സഹതാപം തോന്നി.അയാൾ ചോദിച്ചു. മോൾടെ കൈയിലെത്ര കാശ്ണ്ട്?

ജാനു അവളുടെ മടിയിൽ പിടിച്ചുപകൊണ്ട് പറഞ്ഞു. എന്റെ കൈയിൽ പത്തണയെണ്ട്.അഞ്ഞാഴി പാലു വിറ്റതാ.

ചുമട്ടുകാരൻ നീട്ടിയ ഗ്ലാസും കാശും വാങ്ങിയിട്ട് അഹമ്മദ് പറ ഞ്ഞു. എന്നാ ആറു കാശെടുത്തോ.ഒരു ഗ്ലാസ് കൂൾഡ്രിങ്ക് തരാം.

'ഇതീന്നു കാശെടുത്താ എന്നെ അമ്മ തല്ലും'

അഹമ്മദ് ജാനുവനെ അനുകരിച്ചു കൊണ്ടു പറഞ്ഞു: 'കാശുമേടിക്കാതെ കൂൾഡ്രിങ്ക് തന്നാ എന്നെ വാപ്പ തല്ലും.'

'തന്റെ വാപ്പ കാണൂല്ലല്ലോ.'

'ആ മടീന്നു കാശെടുത്താ നിന്റെ തള്ള കാണില്ല.'

'അങ്ങു ചെല്ലുമ്പോ അമ്മ എണ്ണിനോക്കും.'

'ഇങ്ങു വരുമ്പോ വാപ്പ എണ്ണിയാലോ?'

'എനിക്കിത്തിരി മതി. ദാഹിച്ചിട്ടല്ലേ?'

'എന്നാ പച്ചോള്ളം തരാം. നിനക്ക്.'

കുപ്പിയെ ചൂണ്ടികാണിച്ചുകൊണ്ട് ജാനു പറഞ്ഞു. 'ഇത്തിരി അതും കൂടി ഒഴിച്ചാമതി.'

അഹമ്മദിന് ദയവു തോന്നി.അയാൾ അല്പം കൂൾഡ്രിങ്ക് ഉണ്ടാക്കി ജാനുവിന് കൊ ടുത്തു.അവൾ ഒരു മന്ദഹാസത്തോടെ അതു വാങ്ങി കുടിച്ചു.ഗ്ലാസ് തിരികെ കൊടുത്തിട്ട് അവൾ പറഞ്ഞു. 'ഇനിക്ക് അമ്മ വല്ലപ്പോഴും കാശ് തന്നാ തനിക്കു തന്നേക്കാം കേട്ടോ.'

അഹമ്മദ് സകരുണം പറഞ്ഞു. 'ഇതിനു കാശു തരണ്ടാ.നിന്റെ വീടെവിടെയാണ്?'

'അതിവിടെന്നു ദൂരെ പോണം'

'നീ ദിവസോം പാല് വിക്കാൻ വരോ?'

'ഉം. ദിവസോം വരും. അപ്പനു കുറികിട്ടീപ്പ മേടിച്ച പശൂന് അഞ്ഞാഴി പാലൊണ്ട്. അതും വിറ്റേച്ചു വീട്ടി ചെല്ലുമ്പ സന്ധ്യാവും.'

'എന്നാ നീ നിക്കണ്ട വേഗം പൊക്കോ.'

ജാനു കൃതജ്ഞതയോടെ അഹമ്മദിനെ ഒന്നു നോക്കീട്ട് ധൃതിയിൽ അവിടെനിന്നു പോയി.

8th_Malayalam Reader Full Book.indb 95 5/18/2019 4:22:38 PM



ജാനുവിനു പതിമൂന്ന് വയസ്സേ പ്രായമുള്ളൂ.പട്ടണത്തിനു പുറത്ത് ഗ്രാമത്തിലുള്ള ഒരു കർഷകത്തൊഴിലാളിയുടെ ഏക പുത്രിയാണവൾ.പ്രഭാതത്തിൽ കുറെ പഴങ്ങഞ്ഞിയും കുടിച്ചുകൊണ്ട് അവൾ പാൽ വിൽക്കാനായി പട്ടണത്തിലേക്ക് പുറപ്പെടും. സന്ധ്യയാകുമ്പോഴേക്ക് അവൾ തിരിച്ചു വരും. പാൽ വിറ്റു കിട്ടുന്നതിൽ നിന്ന് ഒരു കാശെങ്കിലും എടുത്തുപോയാൽ അവളുടെ അമ്മ തല്ലും. ഉച്ചയ്ക്ക് വല്ല പീടികയിലോ വീട്ടിലോ കയറി കുറെ പച്ചവെള്ളം കുടിച്ചുകൊണ്ടാണ് അവൾ പൊരിയുന്ന വെയിലത്ത് വീട്ടിലേക്ക് പോകുന്നത്.

അഹമ്മദ് കൊടുത്ത കൂൾഡ്രിങ്ക് അവൾക്ക് വിഭവസമൃദ്ധമായ ഒരു സദ്യയായിരുന്നു.അങ്ങനെ ഒരു പാനീയം അവളതുവരെ കുടിച്ചിട്ടില്ല.അതിന്റെ സ്വാദോർത്തുകൊണ്ടാണ് അവൾ വീട്ടിലേക്ക് പോയത്. വീട്ടിൽ ചെന്നയുടനെ മധുരമുള്ള ആ വെള്ളം കുടിച്ച കഥ അവൾ അമ്മയോട് പറഞ്ഞു. അടുത്ത ദിവസം പ്രഭാതത്തിൽ അവൾ ആ വെള്ളത്തിന്റെ സ്വാദോർത്തുകൊണ്ടാണ് ഉണർന്നത്. പഴങ്ങഞ്ഞി കുടിച്ച് പാല്പാത്രമെടുത്ത് കൊണ്ട് അവൾ ധൃതിയിൽ പട്ടണത്തിലേക്ക് നടന്നു.

പാൽവിൽപന കഴിഞ്ഞ് ജാനു തെരുവിലെ ആ ഇടുങ്ങിയ മൂലയിൽ എത്തി. അഹമ്മദിന്റെ പ്രസംഗം അവൾക്ക് കേൾക്കാമായിരുന്നു. കൂൾഡ്രിങ്ക് കൂൾഡ്രിങ്ക് കുടിച്ചുപോ കുടിച്ചുപോ. ജാനു മേശയുടെ അടുത്ത് ചെന്ന് ഒന്ന് ചിരിച്ചു.അഹമ്മദ് തലേ ദിവസത്തെ തന്റെ പരിചയം ഒന്നും കാണിക്കാതെ തന്റെ പ്രസംഗം തുടർന്നു.

ജാനു അല്പ സമയം അയാളുടെ മുഖത്തുനോക്കി നിന്നിട്ട് ചോദിച്ചു. മൂന്ന് കാശിന് 'ആ വെള്ളം തരാമോ?'

അഹമ്മദ് ഉത്തരം പറഞ്ഞില്ല.ജാനു കുറച്ച് സമയം കൂടി നിന്നിട്ട് മടിയിൽ നിന്ന് ആറു കാശെടുത്ത് നീട്ടി സഗൗരവം പറഞ്ഞു : 'ദേ ആറു കാശ് ഒരു പാത്രം നെറച്ചു തരണം.'

8th_Malayalam Reader Full Book.indb 96 5/18/2019 4:22:39 PM

അഹമ്മദ് ചിരി അടക്കിക്കൊണ്ട് കാശുവാങ്ങി. കൂൾഡ്രിങ്ക് തയ്യാറാക്കുന്നതിനിടയിൽ അയാൾ ചോദിച്ചു : എടീ ഇന്നലെ കൂൽഡ്രിങ്ക് മേടിച്ച കാശെവിടെ?

'അതു നാളെത്തരാം.ഇപ്പൊ ആറു കാശിന് പാത്രം നെറച്ചു തരണം.'

അയാൾ ഒരു ഗ്ലാസ് നിറച്ച് കൂൾഡ്രിങ്ക് ജാനുവിന് കൊടുത്തു. അവൾ അതു കുടിച്ചിട്ട് അഹമ്മദിനോട് യാത്രപോലും പറയാതെ പോകാൻ ഭാവിച്ചു. പക്ഷേ അവൾക്ക് പോകാനൊരു സങ്കടം! വീട്ടിൽ ചെല്ലുമ്പോൾ ആറു കാശ് ചെലവാക്കിയതിന് അമ്മ അവളെ തല്ലും.എന്തു കളവ് പറയും അമ്മയോട്.അവൾ ആലോചിച്ച് കൊണ്ട് നിലയായി.അഹമ്മദിനോട് കാശ് തിരികെ ചോദിക്കാൻ അവൾക്ക് ധൈര്യമില്ല.ആ വെള്ളം വാങ്ങി കുടിക്കേണ്ടതില്ലായിരുന്നു എന്നവൾക്ക് തോന്നി.പക്ഷേ ഇനി എന്തുചെയ്യും.! കുടിച്ചുപോയി, കാശ് കൊടുത്തുപോയി.

ജാനുവിന്റെ കണ്ണുനിറഞ്ഞു കവിൾത്തടങ്ങളിൽക്കൂടി ഒഴുകിത്തുടങ്ങി.ചിരിയെ അടക്കുവാനുള്ള അഹമ്മദിന്റെ ശ്രമം വിഫലമായി. അയാൾ ഉറക്കെച്ചിരിച്ചുകൊണ്ടു ചോദിച്ചു: നീയെന്തേ കരയണു?

ജാനു വിങ്ങിക്കരഞ്ഞുകൊണ്ട് പറഞ്ഞു: 'അമ്മ തല്ലും.'

അഹമ്മദ് ആറുകാശെടുത്ത് അവളുടെ കൈയ്യിൽ കൊടുത്തിട്ടു പറഞ്ഞു. 'കാശ് കൊണ്ട് പൊക്കോ. ഇനിക്കു കാശു തരണ്ട. കേട്ടോ, ദിവസോം ഉച്ചയ്ക്കിവിടെ വാ, കൂൾഡ്രിങ്ക് തരാം. ഉം കരയാതെ പൊയ്ക്കോ.'

ജാനു കണ്ണീർ തുടച്ച്, ചിരിച്ചു.അവൾ കൃതജ്ഞതയോടെ തിരിഞ്ഞു നോക്കി നോക്കി നടന്നു മറയുകയും ചെയ്തു.

അടുത്ത ദിവസം മുതൽ അവൾ എന്നും ഉച്ചസമയത്ത് അഹമ്മദിന്റെ മേശയുടെ അരികിൽ വരും. അയാൾ അവൾക്ക് ഒരു ഗ്ലാസ്സ് കൂൾഡ്രിങ്ക് പതിവായി കൊടുത്തുകൊള്ളും. അവൾ അതു കുടിച്ചിട്ട് അഹമ്മദിന്റെ വീഞ്ഞപ്പെട്ടിയിന്മേൽ ഇരുന്ന് വിശ്രമിക്കും. ചിലപ്പോൾ അവൾ അഹമ്മദിന്റെ പീടിക തൂത്ത് വൃത്തിയാക്കി കൊടുക്കും.

ഒരു ദിവസം അവൾ വന്നപ്പോൾ അഹമ്മദിന് ഒരു ഇലപ്പൊതി സമ്മാനിച്ചു. അതിൽ കുറെ ചക്കപ്പഴമായിരുന്നു. അവൾക്ക് തിന്നാൻ കൊടുത്തത് അവൾ അഹമ്മദിന് കൊടുക്കാൻ വേണ്ടി സൂക്ഷിച്ച് വെച്ചിരുന്നതാണ്. പാലും കൊണ്ട് പട്ടണത്തിലേക്ക് പുറപ്പെട്ടപ്പോൾ അമ്മ കാണാതെ അവൾ പൊതിയും കൊണ്ടു പോന്നു.അഹമ്മദ് സന്തോഷത്തോടു കൂടിത്തന്നെ അവളുടെ സമ്മാനത്തെ സ്വീകരിച്ചു. അന്നുമുതൽ അവൾ വരുമ്പോഴെല്ലാം എന്തെങ്കിലും കൊണ്ടുവരും.അഹമ്മദിന് കൊടുക്കാൻ ഒന്നും കിട്ടാത്ത ദിവസം അവൾക്ക് വലിയ സങ്കടമാണ്.

അങ്ങനെ ദിവസങ്ങളും ആഴ്ചകളും കഴിഞ്ഞു. വേനൽക്കാലം അവസാനിച്ചു. ഇടവപ്പാതി ആരംഭിച്ചു. പിന്നെ അഹമ്മദിന്റെ കൂൾഡ്രിങ്കിന് ചെലവില്ലാതായി. കച്ചവടം മതിയാക്കി വീട്ടിലേക്ക് പോകാൻ അയാൾ തീർച്ചപ്പെടുത്തി.

അഹമ്മദിന്റെ വീട് പട്ടണത്തിൽനിന്നു വളരെ അകലെ ഒരു കുഗ്രാമത്തിലാണ്. ഉദ്ദേശം മുപ്പത്തഞ്ച് വയസ്സ് പ്രായമുണ്ട്. വേനൽക്കാലമാകുന്നതുവരെ അയാളുടെ തൊഴിൽ കൃഷിയാണ്. വേനൽക്കാലമായാൽ ഭാര്യയേയും കുട്ടികളെയും അച്ഛന്റെ വീട്ടിലാക്കിയിട്ട് അയാൾ കൂൾഡ്രിങ്ക് കച്ചവടത്തിന് പട്ടണത്തിലേക്ക് പോരും.

ഒരു ദിവസം ജാനു പതിവുപോലെ വന്നപ്പോൾ അടുത്ത ദിവസം താൻ കച്ചവടം മതിയാക്കി വീട്ടിലേക്ക് പോവുകയാണെന്ന് അഹമ്മദ് അവളോട് പറഞ്ഞു. ജാനു ഒന്നും പറഞ്ഞില്ല. അവൾ അന്ന് അധികനേരം അഹമ്മദിന്റെ വീഞ്ഞപ്പെട്ടിയിൽ മൗനമായി ഇരുന്നു. അവളുടെ മനസ്സിൽ എന്തോ ഒരു വല്ലായ്മ! അതെന്താണെന്ന് അവൾക്കുതന്നെ അറിഞ്ഞു

8th_Malayalam Reader Full Book.indb 97 5/18/2019 4:22:40 PM

കൂടായിരുന്നു.അവളുടെ മനസ്സിൽ നിന്ന് ഏതോ ഒരു അപരിചിതൻ അവളോട്, അവൾക്ക് അറിഞ്ഞുകൂടാത്ത ഭാഷയിൽ സംസാരിക്കുകയാണ്. അഹമ്മദ് അവളോട് പലതും ചോദിച്ചു. അതിനൊന്നും അവൾ ഉത്തരം പറഞ്ഞില്ല. അവൾ മൗനമായി, നമ്രമുഖിയായി ഇരുന്നതേയുള്ളൂ. ഇടയ്ക്കിടയ്ക്ക് അവൾ അഹമ്മദിന്റെ മുഖത്ത് നോക്കും. അയാൾ യാത്രയ്ക്കുള്ള ഒരുക്കങ്ങൾ ചെയ്യുകയായിരുന്നു.

ഒടുവിൽ ജാനു പോകാനായി എഴുന്നേറ്റു. അവൾക്ക് അഹമ്മദിന്റെ മുഖത്ത് നോക്കാൻ ധൈര്യമുണ്ടായില്ല. നമ്രമുഖിയായി തന്നെ അവൾ ചോദിച്ചു: നാളെ എപ്പവാ പോണെ?

ജാനുവിന്റെ ഈ ഭാവഭേദം അഹമ്മദിനെ അത്ഭുതപ്പെടുത്തി. അയാൾ ശാന്ത സ്വരത്തിൽ പറഞ്ഞു: നാളെക്കാലത്തു പോവും– നീ വരുന്നതിന് മുമ്പ്

ജാനു ഒന്നും പറയാതെ അവിടെനിന്നും പോയി. അടുത്ത ദിവസം അഹമ്മദ് വീട്ടിലേക്ക് പോകുവാനുള്ള ഒരുക്കങ്ങൽ പൂർത്തിയാക്കി. മേശ ഒരു സ്നേഹിതന്റെ പീടികയിൽ ഏൽപിച്ചു. കുപ്പികളും ഗ്ലാസ്സുകളും മറ്റും വീഞ്ഞപ്പെട്ടിയിലാക്കി. അതുവരെയുള്ള അയാളുടെ സമ്പാദ്യം എണ്ണിത്തിട്ടപ്പെടുത്തിയിട്ടു തിരിഞ്ഞുനോക്കിയപ്പോൾ ജാനുവുണ്ട് അയാളുടെ അരികിൽ നിൽക്കുന്നു! എന്തോ ഒരസ്വസ്ഥത അവളെ ബാധിച്ചിരുന്നു. ഇനിമുതൽ കൂൾഡ്രിങ്ക് കിട്ടുകയില്ലെന്നുള്ള വിചാരത്തിലാണ് അവൾ സങ്കടപ്പെട്ടു നിൽക്കുന്നതെന്നേ അഹമ്മദ് വിചാരിച്ചുള്ളൂ. അയാൾ രണ്ടണത്തുട്ടെടുത്ത് അവൾക്ക് നീട്ടിക്കൊണ്ടു പറഞ്ഞു: 'ജാനു ഞാൻ പോയ് വരട്ടെ, ഇന്നാ ഇത് നീയെടുത്തോ'

ജാനു കോപത്തോടുകൂടി അയാളുടെ കൈയ്യിനൊരു തട്ടുകൊടുത്തു. അണ തെറിച്ചു ദൂരെപ്പോയി. അഹമ്മദ് കുനിഞ്ഞ് അവളുടെ മുഖത്തുനോക്കി. അവളുടെ കണ്ണുകളിൽ നിന്ന് ബാഷ്പം പ്രവഹിച്ചുകൊണ്ടിരുന്നു. അയാൾ തെറിച്ചുപോയ രണ്ടണത്തുട്ട് എടുത്തുകൊണ്ട് വന്നിട്ട് വേറെ ഒരു രണ്ടണത്തുട്ടും കൂടിച്ചേർത്ത് അവളുടെ നേരെ നീട്ടി. അവൾ പിന്നെയും അയാളുടെ കൈയ്യിനൊരു തട്ടുകൊടുത്തു. പെട്ടെന്ന് അയാൾ കൈ മുറുക്കുകയാൽ അണ തെറിച്ചുപോയില്ല.അയാൾ ചോദിച്ചു: 'നീയെന്തിനാ കരയണെ?' അവൾ ഉത്തരം പറഞ്ഞില്ല.

അഹമ്മദിന് പോകാൻ നേരമായി.ഉച്ചയോടുകൂടി വീട്ടിലെത്തണമെങ്കിൽ അയാൾ ഉടൻ പുറപ്പെടണം.അയാൾ വീഞ്ഞപ്പെട്ടിയെടുത്ത് തലയിൽ വെച്ചു.ജാനുവിനോട് ഒന്നുകൂടി യാത്ര പറഞ്ഞിട്ട് നടന്നു തുടങ്ങി.

ജാനു കണ്ണീർ തുടച്ച് അഹമ്മദിന്റെ ഗതിയെ നോക്കി നിന്നു.അയാൾ അല്പ ദൂരെ നടന്നു തിരിഞ്ഞുനോക്കി.ജാനു അവിടെത്തന്നെ നിൽക്കുന്നു.അയാൾ തെരുവിന്റെ തിരിവിലെത്തിയപ്പോൾ വീണ്ടും തിരിഞ്ഞുനോക്കി.ജാനു അപ്പോഴും അവിടെത്തന്നെ അയാളെ നോക്കിക്കൊണ്ട് നിൽക്കുകയാണ്.

അയാൾ തെരുവിലേക്ക് തിരിഞ്ഞു മറഞ്ഞു.ജാനു ദീർഘമായി ഒന്നു നിശ്വസിച്ചു.

പിന്നെയും ജാനു പാൽ വിൽക്കുവാനായി ദിവസവും പട്ടണത്തിൽ വരും.ആ തെരുവിലെത്തുമ്പോൾ അഹമ്മദിന്റെ കൂൾഡ്രിങ്ക് വിൽപനസ്ഥലത്തേക്ക് നോക്കിക്കൊണ്ട് അവൾ കുറെനേരം അങ്ങനെ നിൽക്കുക പതിവായിരുന്നു.

8th_Malayalam Reader Full Book.indb 98 5/18/2019 4:22:40 PM

വ്യാകരണം

ബഹുവചനത്തിന്റെ പിരിവുകൾ

1. അലിംഗബഹുവചനം - സ്ത്രീ പുരുഷന്മാർ ചേർന്നുള്ള ബഹുത്വത്തെ കാണിക്കുന്നത് അലിംഗബഹുവചനം.

പ്രത്യയം(അർ, കൾ)

ഉദാ : സഹോദരങ്ങൾ, ജനങ്ങൾ, ആളുകൾ, പിതൃക്കൾ, അദ്ധ്യാപകർ

2. സലിംഗബഹുവചനം - സ്ത്രീകളുടെ മാത്രമോ പുരുഷന്മാരുടെ മാത്രമോ ബഹുത്വത്തെ കുറിക്കുന്നത് സലിംഗ ബഹുവചനം പ്രത്യയം(മാർ, കൾ)

ഉദാ : നടന്മാർ, പണിക്കാരികൾ

3. പൂജക ബഹുവചനം - ഏക വചനാർത്ഥത്തിൽ തന്നെ ബഹുമാനം കാണിക്കുവാൻ ഉപയോഗിക്കുന്ന ബഹുവചനം പൂജക ബഹുവചനം

ഉദാ : വൈദ്യർ, ഭീഷ്മർ, സ്വാമികൾ, ദേവർകൾ

രചന

സമുദായ സേവനം

8th_Malayalam Reader Full Book.indb 99 5/18/2019 4:22:40 PM

ഭാഗം 7 നാഗരികത



പഠന ലക്ഷ്യങ്ങൾ

- നഷ്ടമാകുന്ന ഗ്രാമീണജീവിതത്തിന്റെ മധുരമുള്ള ഓർമ്മകളെ വീണ്ടെടുക്കലും നഗരജീവിതത്തിന്റെ പരിമിതികളെ തിരിച്ചറിയലും.
- സഞ്ചാരസാഹിത്യത്തിന്റെ രചനാസവിശേഷതകൾ തിരിച്ചറിയൽ.
- നഷ്ടമായ സ്നേഹത്തിന്റെ അദൃശ്യസാന്നിധ്യത്തെ അനുഭവിക്കുന്ന കഥ ആസ്വദിക്കൽ.

പാഠഭാഗങ്ങൾ

കവിത	:	മാമ്പഴക്കാലം	- പി .പി രാമചന്ദ്രൻ.
ഗദ്യം	:	പിനാംഗിൽ ഒരു സായാഹ്നം (സഞ്ചാരസാഹിത്യം)	- എസ്. കെ. പൊറ്റക്കാട്.
ഉപപാഠം	:	മൂന്നാമതൊരാൾ (കഥ)	- മുണ്ടൂർ കൃഷ്ണൻകുട്ടി.

കാണെക്കാണെ

- പി.പി രാമചന്ദ്രൻ



പി.പി രാമചന്ദ്രൻ [1962 -]: കേരളീയമായ അനുഭവങ്ങളും ഓർമ്മകളും പുതിയ ജീവിത പശ്ചാത്തലത്തിൽ ആവിഷ്കരിക്കുകയും നമ്മുടെ ജീവിതമാറ്റങ്ങളെ സൂക്ഷ്മമായി രേഖപ്പെടുത്തുന്ന രചനകൾ നടത്തുകയും ചെയ്ത രാമചന്ദ്രൻ ആധുനിക മലയാള കവികളിൽ ശ്രദ്ധേയനാണ്. പ്രധാനകൃതികൾ: രണ്ടായ് മുറിച്ചത്, കാറ്റേ കടലേ, കാണെക്കാണെ, വി.ടി കുമാരൻ പുരസ്കാരം, ചെറുകാട് അവാർഡ്, കേരളസാഹിത്യ അക്കാദമി അവാർഡ് എന്നീ ബഹുമതികൾ നേടിയിട്ടുണ്ട്.

നമുക്ക് നഷ്ടമാവുന്ന ഗ്രാമീണജീവിതത്തിന്റെ മധുരമുള്ള ഓർമ്മകൾ ആസ്വാദകരുമായി പങ്ക് വെയ്ക്കുന്ന കവി, നഗരജീവിതത്തിന്റെ കൃത്രിമത്വത്തോട് എതിർപ്പ് പ്രകടിപ്പിക്കുന്നു. കാണെക്കാണെ എന്ന കവിതാ സമാഹാരത്തിൽ നിന്നും എടുത്തിട്ടുള്ളതാണ് ഈ കവിത.

പറയൂ നാട്ടിൻപുറ-
ത്തുള്ള മാങ്ങകൾക്കെല്ലാം
രുചി ഈ മാംഗോ ഫ്രൂട്ടി -
ക്കുള്ള പോലാണോ?

കൊച്ചുമകൾ ചോദിച്ചു മഞ്ഞ-
ദ്രാവകം കുഴൽ വഴി
നുണയും നേരം ചിത്ര-
ശലഭംപോലെൻ ചാരെ.

8th_Malayalam Reader Full Book.indb 101 5/18/2019 4:22:41 PM



പറയാനാമോ രുചി
ഭേദങ്ങൾ ? ഈയച്ചനും
മകളേ, നീയും തമ്മിൽ
എത്ര മാമ്പഴക്കാല -
മകലം ശരീരത്തിൽ
മനസ്സിൽ, രുചിയിലും.
അറിയുംതോറും നിന-
ക്കെന്നെയും പുളിച്ചിടാം.

എങ്കിലും നിൻ കൗതുക-
ത്തിന്റെ പീലിക്കണ്ണിപ്പോൾ
എൻ മനസ്സിനെയൊരു
വണ്ടാക്കി മാറ്റുന്നല്ലോ

8th_Malayalam Reader Full Book.indb 102 5/18/2019 4:22:41 PM

ഓടുന്ന തീവണ്ടി തൻ
ജാലകം വഴിയിതാ
ഞാൻ മുളിപ്പറക്കുന്നു
മാമ്പഴക്കാലം തേടി.

2

ആർക്കുമേ വഴങ്ങാത്ത
മാവുകൾ ഇച്ഛയ്ക്കൊത്തു
ശാഖകൾ കുലച്ചവർ
വേരുകൾ പടർത്തിയോർ

ചകിരേ്യൻ, ചക്കേൻ, മുട്ടി-
ക്കുടിയേൻ, മൂവാണ്ടൻ, തേ-
നൊലിയൻ എന്നിങ്ങനെ
പഴഞ്ചൻ പേരാർന്നവർ

ചുണയന്മാരും നാട്ടു
കാര്യസ്ഥപ്രമാണിമാർ
തണലേ തനിക്കുള്ള
ധനമെന്നെണ്ണുന്നവർ,

അവരാണല്ലോ പച്ച-
ക്കോലവും കെട്ടിക്കൊണ്ടീ
കരയൊക്കെയും കാവായ്
മാറ്റിയ തെയ്യങ്ങളും.

8th_Malayalam Reader Full Book.indb 103 5/18/2019 4:22:42 PM

അറിയില്ലവരെ നിൻ
പട്ടണത്തിലെപ്പാതയ്-
ക്കരികിൽ ക്യൂ നിൽക്കുന്ന
കമ്പിക്കാലുകൾക്കൊന്നും

അറിവില്ലവയ്ക്കെഴും
കനികൾ ചുരത്തുന്ന
ചുണയും ചൂരും നിന്റെ
മിഠായിത്തെരുവിന്നും



3

കുതിച്ചാലണ്ണാനെപ്പോ-
ലുയരും കാലങ്ങളിൽ
മുറിഞ്ഞാൽ പഴച്ചാറു
പൊടിക്കും ബാല്യങ്ങളിൽ

ഓരോരോ മാവും പൂത്ത-
തോരോരോ വസന്തങ്ങൾ
ഓരോരോ കൊമ്പും കായ്ച്ച-
തോരോരോ മധുരങ്ങൾ.

8th_Malayalam Reader Full Book.indb 104 5/18/2019 4:22:42 PM

ഒറ്റ മാമ്പഴം മുട്ടി-
ക്കുടിക്കേ വീണ്ടും വീണ്ടും
വ്യത്യസ്ത മധുരങ്ങൾ
നുണഞ്ഞു രസനങ്ങൾ
കേവലമൊരു തുള്ളി
കിട്ടിയാൽപ്പോരും രസ-
രാജിയാൽ മഴവില്ലു
വിടർത്തും ജിഹ്വാഞ്ചലം.

അത്രമേൽ തീക്ഷ്ണങ്ങളാം
നാവുകളത്രേ പിന്നെ
മിഠായിപ്പൊതിക്കായി-
പ്പണയം വച്ചുനമ്മൾ

വെറുതേ മധുരിക്കും
രാസമാധുര്യത്തിന്നായ്
പകരം കൊടുത്തതീ
ദിവ്യമാം രസവിദ്യ

4

അവസാനത്തെ മധു
കണവും വലിച്ചീമ്പി-
യെറിയും നേരം മാങ്ങ-
യണ്ടിക്കു തുണപോകാ-

8th_Malayalam Reader Full Book.indb 105 5/18/2019 4:22:42 PM

നൊരുവൻ വേണം നാളെ
ആ വിത്തു മുളയ്ക്കണം
തണലും തേനും കനി-
ഞ്ഞരുളാൻ തുണയ്ക്കണം

പിന്നെയും മുളയ്ക്കണം
കായ്ക്കണം; മരിച്ചാലും
പിന്നെയും തളിർക്കണം
ജീവിതം; എന്നാലിന്ന്
മകളേ, പുറത്തേക്കു
നീയിപ്പോളെറിഞ്ഞൊരീ
മധുരക്കൂടിന്നൊപ്പം
പൊള്ളയാണത്രേ നമ്മൾ

വാങ്ങുക കുടിക്കുക
പുറത്തേക്കെറിയുക
ജീവിതം നിറച്ചൊരീ -
ക്കൂടുകൾ നാളേക്കില്ല.



8th_Malayalam Reader Full Book.indb 106 5/18/2019 4:22:42 PM

അഭ്യാസം

I. പദപരിചയം

ശലഭം, ചാരെ, ജാലകം, ഇച്ഛ, ജിഹ്വ, തീക്ഷ്ണം, ചൂര്, രസന

II. ചേർത്തെഴുതുക

1. പീലി + കണ്ണ്
2. മൂളി + പറന്നു
3. എന്ന് + ഇങ്ങനെ
4. കേവലം + ഒരു

III. പിരിച്ചെഴുതുക

1. മാമ്പഴക്കാലം, ഇച്ഛക്കൊത്തു
2. അറിയില്ലവരെ, ജിഹ്വാഞ്ചലം

IV. വരികൾ കണ്ടെത്തൽ

1. കവിതയിൽ നിന്നും ആശയ പ്രധാനമായ വരികൾ കണ്ടെത്തുക

V. ഉത്തരമെഴുതുക

1. കൊച്ചുമകൾ കവിയോട് ചോദിച്ചത് എന്ത്?
2. കൊച്ചുമകളുടെ ചോദ്യം കവിയുടെ മനസ്സിൽ ഉണർത്തിയ ചിന്തകൾ എന്തെല്ലാം?
3. ജീവിത യാഥാർത്ഥ്യത്തെക്കുറിച്ചുള്ള കവിയുടെ കാഴ്ചപ്പാട് വ്യക്തമാക്കുന്ന വരികൾ ഏവ?
4. ഏതെല്ലാം നാട്ടുമാവുകളുടെ പേരുകളാണ് കവി സൂചിപ്പിക്കുന്നത്?
5. ആർക്കെല്ലാമാണ് മാമ്പഴത്തിന്റെ ചുണയും ചൂരും അറിയില്ല എന്ന് കവി പറയുന്നത്?

ഖണ്ഡികയിലുത്തരമെഴുതുക

- മാമ്പഴക്കാലത്തെക്കുറിച്ചുള്ള എന്തെല്ലാം ഓർമ്മകളാണ് കവി മകളുമായി പങ്കുവെയ്ക്കുന്നത്?

അനുബന്ധ പ്രവർത്തനം

സംവാദം

ഗ്രാമീണ ജീവിതത്തിന്റെയും നഗരജീവിതത്തിന്റെയും നന്മതിന്മകളെ അടിസ്ഥാനമാക്കി ക്ലാസ്സിൽ ഒരു സംവാദം സംഘടിപ്പിക്കുക.

8th_Malayalam Reader Full Book.indb 107 5/18/2019 4:22:43 PM

പിനാംഗിൽ ഒരു സായാഹ്നം

- എസ്.കെ പൊറ്റക്കാട്



എസ്.കെ പൊറ്റക്കാട് [1913 - 1982]: മലയാളസാഹിത്യലോകത്തെ പ്രശസ്തനായ സഞ്ചാരസാഹിത്യകാരനും നോവലിസ്റ്റുമാണ് എസ്.കെ പൊറ്റക്കാട് എന്ന ശങ്കരൻകുട്ടി കുഞ്ഞിരാമൻ പൊറ്റക്കാട്. അധ്യാപകനും ഇന്ത്യൻ പാർലമെന്റ് അംഗവുമായിരുന്ന അദ്ദേഹം മലയാളത്തിന്റെ യാത്രാവിവരണശാഖയ്ക്കു നൽകിയ സംഭാവനകൾ ഏറെ വിലപ്പെട്ടതാണ്.

പ്രധാന കൃതികൾ - ഒരു ദേശത്തിന്റെ കഥ, ഒരു തെരുവിന്റെ കഥ, മലയാനാടുകളിൽ, വിഷകന്യക, നാടൻപ്രേമം, ഒരു ദേശത്തിന്റെ കഥയ്ക്ക് ജ്ഞാനപീഠ പുരസ്കാരവും ഒരു തെരുവിന്റെ കഥയ്ക്ക് കേരള സാഹിത്യ അക്കാദമി അവാർഡും നേടിയിട്ടുണ്ട്.

തെക്കുകിഴക്കൻ ഏഷ്യയിലുള്ള മലയാനാടുകളിൽ കണ്ട കാഴ്ചകളെക്കുറിച്ച് മനോഹരമായി ആവിഷ്കരിക്കുന്ന ഈ പാഠഭാഗം എസ്.കെ പൊറ്റക്കാടിന്റെ മലയാനാടുകളിൽ എന്ന ഗ്രന്ഥത്തിൽ നിന്നുമെടുത്തതാണ്.

മലയായിലെ ഏറ്റവും കൗതുകകരമായൊരു പ്രദേശമാണ് പിനാംഗ്. മലയൻകരയുടെ പശ്ചിമഭാഗത്ത് ഇളംപച്ചക്കടലിൽ പൊക്കമുള്ള കുന്നുകളാൽ മൂടപ്പെട്ട പ്രകൃതിസുന്ദരമായൊരു ദ്വീപ്.

പടിഞ്ഞാറു നിന്ന് മലയായിലേക്കുള്ള ആദ്യത്തെ ചവിട്ടുപടിയാണ് പിനാംഗ് ഹാർബർ. പിനാംഗിലെ ജോർജ് ടൗൺ പിയറിൽനിന്നു കടത്തുബോട്ടിൽ അര മണിക്കൂർ സഞ്ചരിച്ചാൽ മലയൻകരയിലെത്തും. ഉത്തരമലയായിലെ ഉന്നതമായ കെഡ്ഡാപർവ്വതശിഖിരം പിനാംഗിനെതിരെ അഴകോടെ തലയുയർത്തി നിൽക്കുന്നു. സായാഹ്നവെയിലിന്റെ നിറപ്പകിട്ടിൽ ആ കൊടുമുടിയും നീലത്താഴ്വാരങ്ങളും ഒരു സ്വപ്നലോകം പോലെ തോന്നും.

തെങ്ങിൻതോപ്പുകൾ നിറഞ്ഞ പിനാംഗ് കടൽക്കര കേരളത്തിന്റെ തനിപ്പകർപ്പാണ്. അധികദൂരവും കരയെ സ്പർശിച്ചു കൊണ്ട് ദ്വീപിനെ ചുറ്റിപ്പോകുന്ന 48 മൈൽ നീളമുള്ള റൗണ്ട് ദി ഐലന്റ് നിരത്തിലൂടെ ഒരു മോട്ടോർ സവാരി ചെയ്യുമ്പോൾ ചരിത്രത്തിന്റെ പല ഓർമ്മക്കുറിപ്പുകളും ഇന്ത്യൻ-ചീന-മലയൻ സംസ്കാരങ്ങളുടെ പല കൗതുകചിഹ്നങ്ങളും മലയൻ പ്രകൃതി സൗന്ദര്യത്തിന്റെ ഭിന്നഭാവങ്ങളും നമ്മുടെ കണ്ണും കരളും കവർന്നു കൊണ്ടിരിക്കും.

പിനാംഗ് പട്ടണത്തിന്റെ ഒരു കോണിൽ കടൽക്കരയിൽ ചീനക്കാരുടെ ഒരു ഗ്രാമമുണ്ട്. വാസ്തവത്തിൽ കരയിലല്ല കടലിലാണ് കൊച്ചുഗ്രാമം കിടക്കുന്നത്. വെള്ളത്തിൽ മരക്കുറ്റികൾ നാട്ടി പലകകൾ പാവി അവയ്ക്കു മീതെ കെട്ടിയുയർത്തിയ പുൽക്കുടിലുകൾ വരിവരി

8th_Malayalam Reader Full Book.indb 108 5/18/2019 4:22:43 PM



യായി നിൽക്കുന്നു. പഴയമാതൃകയിലുള്ള ഈ നീർക്കുടിൽസമൂഹം നഗരത്തിലെ സവിശേഷമായൊരു കാഴ്ചയാണ്.

പിനാംഗിൽ ഞങ്ങൾ താമസിച്ചിരുന്നത് 'ബയാൻ ലാപ്പാസ്' എന്ന സ്ഥലത്ത് ഒരു മലയാളി കുടുംബത്തിന്റെ കൂടെയായിരുന്നു. പിനാംഗ് പട്ടണത്തിൽ നിന്ന് പന്ത്രണ്ടുമൈൽ ദൂരെ, കടൽക്കരയിലുള്ള ഒരു ഗ്രാമമാണ് ബയാൻ ലാപ്പാസ്. വിമാനത്താവളവും വയർലസ് സ്റ്റേഷനും ഇവിടെയാണ്.തെങ്ങിൻ തോപ്പുകളും പൂഴിപ്പറമ്പുകളും പപ്പായ മരങ്ങളും വാഴക്കൂട്ടങ്ങളും നിറഞ്ഞ വളപ്പുകളും ഇടവഴികളും കലർന്ന ബയാൻ ലാപ്പാസ് ഒരു കേരള ഗ്രാമമാണെന്നേ തോന്നൂ. ജനങ്ങളുടെ വസ്ത്രധാരണസമ്പ്രദായത്തിൽ മാത്രമേ ഒരു പൊരുത്തക്കേടുള്ളൂ.

ബയാൻ ലാപ്പസിലേക്കുള്ള പാതയ്ക്കരികിലാണ് സുപ്രസിദ്ധമായ നാഗക്ഷേത്രം കുടികൊള്ളുന്നത്. ചീനക്കാരുടെ ഒരു പഴയ ക്ഷേത്രമാണിത്.പല നിറത്തിലും വലുപ്പത്തിലുമുള്ള പാമ്പുകളെ ഇവിടെ കാണാം.അമ്പലത്തിന്റെ തളത്തിലെ തറയിലും പൂജാമണ്ഡപത്തിന്റെ അഴികളിലും വിളക്കുകാലുകളിലും ഈ പാമ്പുകൾ ചുറ്റിവളഞ്ഞു കിടക്കുന്നു. പച്ച നിറത്തിലുള്ള പാമ്പുകളാണ് അധികവും.

ഈ പാമ്പുകളെ അഫീൻ കൊടുത്തു മയക്കി കിടത്തിയിരിക്കുകയാണെന്ന് എന്റെ സ്നേഹിതൻ പറഞ്ഞു.അവയുടെ ആലസ്യമാണ്ട കിടപ്പു കണ്ടാലും അങ്ങനെയേ തോന്നൂ. കേരളത്തിലെപ്പോലെ സർപ്പക്കാവുകൾ വളർത്തി അവയിൽ പാമ്പുകളെ പോറ്റുന്ന പതിവിനുപകരം, അമ്പലത്തിനകത്തുതന്നെ നാഗങ്ങളെ മയക്കി കിടത്തി കാഴ്ചവസ്തുക്കളാക്കി സന്ദർശകരിൽ നിന്നു പണം തട്ടുന്ന സൂത്രമാണ് ചീനൻ സ്വീകരിച്ചിരിക്കുന്നത്.

പിനാംഗിൽ തന്നെ ഏറ്റവുമധികം ആകർഷിച്ചത് പിനാംഗ് കുന്നിന്റെ ഒത്ത മുകളിൽ നിന്നുള്ള കാഴ്ചയാണ്. 2300 അടി പൊക്കമുള്ള പിനാംഗ് കുന്നിന്റെ ഒത്ത മുകളിലേക്ക് ഒരു റെയിൽ വണ്ടി ഏർപ്പെടുത്തിയിട്ടുണ്ട്.ഇറ്റലിയിലും സ്വിറ്റ്സർലണ്ടിലും മറ്റും ഞാൻ കണ്ടു പരിചയിച്ച ഫുണിക്കുലർ വാഹനത്തിന്റെ മാതൃകയിലാണ് പിനാംഗ് മലകയറുന്ന ആ ഗിരിശകടം. കുന്നിന്റെ പള്ളയിലൂടെ നേരെ മുകളിലേക്ക് പോകുന്ന റെയിൽപ്പാത. പാതയുടെ

8th_Malayalam Reader Full Book.indb 109 5/18/2019 4:22:43 PM



മുകളിലത്തെ അറ്റത്തും താഴത്തെ അറ്റത്തും ട്രാംകറിന്റെ ആകൃതിയിലുള്ള ഓരോ വാഹനം ഇരുമ്പ് കയർ കൊണ്ട് അന്യോന്യം ബന്ധിച്ചു നിർത്തിയിട്ടുണ്ടാകും. കപ്പലിൽ ചുറ്റിയ കയറിന്റെ ചലനതത്വമാണ് ഇവിടെ പ്രയോഗിച്ചിരിക്കുന്നത്. മുകളിലത്തെ വാഹനത്തെ കീഴ്പ്പോട്ട് ചലിപ്പിക്കുമ്പോൾ താഴത്തെ വാഹനം തനിയെ മേൽപോട്ട് കേറുന്നു. മാർഗമദ്ധ്യത്തിൽ വെച്ച് അവ പരസ്പരം വഴിമാറികൊടുക്കുകയും ചെയ്യുന്നു. ഈ വാഹനത്തിൽ മുപ്പതോളം പേർക്കു സഞ്ചരിക്കാം. ഒന്നാം ക്ലാസ്സും രണ്ടാം ക്ലാസ്സുമുണ്ട്. ഞങ്ങൾ 1 ഡോളർ 20 സെക്കന്റ് (ഒരു രൂപ) കൊടുത്ത് ഒരു റിട്ടേൺ ടിക്കറ്റ് വാങ്ങി. ഗിരിവണ്ടിയിൽ കയറിയിരുന്നു.

വണ്ടി മുകളിലേക്ക് നിരങ്ങിത്തുടങ്ങി. താഴ്വാരങ്ങളും നിരത്തുകളും പാർപ്പിടങ്ങളും ഏതോ ചുരുൾ നിവർന്നു തെളിഞ്ഞു വരുന്നത് പോലെ തോന്നി. സമുദ്രവിതാനവും ഞങ്ങളുടെ കാഴ്ചപ്പാടിലേക്ക് മെല്ലെ പൊങ്ങി വന്നു. റെയിൽപ്പാതയുടെ ഇരുപാടും പച്ചക്കാടുകളാണ്.അവിടെ വന്യമൃഗങ്ങളെയും കണ്ടെന്നു വരാം. പകുതി വഴി ചെന്നപ്പോൾ മുകളിൽ നിന്നു വാഹനം, സർപ്പക്കെട്ടുപോലെയുള്ള റയിലിലൂടെ വഴിതിരിഞ്ഞു താഴോട്ട് പോയി. ഞങ്ങളുടെ വാഹനം മറു ഭാഗത്തൂടെ തിരിഞ്ഞ് തിരിഞ്ഞ് പഴയ പോലെ ഊർദ്ധഗതി തുടരുകയും ചെയ്തു. കാൽ മണിക്കൂറു കൊണ്ട് ഞങ്ങൾ മുകളിൽ എത്തിച്ചേർന്നു.

കുന്നിന്റെ നിരന്നു വിശാലമായ മുകൾപ്പരപ്പ് ഹോട്ടലുകളും സുഖവാസമന്ദിരങ്ങളും പാർക്കുകളും പൂന്തോട്ടങ്ങളും പോലീസ് സ്റ്റേഷനും ആസ്പത്രിയും പോസ്റ്റാപ്പീസും എല്ലാമുള്ള ഒരു ചെറിയ നഗരം തന്നെയാണ്. ഈ ഗിരിറെയിൽപ്പാതയാണ് ഇവിടെ എത്തിച്ചേരാനുള്ള ഏകമാർഗ്ഗം. കുന്നിന്റെ ഒത്തമുകളിലെ പാർക്കിൽനിന്നു നോക്കുമ്പോൾ കടലും കായലുകളും കരയിലെ പച്ചക്കാടുകളും പട്ടണത്തിലെ കെട്ടിടങ്ങളും കൂടിക്കലർന്ന കമനീയമായ കാഴ്ചയാണ് വിടർന്നുനിൽക്കുന്നത്. ആ കടൽക്കര ബ്രിട്ടീഷുകാരന്റെ ആഗമനചരിത്രം അയവിറക്കുന്നുണ്ടായിരിക്കണം.

8th_Malayalam Reader Full Book.indb 110 5/18/2019 4:22:44 PM

അഭ്യാസം

I. പദപരിചയം

സായാഹ്നം, പശ്ചിമം, സവാരി, ചീന, പാത, പാർപ്പിടം, ഊർദ്ധ്വഗതി, കമനീയം, ആഗമനം

II. വിപരീതം എഴുതുക

1. ഉത്തരം
2. പശ്ചിമം
3. ആഗമനം

III. വിഗ്രഹിച്ചെഴുതുക

പ്രകൃതിസൗന്ദര്യം,പർവ്വതശിഖിരം, സായാഹ്നവെയിൽ

IV. വാക്യത്തിൽ പ്രയോഗിക്കുക

കൗതുകകരം, അയവിറക്കുക, സ്വീകരിക്കുക, കമനീയമായ

V. ഒറ്റവാക്കിലുത്തരമെഴുതുക

1. മലയായിലെ ഏറ്റവും കൗതുകകരമായ പ്രദേശം ഏത്?
2. പിനാംഗിലെ സുപ്രസിദ്ധമായ നാഗക്ഷേത്രം സ്ഥിതി ചെയ്യുന്നതെവിടെ?
3. കെഡ്ഡാ പർവ്വതശിഖരം സ്ഥിതി ചെയ്യുന്നതെവിടെ ?
4. പിനാംഗ് മലയൻ കരയുടെ ഏതു ഭാഗത്താണ് സ്ഥിതി ചെയ്യുന്നത്?

VI. ഉത്തരമെഴുതുക

1. പിനാംഗിന്റെ പ്രത്യേകത എന്ത്?
2. പിനാംഗിൽ കാണുന്ന സവിശേഷമായ കാഴ്ചയെന്ത്?
3. പിനാംഗിൽ ഗ്രന്ഥകാരനെ ഏറെ ആകർഷിച്ച കാഴ്ചയെന്ത്?
4. ബയാൻ ലാപ്പാസ് ഒരു കേരള ഗ്രാമമാണെന്ന് തോന്നാനുള്ള കാരണമെന്ത്?

VII. അനുബന്ധ പ്രവർത്തനം

❋ നിങ്ങൾ നടത്തിയ ഒരു യാത്രയെക്കുറിച്ചും കണ്ട കാഴ്ചകളെക്കുറിച്ചും ഒരു യാത്രാ വിവരണം തയ്യാറാക്കുക

8th_Malayalam Reader Full Book.indb 111 5/18/2019 4:22:45 PM

മുണ്ടൂർ കൃഷ്ണൻകുട്ടി



മുണ്ടൂർ കൃഷ്ണൻകുട്ടി [1935-2005]: പാലക്കാട് ജില്ലയിലെ മുണ്ടൂരിൽ ജനിച്ചു. ഹൈസ്കൂൾ അദ്ധ്യാപകനായിരുന്ന കൃഷ്ണൻകുട്ടി മനുഷ്യജീവിതത്തിന്റെ സാധാരണതലങ്ങളെ പ്രമേയങ്ങളാക്കി കഥകളെഴുതിയ എഴുത്തുകാരനാണ്. മൂന്നാമതൊരാൾ, നിലാപിശുക്കുള്ള രാത്രിയിൽ, അമ്മയ്ക്കുവേണ്ടി, മുണ്ടൂർ കൃഷ്ണൻകുട്ടിയുടെ കഥകൾ തുടങ്ങിയവയാണ് പ്രധാനകൃതികൾ. കേരള സാഹിത്യ അക്കാദമി അവാർഡ്, ചെറുകാട് അവാർഡ്, ഓടക്കുഴൽ അവാർഡ് എന്നീ പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്.

മാതൃത്വത്തിന്റെ ദിവ്യസാന്നിദ്ധ്യം അനുഭവിക്കുന്ന കഥ മൂന്നാമതൊരാൾ എന്ന സമാഹാരത്തിൽ നിന്നും എടുത്തിട്ടുള്ളതാണ്.

ഇരിങ്ങാലക്കുടയിൽ നിന്ന് അവസാനത്തെ ബസ്സേ തരപ്പെട്ടുള്ളൂ. അതുകൊണ്ട് ആലിൻചോട്ടിൽ ബസ്സിറങ്ങുമ്പോഴേക്കും അന്തി കരുവാളിച്ചുകഴിഞ്ഞിരുന്നു.

തണുത്തു വിറങ്ങലിച്ചുപോയ ഇരുട്ട് വീണു കിടക്കുന്ന വഴി.

ഉണ്ണീ, കാല് ഉയർത്തിവെച്ചു നടക്കണേ, ഇല്ലെങ്കിൽ എരടിപൊട്ടും.

ഞാൻ അവനെ എന്നോട് ചേർത്തുപിടിച്ചു നടന്നു.

ആകാശത്തിന്റെ കണ്ണുപോലും ഇരുട്ടു കെട്ടിയിരിക്കുന്നു.

അച്ഛാ ഒരു ചൂട്ട് വാങ്ങായിരുന്നു.

വഴിയിൽ ഒരു അനക്കം കേട്ടു. അരിച്ചുപോവുന്ന പോലെ. ഉണ്ണിയുടെ കൈയ്യും പിടിച്ചു ഞാൻ കുറച്ചുനേരം നിന്നു. ഒരു ചൂട്ടുകിട്ടണമെങ്കിൽ വന്ന ദൂരമത്രെയും തിരിഞ്ഞുനടക്കണം. പിന്നിലെ വഴിയാവട്ടെ മുന്നിലെ വഴിപോലെ കണ്ണിൽപ്പെടാതെ കിടക്കുകയുമാണ്.

ഞങ്ങൾ ഊഹം വെച്ചു നടത്തം തുടർന്നു.

അച്ഛാ?

പറഞ്ഞോളൂ.

നാളെല്ലെ നമ്മൾ മടങ്ങ്വോ?

മടങ്ങുമ്പോളെ, തൃശൂരൂന്ന് എനിക്കൊരു തോക്കു വാങ്ങിത്തരണം. ട്ടോ.

തരാം.

8th_Malayalam Reader Full Book.indb 112 5/18/2019 4:22:45 PM



ഓ തരാം. ന്നിട്ട് തൃശൂരെത്ത്യാ അച്ഛൻ പറയും, സമയല്യ ഉണ്ണി, പിന്നെ ആവാമെന്ന്. അങ്ങ നെ പറഞ്ഞാ നാളെ ഞാൻ കാണിച്ചുതരാം.

തണുത്തും ചീർത്തും കിടക്കുന്ന ഇരുട്ടിൽ ചവിട്ടിച്ചവിട്ടി ഞങ്ങൾ നടന്നു.

അങ്ങനെ നടന്നു കൊണ്ടിരിക്കെ ഒരു കാൽപെരുമാറ്റം പിന്നിൽ കേൾക്കുന്നതായി എനിക്കു തോന്നി. വഴിയിലെ പൊടിമണലിൽ ചെരുപ്പ് ഉയരുന്നപോലെ ഞങ്ങളോടൊപ്പം ആ ശബ്ദം നടക്കുന്നപോലെ.

പിന്നാക്കം നോക്കി ഇരുട്ടിനോട് ഞാൻ ചോദിച്ചു.

ആരാ അത്?

മറുപടിയൊന്നും കേട്ടില്ല.

എന്നാലും ഒരു മൂന്നാമൻ ഞങ്ങളുടെ കൂടെ നടക്കുന്നുണ്ടെന്ന് തോന്നി.

രണ്ടുവർഷം മുമ്പത്തെ ഒരു തിരിച്ചുപോക്ക്.അന്ന് ഞങ്ങൾ മൂന്ന് പേരുണ്ടായിരുന്നു.

അന്നും ഉണ്ണി ശാഠ്യം പിടിച്ചു.

വെള്ളത്തിലോടുന്ന ഒരു ബോട്ട്.

പാലക്കാടൻ ബസ്സ് പിടിക്കാനുള്ള ധൃതിയിലായിരുന്നു ഞാൻ.അവനോട് അന്ന് ദേഷ്യപ്പെട്ടു.

അപ്പോൾ മൂന്നാമത്തെ ആൾ പറഞ്ഞു.

അവന് എന്താച്ചാ വാങ്ങിക്കൊടുക്കൂ ഏട്ടാ. ന്നിട്ട് ബസ്സ് നോക്ക്യാ പോരെ. ന്തിനാത്ര ധൃതി?

8th_Malayalam Reader Full Book.indb 113 5/18/2019 4:22:47 PM

അന്നേരം ഞാൻ ഉണർന്നു.ഇന്നു പൊടിമണലിൽ കാലുരയുന്ന ശബ്ദം പിന്തുടരുമ്പോൾ വീണ്ടും ഉണരുന്നു.

ഞാൻ ഉണ്ണിയെ ഒന്നുകൂടി ചേർത്തു പിടിച്ചുകൊണ്ട് പറഞ്ഞു.

നാളെ തൃശ്ശൂരുന്നു വാങ്ങിത്തരാട്ടോ.

പിന്നെയും ഓരോന്ന് വിചാരിച്ചു കൊണ്ടു ഞങ്ങൾ നടന്നു.

തെക്കിനിയിൽ കിഴക്കോട്ട് തിരിഞ്ഞിരുന്ന് അമ്മ നമശ്ശിവായ ചൊല്ലുകയായിരുന്നു.ഞങ്ങളെ പൊടുന്നനെ കണ്ടപ്പോൾ അമ്മയുടെ നാമജപം മുറിഞ്ഞു.

ന്താ ഈ നേരത്ത്?

പരിഭ്രമിക്കൊന്നും വേണ്ട അമ്മേ.കുറച്ചായിലെ വന്നിട്ട്. ഒന്ന് വന്നൂന്ന് മാത്രം.

എന്റെ വാക്കുകൾക്കു ശേഷവും അമ്മ തുറിച്ചുനോക്കിക്കൊണ്ടു നിൽക്കുന്നു. ഞാൻ ഒന്നുകൂടി ഒച്ചയുയർത്തി പറഞ്ഞു.

വിശേഷിച്ചൊന്നൂല്ല്യ അമ്മേ.

അമ്മയ്ക്കു നമശ്ശിവായ തിരിച്ചുകിട്ടാൻ പിന്നെയും നേരം വേണ്ടി വന്നു.

നാമം ജപിച്ചുകൊണ്ട് അമ്മ ഉണ്ണിയെ തൊട്ടുഴിഞ്ഞു.

ന്റെ ഉണ്ണിക്കുട്ടന് സുഖോല്ലേ?

ഉണ്ണി അവന്റെ അമ്മയുടെ അമ്മയോട് ഒട്ടി നിന്നു.

അമ്മ വീണ്ടും ചോദിച്ചു.

ന്നാലും എന്താ വിശേഷിച്ച്?

തറവാട് മെല്ലെമെല്ലെ തെക്കിനിയിലെത്തിത്തുടങ്ങിയിരിക്കുന്നു.

ചായ വേണോ?

ഇപ്പൊ വേണ്ടാ.

എന്തേ ഇത്ര താമസിച്ച്?

അവിടുന്ന് രണ്ടരയ്ക്ക് തിരിച്ചതാ.ബസ്സൊന്നും സമയത്തിന് കിട്ടീല്യ.

പിന്നെ വർത്തമാനം മുറിഞ്ഞു.

ചീർത്തപോലെ, നീലിച്ചപോലെ മൗനം ഞങ്ങൾക്കിടയിൽ അനാഥപ്പെട്ടുകിടന്നു.

നാരായണ, നാരായണ.....

കുറെക്കഴിഞ്ഞ് കാലും മുഖവും കഴുകുമ്പോൾ അടുക്കളയിൽ പാത്രങ്ങൾ പതിവിലേറെ അനങ്ങുന്നു. എനിക്കു പെട്ടെന്ന് സംശയമായി.

ചിറ്റേ അവിടെ എന്താ ഭാവം?

ഒന്നൂല്ല്യാ.

8th_Malayalam Reader Full Book.indb 114 5/18/2019 4:22:47 PM

ന്നാലും.

ഇഡ്ഡലി ണ്ടാക്കാന്നു വെച്ചു.

അതുവേണ്ട.

ബുദ്ധിമുട്ടൊന്നൂല്യ.മാവിരിക്കണ്ണ്ട്.

നിങ്ങൾക്കല്ലാ എനിക്കാണ് ബുദ്ധിമുട്ട് എന്നു ഞാൻ പറഞ്ഞില്ല.

എനിക്കു ഊണുമതി ചിറ്റേ.

അപ്പോ രാത്രി ഊണാക്ക്യോ!

ഞാൻ സമാധാനം പറഞ്ഞില്ല.തറവാട്ടിലാവുമ്പോൾ തറവാട്ടുരീതി മതി എന്നൊരാൾ എന്നെ ഓർമ്മപ്പെടുത്തിയിരുന്നു.പിന്നെ അവിടെ ചെല്ലുമ്പോഴെല്ലാം രാത്രി ഊണു കഴിക്കുകയേ ഉണ്ടായിട്ടുള്ളൂ.

ചിറ്റയ്ക്കും ഓർമ്മ വന്നിരിക്കും.

അടുക്കളയിൽ അനക്കം നിന്നു.

കാലുഴിഞ്ഞു കൊണ്ട് അമ്മ അടുത്തിരുന്ന് ഞാൻ ഊണു കഴിക്കുന്നത് കണ്ടു.വാക്കുകൾ ഇടയ്ക്കും തലയ്ക്കും മുറിഞ്ഞു മുറിഞ്ഞു വീണുകൊണ്ടിരുന്നു.

അമ്മടെ കാലിലെ നീര് ഭേദോണ്ടോ ?

അധികോല്യാ.

ഇപ്പളും മർന്നില്ലേ?

അടുക്കളയിൽ ഉണ്ണി അവന്റെ മദ്രാസ് യാത്ര വിവരിക്കുകയാണ്.

കൃഷ്ണൻകുട്ടിക്ക് രാജന്റെ കത്ത്ണ്ടാവാറില്ലേ?

അമേരിക്കയിൽ തിരിച്ചെത്ത്യേതും ഒന്നു വന്നു.ഞാൻ മറുപടി ഇനീം അയച്ചിട്ടില്ല.

നായത്തോട്ട്ന്നോ?

കഴിഞ്ഞാഴ്ചകൂടി അച്ചേട്ടന്റെ കത്ത്ണ്ട്.ബോമ്പേന്ന് രഘൂന്റേം ഗോപന്റേം നവവത്സര കാർഡും ഉണ്ടായിരുന്നു.

വീണ്ടും അമ്മ മൗനത്തിലേക്ക് മടങ്ങി.

നൂലു പൊട്ടിയിട്ടും നൂലൊന്നും പൊട്ടിയിട്ടില്ലല്ലോ എന്ന് അമ്മ ഓർക്കയാവാം.

അപ്പോഴും അടുക്കളയിൽ ഉണ്ണി വിരാമമില്ലാതെ സംസാരിക്കുകയാണ്.

പത്തായപ്പുരയുടെ വാതിൽ കരഞ്ഞ് തുറന്നു.ഇപ്പോൾ അവിടെ കിടക്കാൻ ആളില്ല.ഞങ്ങൾ ആരെങ്കിലും വരുമ്പോഴേ അത് തുറക്കാറുള്ളൂ.താഴത്തെ നിലയിൽ പടിഞ്ഞാറെ അറ്റത്തെ മുറി എനിക്കുവേണ്ടി ആരായിരിക്കും ഇപ്പോൾ വൃത്തിയാക്കുന്നുണ്ടാവുക.

പിന്നെയും ഞങ്ങൾ തെക്കിനിയിലിരുന്നു.ഞങ്ങൾക്കിടയിൽ മൗനം വർത്തമാനം പറഞ്ഞു.

8th_Malayalam Reader Full Book.indb 115 5/18/2019 4:22:47 PM

മൗനത്തിന്റെ വർത്തമാനവും തീർന്നപ്പോൾ ഞാൻ അമ്മയോട് പറഞ്ഞു.

നാളെ എന്നേം ഉണ്യേം നേർത്തെ വിളിക്കണം ട്ടോ അമ്മേ.

അത്ര നേർത്തെ മടങ്ങണോ?

മടങ്ങാനല്ല, അമ്പലത്തില് കുളിച്ച് തൊഴാനാ.

അമ്മ ഇത്തിരി നേരത്തേക്ക് എന്നെത്തന്നെ നോക്കിയിരുന്നു.എന്തോ പറയാൻ അമ്മ ഭാവിച്ചതായിരുന്നു.അതെന്തായിരുന്നു എന്ന് അമ്പലത്തിൽ പോവാൻ തിടുക്കം കാണിക്കാത്ത എനിക്ക് ഊഹിക്കാവുന്നതേയുള്ളൂ.

പക്ഷേ അമ്മ ഒന്നും പറഞ്ഞില്ല. അമ്മയുടെ നോട്ടം മെല്ലെ താണു. പറയാൻ വന്ന വാക്കുകൾ അമ്മയുടെ തൊണ്ടയിലൂടെ താഴോട്ടിറങ്ങുന്നതു ഞാൻ കണ്ടു.

അമ്മ പൊരുളറിഞ്ഞു.

അമ്മയുടെ കണ്ണിൽ വെള്ളം കിനിഞ്ഞു.

തെക്കിനിയിൽ ഉറങ്ങിക്കഴിഞ്ഞിരുന്ന ഉണ്ണി ഉറക്കത്തിലെന്തോ പറഞ്ഞു.

ഞാൻ പഴയ പോലെ പത്തായപ്പുരയിലേക്ക് പോയി.

പുരാതനമായൊരു മണം അവിടെ നിറഞ്ഞിരുന്നു. മാറാല കെട്ടിയ തട്ടിൽ കാലം തലകീഴായി തൂങ്ങിക്കിടക്കുന്നു.

ഒരു കടവാതിൽ ഞെട്ടിയുണർന്നു.അത് മുറിയിൽ തലങ്ങും വിലങ്ങും പറന്നു.പിന്നെ കിളിവാതിലിലൂടെ രക്ഷപ്പെട്ടു.

ഇപ്പോൾ ഈ വലിയ പുരയിൽ ഈ മുറിയിൽ ഞാൻ മാത്രം.

കഴിഞ്ഞ വർഷം ഇതുപോലൊരു രാത്രിയിൽ ഈ മുറി തുറക്കുമ്പോൾ എന്റെ കൂടെ മറ്റൊരാളുണ്ടായിരുന്നു.

ലൈറ്റണച്ചു തണുത്ത ഇരുട്ടിൽ തലയ്ക്കു പിന്നിൽ കൈകൾ തിരുകി ഞാൻ മലർന്നു കിടന്നു.

കഴിഞ്ഞ വർഷത്തെ ആ രാത്രിയിലേക്ക് തലചായ്ച്ച് അങ്ങനെ കിടക്കുമ്പോൾ ഉറക്കം ഇരുട്ടിൽ മറഞ്ഞുനിന്ന് നഖം കടിച്ചു തുപ്പുന്നു.

ഞാൻ ഇവിടെ തനിച്ചല്ലെന്നു ക്രമേണ തോന്നിത്തുടങ്ങി.ഇനിയൊരാളുടെ സാന്നിദ്ധ്യം ഞാൻ അനുഭവിക്കാൻ തുടങ്ങി.

മലർന്നു കിടക്കുന്ന എന്റെ മാറിൽ ചൂടുള്ള കണ്ണീരു വീഴുന്നു.

'എനിക്ക് സുഖാവില്ല്യേ ഏട്ടാ?'

ആ ചോദ്യത്തിന്റെ കൊളുത്ത് എന്നിൽ തറഞ്ഞു വലിയുമ്പോൾ ഞാൻ സ്വാന്ത്വനത്തിന്റെ വാക്കുകൾ തപ്പി.

'നിനക്കതിന് അസുഖോന്നൂല്യല്ലോ കുട്ടീ.'

എന്റെ കൈ ആ തലമുടി തലോടി. പുറം തലോടി.

8th_Malayalam Reader Full Book.indb 116 5/18/2019 4:22:47 PM

‘അതെ എനിക്കൊക്കെ ഭേദായീട്ടോ ഏട്ടാ.’

പിന്നെയും കുറച്ച് കഴിഞ്ഞ് ഞാൻ കേൾക്കുന്നു.

‘എന്നാലും എന്റെ മാറത്തെ പിടപ്പ് ഇപ്പോഴും മാറീട്ടില്ലല്ലോ ഏട്ടാ.’

എനിക്ക് ഒന്നും പറയാൻ കഴിഞ്ഞില്ല.

പുറത്ത് തൊടിയിൽ ഇരുട്ട് പിടയുന്നു.

തെക്കേത്തൊടിയിലെ മുളങ്കൂട്ടം കാറ്റിൽ നിർത്താതെ കരയുന്നു.

വിരലിലെ മോതിരം തിരിപ്പിച്ചു തിരിപ്പിച്ചു കൊണ്ട് ഞാൻ ഒറ്റയ്ക്ക് കിടന്നു.

ആരും വിളിക്കാതെ തന്നെ അതിരാവിലെ ഞാൻ ഉണർന്നു.ഒരു ഉൾവിളി കേട്ടിട്ടെന്ന പോലെ ഉണ്ണിയും ഉണർന്നു.

ഞങ്ങൾ അമ്പലക്കുളത്തിൽ കുളിച്ചു.ഈറനോടെ അമ്പലത്തിൽ ചെന്നു.

ഭഗവതി എന്നെത്തന്നെ നോക്കിക്കൊണ്ടിരിക്കുന്നു.

‘ഭഗോതീ, അടിയനും കുട്ടിയും വന്നിരിക്കുന്നു.’

ഇന്നു ചോതിയാണ്.

‘ഉണ്ണീ, നല്ലോണം തൊഴണം കേട്ടോ?’

ഉണ്ണി കണ്ണടച്ച് കൈ കൂപ്പുന്നു.

എനിക്ക് അപേക്ഷിക്കാനെന്താണുള്ളത്?

ഭഗോതി ഇമവെട്ടാതെ എന്നെത്തന്നെ നോക്കുകയാണ്.

ഞാൻ വിളിച്ചു.

‘ഭഗോതീ.’

വീണ്ടും വിളിച്ചു.

‘എന്റെ അമ്മേ....’

അമ്മയ്ക്കെല്ലാം മനസ്സിലാവുമല്ലോ.

മുഴുമിക്കാത്ത ആ അപേക്ഷയിൽ എന്റെ എല്ലാ അപേക്ഷയുമുണ്ടായിരുന്നു.

ഭഗോതി എന്റെ അപേക്ഷയറിഞ്ഞ് കണ്ണടച്ചു.

അമ്പലത്തിൽ നിന്ന് മടങ്ങുമ്പോൾ പിന്നിൽ പൊടിമണലിൽ കാലുരയുന്ന ശബ്ദം.

ഞാൻ ഉണ്ണിയോട് പറഞ്ഞു.

‘തൃശൂരു നിന്ന് നിനക്കിഷ്ടമുള്ളതൊക്കെ വാങ്ങിത്തരാട്ടോ.’

8th_Malayalam Reader Full Book.indb 117 5/18/2019 4:22:47 PM

വ്യാകരണം

സമാസം

പരസപരാശ്രയമുള്ള പദങ്ങൾ കൂടിച്ചേർന്ന് ഒറ്റ പദമാകുന്നതാണ് സമാസം.

ഉദാ - കൊടിമരം, കടലാന, മൺകലം

സമസ്ത പദങ്ങളിലെ ഘടകങ്ങളെ വീണ്ടും വേർതിരിച്ച് കാണിക്കുന്നത് വിഗ്രഹപദം.

ഉദാ...

സമസ്തപദം	**വിഗ്രഹപദം**
കൊടിമരം	കൊടിക്കുള്ള മരം
കടലാന	കടലിലെ ആന
മൺകലം	മണ്ണ്കൊണ്ടുള്ള കലം

താഴെ കൊടുത്ത സമസ്തപദങ്ങളെ വിഗ്രഹിക്കുക

1. കൊന്നത്തെങ്ങ്
2. നീലത്താമര
3. രാപ്പകലുകൾ
4. മഞ്ഞപ്പട്ട്
5. പാക്കുവെട്ടി

രചന

ശാസ്ത്ര പുരോഗതി

8th_Malayalam Reader Full Book.indb 118 5/18/2019 4:22:47 PM

ഭാഗം 8 സമർപ്പണം



പഠന ലക്ഷ്യങ്ങൾ

- കവിതയിലെ വഞ്ചിപ്പാട്ട് ശാഖയുടെ സവിശേഷതകളും സമർപ്പണമനോഭാവവും തിരിച്ചറിയൽ.
- കേരളീയനവോത്ഥാനത്തിനായി സമർപ്പിക്കപ്പെട്ട ജീവിതം മനസ്സിലാക്കൽ.
- ആത്മവിശ്വാസവും കഠിനപ്രയത്നവും മുഖമുദ്രകളായ വ്യക്തിപ്രഭാവങ്ങളെ തിരിച്ചറിയൽ.

പാഠഭാഗങ്ങൾ

പദ്യം	:	ദ്വാരകയിലേക്ക്	- രാമപുരത്ത് വാരിയർ
ഗദ്യം	:	അറിവിലൂടെയുള്ള വിമോചനം	- സ്മിത നെരവത്ത്
ഉപപാഠം	:	മരണത്തെ തോൽപ്പിച്ച കായികപ്രതിഭ	- ആർ. രാധാകൃഷ്ണൻ.

പദ്യം

ദ്വാരകയിലേക്ക്

– രാമപുരത്തു വാര്യർ



രാമപുരത്തു വാര്യർ [1703 - 1753]: 'കുചേലവൃത്തം വഞ്ചിപ്പാട്ട്' എന്ന ഒറ്റ കാവ്യം കൊണ്ടുതന്നെ മലയാളസാഹിത്യത്തിൽ സ്ഥിരപ്രതിഷ്ഠ നേടിയ കവിയാണ് രാമപുരത്ത് വാര്യർ. ഭക്തകവിയും തത്വജ്ഞാനിയും ആയിരുന്ന അദ്ദേഹം മാർത്താണ്ഡവർമ്മ മഹാരാജാവിന്റെ ആശ്രിതനായിരുന്നു.

ശ്രീകൃഷ്ണന്റെ സതീർത്ഥ്യനായിരുന്ന കുചേലന്റെ കഥ വഞ്ചിപ്പാട്ടിന്റെ രൂപത്തിൽ ആവിഷ്കരിക്കുന്ന കൃതിയാണ് കുചേലവൃത്തം വഞ്ചിപ്പാട്ട്. തന്റെ പത്നിയുടെ ആവശ്യപ്രകാരം ഭഗവാൻ ശ്രീകൃഷ്ണനെ കാണാൻ കുചേലൻ പുറപ്പെടുന്ന സന്ദർഭമാണ് ദ്വാരകയിലേക്ക് എന്ന കവിതാഭാഗം.

അക്കാലത്തൊന്നിച്ചു ഗുരുകുലവാസം ചെയ്കമൂലം

ചിൽക്കാതൽക്കുസതീർത്ഥ്യനായിരുന്ന വിപ്രൻ

ചൊൽക്കൊണ്ട കുചേലൻ ഭക്തികൊണ്ടു ദാരിദ്ര്യദുഃഖ
വുമുൾക്കൊള്ളാതെ കണ്ടില്ലത്തു ഭജിച്ചിരുന്നു

ഭക്തിയേറും ഭഗവാങ്കലെങ്കിലുമവന്റെ ഭാര്യ

ഭർത്താവോളം വിരക്തയായില്ല, ഭക്ഷിച്ചേ

ശക്തിയുള്ളൂ ശുശ്രൂഷിപ്പാനെന്നായിട്ടേകദാ സതി
സക്തിയോട്കൂടിപ്പതിയോടു പറഞ്ഞു

'ചില്ലീനമാനസ! പതേ! ചിരന്തനനായപുമാൻ

ചില്ലി ചുളിച്ചൊന്നു കടാക്ഷിപ്പാനോർക്കണം

8th_Malayalam Reader Full Book.indb 120 5/18/2019 4:22:48 PM



ഇല്ല ദാരിദ്ര്യാർത്തിയോളം വലുതായിട്ടൊരാർത്തിയും

ഇല്ലം വീണു കുത്തുമാറായതും കണ്ടാലും

വല്ലഭ! കേട്ടാലും പരമാത്മമഗ്നനായ ഭവാൻ

വല്ലഭയുടെ വിശപ്പുമറിയുന്നില്ല

സർവ്വവേദശാസ്ത്രപുരാണജ്ഞൻ ഭവാൻ ബ്രഹ്മശക്ര

ശർവ്വവന്ദ്യനായ ശൗരി തവ വയസ്യൻ

നിർവാണദനായ ലക്ഷ്മീ പതിയെ ചെന്നു കണ്ടാലീ

ദുർവാരദാരിദ്ര്യദുഃഖമൊഴിയും നൂനം

ഗുരുഗൃഹത്തിങ്കൽ നിന്നു പിരിഞ്ഞതിൽപ്പിന്നെജ്ജഗൽ

ഗുരുവിനെയുണ്ടോ കണ്ടു വെറുതെ ഗുണം

വരികയില്ലാർക്കും, ഭഗവാനെ കാണ്മാൻ കാലേ തന്നെ

8th_Malayalam Reader Full Book.indb 121 5/18/2019 4:22:48 PM

വിരയെ യാത്രയാകേണമെന്നു തോന്നുന്നു'

'പറഞ്ഞതങ്ങനെ തന്നെ പാതിരാവായല്ലോ പത്നി'

കുറഞ്ഞൊന്നുറങ്ങട്ടെ ഞാനുലകീരേഴും

നിറഞ്ഞ കൃഷ്ണനെ കാണ്മാൻ പുലർകാലേ പുറപ്പെടാം

അറിഞ്ഞു വല്ലതും കൂടെ തന്നയക്കേണം.

ത്രിഭുവനമടക്കിവാണിരുന്നരുളുന്നമഹാ-

പ്രഭുവിനെക്കാണ്മാൻ കൈക്കലേതും കൂടാതെ

സ്വഭവനത്തിങ്കൽ നിന്നു ഗമിക്കരുതാരും കൈക്ക-

ലിഭവുമാമിലയുമാം കുസുമവുമാം

അവലുമാം മലരുമാം ഫലവും യഥാശക്തി

മലർകന്യാമണവാളനൊക്കെയുമാകാം

മലംകള മനസ്സിലിന്നെന്തുവേണ്ടെന്നറിയാഞ്ഞു

മലയ്ക്കേണ്ട ചൊന്നതിലൊന്നുണ്ടാക്കിയാലും'

ഇപ്രകാരം ഭർത്താവിന്റെ വാക്കുകേട്ടിട്ടനന്തരം

വിപ്രഭാമിനി യാചിച്ചുകൊണ്ടന്ന ധാന്യം

ക്ഷിപ്രമിരുട്ടത്തിടിക്കകൊണ്ടു കല്ലും നെല്ലുമേറു

മപൃഥുകം പൊതിഞ്ഞൊരു തുണിയിൽക്കെട്ടി

കാലത്തെഴുന്നേറ്റു കുളിച്ചുത്തുവന്ന പതിയുടെ

കാലടി വന്ദിച്ചു പൊതി കയ്യിൽ കൊടുത്തു

കുലംകഷ കുതൂഹലം കുടയുമെടുത്തിട്ടനു-

കൂലയായ പത്നിയോടു യാത്രയുംചൊല്ലി

8th_Malayalam Reader Full Book.indb 122 5/18/2019 4:22:48 PM



ബാലാദിത്യ വെട്ടം തുടങ്ങിയ നേരം കൃഷ്ണനാമ-
ജാലങ്ങളെ ജപിപ്പൂതും ചെയ്തു കുചേലൻ
ചാലേ വലത്തോട്ടൊഴിഞ്ഞ ചകോരാദിപക്ഷികടെ
കോലാഹലം കേട്ടുകൊണ്ടുവിനിർഗ്ഗമിച്ചു.

8th_Malayalam Reader Full Book.indb 123 5/18/2019 4:22:49 PM

അഭ്യാസം

I. പദപരിചയം

സതീർത്ഥ്യൻ, വിപ്രൻ, പൂമാൻ, വല്ലഭൻ, വിരക്ത, ശൗരി, വയസ്യൻ, നിർവാണദൻ, ലക്ഷ്മീപതി, ആർത്തി, തവ, കുതൂഹലം, പൃഥുകം, ഇഭം, ക്ഷിപ്രം, ചില്ലി, കടാക്ഷിക്കുക, വിനിർഗമിക്കുക.

II. പര്യായപദങ്ങൾ കണ്ടെത്തുക

1. ശ്രീകൃഷ്ണൻ
2. പത്നി
3. പക്ഷി

III. ഒറ്റവാക്കിലുത്തരമെഴുതുക.

1. രാമപുരത്തുവാര്യരുടെ പ്രശസ്തമായ കൃതി ഏത്?
2. ആരായിരുന്നു ഭഗവാൻ ശ്രീകൃഷ്ണന്റെ സതീർത്ഥ്യൻ?
3. കുചേലൻ എവിടേക്കാണ് യാത്ര പുറപ്പെട്ടത്?
4. കൃഷ്ണനെ കാണാൻ പുറപ്പെടുമ്പോൾ കുചേലൻ കയ്യിൽ കരുതിയതെന്തായിരുന്നു?
5. മലർക്കന്യാ മണവാളൻ എന്നു വിശേഷിപ്പിക്കുന്നതാരെ?

IV. മനഃപാഠമാക്കേണ്ട വരികൾ

പറഞ്ഞതങ്ങനെ തന്നെ ..... ചൊന്നതിലൊന്നുണ്ടാക്കിയാലും.

V. ഉത്തരമെഴുതുക

1. കുചേലന്റെയും പത്നിയുടെയും ഭക്തിക്കുള്ള വ്യത്യാസമെന്തായിരുന്നു.?
2. യാത്ര പുറപ്പെടുമ്പോൾ കുചേലപത്നി കുചേലനോട് പറഞ്ഞതെന്തെല്ലാം?
3. കുചേലന്റെ മറുപടി എന്തായിരുന്നു?
4. കുചേലൻ യാത്രയായതെങ്ങനെ?

V. അനുബന്ധ പ്രവർത്തനം.

സംഘങ്ങളായി തിരിഞ്ഞ് ദ്വാരകയിലേക്ക് എന്ന കവിത വഞ്ചിപ്പാട്ടിന്റെ ഈണത്തിൽ ചൊല്ലുക.

8th_Malayalam Reader Full Book.indb 124 5/18/2019 4:22:49 PM

ഗദ്യം

അറിവിലൂടെ യുള്ള വിമോചനം.

– സ്മിത നെരവത്ത്



സ്മിത നെരവത്ത് [1980 -] : കോഴിക്കോട് ജില്ലയിലെ പുതുപ്പാടി സ്വദേശിനിയാണ്. കലിക്കറ്റ് യൂനിവേഴ്സിറ്റി വിദൂര വിദ്യാഭ്യാസ വിഭാഗത്തിൽ (ഇംഗ്ലീഷ്) അസിസ്റ്റന്റ് പ്രൊഫസറാണ്. കൃതികൾ : പാഠമില്ലെങ്കിൽ പാടത്തേക്കില്ല , വാക്കിന്റെ രാഷ്ട്രീയം , യുലീസിസിന്റെ സാഹസിക യാത്രകൾ (വിവർത്തനം) .

അനീതിയും അസമത്വവും അയിത്തവും അനാചാരവും തളം കെട്ടി നിന്നിരുന്ന കേരളീയ സമൂഹത്തിൽ നവോത്ഥാനത്തിന്റെ കാഹളം മുഴക്കിയ പോരാളികളിൽ പ്രധാനിയാണ് അയ്യങ്കാളി. നവോത്ഥാനത്തിന്റെ കീഴാളശബ്ദമായിരുന്ന അയ്യങ്കാളിയുടെ സമരകഥയായ 'പാഠമില്ലെങ്കിൽ പാടത്തേക്ക് ഇല്ല' എന്ന ഗ്രന്ഥത്തിൽ നിന്ന് എടുത്തതാണ് പാഠഭാഗം.

വിദ്യ നേടുക എന്നത് വിമോചനത്തിനുള്ള ഏറ്റവും ശക്തമായ മാർഗ്ഗമാണെന്ന് അയ്യങ്കാളി ഉറച്ചു വിശ്വസിച്ചിരുന്നു. ജാത്യാചാരങ്ങൾക്കെതിരെയുള്ള കടുത്ത പോരാട്ടങ്ങൾക്കൊപ്പം തന്നെ ദളിതന് അറിവ് നിഷേധിക്കുന്ന വ്യവസ്ഥയ്ക്കെതിരെ അദ്ദേഹം ശക്തമായി പ്രതികരിച്ചു. ഇതുമാത്രമല്ല ബദൽ സംവിധാനമായി വെങ്ങാനൂരിൽ അയിത്ത ജാതിക്കാർക്കായി സ്വന്തമായിത്തന്നെ സ്കൂൾ അഥവാ കുടിപ്പള്ളിക്കൂടം തുടങ്ങാൻ അയ്യങ്കാളി ധൈര്യം കാണിച്ചു.

കുന്നുകുഴി എസ് മണി, പി.എസ് അനിരുദ്ധൻ എന്നിവർ ചേർന്നെഴുതിയ 'മഹാത്മ അയ്യങ്കാളി' എന്ന പുസ്തകത്തിൽ കേരളത്തിലെ അക്കാലത്തെ രാജകീയ ഭരണകൂടത്തിന്റെ സവർണ്ണമനോഭാവം എങ്ങനെ ഈഴവർ അടക്കമുള്ള താഴ്ന്നജാതിക്കാർക്ക് വിദ്യാഭ്യാസം നിഷേധിക്കപ്പെട്ടു എന്ന് വിവരിക്കുന്നുണ്ട്.

'ദിവാൻ രാമറാവുവിന്റെ കാലമായ 1887 മുതൽ 1892 വരെ പുലയരിൽപ്പെട്ട ആരും തന്നെ വിദ്യാഭ്യാസം വേണമെന്ന ആവശ്യവുമായി രംഗത്തു വന്നിരുന്നില്ല. 1886 ൽ 13000 ഈഴവർ ഒരു ഭീമഹർജി സർക്കാറിനു നൽകി. ഹർജിയിൽ സർക്കാർ വക പള്ളിക്കൂടങ്ങളിൽ തങ്ങളുടെ കുട്ടികൾക്കും പ്രവേശനം അനുവദിക്കണമന്ന് അപേക്ഷിച്ചിരുന്നു. പക്ഷേ അന്നത്തെ രാജകീയ സർക്കാർ ഇങ്ങനെയാണ് മറുപടി നൽകിയത്. 'സർക്കാർ സ്കൂളുകളിൽ പ്രവേശനം അനുവദിക്കാൻ നിർവാഹമില്ല. ജാതിവ്യത്യാസം ഹൈന്ദവ മതത്തിൽ ഉള്ള അനേകം ഭിന്നവർഗ്ഗങ്ങളുടെ ഇടയിൽ നിന്ന് വരുന്ന ഒന്നാണ്'.

ഭരണകൂടവും ജാതി മേലാളന്മാരും ഒന്നിച്ച് എതിർത്തുകൊണ്ട് വിദ്യ നിഷേധിച്ച ഈ സാഹചര്യത്തിലാണ് അയ്യങ്കാളി ദളിതരുടെ വിദ്യാഭ്യാസത്തിനായി സ്വന്തമായിത്തന്നെ

8th_Malayalam Reader Full Book.indb 125 5/18/2019 4:22:50 PM



സ്കൂൾ സ്ഥാപിക്കാൻ തീരുമാനമെടുത്തത്. പുതുവൽവിളാകത്ത് ചാണ്ടി കൊച്ചാപ്പിയിൽ നിന്ന് വാങ്ങിയ 18 സെൻറ് സ്ഥലത്താണ് 1904 അയ്യങ്കാളി സ്വന്തം കൈയാൽ സ്കൂൾ സ്ഥാപിച്ചത്. ഇന്ത്യയുടെ ചരിത്രത്തിൽ തന്നെ ദളിതർ ദളിതർക്ക് വേണ്ടി നിർമ്മിച്ച ആദ്യത്തെ സ്കൂളാണ് അയ്യങ്കാളിയുടേത്. നിർമ്മാണം കഴിഞ്ഞ രാത്രിയിൽ തന്നെ സവർണർ അത് ചുട്ടെരിച്ചു. വീണ്ടും ഓലയും മുളയും ഉപയോഗിച്ച് അയ്യങ്കാളിയും കൂട്ടരും സ്കൂൾ പുനർനിർമിച്ചു. അന്ന് രാത്രി ഉണ്ടായ സവർണ ആക്രമണത്തെ അയ്യങ്കാളിപ്പട കരുത്തോടെ ചെറുത്തു. കടുത്ത സംഘട്ടനമായിരുന്നു അവിടെ നടന്നത്. തീ വെക്കുന്നത് തടഞ്ഞെങ്കിലും നാടിന്റെ പലഭാഗങ്ങളിലും ഇതിനെത്തുടർന്ന് ദളിതർ ആക്രമണങ്ങൾ നേരിട്ടു. അയ്യങ്കാളി തോറ്റ് പിൻമാറാൻ തയ്യാറായിരുന്നില്ല. സ്വജാതിയിലെ നിലത്താശാൻമാരെ വിളിച്ച് സ്വന്തം പള്ളിക്കൂടത്തിൽ വെച്ച് കുട്ടികൾക്ക് അക്ഷരം പഠിപ്പിച്ചുകൊടുക്കാൻ ആവശ്യപ്പെട്ടു. നിരന്തരമായ ആക്രമണങ്ങളാൽ ദളിതർ വലഞ്ഞ ആ സാഹചര്യത്തിൽ കടുത്ത സമരപരിപാടികളല്ലാതെ ഈ പ്രശ്നത്തെ മറികടക്കാൻ കഴിയില്ല എന്ന് അയ്യങ്കാളിക്ക് തീർച്ചയായി. തുടർന്നാണ് കർഷക തൊഴിലാളികളായ ദളിതരോട് ജന്മിമാരുടെ വയലിൽ പണിയെടുക്കുന്നത് നിർത്തിവച്ച് നിലങ്ങളിൽ 'മുട്ടിപ്പുല്ല്' കിളിർത്താലും 'വിദ്യാലയപ്രവേശനം' എന്ന തങ്ങളുടെ ആവശ്യം നടപ്പിലാക്കാതെ പണിയെടുക്കില്ലെന്നു തീരുമാനിക്കാൻ അയ്യങ്കാളി ആവശ്യപ്പെട്ടത്. എന്ത് യാതന സാഹിച്ചും വിദ്യ നേടുക എന്നതായിരുന്നു അയ്യങ്കാളിയുടെ ലക്ഷ്യം. കുടിപ്പള്ളിക്കൂടം പോലും നടത്താൻ സവർണ്ണ മേലാളന്മാർ അനുവദിക്കാത്ത സാഹചര്യത്തിൽ വെറും ചെറുത്തുനിൽപ്പുകൾ മാത്രം പോര എന്നും അതിനുമപ്പുറം സവർണരെ ബാധിക്കുന്ന എന്തെങ്കിലും പ്രവർത്തിച്ചേ മതിയാവൂ എന്ന നിലപാടിൽ അയ്യങ്കാളി എത്തിച്ചേർന്നു. പുലയ കുഞ്ഞുങ്ങൾക്ക് അറിവ് നിഷേധിച്ച മേലാളന്മാർക്കുള്ള അന്നത്തിനുവേണ്ടി വയലിൽ ഇനി പുലയർ പണിയെടുക്കേണ്ട എന്നും നെൽപ്പാടങ്ങളിൽ നെൽകൃഷിക്ക് പകരം മുട്ടിപ്പുല്ല് കിളിർപ്പിക്കും എന്നും അദ്ദേഹം പരസ്യമായി പ്രഖ്യാപിച്ചു. 1904 സെപ്തംബറിൽ മുഴുവൻ അയിത്തജാതിക്കാരോടും കൃഷിപ്പണികൾ നിർത്തിവയ്ക്കാൻ അയ്യങ്കാളി ആവശ്യപ്പെട്ടു. അതിനുവേണ്ടി അയ്യങ്കാളി നാടുനീളെ പ്രചരണം നടത്തി. ഒട്ടുമുക്കാലും ദളിതരും അയ്യങ്കാളിയുടെ വാക്കുപാലിച്ചു. നെൽപ്പാടങ്ങളിൽ തൊഴിലാളികൾ ഇല്ലാതായി. കാർഷിക മേഖലയാകെ സ്തംഭിച്ചു.

കർഷക സമരം ആരംഭിച്ചതോടെ ജന്മിമാർ മാടമ്പി സംഘത്തെ ഉപയോഗിച്ച് കർഷകരെ ക്രൂരമായി മർദ്ദിച്ചു. താരതമ്യേന ദുർബലരായ കർഷകർ സകല ശക്തിയുമെടുത്ത് പ്രതിരോധിച്ചു. ഓരോ ദളിതരുടെയും വീട്ടിൽ ചെന്ന് അയ്യങ്കാളി അവരുടെ കണ്ണീരൊപ്പി. ആത്മധൈര്യം നൽകി. എന്തുവന്നാലും എടുത്ത തീരുമാനത്തിൽ നിന്നും പിന്മാറാൻ ഒരുക്കമല്ല എന്നും പ്രഖ്യാപിച്ചു. കടുത്ത ദാരിദ്ര്യത്തിലും അവർ അയ്യങ്കാളിയുടെ ഒപ്പം

8th_Malayalam Reader Full Book.indb 126 5/18/2019 4:22:50 PM

നിന്നു. വലിയതുറയിലും വിഴിഞ്ഞത്തും ഉള്ള മത്സ്യബന്ധന തൊഴിലാളികളെ കണ്ടു കർഷകത്തൊഴിലാളികളെക്കൂടി പണിക്ക് കൂടെ കൂട്ടണമെന്ന് അയ്യങ്കാളി അഭ്യർത്ഥിച്ചു.



ദളിരുടെ ജീവൻമരണ പോരാട്ടത്തിന്റെ ഭാഗമായി 1906 പുലയർക്ക് വേണമെങ്കിൽ സ്കൂൾ സ്ഥാപിക്കാമെന്ന് ഗവൺമെന്റ് ഉത്തരവിട്ടു. ഇതിനെത്തുടർന്ന് പരമേശ്വരൻ പിള്ള എന്ന സവർണ്ണനെ അധ്യാപകനായി നിയമിച്ചു കൊണ്ട് പുതുവൽവിളാകത്തെ കുടിപ്പള്ളിക്കൂടം വലിയ സ്കൂളായി മാറ്റി. പരമേശ്വരൻ പിള്ളയുടെ നിയമനം സവർണരെ കൂടുതൽ പ്രകോപിതരാക്കി. ആക്രമണങ്ങൾ നിരന്തരമായി നടന്നു. 1907 ലാണ് ഏകദേശം മൂന്നു വർഷത്തോളം നീണ്ടുനിന്ന വിദ്യാഭ്യാസത്തിനു വേണ്ടിയുള്ള ദളിത് കർഷകരുടെ ഐതിഹാസികമായ പണിമുടക്ക് സമരം അവസാനിച്ചത്. ഇതേവർഷം തന്നെയാണ് അയ്യങ്കാളി സാധുജന പരിപാലന സംഘം സ്ഥാപിച്ചത്. ദളിതർക്ക് വേണ്ടി പ്രത്യേക സ്കൂൾ അല്ലെങ്കിൽ സർക്കാർ സ്കൂളുകളിൽ പ്രവേശനം. അതിനുള്ള അനുവാദത്തിനായി തന്റെ സെക്രട്ടറിയായ തോമസ് വാദ്ധ്യാരുടെ സഹായത്തോടെ അയ്യങ്കാളി വിദ്യാഭ്യാസ ഡയറക്ടർക്ക് നിരവധി തവണ അപേക്ഷകൾ അയച്ചു. നിവേദനം നൽകി. അതിനെത്തുടർന്നാണ് 1907 ജൂണിൽ പുലയക്കുട്ടികൾക്ക് സ്കൂൾ പ്രവേശനത്തിനുള്ള ഉത്തരവ് ഉണ്ടാകുന്നത്. ഈ അപേക്ഷ ഉത്തരവ് സവർണ സ്കൂളുകൾ നടത്തിപ്പുകാർ അവഗണിച്ചു. ഈഴവർക്കു മാത്രം പരിമിതമായ തോതിൽ അനുവാദം നൽകി. ഈ കാര്യം മനസ്സിലാക്കിയ ഏതാനും പുലയക്കുട്ടികളെയും കൂട്ടി അയ്യങ്കാളി വെങ്ങാനൂർ ചാവാടിനട സർക്കാർ സ്കൂളുകളിൽ എത്തി കുട്ടികളെ അവിടെ പഠിപ്പിക്കാൻ ആവശ്യപ്പെട്ടു. കൊച്ചാപ്പി, കുഞ്ഞുകൃഷ്ണൻ, വേലുക്കുട്ടി, ഗോപാലൻ, പരമേശ്വരൻ നാരായണൻ, ശങ്കരൻ, കുഞ്ഞൻ തുടങ്ങിയ കുട്ടികളെ അയ്യങ്കാളി ചാവടിനട സ്കൂളിൽ ചേർത്തു. എന്നാൽ സവർണ്ണക്കുട്ടികൾ ആ കുട്ടികളോടൊപ്പം ഇരിക്കാൻ പോലും തയ്യാറായില്ല.

ദളിതരുടെ വിദ്യാഭ്യാസ പോരാട്ടങ്ങൾക്കിടയിൽ ആണ് 1911 ഡിസംബറിൽ അയ്യങ്കാളി ശ്രീമൂലം പ്രജാസഭയിൽ നോമിനേറ്റ് ചെയ്യപ്പെടുന്നത്. ഈ പ്രശ്നങ്ങളെ ഭരണതലത്തിൽ അവതരിപ്പിക്കാനും പരിഹാരങ്ങൾ തേടാനും ഇതുമൂലം അയ്യങ്കാളിക്ക് സാധിച്ചു. 1916 ഫെബ്രുവരി 26ന് തീയതിയിൽ അയ്യങ്കാളി പ്രജാസഭയിൽ നടത്തിയ പ്രസംഗം ഇങ്ങനെയാണ്.

'സർക്കാർ പാഠശാലകളിൽ പുലയക്കുട്ടികളെ ചേർത്ത് പഠിപ്പിക്കുന്നതിന് ഗവൺമെന്റ് മുമ്പുതന്നെ ഉത്തരവ് കൊടുത്തിട്ടുള്ള വകയ്ക്കായി ഞാൻ വന്ദനം പറഞ്ഞുകൊള്ളുന്നു. എന്നാൽ ഈ ഉത്തരവുകൾ ഉണ്ടായിരുന്നിട്ടും ചില പാഠശാലകളിലെ അധികൃതർ വല്ല നിസ്സാര കാരണവും പറഞ്ഞ് അവർക്ക് പ്രവേശനം കൊടുക്കുന്നില്ല എന്നത് സങ്കടകരമായിരുന്നു. പുലയക്കുട്ടികൾക്ക് ഒരിക്കൽ പ്രവേശനം കൊടുത്തിട്ടുള്ള സ്ഥലങ്ങളിൽ മേലാൽ യാതൊരു ഉപദ്രവവും ഇല്ല. നെയ്യാറ്റിൻകര, വെങ്ങാനൂർ, പുല്ലാട് എന്നീ സ്ഥലങ്ങളിലുള്ള ഇപ്പോഴത്തെ സ്ഥിതി തന്റെ വാക്കുകളെ ദൃഷ്ടാന്തീകരിക്കും. ഈ ഉപദ്രവത്തിന് അടിസ്ഥാനമായിട്ടുള്ളത് ചില പാഠശാലകളിലെ വാദ്ധ്യാന്മാർ ആണ്. ജനങ്ങൾ അല്ല എന്ന് എനിക്കറിയാം. അതുകൊണ്ട് മുമ്പ് തന്നെ കൊടുത്തിട്ടുള്ള ഗവൺമെന്റ് ഉത്തരവുകളെ നടത്തുന്നതിന് വിദ്യാഭ്യാസ ഡയറക്ടർക്കും പാഠശാല ഇൻസ്പെക്ടർക്കും നിഷ്കർഷമായ ഉത്തരവുകൾ കൊടുക്കണമെന്ന് അപേക്ഷിക്കുന്നു.'

8th_Malayalam Reader Full Book.indb 127 5/18/2019 4:22:50 PM



എന്നാൽ അധ്യാപകരും സ്കൂൾ ഹെഡ്മാസ്റ്ററും പുറത്തുവന്ന കുട്ടികളെ ഭീഷണിപ്പെടുത്തി. അവിടെ തടിച്ചുകൂടിയ സവർണർ അയ്യങ്കാളിയെയും സംഘത്തെയും ആക്രമിച്ചു. ചാവടിനട സ്കൂളധികൃതരുടെ നടപടിക്കെതിരെ ദിവാൻ വി പി മാധവരായരെയും വിദ്യാഭ്യാസ ഡയറക്ടർ എ സി മിച്ചലിനെയും കണ്ട് അയ്യൻകാളി നിവേദനം നൽകി. അതിനെത്തുടർന്ന് 1907-ലെ ഉത്തരവിൽ ഭേദഗതി വരുത്തി. ദളിതരായ വിദ്യാർത്ഥികൾക്ക് നിർബന്ധമായും പ്രവേശനം നൽകണമെന്ന് ആവശ്യപ്പെട്ട് ഗവൺമെന്റ് പുതിയ ഉത്തരവിറക്കി. ചാവടി സ്കൂൾ അധികൃതർ അതിന് തയ്യാറായില്ല. എന്നുമാത്രമല്ല ഗവൺമെന്റ് നിർദ്ദേശപ്രകാരം അന്വേഷണത്തിനെത്തിയ എസി മിച്ചലിന്റെ വാഹനം സവർണർ തീവെച്ചു കത്തിച്ചു.

മാധവരായറിനുശേഷം ദിവാനായി വന്ന രാജഗോപാലാചാരിയും ദളിതർക്ക് അനുകൂലമായ നിലപാടായിരുന്നു സ്വീകരിച്ചത്. തന്റെ സമുദായത്തിന്റെ പ്രശ്നങ്ങൾ വിശദമാക്കിക്കൊണ്ട് അദ്ദേഹത്തിന് അയ്യങ്കാളി നിവേദനം നൽകി. തുടർന്ന് ദളിതരുടെ വിദ്യാഭ്യാസ പ്രശ്നങ്ങളെക്കുറിച്ചും അവർ നേരിടുന്ന സവർണ ആക്രമണങ്ങളെ കുറിച്ചും വിശദമായി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ അദ്ദേഹം മിച്ചലിനെ തന്നെ ചുമതലപ്പെടുത്തി. മിച്ചൽ ദളിതർക്ക് അനുകൂലമായി റിപ്പോർട്ട് കൊടുക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ദളിതരായ വിദ്യാർത്ഥികൾക്ക് പൂർണമായ വിദ്യാഭ്യാസ സ്വാതന്ത്ര്യം നൽകിക്കൊണ്ട് ഗവൺമെന്റ് ഉത്തരവിടുകയും ചെയ്തു. എന്നാൽ സാധാരണ മാടമ്പികൾ ഈ ശ്രമങ്ങൾക്കെതിരെ ശക്തമായി രംഗത്തിറങ്ങി. വിദ്യാഭ്യാസ ഡയറക്ടറുടെയും പോലീസിന്റെയും സഹായത്തോടെ ദളിതരുടെ വിദ്യാഭ്യാസത്തിനുവേണ്ടിയുള്ള അയ്യങ്കാളിയുടെ പോരാട്ടങ്ങളിൽ ഉജ്ജ്വലമായ അധ്യായമാണ് ഊരുട്ടമ്പലം പെൺപള്ളിക്കൂടത്തിൽ പഞ്ചമി എന്ന എട്ടുവയസുകാരിയെ ചേർക്കാനുള്ള ശ്രമവും തുടർന്നുണ്ടായ 'തൊണ്ണൂറാമാണ്ട് ലഹള' എന്നറിയപ്പെടുന്ന ദളിത് സവർണ ഏറ്റുമുട്ടലും. തൊണ്ണൂർകോണത്ത് പൂജാരി അയ്യൻ എന്ന ദളിതന്റെ മകളായ പഞ്ചമിയെയും കൂട്ടി അയ്യങ്കാളി സ്കൂളിലെത്തിയപ്പോൾ സവർണനായ അധ്യാപകൻ കുട്ടിയെ ക്ലാസ്സിൽ ഇരുത്താൻ തയ്യാറായില്ല. വിദ്യാഭ്യാസ ഡയറക്ടറുടെ ഉത്തരവ് കാണിച്ചെങ്കിലും ഫലമുണ്ടായില്ല. ക്ഷുഭിതനായ അയ്യങ്കാളി എതിർപ്പ് വകവയ്ക്കാതെ കുട്ടിയെ ക്ലാസ്സിൽ കയറ്റിയിരുത്തി.

8th_Malayalam Reader Full Book.indb 128 5/18/2019 4:22:51 PM

സവർണരും ഈഴവരും അടക്കമുള്ള താഴ്ന്ന ജാതിക്കാരായ കുട്ടികൾ ഒന്നടങ്കം ക്ലാസ്സിൽ നിന്ന് ഇറങ്ങിപ്പോയി. സവർണ്ണച്ചട്ടമ്പികൾ അയ്യങ്കാളിയെയും സംഘത്തെയും ആക്രമിക്കാൻ തുടങ്ങി. ആ ഏറ്റുമുട്ടലിൽ കുട്ടിയുടെ അച്ഛനായ അയ്യന് ഗുരുതരമായ പരിക്കേറ്റു. അയിത്തജാതിക്കാരായ പെൺകുട്ടി 'അശുദ്ധ'മാക്കിയ സ്കൂൾ സവർണർ തീവച്ച് നശിപ്പിച്ചു. കടുത്ത ആക്രമണമാണ് പുലയർക്ക് നേരെ സവർണ്ണർ നടത്തിയത്. സ്ത്രീകളടക്കം അപമാനിക്കപ്പെടുകയും ക്രൂരമർദ്ദനത്തിന് ഇരയാകുകയും ചെയ്തു. അയ്യങ്കാളിയെ രാജ്യദ്രോഹിയായി പ്രഖ്യാപിക്കുക വരെ ചെയ്തു. സമാനമായ സംഭവങ്ങൾ തിരുവല്ലയിലെ പുല്ലാട് സർക്കാർ സ്കൂളുകളിലും ഉണ്ടായി. അയിത്തജാതിക്കാരോടൊപ്പം തങ്ങളുടെ കുട്ടികളെ ഇരുത്തില്ലെന്നു സവർണർ പ്രഖ്യാപിച്ചതിനെത്തുടർന്ന് സ്കൂൾ അനിശ്ചിതമായി അടച്ചിട്ടു. വെള്ളിക്കര ചോതിയെത്ത് സാധുജനപരിപാലന സംഘത്തിന്റെ നേതാവാണ് ഈ പോരാട്ടത്തിന് നേതൃത്വം കൊടുത്തത്. ഈ സ്കൂളും സവർണർ തീവെച്ച് നശിപ്പിച്ചു.

ഇങ്ങനെ പ്രവേശനം നേടിയ കുട്ടികൾക്ക് കടുത്ത അപമാനങ്ങൾ ആണ് സ്കൂളിൽ അനുഭവിക്കേണ്ടിവന്നത്. ദളിത് കുട്ടികളെ നിലത്തിരുത്തുകയും അവരെ കൂട്ടത്തോടെ കളിയാക്കുകയും മർദ്ദിക്കുകയും ചെയ്യുന്ന അവസ്ഥയുണ്ടായിരുന്നു. ഈ ഘട്ടത്തിലാണ് ദളിതർക്ക് വേണ്ടി മാത്രമായി സ്കൂൾ എന്ന ആശയവുമായി അയ്യങ്കാളി സർക്കാരിനെ സമീപിക്കുന്നത്. ഇതിനായി മിച്ചലിനെ കണ്ടു പ്രത്യേകം അഭ്യർത്ഥിക്കുകയും നിവേദനം നൽകുകയും ചെയ്തു. തുടർന്നാണ് 1914 ൽ വെങ്ങാന്നൂരിൽ പൊതുവിൽ വിളാകത്ത് മലയാളം പള്ളിക്കൂടം അനുവദിക്കുന്നതും പരമേശ്വരൻപിള്ള എന്ന അധ്യാപകനെ അയ്യങ്കാളി നിയമിക്കുകയും ചെയ്തത്. അയിത്തജാതിക്കാരെ പഠിപ്പിക്കുന്നതിനാൽ പരമേശ്വരൻ പിള്ളയ്ക്കെതിരെ സവർണരുടെ അക്രമണവും വധശ്രമം ഒക്കെയുണ്ടായിരുന്നു. എന്നാൽ അയ്യങ്കാളി അദ്ദേഹത്തിന് സംരക്ഷണം കൊടുത്ത് ഈ നീക്കങ്ങളെ പ്രതിരോധിച്ചു.

8th_Malayalam Reader Full Book.indb 129 5/18/2019 4:22:51 PM

അഭ്യാസം

I. പദപരിചയം

1. വിമോചനം
2. സവർണർ
3. മേലാളന്മാർ
4. നിവേദനം
5. വാദ്ധ്യാന്മാർ
6. പ്രതിരോധം
7. അന്നം
8. ക്ഷുഭിതൻ

II. വിപരീതപദം കണ്ടെത്തുക

1. പരിമിതം
2. പരിഗണന
3. നിശ്ചിതം
4. ധൈര്യം

III. വാക്യത്തിൽപ്രയോഗിക്കുക

1. അഭ്യർത്ഥിക്കുക
2. തയ്യാറാവുക
3. പ്രതിരോധിക്കുക
4. സംരക്ഷണം നൽകുക

IV. ഉത്തരമെഴുതുക

1. അയ്യങ്കാളിയുടെ ഉറച്ച വിശ്വാസം എന്തായിരുന്നു?
2. അയ്യങ്കാളി ദളിതർക്ക് സ്വന്തമായി സ്കൂൾ സ്ഥാപിക്കാനുള്ള കാരണം എന്ത്?
3. അയ്യങ്കാളി നടത്തിയ പരസ്യപ്രഖ്യാപനം എന്തായിരുന്നു?
4. കാർഷിക മേഖലയാകെ സ്തംഭിക്കാൻ ഇടയായ സാഹചര്യം എന്ത്?
5. എവിടെയാണ് അയ്യങ്കാളി സ്വന്തമായി സ്കൂൾ സ്ഥാപിച്ചത്? അതിന്റെ പ്രത്യേകത എന്തായിരുന്നു?

V. അനുബന്ധ പ്രവർത്തനം

ദളിതരുടെ ഉന്നമനത്തിനായി അയ്യങ്കാളി നടത്തിയ വിവിധ പോരാട്ടങ്ങളെ കുറിച്ച് ഉപന്യസിക്കുക.

8th_Malayalam Reader Full Book.indb 130 5/18/2019 4:22:51 PM

ആർ. രാധാകൃഷ്ണൻ



ആർ. രാധാകൃഷ്ണൻ [1941-]: തിരുവനന്തപുരം ജില്ലയിലെ വർക്കലയിൽ ജനിച്ചു. ഭൗതികശാസ്ത്രത്തിൽ ബിരുദവും ജേർണലിസത്തിൽ ബിരുദാനന്തര ബിരുദവും നേടി. കേരള ശാസ്ത്രസാഹിത്യപരിഷത്ത് പ്രസിഡണ്ടായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്. പ്രധാനകൃതികൾ : കളികളുടെ കഥ, മഹച്ചരിതമാല, വനിതകളും നിയമവും, വനിതകളും കായിക ലോകവും, കളിക്കളത്തിലെ മഹാപ്രതിഭകൾ, തിളക്കുന്ന ഭൂമിയും കിതക്കുന്ന മനുഷ്യരും.

ക്യൂബയിലെ മുഴുവൻ ജനങ്ങളുടെയും ആരാധനാപാത്രമായ കായികതാരം അന്നാ ഫിദെലിയാ കിറോയുടെ ആത്മവിശ്വാസത്തിന്റെയും കഠിനപ്രയത്നത്തിന്റെയും കഥയായ ഈ ലേഖനം ആർ. രാധാകൃഷ്ണന്റെ 'കളിക്കളത്തിലെ മഹാപ്രതിഭകൾ' എന്ന കൃതിയിൽ നിന്നെടുത്തതാണ്.

1993 ജനുവരി മാസത്തിലെ ഒരു വൈകുന്നേരം. ക്യൂബയുടെ തലസ്ഥാനമായ ഹവാനയിലെ പ്രധാന ആശുപത്രിയിലേക്ക് ഒരു ആംബുലൻസ് ചീറിപ്പാഞ്ഞു വരുന്നു. അത്യാഹിത വിഭാഗത്തിന്റെ സമീപം വണ്ടി നിന്നു. തീപ്പൊള്ളലേറ്റ് ഒരു സ്ത്രീയെ ആംബുലൻസിൽ നിന്നും എടുത്ത് അകത്തേക്ക് കൊണ്ടുപോയി. ആശുപത്രിക്ക് പുറത്ത് ആളുകൾ കൂട്ടംകൂടി നിൽക്കുന്നു. ദുഃഖം തളംകെട്ടിനിൽക്കുന്ന അന്തരീക്ഷം.

ആരാണ് തീപ്പൊള്ളലേറ്റ ആ സ്ത്രീ? ക്യൂബയിലെ മുഴുവൻ ജനങ്ങളുടെയും ആരാധനാപാത്രമായ കായികതാരം? അന്നാ ഫിദെലിയാ കിറോ ആയിരുന്നു അത്. 1980-കളുടെ ആദ്യംമുതൽക്കേ കൊച്ചു ക്യൂബയുടെ ഭാവി വാഗ്ദാനമായി ഉയർന്നുവന്ന വനിതാ കായികതാരം.

1987ലെ പാൻ അമേരിക്കൻ ഗെയിംസിൽ ഒരു കൊടുങ്കാറ്റുപോലെ കടന്നുവന്ന് 400 മീറ്റർ ഓട്ടത്തിൽ സ്വർണമെഡലുകൾ തട്ടിയെടുത്ത് ഡബിൾ നേടിയ കായിക പ്രതിഭ. 1989 ലെ ലോകകപ്പ് അത്ലറ്റിക് മത്സരങ്ങളിലും ഇതേ പ്രകടനം ആവർത്തിച്ച അത്ഭുതപ്രതിഭാസം.!

1987 മുതൽ 1990 വരെയുള്ള കാലത്ത് തുടർച്ചയായി 39 പ്രാവശ്യം 800 മീറ്റർ ഓട്ടത്തിൽ വിജയം കരസ്ഥമാക്കിയിരുന്ന പെൺകുട്ടി. 1989ലെ ഏറ്റവും നല്ല വനിതാ അത്ലറ്റായി അത്ലറ്റിക്സ് ടുഡേ എന്ന പ്രസിദ്ധീകരണം തിരഞ്ഞെടുത്ത വ്യക്തി.

8th_Malayalam Reader Full Book.indb 131 5/18/2019 4:22:51 PM



അടുക്കളയിൽ വെച്ച് സ്റ്റൗവിലെ ആളിക്കത്തിയ തീയിൽനിന്ന് അന്നയുടെ വസ്ത്രങ്ങളിൽ തീപിടിച്ചു. അവൾക്ക് ഭീകരമായി പൊള്ളലേറ്റു. ആശുപത്രിയിൽ വരുമ്പോൾ അവൾ മരണത്തോടു മല്ലടിക്കുകയായിരുന്നു. ഡോക്ടർമാർ അവളുടെ വിലപ്പെട്ട ജീവൻ രക്ഷിക്കുവാൻ കിണഞ്ഞു ശ്രമിച്ചു. എങ്കിലും അവർക്കാർക്കും അവളെ രക്ഷിക്കാൻ ആകുമെന്ന് പ്രതീക്ഷയില്ലായിരുന്നു. അവളുടെ ശരീരത്തിൽ ഏതാണ്ട് 40 ശതമാനത്തോളം പൊള്ളലേറ്റിരുന്നു. വേദന കുറയ്ക്കാനുള്ള മരുന്നുകൾ അവർ നൽകുന്നുണ്ടായിരുന്നു.

മരുന്നുകൾ പലതും നൽകിയിട്ടും അന്ന വേദന കൊണ്ട് പുളയുകയായിരുന്നു. മാത്രവുമല്ല അവൾ ഗർഭിണിയും ആയിരുന്നു. ഈ കടുത്ത വേദന സഹിച്ചു കൊണ്ടിരുന്നപ്പോൾ തന്നെ അവൾ പ്രസവിക്കുകയും ചെയ്തു. എങ്കിലും ആ കുഞ്ഞ് അല്പസമയത്തിനുള്ളിൽ മരിച്ചുപോയി. 7 ശസ്ത്രക്രിയകൾക്ക് വിധേയമായ അന്ന മരണത്തിൽ നിന്നും അത്ഭുതകരമായി രക്ഷപ്പെട്ടു. എട്ട് മാസത്തോളം ആശുപത്രിയിൽ കഴിഞ്ഞു. അപ്പോഴേക്കും



8th_Malayalam Reader Full Book.indb 132 5/18/2019 4:22:51 PM



അവൾ ഒരുവിധം ആരോഗ്യം വീണ്ടെടുത്തു. പകുതിയോളം വെന്തെരിഞ്ഞ ശരീരത്തിൽ തുന്നിച്ചേർത്ത പുതിയ തൊലിയുമായി അവർ ആശുപത്രി വിട്ടു. ഉയർത്തെഴുന്നേറ്റ അന്ന വീണ്ടും കായികലോകത്തിലേക്ക് മടങ്ങിവരാൻ തീരുമാനിച്ചു. തീപ്പൊള്ളലിന്റെ ഫലമായി വിരൂപമായിത്തീർന്ന മുഖവും വികൃതമായി തീർന്ന കൈകാലുകളുമായി പരിശീലനം നടത്താൻ സ്റ്റേഡിയത്തിലേക്ക് അവർ പോയത് രാത്രികാലങ്ങളിലായിരുന്നു. അവൾ ദിവസവും കഠിനമായ പരിശീലനത്തിൽ ഏർപ്പെട്ടു. തുന്നിച്ചേർത്ത പുത്തൻ തൊലി എളുപ്പത്തിൽ വഴങ്ങാത്തതുകൊണ്ട് അവൾക്ക് കഠിനമായ വേദന സഹിക്കേണ്ടിവന്നു. അന്ന നിശ്ചയദാർഢ്യത്തോടും ലക്ഷ്യബോധത്തോടും അചഞ്ചലമായ വിശ്വാസത്തോടും കൂടി പരിശീലനം നടത്തി. കായിക പരിശീലനം മാത്രമാണ് അവരുടെ ജീവിതത്തിലെ ഏക ആശ്വാസം എന്ന് അവർ പറയുമായിരുന്നു.

എന്തായാലും 1995 -ൽ നടന്ന ഗോഥം ബർഗ് ലോകമത്സരവേദിയിൽ 800 മീറ്റർ ഓട്ടത്തിൽ സ്വർണ്ണമെഡൽ നേടിക്കൊണ്ട് ധീരയായ ക്യൂബൻ വനിത ചരിത്രം സൃഷ്ടിച്ചു. സ്വർണമെഡലുകൾ അണിഞ്ഞ് വിജയപീഠത്തിൽ ക്യൂബൻ ദേശീയഗാനം കേട്ടുകൊണ്ടിരിക്കുമ്പോൾ ആ കായിക പ്രതിഭയുടെ കണ്ണിൽനിന്ന് ആഹ്ലാദത്തിന്റെയും അഭിമാനത്തിന്റെയും കണ്ണുനീർ ഇറ്റിറ്റു വീണുകൊണ്ടിരുന്നു.

തീയിൽ പുനർജനിച്ച ഈ ക്യൂബൻ എക്സ്പ്രസ് അറ്റ്ലാൻഡ ഒളിമ്പിക്സിലും മെഡൽ വാങ്ങിയിട്ടാണ് ക്യൂബയിലേക്ക് മടങ്ങിയത്. ഈ മുപ്പത്തിമൂന്നുകാരിയുടെ നിശ്ചയദാർഢ്യവും ലക്ഷ്യബോധവും ആത്മവിശ്വാസവും കഠിനപ്രയത്നവും ഏതൊരു കായികതാരത്തിനും എക്കാലത്തും പ്രചോദനം നൽകാനുതകും.

8th_Malayalam Reader Full Book.indb 133 5/18/2019 4:22:52 PM

വ്യാകരണം

ഉച്ചാരണ സാദൃശ്യവും അർത്ഥവ്യത്യാസവും വരുന്ന വാക്കുകൾ

അർത്ഥം	=	പൊരുൾ	അർദ്ധം	=	പകുതി
അനലൻ	=	അഗ്നി	അനിലൻ	=	കാറ്റ്
അന്തം	=	അവസാനം	അന്ത്യം	=	അവസാനം
അദിതി	=	ദേവമാതാവ്	അതിഥി	=	വിരുന്നുകാർ
കഥനം	=	പറച്ചിൽ	കദനം	=	ദുഃഖം
കപാലം	=	തലയോട്	കപോലം	=	കവിൾത്തടം
ആകാരം	=	ആകൃതി	ആഗാരം	=	വീട്
ലോപം	=	കുറവ്	ലോഭം	=	അത്യാഗ്രഹം

അനുബന്ധ പ്രവർത്തനം

ഇതു പോലെയുള്ള മറ്റു വാക്കുകൾ കണ്ടെത്തുക

രചന

പഴഞ്ചൊല്ലുകളുടെ ആശയവിപുലനം.

8th_Malayalam Reader Full Book.indb 134 5/18/2019 4:22:52 PM

ഭാഗം 9 ജീവിതദർശനം



പഠന ലക്ഷ്യങ്ങൾ

- പ്രകൃതിയിലെ ഓരോ അണുവും പ്രപഞ്ചജീവിതത്തെ സുന്ദരമാക്കുകയാണ് ചെയ്യുന്നതെന്ന് തിരിച്ചറിയൽ.
- ഇന്ത്യൻസ്വാതന്ത്ര്യസമരത്തിനായി സമർപ്പിക്കപ്പെട്ട ഗാന്ധിജിയുടെ ദക്ഷിണാഫ്രിക്കയിലെ ജീവിതത്തെ മനസ്സിലാക്കൽ.
- അധ്വാനത്തിന്റെ മഹത്വം തിരിച്ചറിയൽ.

പാഠഭാഗങ്ങൾ

കവിത	:	ആമ്പൽപൊയ്ക	- നാലാങ്കാൽ കൃഷ്ണപിള്ള
ഗദ്യം	:	വീശിയെത്തുന്ന കുളിർകാറ്റു പോലെ	- കെ. തായാട്ട്
ഉപപാഠം	:	മുട്ടയോളം വലിപ്പമുള്ള ധാന്യമണി (കഥ)	- ടോൾസ്റ്റോയ്

പദ്യം

ആമ്പൽപ്പൊയ്ക

– നാലാങ്കൽ കൃഷ്ണപിള്ള

നാലാങ്കൽ കൃഷ്ണപിള്ള [1910 – 1991]: കവി എന്ന നിലയിലും ക്ഷേത്രചരിത്രകാരൻ എന്ന നിലയിലും പ്രശസ്തനായ മലയാള സാഹിത്യകാരനാണ് നാലാങ്കൽ കൃഷ്ണപിള്ള. അദ്ധ്യാപകനായിരുന്ന അദ്ദേഹം എം.എ, എൽ.ടി ബിരുദങ്ങളിൽ സ്വർണ്ണമെഡൽ നേടിയിട്ടുണ്ട്. പ്രധാനകൃതികൾ – കൃഷ്ണതുളസി, ഡിസംബറിലെ മഞ്ഞുതുള്ളികൾ, രാഗതരംഗം, പൂക്കുട, ആമ്പൽപ്പൊയ്ക, പ്രിയദർശിനി. ഓടക്കുഴൽ അവാർഡ് ,കേരള സാഹിത്യ അക്കാദമി അവാർഡ് എന്നിവ ലഭിച്ചിട്ടുണ്ട്.

ഒരു ആമ്പൽപ്പൊയ്കയുടെ പശ്ചാത്തലത്തിൽ പ്രകൃതിയുടെ സൂക്ഷ്മഭാവങ്ങളെ മനോഹരമായി ആവിഷ്കരിക്കുകയാണ് കവി. ജീവിതം തന്നെ കലയാക്കി മാറ്റുവാൻ വ്യഗ്രത കൊള്ളുന്ന കവി മനസ്സിന്റെ ആവിഷ്കരണം കൂടിയായ ഈ കവിത ആമ്പൽപ്പൊയ്ക എന്ന കവിതാ സമാഹാരത്തിൽ നിന്നുമെടുത്തതാണ്.

നിദ്രകൊണ്ടീടുമീ നീലത്തടാകത്തി-
ലുച്ചകൊടും വെയിൽ മാഞ്ഞശേഷം
രാത്രിതന്നോമൽക്കിനാവോ പുളകമോ
താർതെന്നലേറ്റു പുളച്ചിടുന്നു
നീളുമുറക്കത്തിൽ നിന്നുമുണർന്നു കു-
ഞ്ഞോളങ്ങൾ കണ്ണുതുറന്നിടുമ്പോൾ
കാണുന്നു വിസ്മയപൂർവകം ലാവണ്യം
കാണിക്ക വെച്ച വിഭൂഷണങ്ങൾ
അജ്ഞാതമാകും രഹസ്യങ്ങൾ സത്യത്തി-
നുജ്ജ്വല ദീപ്തിയാൽ മിന്നും പോലെ
അമ്പിളി തന്റെ രജതമാം ധൂളിക-

8th_Malayalam Reader Full Book.indb 136 5/18/2019 4:22:52 PM



ളംബരം വിട്ടു നിശീഥിനിയിൽ
പാരം തണുപ്പേലുമിത്തടാകത്തിൽ വ-
ന്നാരാൽ കുളിച്ചു കളിക്കയാണോ?
ആമ്പലേ! രാവിൽ വിരിഞ്ഞു നീ പൊങ്ങുമ്പോൾ
നാമ്പിടുന്നീ ദൃശം ചിന്തയെന്നിൽ
ഭാവ മനോഹരമാമീത്തടാകത്തിൽ
ഭാവനേ, ചെന്നു നീ നീന്തിയാലും
ജീവിത വ്യഗ്രത കൊണ്ടു ചൂടേറുമെൻ
ചേതനേ, ചെറ്റുകുളിർമ പൂൺമാൻ
ചെന്നു കുളിക്കു നീയാമ്പലപ്പൊയ്കയിൽ
സുന്ദരസ്വപ്നത്തിൻ രൂപമേന്തി.
ജീവിതം തന്നെ കലയാക്കി മാറ്റുവാൻ
നീ വേണ്ട പാടവം നേടിയാലും

8th_Malayalam Reader Full Book.indb 137 5/18/2019 4:22:53 PM

അഭ്യാസം

I. അർത്ഥം കണ്ടെത്താം

തെന്നൽ, ലാവണ്യം, വിഭൂഷണം, അജ്ഞാതം, രജതം, ധൂളി, അംബരം, നിശീഥിനി, വ്യഗ്രത, ചേതന, പാടവം

II. പര്യായപദങ്ങൾ കണ്ടെത്തുക

നിദ്ര : _____, _____

രാത്രി : _____, _____

അംബരം : _____, _____

തെന്നൽ : _____, _____

III. പിരിച്ചെഴുതുക

അജ്ഞാതമാകും, നീലത്താമര

തണുപ്പേലും, നീളുമുറക്കം

IV. ചേർത്തെഴുതുക

രൂപം + ഏന്തി

തെന്നൽ + ഏറ്റ്

ചിന്ത + എന്നിൽ

V. വിഗ്രഹിച്ചെഴുതുക

ജീവിതവ്യഗ്രത, സുന്ദരസ്വപ്നം

VI. ഉത്തരമെഴുതുക

1. ഉറക്കത്തിൽ നിന്നുണർന്ന കുഞ്ഞോളങ്ങൾ കണ്ട കാഴ്ചയെന്ത്?
2. ജീവിതത്തെ എന്താക്കി മാറ്റുവാനാണ് കവി ആഗ്രഹിക്കുന്നത്?
3. മനുഷ്യമനസ്സിന്റെ ഏതവസ്ഥയെക്കുറിച്ചുള്ള സൂചനയാണ് കവി ഈ കവിതയിൽ നൽകുന്നത്?
4. ആമ്പൽ വിരിഞ്ഞതിനെ കവി എന്തിനോടാണ് സാദൃശ്യപ്പെടുത്തുന്നത്?

VII. ഒരു ഖണ്ഡികയിൽ ഉത്തരമെഴുതുക

ആമ്പൽപ്പൊയ്ക കണ്ടപ്പോൾ കവിയ്ക്കുണ്ടായ ചിന്തകൾ എന്തെല്ലാം?

8th_Malayalam Reader Full Book.indb 138 5/18/2019 4:22:53 PM

ഗദ്യം വീശിയെത്തുന്ന കുളിർക്കാറ്റുപോലെ

- കെ.തായാട്ട്



കെ.തായാട്ട് [1927-2011]: തലശ്ശേരിക്കടുത്ത പന്ന്യന്നൂർ ഗ്രാമത്തിൽ ജനിച്ചു. നാടകനടനും, നാടകകൃത്തുമായിരുന്ന തായാട്ട് കുഞ്ഞനന്തൻ എന്ന കെ. തായാട്ട് മികച്ച അദ്ധ്യാപകനുള്ള കേന്ദ്ര സംസ്ഥാന അവാർഡുകൾ നേടിയ അദ്ധ്യാപകനും, ഗാന്ധിയനുമായിരുന്നു. കഥ, കവിത, നാടകം, ബാലസാഹിത്യം, പുനരാഖ്യാനം എന്നീ മേഖലകളിലായി നാല്പത്തിരണ്ടോളം ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. നൈവേദ്യം, നാടുകാണിച്ചുരം, ഒരു കഥ പറയൂ ടീച്ചർ, പുത്തൻകനി തുടങ്ങിയവയാണ് പ്രധാന കൃതികൾ. കൈരളി ചിൽഡ്രൻസ് ബുക്ക് ട്രസ്റ്റ് അവാർഡ്, ചെറുകാട് സ്മാരക അവാർഡ്, അബുദാബി ശക്തി അവാർഡ്, ബാല സാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് അവാർഡ്, കേരള സംഗീത നാടക അക്കാദമി പുരസ്കാരം, കേരള സാഹിത്യ അക്കാദമി പുരസ്ക്കാരം എന്നീ പുരസ്കാരങ്ങൾ നേടിയിട്ടുണ്ട്.

ഭാരതത്തിന്റെ മോചനത്തിനുവേണ്ടി ജീവൻ ബലികഴിച്ച നിരവധി സ്വാതന്ത്ര്യ സമരഭടന്മാരുടെ ആവേശോജ്ജ്വലമായ ചരിത്രമാണ് 'നാം ചങ്ങല പൊട്ടിച്ച കഥ' എന്ന പുസ്തകം. കുട്ടികളിൽ സ്വാതന്ത്ര്യചരിത്രപഠനതാൽപര്യമുണർത്തുന്നതിന് സഹായകമായ പാഠഭാഗം ഈ ഗ്രന്ഥത്തിൽ നിന്നുമെടുത്തതാണ്. തെക്കെ ആഫ്രിക്കയിലെ കറുത്തവർഗ്ഗക്കാർ നേരിടുന്ന വർണ്ണവിവേചനവും അവർക്കുവേണ്ടി പ്രവർത്തിക്കാൻ ചെന്ന ഗാന്ധിജി നേരിട്ട ദുരിതങ്ങളുമാണ് ഇതിൽ പ്രതിപാദിക്കുന്നത്.

ആയിരത്തിത്തൊള്ളായിരത്തി പതിനഞ്ച് ജനുവരി ഒമ്പത്. ധനുമാസത്തിലെ കുളിരണിയുന്ന പ്രഭാതം.

ബോംബെയിലെ അപ്പോളോ ബന്തർ തുറമുഖത്ത് പതിവിലേറെ ആൾക്കാർ. അൽപ സമയത്തിനകം തുറമുഖമടുക്കുന്ന ഒരു വിദേശക്കപ്പൽ പ്രതീക്ഷിച്ചാണവർ നിൽക്കുന്നത്. കപ്പൽ വരുന്നത് ലണ്ടനിൽ നിന്ന്. ഒരു വിശിഷ്ടാതിഥി അവിടെ എത്തുന്നു എന്നതാണ് അന്നത്തെ തിരക്കിന് കാരണം. അദ്ദേഹത്തെ കാണാനും സ്വീകരിക്കാനും വിവിധ തുറകളിൽപെട്ടവർ എത്തിക്കൂടിയിട്ടുണ്ട്.

കപ്പൽ തുറമുഖമടുത്തു. യാത്രക്കാർ ഇറങ്ങി. പരിഷ്കരിച്ച വേഷവിധാനമുള്ളവർ. പല ഭാഷക്കാർ. കോട്ടും കാലുറയും പാന്റും ടൈയും ധരിച്ച മാന്യന്മാർ. അവരോടൊപ്പം അവരുടെ കുടുംബവും. അവരും തിളങ്ങുന്ന വേഷങ്ങളിൽ. വിവിധ വർണ്ണച്ചിറകുമായി കൂടുപൊട്ടി പുറത്തുവന്ന ചിത്രശലഭങ്ങളെപ്പോലെ.

എന്നാൽ അത്തരക്കാരിൽ നിന്നെല്ലാം വളരെ വ്യത്യസ്തമായ വേഷത്തോടെ മറ്റൊരാൾ കപ്പലിറങ്ങി നടന്നു വരുന്നു. കൂടെ ഒരു സ്ത്രീയും. വെറും സാധാരണക്കാരുടെ വേഷം. നാടൻ ഗുജറാത്തി മട്ടിൽ നീളൻ കുപ്പായവും ദോത്തിയും. ശിരസ്സിൽ എടുത്തുവെച്ചതു

8th_Malayalam Reader Full Book.indb 139 5/18/2019 4:22:53 PM



പോലുള്ള തലപ്പാവും. കുപ്പായത്തിന് മീതെ ഒരു പുതപ്പ്. ഒപ്പമുള്ള സ്ത്രീയുടെ വേഷവും ലളിതം. ചുറ്റിയുടുത്തിരിക്കുന്ന പരുക്കൻ സാരിയുടെ അറ്റം കൊണ്ട് ശിരസ്സ് മറച്ചും കൈനീളൻ കുപ്പായമണിഞ്ഞും. അവർ ദമ്പതികൾ. ഭർത്താവിന്റെ കൈയ്യിൽ ഒരു കൊച്ചുതകരപ്പെട്ടി.

സ്വീകരിക്കാൻ കാത്തിരുന്ന പലരും ആളെ തിരിച്ചറിഞ്ഞില്ല. ഇങ്ങനെയൊരാളെയല്ല അവർ സങ്കൽപിച്ചിരുന്നത് എന്നത് കൊണ്ട്. എന്നാൽ തിരിച്ചറിഞ്ഞവർ തിടുക്കം പൂണ്ട് ഓടിച്ചെന്ന് ആ കൊച്ചുമനുഷ്യനോട് ആദരവ് കാട്ടുകയും കൈകൂപ്പി അഭിവാദ്യമർപ്പിക്കുകയും ചെയ്തു. പകരമായി അദ്ദേഹവും ചിരിച്ചു. ചുണ്ടിൽ മാത്രം പൊടിയുന്ന കൊച്ചുമന്ദസ്മിതം. അപ്പോഴേക്കും ആരാധകർ ചുറ്റും കൂടി.

അവരോടൊപ്പം അവരിലൊരാളായി തൊട്ടുതൊട്ടും തോളുരുമ്മിയും ഭാര്യാസമേതം അയാൾ നടന്നു. തിരിക്കിനിടയിലൂടെ.

കൊച്ചുപാദം കൊണ്ട് മൂന്നടി അളന്ന് മൂന്ന് ലോകവും കീഴടക്കിയ വാമനന്റെ കഥ പോലെ. നിങ്ങളിപ്പോൾ കണ്ട ഈ കൊച്ചു മനുഷ്യനും ഒരു മഹാത്ഭുതം കാട്ടി. നാം ചങ്ങലപൊട്ടിച്ച ഈ കഥയിലെ തിളക്കമാർന്ന കഥാപാത്രമായി കടന്നുവന്ന ഈ ഗുജറാത്തുകാരൻ എന്തെന്ത് അത്ഭുതം കാട്ടി എന്നും എന്തെന്ത് സിദ്ധി കൈവരിച്ചു എന്നും നിങ്ങൾക്ക് ഇനിയങ്ങോട്ടുള്ള കഥാംശത്തിൽ നിന്നും മനസ്സിലാകും. എന്നാൽ അങ്ങനെയൊരു മഹാശക്തി ഉറങ്ങിക്കിടന്ന ചൈതന്യമാണ് ഈ ശുഷ്കശരീരമെന്ന് അന്ന് തകരപ്പെട്ടിയുമായി ആൾക്കൂട്ടത്തിന്റെ തിരക്കിലൂടെ നടന്നുപോയ ആ കൊച്ചുമനുഷ്യനെപ്പറ്റി ആരും സങ്കൽപിച്ചു പോലുമുണ്ടായിരിക്കില്ല.

ആരെയാണ് ഇത്രയും ആലങ്കാരികമായ ശൈലിയിൽ അവതരിപ്പിക്കാൻ ഞാൻ സാഹസപ്പെടുന്നത് എന്ന് തീർച്ചയായും നിങ്ങൾ ഊഹിച്ചിരിക്കും. കാറ്റും കോളും കൊണ്ട് പ്രക്ഷുബ്ധമായി കിടക്കുന്ന സാഗരച്ചുഴിയിലൂടെ ഇനിയങ്ങോട്ടുള്ള പ്രയാണം നിയന്ത്രിച്ചു പോന്ന മഹാനായ നാവികനെ പേരെടുത്ത് പറഞ്ഞുവേണ്ട നിങ്ങൾക്ക് പരിചയപ്പെടുത്താൻ.

തെക്കെ ആഫ്രിക്കയിൽ നിന്നാണ് ഗാന്ധിജി വരുന്നത്. അവിടെ കറുത്ത വർഗ്ഗക്കാരുടെ ഈശ്വരനായിരുന്നു ആ മനുഷ്യസ്നേഹി. അവരുടെ ദുഃഖങ്ങൾക്ക് അറുതി കണ്ടെത്തുവാൻ നടത്തിയ ശ്രമത്തിലാണ് ഗാന്ധിജി വിശ്വപ്രസിദ്ധനായത്. ഇരുണ്ട ഭൂഖണ്ഡം എന്ന് വിശേഷിപ്പിക്കപ്പെട്ടിരുന്നതും ഭൂഗോളത്തിലെ രണ്ടാമത്തെ വലിയ വൻകരയുമായിരുന്ന ആഫ്രിക്കയിൽ കടുത്ത വർണ്ണവിവേചനം നടക്കുന്ന കാലമായിരുന്നു അത്. കറുത്ത വർഗ്ഗക്കാരെ വെളുത്തവർ അടിമകളായി കണക്കാക്കിപ്പോന്നിരുന്ന ശപിക്കപ്പെട്ട കാലഘട്ടം. പട്ടികളെക്കാൾ മോശമായ രീതിയിൽ സഞ്ചാരസ്വാതന്ത്ര്യം പോലും അവർക്ക് നിഷേധിക്കപ്പെട്ടിരുന്നു. ഏറെ കടുപ്പം ദക്ഷിണാഫ്രിക്കയിലായിരുന്നു.

8th_Malayalam Reader Full Book.indb 140 5/18/2019 4:22:53 PM



ആഫ്രിക്കയിൽ ധാരാളം ഇന്ത്യക്കാർ ഉണ്ടായിരുന്നു. ഇന്ത്യക്കാർ ആഫ്രിക്കൻനിവാസികളെപ്പോലെ അത്ര കറുപ്പല്ലെങ്കിലും നാമും കറുത്തവർ തന്നെ. ഹീനമായ പെരുമാറ്റമാണ് അവർക്കും ആഫ്രിക്കയിൽ ലഭിച്ചുകൊണ്ടിരുന്നത്.

ആ രാജ്യത്തിൽ കറുത്തവർ അനുഭവിക്കുന്ന ദുരിതങ്ങളെ പറ്റി കേട്ടറിഞ്ഞ് ഓടിച്ചെന്നതായിരുന്നു ഗാന്ധിജി എന്ന് ധരിക്കരുത്. പ്രശസ്തനായിരുന്ന ഒരു ബാരിസ്റ്റർ എം. കെ ഗാന്ധി പോർബന്തറിലെ ഒരു കച്ചവടക്കമ്പനിക്കു വേണ്ടി കേസ് വാദിക്കാൻ ചെന്നതായിരുന്നു ആയിരത്തി എണ്ണൂറ്റി തൊണ്ണൂറ്റി മൂന്നിൽ.

തെക്കെ ആഫ്രിക്കയിലെ ഡർബാൻ എന്ന സ്ഥലത്ത് സഹധർമ്മിണി കസ്തൂർബായിയോടൊപ്പം കപ്പലിറങ്ങിയതുമുതൽ ഗാന്ധിജിക്ക് അവിടെയുള്ള ഇന്ത്യക്കാർ അനുഭവിക്കുന്ന ദുരിതങ്ങളെപ്പറ്റി അനുഭവജ്ഞാനമുണ്ടായിരുന്നു. ഇന്ത്യക്കാരോട് വെറും ഭൃത്യന്മാരെപ്പോലെയാണ് വെളുത്ത സായിപ്പന്മാർ പെരുമാറുന്നത് എന്ന് ഗാന്ധിജി മനസ്സിലാക്കി. ഇന്ത്യക്കാർ അപരിഷ്കൃതരെന്നും പ്രാകൃതരെന്നുമാണ് വെള്ളക്കാർ കണക്കാക്കിയിരുന്നത്. സായിപ്പന്മാർ താമസിക്കുന്ന സ്ഥലത്ത് താമസിക്കാനോ, അവർ നടന്ന്പോകുന്ന റോഡിലൂടെ നടക്കാനോ അവർ കയറുന്ന വണ്ടിയിൽ ഒപ്പം സഞ്ചരിക്കാനോ ഇന്ത്യക്കാരെ അനുവദിച്ചിരുന്നില്ല. അങ്ങനെ ചെയ്യുന്നത് ശിക്ഷാർഹമായിരുന്നു. അത്തരക്കാരെ നിയമംമൂലം ശിക്ഷിക്കാൻ പോലീസിന് അധികാരമുണ്ടായിരുന്നു. ആഫ്രിക്കൻ പൗരനായിരുന്ന ഒരു വെള്ളക്കാരന് കറുത്തവനെ ഇത്തരം വേദികളിൽ നിന്നും ബലമായി പുറത്താക്കാൻ നിയമം അയാൾക്ക് അനുവാദം നൽകുമായിരുന്നു. തെക്കെ ആഫ്രിക്കയിലെ നിയമപുസ്തകത്തിൽ ഇന്ത്യക്കാരെപ്പറ്റി നിർവ്വചിച്ചിരുന്നതുതന്നെ പ്രാകൃതരായ ഏഷ്യൻ വർഗ്ഗക്കാർ എന്നതായിരുന്നു. ഇത് മനസ്സിലാക്കിയ ഇന്ത്യക്കാരിൽ പലരും രക്ഷയില്ലെന്ന നിലയിൽ തങ്ങൾ ഇന്ത്യക്കാരാണെന്ന സത്യം മറച്ചുവെയ്ക്കുമായിരുന്നു. അറബികളാണെന്ന് മുസ്ലീങ്ങൾ പറയും. പാർസികൾ പേർഷ്യക്കാരാണെന്ന് സ്വയം അവകാശപ്പെടും. ഇന്ത്യാക്കാരെ പൊതുവിൽ വിളിച്ചിരുന്നത് കൂലികൾ എന്നായിരുന്നു. ഗാന്ധിജിയെ ഇത് കാരണം കൂലിബാരിസ്റ്റർ എന്നും അവർ അധിക്ഷേപിക്കുമായിരുന്നു.

8th_Malayalam Reader Full Book.indb 141 5/18/2019 4:22:54 PM

തെക്കെ ആഫ്രിക്കയിൽ ഒരിന്ത്യക്കാരൻ എന്ന നിലയിൽ ഗാന്ധിജിക്കുണ്ടായ ദുരനുഭവങ്ങളെപ്പറ്റി ധാരാളം കഥകൾ നിങ്ങൾ കേട്ടിട്ടുണ്ടായിരിക്കും. കോടതിയിൽ ഹാജരായപ്പോൾ തലപ്പാവ് ഊരിവെയ്ക്കാൻ മജിസ്ട്രേറ്റ് അനുശാസിച്ചത്, അങ്ങനെ ചെയ്യാത്തതിനാൽ കോടതിയിൽ നിന്ന് പിടിച്ച് പുറത്താക്കിയത്. യാത്രാമദ്ധ്യേ തീവണ്ടിയിൽ നിന്ന് ബലമായി പിടിച്ചിറക്കിയത്. ആ ഒരു സംഭവം ഇങ്ങനെയായിരുന്നു. ഒരു ഒന്നാം ക്ലാസ് തീണ്ടി മുറിയിൽ യാത്ര ചെയ്യാൻ ടിക്കറ്റെടുത്ത് ഗാന്ധിജി ഒരു ഒഴിഞ്ഞ മുറി നോക്കി പെട്ടിയുമായി കയറിക്കൂടി. സമയം രാത്രി ആയിരുന്നു. ഉറങ്ങാനുള്ള സൗകര്യം കൂടി ഓർത്താണ് ഒന്നാം ക്ലാസ് ടിക്കറ്റ് തന്നെ എടുത്തത്. വണ്ടി പുറപ്പെടാൻ നേരത്ത് മറ്റൊരു യാത്രക്കാരനും കമ്പാർട്ടുമെന്റിനകത്തു കടന്നു ചെന്നു. അയാളൊരു വെള്ളക്കാരനായിരുന്നു. ഗാന്ധിജി അവിടെ ഇരിക്കുന്നത് കണ്ട് സായിപ്പ് തറച്ച് നോക്കി. ഇതെന്ത് കഥ എന്ന അർത്ഥത്തിൽ. ഉടൻ വീർപ്പിച്ച മുഖവുമായി ഇറങ്ങിപ്പോവുകയും ചെയ്തു. ഇതൊന്നും ഗാന്ധിജി ശ്രദ്ധിക്കുന്നുണ്ടായിരുന്നില്ല. ഉടനെ അയാൾ രണ്ട് റെയിൽവെ ഉദ്യോഗസ്ഥന്മാരുമായി വീണ്ടും വന്നു. അപ്പോഴേക്കും ഗാന്ധിജി ഉറക്കം തുടങ്ങിയിരുന്നു. അവർ ഗാന്ധിജിയെ തട്ടിയുണർത്തി. കമ്പാർട്ടുമെന്റിൽ നിന്നും ഇറങ്ങിപ്പോകാൻ നിർബന്ധിച്ചു. വെള്ളക്കാർക്ക് സഞ്ചരിക്കാനുള്ള കമ്പാർട്ടുമെന്റാണെന്നും കറുത്തവർക്ക് വേറെ മുറികളുണ്ടെന്നും പറഞ്ഞു.ഗാന്ധിജി കൂട്ടാക്കിയില്ല. ഒടുവിൽ അവർ ബലം പ്രയോഗിച്ച് പിടിച്ചിറക്കി. പെട്ടി പ്ലാറ്റ്ഫോമിലേക്ക് വലിച്ചെറിയുകയും ചെയ്തു.

ആഫ്രിക്കയിൽ തന്റെ നാട്ടുകാർ അനുഭവിക്കുന്ന ഇത്തരം ദുരിതങ്ങൾ കണ്ട് ഗാന്ധിജിയുടെ മനസ്സ് വേദനിച്ചു. അതിനാൽ കേസ് കഴിഞ്ഞിട്ടും ഗാന്ധിജി ഇന്ത്യയിലേക്ക് തിരിച്ച് വന്നില്ല.അവിടെ തന്നെ താമസിക്കാൻ തീരുമാനിച്ചു. 'എന്റെ നാട്ടുകാരുടെ ദുഖം കണ്ട് കൊണ്ട് ഞാൻ ഇന്ത്യയിലേക്ക് തിരിച്ച് പോകുന്നതെങ്ങനെ?' എന്നദ്ദേഹം ചിന്തിച്ചു. അതിനാൽ ആ മനുഷ്യസ്നേഹി അവർക്കിടയിൽത്തന്നെ ജീവിച്ചു. അവരിലൊരാളായി അവരുടെ ദുരിതം പങ്കിട്ടുകൊണ്ടും അവർക്ക് ആത്മവിശ്വാസം പകർന്നുകൊടുത്തുകൊണ്ടും.

എതിർക്കാനും എതിർപ്പിനെ നേരിടുവാനും ഗാന്ധിജി അവരെ ശീലിപ്പിച്ചു. ഭീരുക്കളായി ജീവിക്കുന്നതിലും അഭികാമ്യം ധീരനായി മരിക്കുകയാണ് എന്ന് ഗാന്ധിജി പറഞ്ഞു. സത്യത്തോടും നീതിയോടും വിട്ടുവീഴ്ച ചെയ്യാതിരിക്കാനും ഗാന്ധിജി ഇന്ത്യൻ വംശജരെ ഉദ്ബോധിപ്പിച്ചു. അധർമ്മത്തെ നേരിടാൻ ഒരു പുതിയ സമരമാർഗ്ഗം അദ്ദേഹം അവർക്ക് കാട്ടിക്കൊടുത്തു. അതുവരെ ആരും പ്രയോഗിച്ചിട്ടില്ലാത്ത ശക്തമായ ഒരു സമരതന്ത്രം. അക്രമത്തെ അതേ നാണയത്തിൽ തിരിച്ചടിക്കുന്നത് ഗുണമല്ല, ദോഷമാണ് ചെയ്യുക എന്ന് ഗാന്ധിജി സ്വാനുഭവം കൊണ്ട് കാട്ടിക്കൊടുത്തു. ശത്രുവിനെ കീഴടക്കാനുള്ള ആയുധം ആത്മശക്തിയാണെന്നും ഗാന്ധിജി പ്രവാസി ഇന്ത്യക്കാരെ ധരിപ്പിച്ചു. സഹിക്കുക, വീണ്ടും സഹിക്കുക, പിന്നെയും സഹിക്കുക ഇതായിരുന്നു എതിരാളികളുടെ നേരെ ഗാന്ധിജി തെക്കേ ആഫ്രിക്കയിൽ പ്രയോഗിച്ച സമരതന്ത്രം. ഈ സമരത്തിന് ഗാന്ധിജി ഒരു പുതിയ പേര് നൽകി. സത്യാഗ്രഹസമരം. മുമ്പെങ്ങും കാണാത്തതും കേട്ടുകേൾവിപോലുമില്ലാത്തതുമായ ഈ പുതിയ സമരതന്ത്രം കാരണം ഗാന്ധിജി തെക്കേ ആഫ്രിക്കയിൽ ശ്രദ്ധിക്കപ്പെട്ടു. ആ രാജ്യത്തിനകത്തും പുറത്തും അദ്ദേഹം പെട്ടെന്ന് വിശ്രുതനായി. മുഷ്കരന്മാരായ പോലീസ് മേധാവികൾ പോലും ഗാന്ധിജിയെ പിന്നെപ്പിന്നെ ഭയപ്പെട്ടു.ആയുധം വയ്പിക്കാനോ, അടിച്ചമർത്താനോ കഴിയാത്ത ഈ സമരമാർഗ്ഗം ഉപയോഗിച്ച് ഗാന്ധിജി അവിടെ കറുത്തവരെ രക്ഷിച്ചു. അവരെ ദ്രോഹിക്കാൻ വെള്ളക്കാർ എഴുതിയുണ്ടാക്കിയ കരിനിയമങ്ങളത്രെയും ഗാന്ധിജിയുടെ നിശ്ചയദാർഢ്യത്തിനു മുമ്പിൽ ഭരണാധികാരികൾക്ക് അടിയറ വയ്ക്കേണ്ടി വന്നു. പല നിയമങ്ങളും തിരുത്തിയെഴുതപ്പെട്ടു. അതോടെ ഗാന്ധിജി തെക്കേ ആഫ്രിക്കയിലെ

8th_Malayalam Reader Full Book.indb 142 5/18/2019 4:22:54 PM



കറുത്ത വർഗ്ഗക്കാർക്ക് ദൈവമായി മാറി!(ദക്ഷിണാഫ്രിക്കയിലെ ഈ വർണ്ണവിവേചന നിയമത്തെ അപ്പാർത്തീഡ് എന്നാണ് വിളിച്ചു പോന്നിരുന്നത്.)

ഇങ്ങനെയിരിക്കെയാണ് അദ്ദേഹം തന്റെ ജന്മനാട് അനുഭവിക്കുന്ന ദുരിതത്തെപ്പറ്റി കേട്ടറിഞ്ഞത്. ഗോപാലകൃഷ്ണഗോഖലെയിൽ നിന്നും മറ്റും ഇന്ത്യയിലും ഇത്തരം ഒരു സമരമാർഗ്ഗം പ്രയോഗിച്ചു നോക്കുന്നത് നന്നായിരിക്കുമെന്ന് ഗോഖലെ പറഞ്ഞു.ഗോഖലെയെപ്പോലെ മറ്റു ചില ദേശീയ നേതാക്കളും ഗാന്ധിജിയുടെ മുമ്പിൽ ഈ നിർദ്ദേശം വയ്ക്കുകയും ഇന്ത്യൻ സ്വാതന്ത്ര്യസമര രംഗത്തേക്ക് ക്ഷണിക്കുകയും ചെയ്തിരുന്നു.

ഈ ക്ഷണം അനുസരിച്ചാണ് ഗാന്ധിജി ഇന്ത്യയിൽ വരുന്നത്. ഇരുപത്തിരണ്ടു വർഷത്തെ ദക്ഷിണാഫ്രിക്കൻ ജീവിതത്തിന് ശേഷം ആയിരത്തിത്തൊള്ളായിരത്തി പതിനഞ്ച് ജനുവരി ഒമ്പതിന് പെട്ടെന്നുതന്നെ ഗാന്ധിജി ഇന്ത്യയിൽ സാധാരണക്കാരന്റെ പോലും ശ്രദ്ധാകേന്ദ്രമായി.

ലളിതമായ വസ്ത്രധാരണം, ലളിതമായ ജീവിതചര്യ, ലളിതമായ പെരുമാറ്റം, ലളിതമായ സംസാരം, അതും ശുദ്ധവും ലളിതവുമായ ഭാഷയിൽ.ഗുജറാത്തിയിലും ഹിന്ദിയിലും. ഇയാൾക്ക് ഇംഗ്ലീഷ് പരിജ്ഞാനം തൊട്ടുതെറിച്ചിട്ടില്ലെന്ന് തോന്നും സംസാരഭാഷ കേട്ടാൽ.

ഗാന്ധിജി എന്തെങ്കിലും പറയുമ്പോൾ കേൾവിക്കാരന് തോന്നുക സ്വന്തം മനസ്സ് സംസാരിക്കുന്നതായിട്ടാണ്. മറ്റുള്ള നേതാക്കൾ പറയുന്നത് കേൾക്കുമ്പോൾ അങ്ങനെ തോന്നില്ല. സാധാരണക്കാരന് അജ്ഞാതമായ കാര്യങ്ങൾ, ഇന്നോളം കേൾക്കാത്തത്, പ്രസംഗവും ഇതേ മട്ടിൽ. ഇടിനാദം പോലെ അല്ലെങ്കിൽ കൊടുങ്കാറ്റു പോലെ, അതുമല്ലെങ്കിൽ കുത്തിയൊഴുകുന്ന നദിപോലെ.

എന്നാൽ ഗാന്ധിജിയുടെ സ്വരം അങ്ങനെയായിരുന്നില്ല. വീശിയെത്തുന്ന കുളിർക്കാറ്റുപോലെ. ദലമർമ്മരം പോലെ. പ്രശാന്തമായ പ്രവാഹം പോലെ. തേനരുവി പോലെ. അത്രയും ഹൃദ്യം. മധുവശ്യം.

8th_Malayalam Reader Full Book.indb 143 5/18/2019 4:22:54 PM

അഭ്യാസം

I. പദപരിചയം

ശിരസ്സ്, മന്ദസ്മിതം, ചൈതന്യം, പ്രക്ഷുബ്ധം, സാഗരം, നാവികൻ, വിവേചനം, ദുരിതം, അഭികാമ്യം, വിശ്രുതൻ

II. വിപരീതപദമെഴുതുക

1. പ്രാകൃതർ
2. ഗുണം
3. സ്വാഭാവികം

III. ഉത്തരമെഴുതുക

അഭിവാദ്യം, കീഴടക്കുക, ആത്മവിശ്വാസം, നിർദ്ദേശം

IV. ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക

1. ഇരുണ്ട ഭൂഖണ്ഡം എന്നറിയപ്പെടുന്നത് ?

   അ. യൂറോപ്പ്

   ആ. ആഫ്രിക്ക

   ഇ. ഏഷ്യ

2. ദക്ഷിണാഫ്രിക്കയിൽ ഗാന്ധിജി കപ്പൽ ഇറങ്ങിയത്?

   അ. ഡർബൻ

   ആ. പോർട്ട് എലിസബത്ത്

   ഇ. ബന്തർ

3. കറുത്ത വർഗ്ഗക്കാരുടെ ദൈവം

   അ. ഗാന്ധിജി

   ആ. ഗോഖലെ

   ഇ. നെഹ്റു

4. ശത്രുവിനെ കീഴടക്കാനുള്ള ആയുധം

   അ. സ്നേഹം

   ആ. ആത്മശക്തി

   ഇ. ധൈര്യം

8th_Malayalam Reader Full Book.indb 144 5/18/2019 4:22:54 PM

V. ഉത്തരമെഴുതുക

1. ഗാന്ധിജി അപ്പോളോ ബന്തർ തുറമുഖത്ത് ഇറങ്ങിയത് എന്നാണ്?
2. ഗാന്ധിജിയുടെ വേഷവിധാനം എങ്ങനെയായിരുന്നു.?
3. ഗാന്ധിജി ദക്ഷിണാഫ്രിക്കയിൽ എത്തിയത് എന്തിനുവേണ്ടിയായിരുന്നു?
4. ആഫ്രിക്കയിലെ കറുത്ത വർഗ്ഗക്കാർ അനുഭവിച്ചിരുന്ന ദുരിതങ്ങൾ എന്തെല്ലാം?
5. ഗാന്ധിജി ആഫ്രിക്കയിൽ തന്റെ പ്രവർത്തനം തുടരാൻ കാരണമെന്ത് ?

VI. ഖണ്ഡികയിൽ ഉത്തരമെഴുതുക

1. തെക്കെ ആഫ്രിക്കയിൽ ഒരിന്ത്യക്കാരൻ എന്ന നിലയിൽ ഗാന്ധിജിക്കുണ്ടായ ദുരിതങ്ങൾ എന്തെല്ലാമാണ്?

8th_Malayalam Reader Full Book.indb 145 5/18/2019 4:22:54 PM

ലിയോ ടോൾസ്റ്റോയി



ലിയോ ടോൾസ്റ്റോയി (1828–1910) റഷ്യൻ എഴുത്തുകാരനും ചിന്തകനുമായിരുന്നു.യുദ്ധവും സമാധാനവും, അന്നാ കരനീന എന്നീ നോവലുകളിലൂടെ വിശ്വപ്രസിദ്ധി നേടി.

എൻ.മൂസക്കുട്ടി വിവർത്തനം ചെയ്ത ലിയോടോൾസ്റ്റോയിയുടെ നീതിസാരകഥകൾ എന്ന പുസ്തകത്തിൽ നിന്നെടുത്തതാണ് 'മുട്ടയോളം വലുപ്പമുള്ള ധാന്യമണി' എന്ന കഥ.

സ്വന്തം അദ്ധ്വാനത്താൽ ഉപജീവനം കഴിക്കുന്നത് ഇല്ലാതായതോടെ മനുഷ്യന്റെ ആരോഗ്യം നശിക്കുകയും ജീവിതത്തിന്റെ സൗന്ദര്യം കുറയുകയും ചെയ്തു എന്ന സന്ദേശമാണ് ഈ കഥയിലൂടെ ടോൾസ്റ്റോയി ലോകത്തിന് നൽകിയത്.

ഒരു ദിവസം ചില കുട്ടികൾ ഒരു മലയിടുക്കിൽ ധാന്യമണിയുടെ ആകൃതിയിലുള്ള ഒരു സാധനം കണ്ടെത്തി.അതിന്റെ മധ്യഭാഗത്ത് താഴെയായി ഒരു പൊഴിയുണ്ട്. ഒരു കോഴിമുട്ടയോളം വലുപ്പമുണ്ട് സാധനത്തിന്. അതു വഴി കടന്ന് പോയിരുന്ന ഒരു സഞ്ചാരി ഈ സാധനം കണ്ടു. ഒരു പെനി കൊടുത്ത് കുട്ടികളിൽ നിന്ന് അതു വാങ്ങി. പിന്നീടത് പട്ടണത്തിലേക്ക് കൊണ്ടുപോയി.ഒരു കൗതുക വസ്തു എന്ന നിലയിൽ രാജാവിന് വിറ്റു.

രാജാവ് ജ്ഞാനികളെ വിളിച്ചു ചേർത്ത് അതെന്ത് സാധനമാണെന്ന് കണ്ടുപിടിക്കാൻ ആവശ്യപ്പെട്ടു. ജ്ഞാനികൾ ഏറെനേരം കൂടിയാലോചിച്ചിട്ടും പ്രശ്നത്തിന് തലയും വാലും ഉണ്ടാക്കാനായില്ല.അങ്ങനെ ഒരു ദിവസം അത് കട്ടിളപ്പടിയിൽ കിടക്കവേ, ഒരു പിടക്കോഴി അങ്ങോട്ട് പറന്ന് വന്ന് കള്ളക്കണ്ണിട്ടു നോക്കി. എന്നിട്ട് അവൾ അതിൽ പറന്നുവന്ന് ഒരു ചുളയുണ്ടാക്കി.അപ്പോൾ എല്ലാർക്കും മനസ്സിലായി അതൊരു ധാന്യമണിയാണെന്ന്. ജ്ഞാനികൾ രാജാവിനെ സമീപിച്ചു കൊണ്ട് തീർപ്പുകല്പിച്ചു.

അതൊരു ധാന്യമണിയാണ്

രാജാവിന് വല്ലാത്ത ആശ്ചര്യം തോന്നി. ഇത്തരം ധാന്യം എവിടെ എപ്പോഴാണ് വളർന്നത് എന്ന് കണ്ടുപിടിക്കാൻ അദ്ദേഹം ജ്ഞാനികൾക്ക് ഉത്തരവ് നൽകി.ജ്ഞാനികൾ വീണ്ടും കൂടിയാലോചിച്ച് തങ്ങളുടെ ഗ്രന്ഥങ്ങളിൽ പരതിയെങ്കിലും അതിനെക്കുറിച്ച് അവർക്ക് ഒന്നും കണ്ടെത്താൻ കഴിഞ്ഞില്ല. അതിനാൽ അവർ രാജാവിന്റെ അടുത്തുചെന്ന് പറഞ്ഞു.അങ്ങേയ്ക്ക ഉത്തരം നൽകാൻ ഞങ്ങൾക്ക് കഴിയില്ല. ഇതിനെ കുറിച്ച് ഞങ്ങളുടെ പുസ്തകങ്ങളിൽ ഒന്നും പറയുന്നില്ല. അങ്ങേയ്ക്ക് കൃഷിക്കാരോട് ചോദിക്കേണ്ടി വരും. ധാന്യം ഇത്രയും വലിപ്പം പ്രാപിച്ചതെങ്ങനെയെന്നും അത് എപ്പോൾ എവിടെയാണെന്നും അവരുടെ അച്ഛനമ്മമാരിൽ നിന്ന് ഒരു പക്ഷേ അവർ കേട്ടിട്ടുണ്ടാകും.

8th_Malayalam Reader Full Book.indb 146 5/18/2019 4:22:55 PM



അതിനാൽ വളരെ വയസ്സായ ചില കർഷകരെ തന്റെ മുന്നിൽ ഹാജരാക്കണമെന്ന് രാജാവ് ഉത്തരവിട്ടു.രാജസേവക ന്മാർ അത്തരമൊരാളെ കണ്ടെത്തുകയും രാജാവിന്റെ മുന്നിൽ കൊണ്ട് വരികയും ചെയ്തു.പ്രായാധിക്യം മൂലം കൂനിക്കൂ ടിയ, ക്ഷാരം പോലെ വിളർത്ത, പല്ലില്ലാത്ത ആ മനുഷ്യൻ രണ്ടു കവരവടികളുടെ സഹായത്താലാണ് രാജാവിന്റെ സന്നി ധിയിൽ വേച്ചു വേച്ചു എത്തിയത്.

രാജാവ് അയാൾക്ക് ധാന്യമണി കാണിച്ചു കൊടുത്തു. എന്നാൽ ആ വൃദ്ധന് അത് കഷ്ടിച്ചേ കാണാൻ കഴിഞ്ഞുള്ളൂ. എങ്കിലും അയാളത് കൈയ്യിലെടുത്ത തപ്പിനോക്കി.രാജാവ് അയാളെ ചോദ്യം ചെയ്തു.

വയോധികാ, ഇത് പോലുള്ള ധാന്യം എവിടെയാണ് വളരുന്നതെന്നു പറയാമോ?ഇത്തരം ധാന്യം നിങ്ങൾ വാങ്ങു കയോ നിങ്ങളുടെ വയലുകളിൽ വിതക്കുകയോ ചെയ്തിട്ടു ണ്ടോ?

മിക്കവാറും ബധിരനായ വൃദ്ധന് രാജാവ് പറഞ്ഞത് കഷ്ടിച്ചേ കേൾക്കാൻ കഴിഞ്ഞു ള്ളൂ.കേട്ടത് വളരെ പ്രയാസപ്പെട്ടാണ് മനസ്സിലാക്കാൻ കഴിഞ്ഞതും.

'ഇല്ല'. ഒടുവിൽ അയാൾ പറഞ്ഞു. 'ഇതുപോലൊന്ന് എന്റെ വയലിൽ ഒരിക്കലും വിതയ്ക്കുകയോ കൊയ്യുകയോ ചെയ്തിട്ടില്ല. ഇത് പോലൊന്ന് ഞാൻ വാങ്ങുകയും ഉണ്ടാ യിട്ടില്ല. ഞങ്ങൾ ധാന്യം വാങ്ങിയപ്പോൾ അതിന്റെ മണികൾ ഇപ്പോഴുള്ളത് പോലെ വളരെ ചെറിയതായിരുന്നു. അങ്ങേയ്ക്ക് എന്റെ അച്ഛനോട് ചോദിക്കാവുന്നതാണ്.'

'അത്തരം ധാന്യം എവിടെ വളർന്നുവെന്ന് അദ്ദേഹം കേട്ടിട്ടുണ്ടാവും.'

അതിനാൽ രാജാവ് ആ വൃദ്ധന്റെ അച്ഛനെ മുന്നിൽ ഹാജരാക്കാൻ കല്പിച്ചു. അയാളെ കണ്ടെത്തി രാജാവിന്റെ മുന്നിൽ കൊണ്ടുവന്നു. അയാൾ വന്നത് ഒരു കവര വടിയുടെ മാത്രം സഹായത്താലാണ്. രാജാവ് വൃദ്ധന് ധാന്യമണി മാത്രം കാണിച്ചുകൊടുത്തു.അപ്പോഴും കാഴ്ച ശക്തിക്ക് കോട്ടം തട്ടാത്ത വൃദ്ധ കർഷകൻ ധാന്യമണി കൈയിലെടുത്ത് പരിശോധി ച്ചു.രാജാവ് അയാളോട് ചോദിച്ചു.

'കാരണവരേ, സാധാരണയായി ഇതുപോലുള്ള ധാന്യം എവിടെയാണ് വളരുന്നതെന്ന് നിങ്ങൾക്കു പറയാമോ? ഇതുപോലുള്ള ഏതെങ്കിലും ധാന്യം നിങ്ങൾ വാങ്ങുകയോ നിങ്ങളു ടെ വയലിൽ വിതയ്ക്കുകയോ ചെയ്തിട്ടുണ്ടോ?'

ഈ വൃദ്ധന് അല്പം കേൾവിക്കുറവുണ്ടെങ്കിലും ഇയാളുടെ മകനേക്കാൾ നന്നായി ചെവി കേൾക്കാമായിരുന്നു.

'ഇല്ല,' അയാൾ പറഞ്ഞു.എന്റെ വയലിൽ ഇതുപോലുള്ള ധാന്യം ഞാനൊരിക്കലും വിതയ്ക്കുകയോ കൊയ്യുകയോ ചെയ്തിട്ടില്ല. ഇനി വിത്ത് വാങ്ങുന്നതിനെക്കുറിച്ചാണെങ്കിൽ, ഞാനത് ഒരിക്കലും വില കൊടുത്ത് വാങ്ങിയിട്ടില്ല. എന്റെ കാലത്ത് പണം ഉപയോഗത്തി ലില്ലായിരുന്നു. ഓരോരുത്തരും അവനവന് ആവശ്യമായ ധാന്യം വളർത്തുകയാണ് ചെയ് തിരുന്നത്. എന്തെങ്കിലും ആവശ്യം വരുമ്പോൾ ഞങ്ങൾ പരസ്പരം പങ്ക് വെക്കുമായിരുന്നു. ഇതുപോലുള്ള ധാന്യം വളരുന്നത് എവിടെയാണെന്ന് എനിക്കറിയില്ല. ഇപ്പോഴത്തെ ധാന്യ ത്തെക്കാൾ കൂടുതൽ വലിപ്പമുള്ളതും കൂടുതൽ വിളവു തരുന്നതുമായിരുന്നു ഞങ്ങളുടെ കാലത്തെ ധാന്യം. പക്ഷേ ഇതുപോലൊന്ന് ഞാനൊരിക്കലും കണ്ടിട്ടില്ല. എന്നാൽ, എന്റെ

8th_Malayalam Reader Full Book.indb 147 5/18/2019 4:22:55 PM

അച്ഛൻ പറയുന്ന ഒരു കാര്യം ഞാൻ ശ്രദ്ധിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ കാലത്ത് ഞങ്ങളുടെ കാലത്തെ ധാന്യത്തെക്കാൾ വലിയ ധാന്യം വളർന്നതായും കൂടുതൽ വിളവ് ഉണ്ടായതായും അദ്ദേഹം പറഞ്ഞു.അതിനാൽ അങ്ങ് അദ്ദേഹത്തോട് ചോദിക്കുകയായിരിക്കും കൂടുതൽ നല്ലത്.

രാജാവ് ഈ വൃദ്ധന്റെ അച്ഛനെ തന്റെ മുന്നിൽ ഹാജരാക്കാൻ കല്പിച്ചു. സേവകർ അയാളെ രാജാവിന്റെ മുന്നിൽ കൊണ്ടു വന്നു. കവരവടിയുടെ സഹായമില്ലാതെ അനായാസമായാണ് അയാൾ രാജാവിന്റെ സന്നിധിയിൽ എത്തിയത്. മുതുമുത്തച്ഛന്റെ കാഴ്ചശക്തിക്കും ശ്രവണശക്തിക്കും ഒരു കുഴപ്പവുമുണ്ടായിരുന്നില്ല.വളരെ സ്പഷ്ടമായാണ് അയാൾ സംസാരിച്ചത്. രാജാവ് അയാൾക്ക് ധാന്യമണി കാണിച്ചുകൊടുത്തു.അയാളത് കൈകളിലെടുത്ത് തിരിച്ചും മറിച്ചും പരിശോധിച്ചു.

'ഇത്ര നല്ലൊരു ധാന്യമണി ഞാൻ കണ്ടിട്ട് കാലം കുറെയായി'. അയാൾ പറഞ്ഞു. എന്നിട്ട് അതിൽ നിന്ന് ഒരു കഷ്ണം കടിച്ചെടുത്ത് രുചിച്ചു നോക്കി.

'ഇത് ആ പഴയ ഇനത്തിൽ പെട്ടതുതന്നെയാണല്ലോ.' വൃദ്ധൻ പറഞ്ഞു.

'പറയൂ മുത്തച്ഛാ.' രാജാവ് പറഞ്ഞു. 'ഇത്തരം ധാന്യം ഇപ്പോൾ എവിടെയാണ് വളർന്നത്? ഇതുപോലുള്ള ധാന്യം നിങ്ങൾ എപ്പോഴെങ്കിലും വാങ്ങുകയോ വയലിൽ വിതക്കുകയോ ചെയ്തിട്ടുണ്ടോ?'

വൃദ്ധന്റെ മറുപടി ഇപ്രകാരമായിരുന്നു.

'എന്റെ കാലത്ത് ഇത്തരം ധാന്യം എല്ലായിടത്തും വളരുക സാധാരണമായിരുന്നു. എന്റെ കുട്ടിക്കാലത്ത് ഞാനും മറ്റുള്ളവരും ഇത്തരം ധാന്യം ആഹരിച്ചാണ് ജീവൻ നിലനിർത്തിയിരുന്നത്. വിതക്കാനും കൊയ്യാനും മെതിക്കാനും ഇതുപോലുള്ള ധാന്യമാണ് ഞങ്ങൾ ഉപയോഗിച്ചിരുന്നത്.'

രാജാവ് ചോദിച്ചു.

'പറയൂ മുത്തച്ഛാ, നിങ്ങളിത് എവിടെ നിന്നെങ്കിലും വാങ്ങുകയായിരുന്നുവോ അതോ സ്വന്തം നിലയിൽ വളർത്തുകയായിരുന്നുവോ?'

വൃദ്ധൻ പുഞ്ചിരിച്ചു കൊണ്ട് മറുപടിയേകി

എന്റെ കാലത്ത് ആഹാര സാധനം വാങ്ങുകയോ വിൽക്കുകയോ ചെയ്യുന്നതുപോലുള്ള പാപത്തെക്കുറിച്ച് ആരും ചിന്തിച്ച് പോലുമിരുന്നില്ല. പണത്തെക്കുറിച്ച് ഞങ്ങൾക്കൊന്നും അറിയില്ലായിരുന്നു. ഓരോരുത്തർക്കും സ്വന്തമായി ആവശ്യത്തിന് ധാന്യം ഉണ്ടായിരുന്നു.

'എങ്കിൽ പറയൂ, മുത്തച്ഛാ. എവിടെയായിരുന്നു നിങ്ങളുടെ വയൽ? ഇതുപോലുള്ള ധാന്യം നിങ്ങൾ എവിടെയാണ് വളർത്തിയത്?'

മുത്തച്ഛൻ മറുപടി നൽകി.

'എന്റെ വയൽ ദൈവത്തിന്റെ ഭൂമിയായിരുന്നു.ഞാൻ എവിടെയൊക്കെ ഉഴുതുമറിച്ചുവോ അതെല്ലാം എന്റെ വയലായിരുന്നു. ഭൂമി അനധീനമായിരുന്നു. ഒരാളും തന്റേതാണെന്നു പറയുന്ന സാധനമല്ലായിരുന്നു അത്.അദ്ധ്വാനം മാത്രമായിരുന്നു മനുഷ്യൻ തന്റേതെന്നു വിളിച്ചത്.

8th_Malayalam Reader Full Book.indb 148 5/18/2019 4:22:55 PM

‘രണ്ട് ചോദ്യങ്ങൾക്കു കൂടി എനിക്കു മറുപടി തരൂ.’ രാജാവ് പറഞ്ഞു. ‘ഒന്നാമത്തേത് ഇതാണ്: അക്കാലത്ത് എന്ത് കൊണ്ടാണ് ഭൂമി ഇത്തരമൊരു ധാന്യത്തെ ഉൽപാദിപ്പിച്ചതും ഇപ്പോൾ അത് നിലച്ച് പോയതും? രണ്ടാമത്തെ ചോദ്യം ഇതാണ്: നിങ്ങളുടെ പേരമകൻ രണ്ടു കവര വടികളിലും നിങ്ങളുടെ മകൻ ഒരു കവരവടിയിലും നിങ്ങൾ ഒന്നുമില്ലാതെയും നടക്കുന്നത് എന്തു കൊണ്ട്? നിങ്ങളുടെ കണ്ണുകൾക്ക് നല്ല പ്രകാശമുണ്ട്. പല്ലുകൾ ഉറപ്പുള്ളവയാണ്. സംസാരം സ്പഷ്ടമാണ്. കാതുകൾക്ക് ഇമ്പമുള്ളതുമാണ്.എങ്ങനെയാണ് ഇതെല്ലാം സംഭവിക്കാൻ സംഗതിയായത്?

മുതുമുത്തുച്ഛൻ മറുപടി പറഞ്ഞു:

‘ഇങ്ങനെ സംഭവിക്കാനുള്ള കാരണങ്ങൾ ഇവയാണ്.മനുഷ്യൻ സ്വന്തം അദ്ധ്വാനത്താൽ ഉപജീവനം കഴിക്കുന്നത് നിലച്ചുപോയി. അവൻ മറ്റുള്ളവരുടെ അദ്ധ്വാനത്തെ ആശ്രയിക്കാൻ തുടങ്ങി. പഴയ കാലങ്ങളിൽ ദൈവത്തിന്റെ നിയമനുസരിച്ചാണ് മനുഷ്യൻ ജീവിച്ചത്. അവർക്ക് അവരുടേതായത് ഉണ്ടായിരുന്നു. മറ്റുള്ളവർ ഉൽപാദിപ്പിച്ചത് അവർ മോഹിച്ചിരുന്നില്ല.’

8th_Malayalam Reader Full Book.indb 149 5/18/2019 4:22:55 PM

വ്യാകരണം

എതിർലിംഗങ്ങൾ

പുല്ലിംഗം	സ്ത്രീലിംഗം
1. പിതാവ്	മാതാവ്
2. രാജാവ്	രാജ്ഞി
3. കവി	കവയിത്രി
4. നമ്പ്യാർ	നങ്ങ്യാർ
5. നമ്പൂതിരി	അന്തർജനം
6. ചക്രവർത്തി	ചക്രവർത്തിനി
7. ഗായകൻ	ഗായിക
8. ബാലൻ	ബാലിക
9. തമ്പുരാൻ	തമ്പുരാട്ടി
10. വിദ്വാൻ	വിദുഷി

രചന

കടങ്കഥകളും - ഉത്തരങ്ങളും കണ്ടെത്തൽ

8th_Malayalam Reader Full Book.indb 150 5/18/2019 4:22:55 PM

NOTES

8th_Malayalam Reader Full Book.indb 151 5/18/2019 4:22:55 PM

Malayalam – Class VIII
List of Authors and Reviewer

Academic Advisor

Dr. P. Kumar
Joint Director (Syllabus),
State Council of Education Research and Training Tamilnadu,
Chennai 600 006,

Reviewer

Dr. K.J. AJAYA KUMAR
Malayalam Teacher,
Kerala Vidyalayam H.S.S.
Chennai

Authors

K.A.SARFUDEEN
B.T. Asst. in Malayalam
G.H.S.S Gudalur
The Nilgiris

K.A. SOBHANA
B.T Asst. (Malayalam)
G.H.S. Mannathivayal,
Kayyunni. P.O
The Nilgiris

R.SACHITHA
B.T Asst. (Malayalam)
G.H.S.S. Cherambadi
The Nilgiris

NEENU .K GEEVER
B.T Asst. (Malayalam)
St. Thomas H.S.S,
K.K.Pudur
Coimbatore

Art and Design Team

Typing

A.Sajina, Chennai

Layout

M.Asker Ali, Chennai

Co-ordinators

Ramesh Munuswamy

Co-ordinator

K.CHANDRASEKARAN
Lecturer, DIET, Chennai

This book has been printed on 80 G.S.M.
Elegant Maplitho paper.

Printed by offset at:

8th_Malayalam Reader Full Book.indb 152 5/18/2019 4:22:55 PM